1. G.O.(P)No.46/99/LBR dated 8th April, 1999 (S.R.O.No. 355/99)

2. G.O.(Ms)No.48/99/LBR dated 12th April, 1999 (S.R.O.No.380/99)

Minister for Welfare of Backward and Scheduled Communities (Shri. K. Radhakrishnan) : Sir, on behalf of the Minister for Electricity and Co-operation, I lay on the Table :

G.O.(P)No.79/99/Co-op, dated 19th May, 1999 (S.R.O.No.477/99)

Minister for Finance (Shri. T. Sivadasa Menon) : Sir, I lay on the Table :

G.O.(P)No.53/99/TD dated 22nd March, 1999 (S.R.O.No.274/99)

Minister for Welfare of Backward and Scheduled Communities (Shri. K. Radhakrishnan) : Sir, on behalf of the Minister for Industries and Social Welfare, I lay on the Table :

1. Notification No.4496/CI/99/ID dated 18th May, 1999 (S.R.O.No.448/99)

2. Annual Report of the Metal Industries Limited for the year 1997-98 together with statement showing the reasons for delay in submitting the same.

3. Annual Report of Kerala Artisans Development Corporation Limited for the year 1996-97 together with statement showing the reasons for delay in submitting the same.

4. Annual Report of Kerala State Industrial Products Trading Corporation Limited for the year 1997-98 together with statement showing the reasons for delay in submitting the same.

5. Annual Report and Accounts of United Electrical Industries Limited for the year 1997-98 together with statement showing the reasons for delay in submitting the same.

VI. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XX ശുദ്ധജല വിതരണവും ശുചീകരണവും 1,68,43,61,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII ജലസേചനം (1,93,91,88,000 രൂപ)

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ശുദ്ധജലവം വിതരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യ വിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിന് അനുവദിക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജലവിതരണവും ശുചീകരണവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി.ജെ. പൗലോസ് : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (To disapprove the alleged policy which results in unduly long gestation period for commissioning of Water Supply Schemes).

ശ്രീമതി ശോഭനാ ജോർജ് : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (To plead for the adoption of an alternative policy of reducing the enhanced water charges by fifty percent).

ശ്രീ. പി.ജെ. ജോയി : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (To disapprove the alleged inertia on the part of the authorities of the Kerala Water Authority to attend to minor maintenance works in time which results in such minor maintenance works developing into huge crisis giving way to untold miseries to the public).

ശ്രീ. കെ. മുഹമ്മദാലി : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (To disapprove the policy behind the recent hike in the water charges).

ശ്രീമതി രാധാ രാഘവൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജലവിതരണ പദ്ധതികൾ സംബന്ധിച്ച വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (നിയമം അനുശാസിക്കുന്ന വിധത്തിൽ രേഖാമൂലം അറിയിപ്പ് നൽകി വാട്ടർചാർജ് വർദ്ധിപ്പിക്കുന്നതിന് പകരം വാട്ടർ മീറ്റർ മാറ്റിവച്ചില്ലെന്ന പേരിൽ നോട്ടീസ് കൊടുക്കാതെ വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

ചാർജ് വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ മേൽ നടപടി എടുക്കുന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ജോണി നെല്ലൂർ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മാമ്മൻ മത്തായി : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.കെ. അബ്ദു റബ്ബ് : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം.കെ. മുനീർ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എം.എ. കുട്ടപ്പൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.കെ. നായർ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജി. കാർത്തികേയൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എഴുകോൺ നാരായണൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. അടൂർ പ്രകാശ് : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി റോസമ്മ ചാക്കോ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ. ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,68,43,61,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ജി. കാർത്തികേയൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (To demand that an alternative policy of constructing small and medium irrigation projects be adopted)

ശ്രീ. അടൂർ പ്രകാശ് : സർ. ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (To demand that the policy of constructing underground dams be adopted wherever such construction be feasible)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീമതി ശോഭനാ ജോർജ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. പി.ജെ. ജോയി : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. മുഹമ്മദാലി : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീമതി രാധാ രാഘവൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ. ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീമതി റോസമ്മ ചാക്കോ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. എം.കെ. മുനീർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. ജോണി നെല്ലൂർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. മാമ്മൻ മത്തായി : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,00 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ.സി. ജോസഫ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. എഴുകോൺ നാരായണൻ : സർ, ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.കെ. നായർ : സർ, ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,93,91,88,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

[12.00 NOON]

ശ്രീ. പി.ജെ. ജോയി : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കെടുകാര്യസ്ഥതയും, സ്വജനപക്ഷപാതവും, അഴിമതിയും നടത്തുന്ന ഒരു വകുപ്പായി മാറിയിരിക്കുകയാണ്. ജലസേചന വകുപ്പ് എന്ന് പറയേണ്ടിവന്നതിൽ അതിയായ ഖേദമുണ്ട്. നാം അടുത്ത സഹസ്രാബ്ദത്തിലേയ്ക്ക് കടക്കുകയാണ്. വെള്ളം ഒരു സ്വപ്നമായി ഒരു അസുലഭ വസ്തുവായി മാറാൻ പോകുന്നുവോ എന്ന് സംശയിക്കുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ സംസ്ഥാനം നമുക്കാവശ്യത്തിന് വെള്ളം കൊണ്ട് ധന്യമാണ്. 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാനില്ലത്ര' എന്നതാണ് ഒരു പൊതു സ്ഥിതി. ഞാൻ അതുകൊണ്ടാണ് ഇതിന് ചില നിർദ്ദേശങ്ങൾ വയ്ക്കാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഒരു ജലനയം പ്രഖ്യാപിച്ചു. ആ ജലനയം ഒട്ടേറെ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് അടുത്ത സഹസ്രാബ്ദമാകുമ്പോഴേക്കും വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് ഈ നിയമസഭയിൽ അവതരിപ്പിച്ചത്. അതിലുള്ള ഒട്ടേറെ പരിപാടികൾ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് തുടക്കം കുറിച്ചു, ഇന്ന് അതൊന്നും പൂർത്തിയാക്കാൻ പറ്റാത്ത ഒരു സ്ഥിതിയാണ്. ഞാൻ പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യം നമുക്ക് ഏതാണ്ട് മൂവായിരം മില്ലിമീറ്റർ വെള്ളം മഴമൂലം ലഭിക്കുന്നു എന്നാണ് ഒരു കണക്ക്. കാലവർഷമായും, തുലാവർഷമായും മഴ വളരെ സമൃദ്ധമായി ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. പക്ഷേ ആ മഴവെള്ളം മുഴുവനും ഒഴുകിപോകുകയാണ്. ഒട്ടേറെ ജലസ്രോതസ്സുകൾ ഉണ്ടാക്കാൻ നമുക്ക് കഴിയും. കഴിഞ്ഞ ഗവണ്മെന്റ് അവതരിപ്പിച്ച ജലനയത്തിലെ പ്രധാനപ്പെട്ട ഊന്നൽ നൽകിയ ഒരു കാര്യം ഈ വെള്ളം തടഞ്ഞുനിർത്തിക്കൊണ്ട് അത് ജനങ്ങൾക്ക് ഭാവിയിൽ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ്. അതുവഴി പ്രധാനമായും അന്ന് ഊന്നൽ കൊടുക്കാൻ പരിപാടിയിട്ടത് തടയണകൾ നിർമ്മിച്ചുകൊണ്ട് നമ്മുടെ നദികളിൽ വെള്ളം തടഞ്ഞു നിർത്തി അതുവഴി കുളങ്ങളും, കിണറുകളുമൊക്കെ വെള്ളത്താൽ സമൃദ്ധമാക്കപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാക്കുക എന്നതാണ്. ഇവിടെ അതിനുശേഷം ഈ ഗവണ്മെന്റ് വന്നു. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽതന്നെ മറുപടിയിൽ പറഞ്ഞിരുന്നത് 28 തടയണകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്നാണ്. ഏതെല്ലാം എന്നുള്ള ചോദ്യത്തിന് അദ്ദേഹം മറുപടി തന്നിട്ടുണ്ട്. 28 എണ്ണത്തിൽ 21 എണ്ണം പാലക്കാട് ജില്ലയിൽ ഈ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ വെള്ളത്തിനുവേണ്ടി കേഴുന്ന പ്രദേശങ്ങളായി മാറിയിരിക്കുന്നു. നമ്മുടെ 44 നദികളിലും തോടുകൾ ഉൾപ്പെടെയുള്ള ഭാഗങ്ങളിലും തടയണകൾ ഉണ്ടാക്കാൻ സമയബന്ധിതമായി പരിപാടി ആവിഷ്കരിച്ചേ മതിയാകൂ. ആ നിലയിലുള്ള പരിപാടികളുമായി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടു പോകണമെന്നാണ് എനിക്ക് അങ്ങയോട് നിർദ്ദേശിക്കാനുള്ളത്. നമ്മുടെ പ്രോജക്ടുകളുടെ സ്ഥിതി എന്താ? സമയബന്ധിതമായി അത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ പ്രോജക്ടുകൾ ഒക്കെ വെള്ളാനകളായി മാറും. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഖജനാവിന്റെ സിംഹഭാഗവും ഈ പ്രോജക്ടുകൾക്കുവേണ്ടി ചെലവാക്കേണ്ട ഒരു സ്ഥിതിയാണ്. വർഷംതോറും ഇതിന്റെ ഗ്രാന്റ് കൂടി വരുന്നു. പണികൾ തീരുന്നില്ല. ഒട്ടേറെ പുതിയ പണികൾ തീരാനുണ്ട്. എല്ലാ പദ്ധതികളുടെയും സ്ഥിതി ഇതാണ്. ആ നിലയിൽ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു നടപടി ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. പല പ്രോജക്ടുകൾക്കും പണമില്ല, പണം ഇല്ലാത്തതുകൊണ്ടു തന്നെ അത് പൂർത്തീകരിക്കാൻ കഴിയുന്നില്ല. കൂടുതൽ പണം പിന്നീട് വരും വർഷങ്ങളിൽ ആവശ്യപ്പെടേണ്ടതാണ്. ആ പ്രോജക്ടുകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്ന നടപടി ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. പൂർത്തിയാക്കിയ പദ്ധതികൾക്ക് അതിന്റെ മെയിന്റനൻസിനും, റിപ്പയറിംഗിനും പണം വയ്ക്കാറില്ല. ഒട്ടേറെ പദ്ധതികൾ അങ്ങനെ നാശമാകുകയാണ്. ഉദാഹരണമായി, ഞങ്ങളുടെ അടുത്തുള്ള പെരിയാർ വാലി, അത് മലീമസമായി അതിന്റെ കനാലുകൾ മൂടപ്പെട്ടു. Tail end-ൽ വെള്ളം എത്തുന്നില്ല. വളരെ ഗുരുതരമായ സ്ഥിതിയാണ് പെരിയാർ വാലിയെ സംബന്ധിച്ചുള്ളത്. അതുപോലെയാണ് പൂർത്തിയാക്കിയ പദ്ധതികൾക്ക് പണം വയ്ക്കാത്തതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടും. ഇങ്ങനെ ഗവണ്മെന്റിന്റെ പണം ചെലവാക്കി അത് ഉപയോഗത്തിൽ വരാത്ത ഒരു സാഹചര്യം സൃഷ്ടിക്കുന്നത് ഒഴിവാക്കണം. അതിനുവേണ്ടിയാണ് ഞാൻ സൂചിപ്പിക്കുന്നത്. ഞാൻ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. പെരിയാർ നദിയെ സംബന്ധിച്ച് പെരിയാർ മരിക്കുന്നു, ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്തും ഗവണ്മെന്റിന്റേടുത്തും, ഈ സഭയിലും ഒട്ടേറെ നിവേദനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളതാണ്. പൊതുവെ വെള്ളം ഇല്ലാത്ത ഒരു സ്ഥിതിയാണ് ഇന്ന് പെരിയാറിൽ. ആ പെരിയാറിലെ വെള്ളം ഇന്ന് അനാവശ്യമായി റിഫൈനറികളിലേയ്ക്ക്കൂടി കൊടുക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. മൂവാറ്റുപുഴ ആറിൽ ഇഷ്ടംപോലെ വെള്ളമുണ്ട്. ആ വെള്ളം കൊടുക്കാനാണ് പദ്ധതി വിഭാവന ചെയ്തത്. ഇപ്പോൾ ഏതോ താൽപ്പര്യങ്ങളുടെ പേരിൽ പെരിയാറിലെ വെള്ളം തന്നെ റിഫൈനറിയിലേക്ക് കൊടുക്കുകയാണ്. ഒട്ടേറെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിക്കുന്ന ഒരു പുഴയാണ് പെരിയാർ. ആ പെരിയാറിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിക്കാൻ പറ്റാത്ത വിധത്തിൽ വെള്ളം ഇല്ലാത്ത സാഹചര്യത്തിലേക്ക് നീങ്ങുകയാണ്. മണൽ വാരലിന് ചില നിബന്ധനകളൊക്കെ ഗവണ്മെന്റ് പറയുന്നുണ്ട്. പക്ഷേ ആരാണ് പാലിക്കുന്നത്. പലപ്പോഴും അത് പാലിക്കപ്പെടുന്നില്ല. വാട്ടർ ടേബിൾ താണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നോക്കുകുത്തികളായി മാറുന്നു. അതാണ് ഞാൻ കെടുകാര്യസ്ഥത എന്നു പറഞ്ഞത്. ആ നിലയിൽ വളരെ ശക്തമായ ഒരു നിലപാടെടുത്ത് മുന്നോട്ടു പോകുന്നില്ലായെങ്കിൽ ഗുരുതരമായ സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനം നേരിടും എന്നുപറയാനാണ് ഞാൻ ഉദ്ദേശിച്ചത്. ശുദ്ധജല വിതരണ പദ്ധതികളെപ്പറ്റി നമ്മുടെ മന്ത്രി ഈ നിയമസഭയിൽ തന്നെ പറഞ്ഞിട്ടുണ്ട്. രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും വെള്ളം എന്നുള്ള ഒരു സ്വപ്നവുമായിട്ടാണ് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഇരിക്കുന്നത്. മൂന്നുവർഷം പിന്നിട്ടല്ലോ, എത്ര പദ്ധതികൾക്ക് അങ്ങേയ്ക്ക് പുതിയതായി രൂപം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്? അങ്ങ് നിയമസഭയിൽ ചോദ്യങ്ങൾക്ക് മറുപടി തന്നിട്ടുണ്ട്. കുറെ പദ്ധതികൾ ഇവിടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞുയെന്ന്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിഭാവന ചെയ്ത കുറെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു എന്നുള്ളത് ശരിയാണ്. ഇനിയും ഒട്ടറെ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ആ നിലയിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നില്ല എങ്കിൽ ഒരു തരത്തിലും നമ്മുടെ സംസ്ഥാനത്ത് വെള്ളം കൊടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. നമ്മുടെ സംസ്ഥാനത്ത് വെള്ളം എത്തിച്ചുകൊടുക്കാൻ കഴിയില്ല, ഉള്ള സ്കീമുകൾ തന്നെ പ്രവർത്തിക്കുന്നില്ല വേനൽക്കാലമായാൽ ആ സ്കീമുകൾ ഒന്നും പ്രവർത്തിക്കാത്ത സ്ഥിതിയാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വേനൽക്കാലം വരുമ്പോഴാണ് കുടവുമായി ഗൃഹനായികമാർ ഓടുന്നത്. ആ സന്ദർഭത്തിലാണ് അതിന് എന്തെങ്കിലും പണികൾ നടത്താൻ ശ്രമിക്കുന്നത്. അതുവരെ ഉറങ്ങുകയാണ്. ആ ഒരു നിലപാട് മാറ്റണം. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞു, ഗ്രാമപഞ്ചായത്തുകൾ സ്ഥലം കൊടുക്കാത്തതുകൊണ്ട് പലപ്പോഴും ഇങ്ങനെ പണികൾക്ക് കാലതാമസം വരുന്നു എന്ന്. അതുമാത്രമാണോ? ഗ്രാമപഞ്ചായത്തുകാർ സ്ഥലം നൽകിയിട്ടും കൃത്യമായി ആ കണ്ടീഷനുകൾ പാലിച്ചിട്ടും പദ്ധതികൾ തുടങ്ങാത്ത എത്രയോ എണ്ണമുണ്ട്. ഈ നിയമസഭയിൽ ഇരിക്കുന്ന ഒട്ടേറെ അംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ അത്തരം പദ്ധതികൾ ഉണ്ട്. അത് ചെറുതായി കാണാൻ കഴിയില്ല. മനഃപൂർവ്വമായ കാലതാമസം, ആ കാലതാമസം ഒഴിവാക്കി മുന്നോട്ടുപോകുന്നില്ല എങ്കിൽ എങ്ങനെയാണ് ഈ രണ്ടായിരാമാണ്ടോടെ എല്ലാവർക്കും വെള്ളം എത്തിച്ചു കൊടുക്കും എന്നു പറയുന്ന പരിപാടി ആവിഷ്കരിക്കാൻ കഴിയുക. പിന്നെ ഇന്നുപറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരിനം ഒ.ഇ.സി.എഫ്. ന്റെ പരിപാടിയാണ് ഏറ്റവും വലിയ പരിപാടിയായി അങ്ങ് വിഭാവനചെയ്തിരിക്കുന്നത് ആ പദ്ധതിയാണ്. 1787 കോടി രൂപ, അത്രയും കോടി രൂപ ജപ്പാൻ സഹായത്തോടെ രണ്ടര ശതമാനം പലിശയ്ക്ക് വായ്പയായി ലഭിക്കും എന്നുള്ള സാഹചര്യത്തിൽ, ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി അന്ന് മുഖ്യമന്ത്രിയായിരുന്നപ്പോൾ തീരുമാനിച്ച ഒരു പരിപാടി സത്യത്തിൽ ആ പദ്ധതിയെ ഇപ്പോൾ നിങ്ങൾ പൊളിക്കുകയല്ലേ ചെയ്യുന്നത്? 50 ലക്ഷം പേർക്ക് കുടിവെള്ളം എത്തിച്ചു കൊടുക്കാൻ കഴിയുന്ന ഒരു വലിയ പരിപാടി കഴിഞ്ഞ ഗവൺമെന്റ് ആവിഷ്കരിച്ചത്, അതിനെ അട്ടിമറിച്ചിരിക്കുകയാണ് ഈ ഗവണ്മെന്റ്. ബഹുമാനപ്പെട്ട മന്ത്രിക്ക്. അതിൽ എന്തു ന്യായമാണ് പറയാൻ കഴിയുക, ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയാത്ത ഒരു കാര്യം ഒരു കൺസൾട്ടൻസിയെ തീരുമാനിക്കുന്ന കാര്യത്തിൽ മന്ത്രിയും മുഖ്യമന്ത്രിയും തമ്മിൽ മത്സരിച്ചോയെന്നുള്ള ഒരു ആശയകുഴപ്പവും നാട്ടുകാർക്കുണ്ട്. ജപ്പാൻ ഗവണ്മെന്റ് പണം തരുന്നു, സ്വാഭാവികമായും ജപ്പാന്റെ ഒരു കൺസൾട്ടൻസിയെ നിയമിക്കണമെന്ന് അവർക്ക് ആഗ്രഹമുണ്ടാകാം. പക്ഷേ തൽപ്പരകക്ഷികൾക്ക് ബ്രിട്ടന്റെ ഏജൻസിക്ക് കൺസൾട്ടൻസി കൊടുക്കണമെന്നുള്ള ആശയകുഴപ്പം വന്നതല്ലേ അത് താറുമാറാക്കാൻ കാരണം. ഇപ്പോൾ അത് റീ ടെണ്ടർ വയ്ക്കുന്നു എന്നുപറയുന്നു. ഈ രീതിയിൽ മുന്നോട്ടു പോകുന്നത് ശരിയല്ല. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ എങ്ങനെയാണ് അങ്ങേയ്ക്ക് രണ്ടായിരാമാണ്ടോടുകൂടി ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് വെള്ളം എത്തിച്ചുകൊടുക്കാൻ കഴിയുക. ഈ സഹസ്രാബ്ദത്തിലേക്ക് കടക്കുമ്പോൾ വെള്ളം വറ്റിവരണ്ട്, ഒരു തുള്ളി വെള്ളംകൂടി കിട്ടാത്ത സാഹചര്യത്തിലേക്ക് സംസ്ഥാനം നീങ്ങും. ഞാൻ ചോദിക്കട്ടെ, നമുക്ക് എല്ലാവർക്കും അറിയാവുന്ന കാര്യം, കേരളത്തിൽ ഈ ആവിഷ്കരിക്കപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ലായെങ്കിൽ നാം വലിയ ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടിവരും. ഈ വക കാര്യങ്ങൾ അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളുകൾ തന്നെ പറഞ്ഞിട്ടില്ലേ? സാർ, ഞാൻ അഴിമതിയെപ്പറ്റി പറഞ്ഞപ്പോൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പലരും നെറ്റിചുളിച്ചു, അങ്ങയുടെ പാർട്ടിയിൽപ്പെട്ട ശ്രീ. താമരാക്ഷൻ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒട്ടേറെ ആക്ഷേപങ്ങളെക്കുറിച്ച് എഴുതികൊടുത്തിട്ടുണ്ട് അന്വേഷിക്കാൻ തയ്യാറുണ്ടോ? ഭരണകക്ഷയിൽപ്പെട്ട ഒരംഗം തന്നെ ആ നിലയിൽ എഴുതിതന്നിരിക്കുന്ന സാഹചര്യത്തിൽ അത് അന്വേഷിക്കാൻ തയ്യാറാകണം. ശ്രീ. താമരാക്ഷൻ തന്നെ പറഞ്ഞ ഒരു കാര്യം പത്രത്തിൽ വായിച്ചതാണ്. ഡോ. കെ.സി. ജോസഫ് വായിച്ചുകാണും. വി.പി. രാമ കൃഷ്ണ പിള്ളയെന്നു പറഞ്ഞാൽ 'വെരി പുവർ' രാമകൃഷ്ണപിള്ള വി.പി. യെന്നു പറഞ്ഞാൽ 'വെരി പുവർ' അദ്ദേഹം വി.പി.ക്ക് കൊടുത്ത എക്സ്പാ ൻഷനാണ്. ഇതു ജനങ്ങൾ പറയുന്നതാണ്. വളരെ ഗൗരവമായി ആലോചി ക്കേണ്ട കാര്യങ്ങൾ അല്ലേ, ആ നിലയിൽ ആലോചിച്ചുകൊണ്ട് വ്യക്തമായി ഭരണകക്ഷിയിൽ നിന്നു വരുന്ന വിമർശനങ്ങളെ നേരിടാൻ അങ്ങേയ്ക്കു കഴി യണം. ഈ സംസ്ഥാനത്ത് നാം കുടിവെള്ളത്തിനു വേണ്ടി കേഴേണ്ട ഒരു സ്ഥിതിവിശേഷം വന്നിരിക്കുന്നു. വളരെ ശക്തമായ നടപടിയുമായി മുന്നോട്ടു പോകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്. ഈ അസംബ്ളിയിൽ എം.എൽ.എ. ആയിട്ട് തെര ഞ്ഞെടുക്കപ്പെട്ടതിനുശേഷം കഴിഞ്ഞ മൂന്നുവർഷങ്ങളിലായി നടക്കുന്ന ബഡ്ജറ്റ് ചർച്ചയിൽ ഈ വകപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ പ്രതിപക്ഷം സഹകരിക്കാറില്ല, ഇന്ന് എന്തു മനമാറ്റം വന്നതിന്റെ അടിസ്ഥാനത്തിലാണ് അവർ ഈ ചർച്ചയിൽ സഹകരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇന്ന് തുടക്കത്തിൽ സഭയിൽ ഒരു ബഹളമുണ്ടാക്കി സഭ ബഹിഷ്ക്കരിക്കാൻ ശ്രമം നടത്തി നോക്കിയതാണ്. സർ, ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കുടിവെള്ളം, അതുപോലെ കൃഷിക്കാർക്ക് ജീവവായു പോലെതന്നെ പ്രധാനമാണ് കൃഷിക്ക് ആവശ്യമായ വെള്ളം ലഭിക്കുകയെന്നു ള്ളത്. എന്നാൽ ഇന്നും ഇൻഡ്യയുടെ ഗ്രാമപ്രദേശങ്ങളിലേയ്ക്കു നോക്കി യാൽ നമുക്ക് കാണാൻ കഴിയുന്നത് കുടിവെള്ളത്തിനുവേണ്ടി മൈലുക ളോളം യാത്ര ചെയ്യേണ്ടിവരുന്ന നമ്മുടെ ഗ്രാമീണ സ്ത്രീകളെയാണ്. അതോ ടൊപ്പംതന്നെ പ്രകൃതിയെ ആശ്രയിച്ചുകൊണ്ട് ഇനം കൃഷിയിറക്കേണ്ട നമ്മുടെ കൃഷിക്കാരെക്കുറിച്ച് ആണ്. വരൾച്ച വന്നാലും, മഴ വന്നാലും, വെള്ളപ്പൊക്കം വന്നാലും എല്ലാംതന്നെ അത് കൃഷിയെ ദോഷകരമായി ബാധിക്കുന്നതിന്റെ വിഷമത്തിലാണ് ഇൻഡ്യയിലെ കൃഷിക്കാർ. സ്വാതന്ത്ര്യം കിട്ടി 52 വർഷങ്ങൾ പിന്നിട്ടിട്ടും സുവർണ്ണജൂബിലി ആഘോഷങ്ങളെല്ലാം നട ത്തിയിട്ടും ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിന്, കുടിവെള്ള പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുന്നതിന് കാര്യമായി മുന്നോട്ടുപോകാൻ കഴിഞ്ഞി ട്ടില്ല എന്നുള്ള വസ്തുത അംഗീകരിച്ചുകൊണ്ടുവേണം നമുക്ക് സംസ്ഥാനത്ത് ഈ രംഗങ്ങളിൽ ഉണ്ടായ വികസനത്തെക്കുറിച്ച് ചർച്ച ചെയ്യാനെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഐക്യജനാധിപത്യമുന്നണി ഗവ ണ്മെന്റാണ് ഇവിടെ ഭരണം നടത്തിക്കൊണ്ടിരുന്നത്. അവരുടെ ഭരണകാലത്ത് ഈ വകുപ്പുകളിൽ ഇപ്പുറത്തുള്ളവർക്കുണ്ടായിരുന്ന അതേ അഭിപ്രായം തന്നെയായിരുന്ന അപ്പുറത്തുള്ളവർക്കും ഉണ്ടായിരുന്നത്. ഇവിടെ തുടക്ക ത്തിൽ അപ്പുറത്തുനിന്നു സംസാരിച്ച ശ്രീ. പി.ജെ. ജോയി പറയുകയുണ്ടായി, സ്വജനപക്ഷപാതവും, അഴിമതിയും എല്ലാമാണ് ഈ വകുപ്പിലെന്ന്, അത് ഏറ്റവും കൂടുതൽ ഈ രാജ്യത്ത് ചർച്ചയ്ക്ക് വന്നത് ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ ഭരണകാലത്തായിരുന്നു എന്നുള്ളത് തർക്കമില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

വിഷയമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടായിരാമാണ്ടോടുകൂടി നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണുന്നതിന്, കൃഷിക്കും മറ്റു ആവശ്യമായ ജലസൗകര്യം എത്തിക്കുന്നതിനുവേണ്ടിയുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ചു പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. കേരളം നദികളുടേയും, തടാകങ്ങളുടേയും, കുളങ്ങളുടേയും കിണറുകളുടേയും നാടാണ്. കാലവർഷത്തിന്റെ പ്രയോജനം രണ്ടുതവണയായി നമ്മുടെ സംസ്ഥാനത്തിൽ ലഭിക്കുന്നതുകൊണ്ട് ഏറ്റവുമധികം മഴ നമുക്ക് ലഭിക്കുന്നുണ്ട്. കേരളത്തിലെ ഭൂപ്രകൃതിയാണെങ്കിലും ജൈവവിന്യാസം അതുപോലെതന്നെ ജീവിതരീതിയൊക്കെത്തന്നെ കൂടുതൽ ജലം നമുക്ക് ആവശ്യമുള്ളതിന് അനുസരിച്ചാണ് സ്വരൂപിക്കപ്പെട്ടിരിക്കുന്നത്. കേരളത്തിൽ മഴ ലഭിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരു പോലെ മഴ ലഭിക്കുന്നില്ലായെന്നുള്ള വസ്തുത നമുക്ക് അറിയാം. അതുകൊണ്ട് നമുക്ക് ലഭിക്കുന്ന മഴയും, അതുപോലെ മറ്റു ജലസ്രോതസ്സുകളും ജലവിഭവങ്ങളും സംഭരിച്ചുകൊണ്ട് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ് എന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. അതുപോലെതന്നെ പ്രതിവർഷം നദികളിലൂടെ ഒഴുകി കടലിൽ എത്തുന്ന നീരൊഴുക്ക് എഴുപത്തിരണ്ടായിരം ദശലക്ഷം ക്യൂബിക് മീറ്റർ ജലമാണ്. ഈ വർദ്ധിച്ച ജലസമ്പത്തിന്റെ 5.5 ശതമാനം മാത്രമാണ് നമ്മുടെ ജല സംഭരണികളിൽ ശേഖരിച്ച് വേനൽക്കാലത്ത് ജലസേചനത്തിനും ജല വൈദ്യുതിയുൽപ്പാദനത്തിനുമായി ഉപയോഗിക്കുന്നത്. ഏകദേശം ഡിസംബർ മാസം മുതൽ ജൂൺ മാസം ആദ്യം വരെ നഗരങ്ങളും ഗ്രാമങ്ങളും കുടിവെള്ളത്തിനും ചെറുകിട ജലസേചനത്തിനും ഏറിയും കുറഞ്ഞും ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ശരാശരി മൂവായിരത്തിയഞ്ചു മില്ലീമീറ്റർ മഴ ലഭിക്കുന്ന കേരളം വേനൽക്കാലത്ത് കുടിവെള്ളത്തിനും മറ്റു ഇതര ആവശ്യങ്ങൾക്കു വേണ്ടി ബുദ്ധിമുട്ടുന്നത് ഒരു വിരോധാഭാസമായി തോന്നാമെങ്കിലും അത് ഒരു പച്ചപരാമർത്ഥം മാത്രമാണ്. ഇവിടത്തെ ജലസാക്ഷരത നാമമാത്രമാണ് എന്ന് നമുക്ക് എല്ലാപേർക്കും അറിയാം. അതുകൊണ്ട് ജനങ്ങളുടെ ഇടയിലും ജനപ്രതിനിധികളുടെ ഇടയിലും ജലസാക്ഷരത വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. എങ്കിൽ മാത്രമേ ജലവിഷയത്തിൽ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. കേരളത്തിൽ ജലസേചന വിഭാഗത്തിന്റെ വികസനം പ്രധാനമായും ഉപരിതല ജലവിഭവ വികസനത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ളതാണ്. പ്രത്യേകിച്ചും വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കാണ് പ്രധാന്യം നൽകിയിരിക്കുന്നത്. ജലസേചന വിഭാഗം വികസനത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ സിംഹഭാഗവും വൻകിട, ഇടത്തരം പദ്ധതികൾക്കാണ്. ഭൂഗർഭ ജലലഭ്യത 1150 കോടി ഘനമീറ്ററാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 590 കോടി ഘനമീറ്റർ മാത്രമേ ഉപയോഗയോഗ്യമാക്കുന്നുള്ളൂ എന്നുള്ള ഭൂഗർഭജല വികസനത്തിൽക്കൂടി ജലസേചനം മെച്ചപ്പെടുത്താൻ വളരെയധികം സാദ്ധ്യത നിലനിൽക്കുന്നു എങ്കിലും ഈ വിഭാഗത്തിന്റെ വികസനത്തിന് വേണ്ടത്ര മുൻഗണന നൽകാൻ കഴിഞ്ഞില്ലയെന്നാണ് വ്യക്തമാക്കുന്നത്. കേരളത്തിൽ മാർച്ച് 98 വരെ ജലസേചന വികസനത്തിന് ചെലവാക്കിയ മൊത്തം പദ്ധതിവിഹിതം 2307 കോടി രൂപയാണ്. ഇതിൽ എഴുപതു ശതമാനം വരുന്ന 1604 കോടി രൂപയും വൻകിടയിടത്തരം പദ്ധതികൾക്കു മാത്രമാണ് ചെലവാക്കിയിട്ടുള്ളത്. ജലസേചന പദ്ധതികൾക്കായി ചെലവഴിച്ചിരിക്കുന്ന തുകയ്ക്ക് ആനുപാതികമായിട്ടുള്ള ഭൗതിക നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലായെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

വസ്തുതയാണ്. 1998 മാർച്ച് അവസാനം വരെ 6.97 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. പദ്ധതികൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസവും പദ്ധതി അടങ്കലിലുള്ള വർദ്ധനവും കാരണം വൻകിട ഇടത്തരം പദ്ധതികൾക്ക് ചെലവഴിക്കേണ്ട തുക ഗണ്യമായ തോതിൽ വർദ്ധിച്ചിരിക്കുന്നു.

സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 മേജർ ഇറിഗേഷൻ പദ്ധതികൾ പൂർത്തിയാക്കി. 15 പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. 12,696 ഹെക്ടർ സ്ഥലത്ത് പ്രയോജനപ്പെടുന്ന പഴശ്ശി പദ്ധതി ജൂലായ് മാസത്തിൽ കമ്മിഷൻ ചെയ്യാൻ പോവുകയാണ്. അതുപോലെതന്നെ 71,850 ഹെക്ടർ സ്ഥലത്ത് പ്രയോജനം ലഭിക്കുന്ന കാഞ്ഞിരപ്പുഴ പദ്ധതി ഈ വർഷം അവസാനത്തോടെ കമ്മിഷൻ ചെയ്യുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്. 3 കോടി രൂപയിൽ തുടങ്ങി 90 കോടിയിലായിട്ടും അവസാനിപ്പിക്കാൻ കഴിയാത്ത പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പദ്ധതി ഈ വർഷാവസാനം കമ്മിഷൻ ചെയ്യാൻ പോകുന്നുവെന്നുള്ളത് ഏറ്റവും സന്തോഷകരമാണ്. കല്ലട, പഴശ്ശി, കാഞ്ഞിരപ്പുഴ, മുവാറ്റുപുഴ, മൂവാറ്റുപുഴ വാലി, ഇടമലയാർ, കാരാപ്പുഴ, മുതലായ പദ്ധതികൾ എല്ലാം ആരംഭിക്കുന്ന ഘട്ടത്തിൽ 10 വർഷത്തെ കാലയളവിൽ പൂർത്തിയാക്കാൻവേണ്ടിയായിരുന്നു. ഇരുപതും മുപ്പതും കോടി രൂപയാണ് അന്ന് എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നത്. എന്നാൽ, ഈ പദ്ധതികളെല്ലാം ഇരുപതും ഇരുപത്തിയഞ്ചും വർഷം കഴിഞ്ഞതിനുശേഷവും പൂർത്തിയാകാതെ കിടക്കുകയാണ്. മാത്രമല്ല, ഇവയുടെ അടങ്കൽ തുക 700-ഉം 800-ഉം കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. പദ്ധതി വിഭാവന ചെയ്യുന്നതുപോലെ കാർഷിക വിളകൾക്കുള്ള ജലസേചനം ലഭിച്ചില്ലെന്ന് മാത്രമല്ല, കോടിക്കണക്കിന് രൂപയുടെ അധിക ബാദ്ധ്യത സംസ്ഥാനത്തിന് വന്നിരിക്കുകയാണ്. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഈ പദ്ധതികൾ പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യേണ്ടതുണ്ട്. ജനങ്ങളുടെ നിരന്തരമായ ആവശ്യത്തിന്റെ ഭാഗമമായി വാമനപുരം ജലസേചന പദ്ധതി, മീനച്ചിൽ നദീതട പദ്ധതി, അട്ടപ്പാടി വാലി ജലസേചന പദ്ധതി, ചാലിയാർ നദീതട പദ്ധതി, ചമ്രവട്ടം ബ്രിഡ്ജ്-കം-റെഗുലേറ്റർ, തൃത്താല-വെള്ളിയാംകല്ല് റെഗുലേറ്റർ-കം ഇതിന്റെയെല്ലാം പ്രവർത്തനം ഈ ഗവണ്മെന്റിന്റെ ഭരണകാലത്ത് ആരംഭിച്ചിട്ടുണ്ട്. ഈ മൂന്നുവർഷക്കാലത്തിനിടയ്ക്ക് 22,750 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. 80 പുതിയ പദ്ധതികൾ പൂർത്തിയാക്കിയിരിക്കുന്നു. നബാർഡിന്റെ ധനസഹായമുള്ള മൈനർ ഇറിഗേഷൻ സ്കീമുകൾ 124 എണ്ണമാണ് പൂർത്തിയാക്കിയിരിക്കുന്നത്. 152 പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് ഈ വകുപ്പിൽനിന്ന് വേണ്ട സാമ്പത്തികസഹായം പ്രധാനം ചെയ്യുന്നുണ്ട്. ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മിഷൻ ചെയ്തുകഴിഞ്ഞിട്ടും കൃഷിക്കാർക്ക് ഒരു തുള്ളി വെള്ളം ലഭിക്കുന്നില്ലെന്നുള്ള പരാതി നിലനിൽക്കുകയാണ്. ആ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

സർ, അതുപോലെ കേരളത്തിലെ കുടിവെള്ള ജലസേചന ആവശ്യങ്ങൾ ഏറെക്കുറെ തൃപ്തികരമായി പരിഹരിക്കുന്നതിന് 1987 ലെ കുടിവെള്ള മാസ്റ്റർ പ്ലാനും 1992-ലെ കേരളാ സ്റ്റേറ്റ് ജലനയവും പ്രാവർത്തികമാക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ് വേണ്ടത്. കേരളം തൃപ്തികരമായി ആസൂത്രണം ചെയ്ത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കുടിവെള്ള പദ്ധതികൾക്ക് കേന്ദ്ര പദ്ധതിയായ എ.ആർ.ഡബ്ല്യൂ. എസ്.പി. പ്രകാരം ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. കുടിവെള്ള പദ്ധതികൾ വിജയിക്കണമെങ്കിൽ തൃപ്തികരമായ നദീജല ഉറവിടങ്ങൾ ഉണ്ടാകണം. ഓരോ പഞ്ചായത്തിലും എ.ആർ.ഡബ്ല്യൂ.എസ്.പി. പ്രകാരം സമഗ്ര കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കണം. സാങ്കേതിക തടസ്സങ്ങൾ എങ്ങനെ പരിഹരിക്കുമെന്ന് അറിയാത്ത ജനപ്രതിനിധികളുടെ അജ്ഞതയെ ഉദ്യോഗസ്ഥന്മാർ മുതലെടുക്കുന്നതുമൂലം വർഷങ്ങൾ കഴിഞ്ഞാലും കേന്ദ്ര സഹായം ലഭിക്കാതിരിക്കുന്ന അവസ്ഥ നിലവിലുണ്ട്. നദീജല സമ്പത്തിനെ ആസ്പദമാക്കിയുള്ള കേന്ദ്രത്തിന്റെ എ.ആർ.ഡബ്ല്യൂ.എസ്.പി. പ്രാകാരമുള്ള ശുദ്ധജലവിതരണം ഓരോ പഞ്ചായത്തിലോ അല്ലെങ്കിൽ ഒന്നിലധികം പഞ്ചായത്തുകളോ ചേർന്ന് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. അതിനു ശേഷം ജനകീയാസൂത്രണത്തിന്റെ ഭാഗമായി ചെറുകിട പദ്ധതികളും വന്നാൽ കേരളത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

സർ, ശുദ്ധജലവിതരണരംഗത്ത് അഭിമാനകരമായ നേട്ടങ്ങളാണ് ഈ ഗവണ്മെന്റിന്റെ കാലത്ത് ഉണ്ടായിരിക്കുന്നത്. 546 ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയിരിക്കുന്നു. ഇതിൽ 31 എണ്ണം ബൃഹത്ത് പദ്ധതികളാണ്. ഇതിന്റെ ഭാഗമായി 12 ലക്ഷം വരുന്ന നഗര-ഗ്രാമീണ ജനങ്ങൾക്ക് പ്രയോജനം ലഭിച്ചു. കഴിഞ്ഞവർഷത്തോടെ 50 ശതമാനം ഗ്രാമീണ ജനങ്ങൾക്കും 75 ശതമാനം നഗരവാസികൾക്കും ശുദ്ധജല ലഭ്യത ഉറപ്പ്വരുത്തിയിട്ടുണ്ട്. വിദേശ സഹായത്തോടുകൂടി ഏകദേശം 40 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നു. ഇതിന് മൊത്തം 1757 കോടി രൂപ മതിപ്പ് ചെലവ് വരുന്നു. ഗ്രാമീണ ജനതയ്ക്ക് പ്രതിദിനം 40 ലിറ്ററും നഗരപ്രദേശത്തെ ജനങ്ങൾക്ക് പ്രതിദിനം 70 ലിറ്ററും എന്ന തോതിൽ കുടിവെള്ളമെത്തിക്കാൻ സർക്കാർ ഉദ്ദേശിക്കുന്ന പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടക്കം പങ്കാളിത്തം വഹിച്ചിരിക്കുകയാണ്. ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, പൂക്കോട്ടുകാവ്, വെള്ളിനേഴി, കരിമ്പുഴ പഞ്ചായത്തുകൾക്ക് ഗുണകരമാകുന്ന ശുദ്ധജലവിതരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന്റെ സാങ്കേതിക പ്രശ്നങ്ങൾ എന്തുതന്നെയായിരുന്നാലും അതെല്ലാം പരിഹരിച്ചുകൊണ്ട്, ഏത് സാമ്പത്തികസഹായം സ്വീകരിച്ചുകൊണ്ടാണെങ്കിലും ആ പദ്ധതി അടിയന്തിരമായി നടപ്പിലാക്കണം. അതുപോലെ തന്നെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്താനുള്ള ലബോറട്ടറികൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. പാഴായി പോകുന്ന മഴവെള്ളം കെട്ടി നിറുത്തി ശാസ്ത്രീയമായി ജലസംരക്ഷണം ഉറപ്പ് വരുത്തിയാൽ മാത്രമേ വരൾച്ചയിൽനിന്ന് നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കാൻ കഴിയൂ. നദികളിലെ നീരൊഴുക്ക് കുറയുന്നതോടെ ഉണ്ടാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രതിവിധിയായി തടയണകളും അടിയണകളും നിർമ്മിക്കണം. ഭാരതപ്പുഴയിൽ നിർമ്മിച്ചിട്ടുള്ളത് മാതൃകാപരമാണ്. അതുപോലുള്ള കാര്യങ്ങൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്. അതുപോലെ വാട്ടർ അതോറിറ്റി മൈനർ ഇറിഗേഷൻ, മുതലായ വകുപ്പുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുവേണ്ടി എം.എൽ.എ. മാർ ചെയർമാന്മാരായി രൂപീകരിച്ചിട്ടുള്ള സമിതികൾ കൂടുതൽ ഫലപ്രദമാകണം. അത്തരം യോഗങ്ങളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥന്മാർക്ക് കർശനമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതോടൊപ്പംതന്നെ ജലസേചനവകുപ്പിൽ ജോലി ചെയ്യുന്ന കാഷ്വൽ ജീവനക്കാർ, എച്ച്.ആർ. ആയും സി.എൽ.ആർ. ആയും എസ്.എൻ. ആർ. ആയും 1378-ഓളം പേർ ജോലി ചെയ്യുന്നു. അവർക്ക് 1988-ൽ നിശ്ചയിച്ച കൂലിയാണ് കൊടുക്കുന്നത്. സർക്കാർ വകുപ്പിലെ ജീവനക്കാർക്ക് പുതിയതായി അംഗീകരിച്ച് കൊടുക്കുന്നതിന് അനുസരിച്ച് ഇവർക്കും കൂലി നിശ്ചയിച്ച് കൊടുക്കണം. അതോടൊപ്പം അവരെ സ്ഥിരപ്പെടുത്തണമെന്നുള്ള ആവശ്യവും മുന്നോട്ടുവയ്ക്കുകയാണ്. നമ്മുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വികലാംഗരായ താൽക്കാലികമായി പണിയെടുക്കുന്നവരെ സ്ഥിരപ്പെടുത്താൻ ഗവണ്മെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അത് വാട്ടർ അതോറിറ്റിയുടെ വകുപ്പിൽ മാത്രം നടപ്പിലാക്കിയിട്ടില്ല എന്നാണ് മനസിലാക്കാൻ കഴിയുന്നത്. അവിടെയും അത് നടപ്പിലാക്കണമെന്നുള്ള അഭ്യർത്ഥനയാണുള്ളത്. ലിഫ്റ്റ് ഇറിഗേഷൻ പമ്പുകളും മോട്ടോറുകളും റിപ്പയർ ചെയ്യുന്നതിന് ചാലക്കുടിയിലെ ഇലക്ട്രിക്കൽ വിംഗാണ് നിലവിലുള്ളത്. അവിടെ കൃത്യസമയത്തു തന്നെ റിപ്പയറിംഗ് പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അതുമൂലം കൃഷിക്കാർ വലിയ പ്രതിസന്ധിയിലാണ്. അത് പരിഹരിക്കുന്നതിന് പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ ഒരു പുതിയ ഇലക്ട്രിക്കൽ വിംഗ് സ്ഥാപിക്കാനുള്ള നടപടിയെടുക്കണം. ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനേതന്നെ പഞ്ചായത്തുകളിൽ വരൾച്ചയെ നേരിടുന്നതിന് ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ യോഗം വിളിച്ചുകൂട്ടി അവർക്ക് 50, 000 രൂപയുടെ സാമ്പത്തികസഹായം ചെയ്തുകൊണ്ടാണ് രംഗപ്രവേശം ചെയ്യുന്നതുതന്നെ. അതിനുശേഷം ജനകീയാസൂത്രണ പ്രശ്നങ്ങൾക്ക് ഏറ്റവും കൂടുതൽ ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിന് ഈ വർഷം പദ്ധതി രൂപീകരിച്ച് നടപ്പിലാക്കണമെന്നാണ് സർക്കാർ തീരുമാനമെടുത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ രംഗത്ത് ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഈ വകുപ്പിലെ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u> : സർ, കെടുകാര്യസ്ഥതയ്ക്കും കാലതാമസത്തിനും ഒരുപോലെ കുപ്രസിദ്ധിയാർജ്ജിച്ച ജലസേചന, ശുദ്ധജലവിതരണവും ശുചീകരണവും എന്ന വകുപ്പുകൾക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ പൂർത്തീകരണത്തിൽ മാറിമാറിവരുന്ന ഗവണ്മെന്റുകൾ കുറ്റകരമായ അനാസ്ഥയാണ് കാട്ടിയത്. അധികാരത്തിൽ വന്ന് മൂന്നുവർഷം കഴിഞ്ഞിട്ടും വർഷങ്ങൾക്കുമുമ്പ് നിർമ്മാണം ആരംഭിച്ച ഒരു പദ്ധതിപോലും പൂർത്തിയാക്കി കമ്മിഷൻ ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. അത് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ സഭയിൽ ചോദ്യോത്തരവേളയിൽ പ്രഖ്യാപിച്ച കാര്യമാണ്. 1961 മുതൽ 1982 വരെ പല വർഷങ്ങളിലായി തുടക്കം കുറിച്ച കല്ലട, പഴശ്ശി, മുവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, തുടങ്ങിയ ജലസേചന പദ്ധതികൾ ഇനിയും പൂർത്തീകരിക്കാതെ കിടക്കുകയാണ്. 183.5 കോടി രൂപയുടെ എസ്റ്റിമേറ്റിന് തുടക്കം കുറിച്ച ഈ പദ്ധതികൾക്ക് 1235.25 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇവയുടെ പുതുക്കിയ എസ്റ്റിമേറ്റ് 1969.48 കോടി രൂപയാണ്. 1988 മുതൽ ഒറിജിനൽ എസ്റ്റിമേറ്റിൽ 5058 ശതമാനംവരെ വർദ്ധനവുണ്ടായതായി സി.എ.ജി.യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജലസേചന പദ്ധതികൾ പൂർത്തിയാക്കാൻ വൈകുന്നതുമൂലം സംസ്ഥാനത്തിന് ഇതുവരെ 1915.52 കോടി രൂപ അധികച്ചെലവ്, അതായത് നഷ്ടം വന്നതായി ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. 1997-98

LIBRARY ARCHIVES Kerala Legislative Assembly

വരെ പദ്ധതി വിഹിതത്തിന്റെ 70 ശതമാനം ചെലവഴിച്ചിട്ടും ഒരു പ്രയോജനവു മുണ്ടായിട്ടില്ല. 1997-98 വരെ ജലസേചനത്തിനുവേണ്ടി സംസ്ഥാനം ചെലവഴി ച്ചത് 2307 കോടി രൂപയാണ്. വൻകിട-ഇടത്തരം പദ്ധതികൾക്കുവേണ്ടിയാണ് ഏറിയപങ്കും ചെലവഴിച്ചത്. 1604 കോടി രൂപ. ഭൗതിക നേട്ടം 1998 മാർച്ച് വരെ 6.97 ലക്ഷം ഹെക്ടർ. സ്ഥലത്ത് മാത്രമേ നമുക്ക് ജലസേചനം നടത്താൻ സാധിച്ചിട്ടുള്ളുവെന്ന് സാമ്പത്തിക സർവ്വേയിൽ പറയുന്നുണ്ട്. കേന്ദ്ര സർക്കാ രിൽനിന്നും നബാർഡിൽനിന്നും സഹായം ലഭിച്ചിട്ടുപോലും നമുക്ക് പദ്ധതി കൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നില്ല. ജലസേചന സൗകര്യമില്ലാത്തതിനാൽ കൃഷിചെയ്യേണ്ട വിളകളുടെ കാര്യത്തിലും കർഷ കർ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്.

സർ, നെൽക്കൃഷി നമ്മുടെ സംസ്ഥാനത്ത് അന്യം നിൽക്കുന്ന അവ സ്ഥയാണ് ഇപ്പോഴുള്ളത്. ഇനി നമ്മുടെ വൻകിട ജലസേചന പദ്ധതികൾ പൂർത്തിയാക്കി വരുമ്പോൾ നമ്മുടെ സംസ്ഥാനത്ത് നെൽക്കൃഷിയുണ്ടാവുക യില്ല. അതുകൊണ്ടുതന്നെ ഈ ചെലവാക്കുന്ന ഭീമമായ തുക വ്യഥാവിലാകാ നാണ് സാദ്ധ്യത. കാർഗിലിലെ നുഴഞ്ഞുകയറ്റംപോലെ നമ്മുടെ പദ്ധതി പ്രദേ ശങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. കുറച്ചുമുമ്പ് സഭയിൽ മുല്ലപ്പെരിയാ റിൽ തമിഴ്നാടിന്റെ ഇടപെടലിനെ സംബന്ധിച്ച് പരാമർശങ്ങളുണ്ടായി. ഇപ്പോൾ പറമ്പിക്കുളം-അലിയാർ പദ്ധതിയുടെ കീഴിലുള്ള കോണ്ടൂർ കനാൽ കേരളത്തിന്റെ എതിർപ്പ് വകവയ്ക്കാതെ തമിഴ്നാട് പുതുക്കിപ്പണിഞ്ഞുകൊ ണ്ടിരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിതന്നെ നിയമസഭയിൽ പറയുകയു ണ്ടായി. തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് അയച്ചതല്ലാതെ ഈ കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

സർ, ചെറുകിട പദ്ധതികൾക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ഫണ്ട് ഇല്ലാത്ത സ്ഥിതിയാണുള്ളത്. നബാർഡിന്റെ സഹായത്തോടെ 22 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലൂടെ 1750 ഏക്കർ സ്ഥലത്ത് ജലസേചനം നട ത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതി ലേയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കാൻ നടപടിയുണ്ടാകണം. മലപ്പുറം ജില്ല യിലെ ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്-1984-ൽ തുടക്കം കുറിച്ചതാണ്. ഇപ്പോൾ അതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 70 കോടി രൂപയാണ്. രണ്ടു കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. നെൽക്കൃഷിക്കും ജലസേച നത്തിനും കുടിവെള്ള വിതരണത്തിനും ഉപ്പുവെള്ളം കയറുന്നത് തടയുന്ന തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വെള്ളപ്പൊക്കം തടയുന്നതിനും റോഡുദൂരം കുറയ്ക്കുന്നതിനുമൊക്കെ പര്യാപ്തമായ ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം ഉണ്ടാക്കി അവരെ ഏൽപ്പിച്ചുകൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ നിയമസഭയിൽ പറഞ്ഞ ഉത്തരത്തിൽ ഭാരതപ്പുഴ റെഗുലേറ്റർ-കം-ബ്രിഡ്ജ് അതോറിറ്റി രൂപവൽകരിക്കാൻ പോകുകയാണ്, അതിന്റെ നിയമവശങ്ങൾ പരിശോധിച്ചുവരികയാണെന്ന് പറഞ്ഞു. ഇനിയും ഈ പദ്ധതി നീണ്ടുപോ കാനേ ഇതുകൊണ്ടുപകരിക്കുകയുള്ളൂ. അതേയവസരത്തിൽ ഏഷ്യൻ ബാങ്കി ന്റെയും ലോകബാങ്കിന്റെയുമൊക്കെ സഹായം തേടിക്കൊണ്ട് ഈ പദ്ധതികൾ പെട്ടെന്നുതന്നെ ആരംഭിക്കാനും പൂർത്തിയാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ അവിടത്തെ ഉദ്യോഗസ്ഥൻമാർ ശമ്പളവും വാങ്ങി വെറുതെ ഇരിക്കുകയാണ്. അതുപോലെതന്നെ കൂട്ടായി റെഗുലേറ്റർ-കം-ബ്രി ഡ്ജിന്റെ പ്രവൃത്തിയിലും എവിടെയും എത്തിയിട്ടില്ല. ലിഫ്റ്റ് ഇറിഗേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളെല്ലാം വളരെ മോശമായ അവസ്ഥയിലാണ്. എന്റെ നിയോജകമ ണ്ഡലത്തിലെ വെഞ്ഞായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വെള്ളപ്പൊക്കം തടയു ന്നതിനും ജലസേചനത്തിനും ഒരുപോലെ ഉപകാരപ്രദമായ പദ്ധതിയാണ്. വർഷങ്ങളായിട്ടും അത് പൂർത്തിയാകാതെ അതിന്റെ പ്രയോജനം കർഷ കർക്ക് ലഭിക്കാതെ കിടക്കുകയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ നമ്മുടെ ജനസംഖ്യയുടെ വർദ്ധനവിനനുസൃതമായി ജലവിഷയത്തിലുള്ള വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടന്നിട്ടില്ല. പദ്ധതികൾ രൂപീകരിക്കുന്നതി നോടൊപ്പംതന്നെ അത് സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ ഒരു നിർവ്വഹണ സംസ്കാരം കൂടി നമ്മൾ രൂപപ്പെടുത്തി എടുക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ കുറെ ദിവസങ്ങളായി പല മന്ത്രിമാരുടെയും വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനയുടെ ചർച്ചകളുടെ മറുപടി കേട്ടപ്പോൾ രണ്ടായിരാമാണ്ടിൽ എല്ലാം ശരിയാകുന്ന ലക്ഷണമാണ്. രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോ ഗ്യമെന്നുള്ളത് നേരത്തെവന്ന പ്രഖ്യാപനമാണ്. അതുകഴിഞ്ഞ് രണ്ടായിരാമാ ണ്ടിൽ വൈദ്യുതിയുൽപ്പാദനത്തിൽ നമ്മൾ സ്വയംപര്യാപ്തമാകുമെന്ന് ഇവിടെ പറഞ്ഞു കഴിഞ്ഞു. അതോടൊപ്പംതന്നെ രണ്ടായിരാമാണ്ടിൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക്, ഭൂമിയില്ലാത്തവർക്ക് മുഴുവൻ ഭൂമിയും വീട് ഇല്ലാത്തവർക്ക് വീടും കക്കൂസില്ലാത്തവർക്ക് കക്കൂസുമൊക്കെ കൊടുക്കാൻ പോവുകയാണ്. അതിനോടൊപ്പം ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എത്തിക്കാൻ പോവുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് ആനന്ദലബ്ധിക്ക് ഇതിൽക്കൂടുതലൊന്നും ആവ ശ്യമില്ല. പക്ഷേ ഇത് നടപ്പാകുമോയെന്ന കാര്യമാണ് പരിശോധിക്കേണ്ടത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഈ പദ്ധതിക്ക് ചെലവുവരുന്നത് 1423.4 കോടി രൂപയാണ്. അതിൽ 128 പദ്ധതികൾ പൂർത്തി യായി. ഈ നൂറ്റാണ്ടിലെ അവസാനത്തെ തമാശയായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ പ്രഖ്യാപനത്തെ നമ്മൾ കാണുന്നത്. ഈ വർഷം 257.69 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാനിരിക്കുന്നത്. ഇനിയും 48 പദ്ധതി കൾ നേരത്തെ ലക്ഷ്യമിട്ടിരുന്നത് പൂർത്തിയാക്കാൻ ഉണ്ട്. അതുപോലെതന്നെ 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിലെ 100 പദ്ധതികളിൽ മിക്കതിന്റെയും പണി മന്ദീഭവിച്ചിരിക്കുകയാ ണ്. മാത്രമല്ല, 1997-98-ൽ നിർമ്മാണത്തിലിരുന്ന 1479 ശുദ്ധജലവിതരണ പദ്ധ തികളിൽ പലതും നീണ്ടുപോവുകയാണ്. അതിൽ ഗ്രാമീണ പദ്ധതികളും നഗര പദ്ധതികളുമുണ്ട്. ഇത് സാമ്പത്തിക അവലോകനത്തിൽ വന്ന കണക്കു കളാണ്. ചെറിയ പദ്ധതികളാണെങ്കിലും വലിയ പദ്ധതികളാണെങ്കിലും ഈ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ വാട്ടർ അതോറിറ്റി കാലവിളംബം വരു ത്തുന്നുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, സ്ഥലമെടു പ്പിൽ പഞ്ചായത്തുകൾ കാലതാമസം വരുത്തുന്നുവെന്നാണ്. അതുമാത്രമല്ല, സാങ്കേതികമായ കാരണങ്ങളുണ്ട്. ടെണ്ടർ അംഗീകരിക്കാൻ കാലതാമസം വരുന്നുണ്ട്. അതുപോലെ കോൺട്രാക്ടർമാർ വർക്ക് ഇട്ടിട്ടുപോകുന്ന പ്രശ്ന മുണ്ട്. പൈപ്പുകളുടെ കാര്യമുണ്ട്. സർ, സെൻട്രൽ പർച്ചേഴ്സ് വലിയൊരു പ്രശ്നമാണ്. ഏത് പ്രദേശത്തുള്ള പദ്ധതികൾക്കും അതിന്റെ പർച്ചേസ് കാര്യ ങ്ങൾ തിരുവനന്തപുരത്ത് നടത്തേണ്ട ഗതിയാണുള്ളത്. അത് മാറ്റി ലോക്കൽ പർച്ചേസിനുള്ള അവസരങ്ങൾ കൊടുക്കണം. താനൂർ പഞ്ചായത്തിലെ കുന്നം പുറത്തെ ശുദ്ധജലവിതരണ പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരം ഭിച്ചതാണ്. അതിന്റെ കരാറുകാരൻ വർക്ക് ഇട്ടിട്ടുപോയി. ഇപ്പോൾ റീടെണ്ടർ ചെയ്തിട്ട് പത്തുമാസമായി. ആ ടെണ്ടർ അപ്രൂവലിനുപോലും കോഴിക്കോട്ടു

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് തിരുവനന്തപുരത്തേയ്ക്ക് അയച്ചിട്ടില്ല. ഇങ്ങനെയാണ് ചെറുകിട പദ്ധതികൾക്കുപോലും കാലതാമസം വരുന്നത്. അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. പദ്ധതികൾ കമ്മിഷൻ ചെയ്തു കഴിഞ്ഞാലുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാം. കഴിഞ്ഞയാഴ്ചയാണ് നെടുമങ്ങാട് പദ്ധതി കമ്മിഷൻ ചെയ്തകാര്യം പത്രത്തിൽ വന്നത്. ട്രയൽ റൺ നടത്തി വെള്ളം മുഴുവൻ പുറത്തേയ്ക്ക് ഒഴുകി റോഡ് തകരാറിലായി. വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം അത് നിത്യസംഭവമാണ്. അരുവിക്കരയിൽ ഇടയ്ക്കിടെ പൈപ്പ് പൊട്ടുന്നുണ്ട്. ശുദ്ധജലവിതരണത്തിന്റെ പൈപ്പുകൾ പൊട്ടി പൈപ്പിനകത്തുകൂടെ പോകുന്നതിനേക്കാൾ കൂടുതൽ വെള്ളം പുറത്തുകൂടെ പോവുകയാണ്. അപ്പോൾ ജലസേചനത്തിനുപകരം ശുദ്ധജലവിതരണ പൈപ്പിലൂടെ വരുന്ന വെള്ളം ജലസേചനത്തിന് ഉപയോഗിക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്.

സർ, പഞ്ചായത്ത് രാജ് ആക്ടിലെ 234(എ) വകുപ്പുപ്രകാരമാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ള 1050 പദ്ധതികൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാൻ പോകുന്നത്. അതിന്റെ ജലവിതരണ ചുമതലയും വാട്ടർ ചാർജ് ഈടാക്കലുമൊക്കെ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുകയാണ്. അതുകൊണ്ടുമാത്രം കാര്യമായില്ല. 234(ബി)(4) പ്രകാരം വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാരെക്കൂടി പഞ്ചായത്തുകൾക്ക് നൽകിയാൽ മാത്രമേ ഇത് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതുപോലെതന്നെ വാട്ടർ അതോറിറ്റിയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പദ്ധതിക്കളൊക്കെത്തന്നെ വെള്ളം കിട്ടാതെ വളരെ ശോചനീയമായ അവസ്ഥയിലാണ്. ഇത് പരിഹരിക്കാൻ നല്ലൊരു സംഖ്യവേണ്ടിവരും. പഞ്ചായത്തുകൾക്ക് ഈ പദ്ധതികൾ വിട്ടുകൊടുക്കുമ്പോൾ അതോടൊപ്പം തന്നെ അത് നല്ലനിലയിൽ പ്രവർത്തിപ്പിക്കാൻ ആവശ്യമായ ഫണ്ട് കൂടെ നൽകണം.

സർ, കുടിവെള്ളം ലഭ്യമാക്കുന്ന കാര്യത്തിലായാലും ജലസേചന സൗകര്യത്തിൽ വെള്ളം കൊടുക്കുന്ന കാര്യത്തിലായാലുമൊക്കെ വാട്ടർ അതോറിറ്റിയും കെ.എസ്.ഇ.ബി.യും പരസ്പരം കുറ്റപ്പെടുത്തി രക്ഷപ്പെടുന്ന അവസ്ഥയാണ് എന്റെ ജില്ലയിലൊക്കെയുള്ളത്. കറന്റ് ഉണ്ടാകുമ്പോൾ വെള്ളമുണ്ടാവുകയില്ല. വെള്ളമുണ്ടാകുമ്പോൾ കറന്റ് ഉണ്ടാവുകയില്ല. രണ്ടും ഉണ്ടാകുമ്പോൾ വെള്ളമടിക്കാൻ ആളുണ്ടാവുകയില്ല. ഈ രീതിയിൽ വളരെ മോശമായ സ്ഥിതിവിശേഷമാണ് അവിടെ നിലനിൽക്കുന്നത്.

സർ, കടലാക്രമണനിരോധന പ്രവർത്തനങ്ങൾക്ക് 1991-നു ശേഷം കേന്ദ്രഗവൺമെന്റിൽനിന്ന് ഫണ്ട് ലഭിച്ചിട്ടില്ലെന്നുള്ളതിന്റെ പേരിൽ മലപ്പുറം ജില്ലയിലെ കടലാക്രമണപ്രവർത്തനങ്ങൾ ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. പുതിയ കടൽഭിത്തികെട്ടുന്നതിനുള്ള പണം അനുവദിച്ചിട്ടില്ല. പഴയ കുടിശ്ശിക കൊടുക്കുന്നതിനും പഴയതിന്റെ മെയിന്റനൻസ് നടത്തുന്നതിനും മാത്രമേ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാകുന്നുള്ളൂ. അതുപോലെതന്നെ വെള്ളപ്പൊക്ക നിയന്ത്രണത്തിന് തുകയൊന്നും തന്നെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ കാലവർഷക്കെടുതിയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ കാരണമുള്ള വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള പരിപാടികൾക്കുവേണ്ടി ഒരു പൈസപോലും ബഡ്ജറ്റിൽ മാറ്റിവച്ചിട്ടില്ല. അതുപോലെതന്നെ ജലസേചന വകുപ്പിലെ കുടുശ്ശിക കൊടുത്തുതീർക്കാനുള്ള സംഖ്യ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അതുകൊണ്ട് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയാത്ത സ്ഥിതിയാണ്. കിട്ടുന്ന തുക കുടിശ്ശിക കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ തികയുകയുള്ളൂ. കുടിശ്ശിക കൊടുക്കാത്തതുകൊണ്ട് കരാറുകാർ സമരപരിപാടികൾ ആരംഭിക്കുന്നു, അവർ കോടതിയെ ശരണം പ്രാപിക്കുന്നു. കോടതിതന്നെ രണ്ടു മാസത്തിനകം രണ്ടുവർഷത്തിലധികമായ കുടിശ്ശികകൾ കൊടുക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ഈ പ്രാവശ്യത്തെ ബഡ്ജറ്റ് സ്ക്രൂട്ടണിയിൽ ഇറിഗേഷൻ വകുപ്പിന്റെ ഉദ്യോഗസ്ഥൻമാർ സ്ക്രൂട്ടിണിക്കു വേണ്ടി കൊടുത്തിട്ടുള്ള നോട്ടിൽത്തന്നെ അവർക്ക് പുതിയ വർക്കുകൾ എടുത്താൽ കാശില്ലെങ്കിൽ പോലും കോടതി വിധിയിൽനിന്ന് രക്ഷപ്പെടാൻ നിലവിലുള്ള കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ ഫണ്ടെങ്കിലും വയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അങ്ങനെയൊരു വിലാപകാവ്യമാണ് ആ സ്ക്രൂട്ടിണി നോട്ടിൽ കാണുന്നത്. അതുപോലെതന്നെ മലപ്പുറം ജില്ലയിൽ മൈനർ ഇറിഗേഷനിൽ 214 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്. അപ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ വികസന സ്തംഭനവും കെടുകാര്യസ്ഥതയും കാലവിളംബവും മുഖമുദ്രയാക്കിയിട്ടുള്ള ഈ രണ്ടു വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. അപ്പുറത്തുനിന്നും രണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവരുടെ സംസാരം തുടങ്ങിയതുതന്നെ സ്വജനപക്ഷപാതത്തിലും കെടുകാര്യസ്ഥതയിലും അഴിമതിയിലും മുങ്ങിക്കുളിച്ച വകുപ്പുകൾ എന്നു പറഞ്ഞുകൊണ്ടാണ്. അത് അവരുടെ മുൻഗവൺമെന്റിന്റെ മുഖമുദ്രയായിരുന്നു. സ്വജനപക്ഷപാതത്തിലും കെടുകാര്യസ്ഥതയിലും അഴിമതിയിലും മുങ്ങിക്കുളിച്ച ഒരു ഭരണമായിരുന്നു മുൻഗവൺമെന്റിന്റെ ഭരണം. ഈ വകുപ്പുകളിൽ മാത്രമല്ല, മിക്കവാറും എല്ലാ വകുപ്പുകളിലും ഈ മുഖമുദ്രയായിരുന്നു കാണാൻ കഴിഞ്ഞിരുന്നത്. അഴിമതി ആരോപണങ്ങൾ ഈ സഭയിൽത്തന്നെ മുൻഗവൺമെന്റിന്റെ കാലത്ത് നിരവധി ഉയർന്നു വന്നിരുന്നു. അതിനെക്കുറിച്ചെല്ലാം അന്വേഷണം നടക്കുന്നുണ്ട്. കുറ്റവാളികളെ ഈ ഗവൺമെന്റ് കർശനമായി ശിക്ഷിക്കുകയും ചെയ്യും. ഈ ഗവൺമെന്റിന്റെ മുഖമുദ്ര ആത്മാർത്ഥമായി ഈ ഗവൺമെന്റിന്റെ പണം അതായത് ജനങ്ങളുടെ പണം ജനങ്ങൾക്കു പ്രയോജനപ്പെടുത്താൻ വേണ്ടി ഫലപ്രദമായി ഉപയോഗിക്കുക എന്നുള്ളതാണ്. ഈ ഗവൺമെന്റ് കൈവരിച്ച കഴിഞ്ഞ മൂന്നു വർഷക്കാലത്തെ നേട്ടങ്ങൾ എന്ന് പരാമർശിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ ഗവൺമെന്റ് എന്തു ചെയ്തു എന്നു പ്രതിപക്ഷം ചോദിക്കുന്നത് വസ്തുതകൾ പഠിക്കാതെയും വിവരങ്ങൾ മനസ്സിലാക്കാതെയുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശുദ്ധജല വിതരണരംഗത്ത് ഗ്രാമീണമേഖലയിൽ 46.4 ശതമാനവും നഗരജനതയ്ക്ക് 74.11 ശതമാനവും ശുദ്ധജലം ലഭ്യമാക്കാൻ കഴിഞ്ഞെങ്കിൽ കഴിഞ്ഞ മൂന്നു വർഷക്കാലംകൊണ്ട് ഗ്രാമീണ ജനതയ്ക്ക് ശുദ്ധജല ലഭ്യത 51 ശതമാനമായും നഗരജനതയ്ക്ക് 77.7 ശതമാനമായും വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇതൊരു വലിയ വർദ്ധനവാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ഈ ഗവൺമെന്റ് പരമാവധി കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചു എന്നുള്ളതുകൊണ്ടാണ് ഈ വർദ്ധനവ് ഈ രംഗത്ത് നമുക്ക് വരുത്താൻ കഴിഞ്ഞിട്ടുള്ളത്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കഴിഞ്ഞ 51 വർഷക്കാലംകൊണ്ട് 51% മാത്രമേ ഗ്രാമീണ മേഖലയിൽ ശുദ്ധജലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതൊരു വസ്തുതയാണ്. 51 വർഷക്കാലംകൊണ്ട് കേരളത്തിൽ അത്രനേട്ടമേ കൈവരിക്കാൻ എല്ലാവർക്കുംകൂടി കഴിഞ്ഞിട്ടുള്ളൂ. ഭാരതത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ് ഈ മേഖലയിൽ. ശുദ്ധജലം പ്രാണവായു

LIBRARY ARCHIVES Kerala Legislative Assembly

പോലെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ഗ്രാമപ്രദേശങ്ങളിലാണ് 90% ജനങ്ങളും ആദിവാസികളുമുണ്ട്. എന്റെ അഭിപ്രായത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുമ്പോൾ ഒന്നാമത്തെ പരിഗണന ഈ രംഗത്ത് നൽകണം. ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നു വർഷങ്ങളിലായി പന്ത്രണ്ടര ലക്ഷത്തോളം വരുന്ന ഗ്രാമ-നഗര ജനതയ്ക്ക് ശുദ്ധജലം എത്തിച്ചുകൊടുക്കാൻ 546 ചെറുതും വലുതുമായ ജലസേചന പദ്ധതികൾ പൂർത്തിയാക്കി. 290.3 കോടി രൂപ സംസ്ഥാന പ്ലാൻ വിഹിതം അതിനുവേണ്ടി ഉപയോഗിച്ചു. നൂറു ശത മാനം കേന്ദ്ര സഹായത്തോടുകൂടി മൊത്തം 88.46 കോടി ചെലവു വരുന്ന ഇരുപത്തൊന്നു ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കി. 72.56 കോടി രൂപയുടെ പന്ത്രണ്ട് ത്വരിത ഗ്രാമീണ പദ്ധതികൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭാഗികമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം നേടിയിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം 1998-ൽ പൂർണ്ണമായും ഭരണാനുമതി ലഭ്യമാക്കി. അതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ടെക്നോളജി മിഷൻ പ്രോഗ്രാമിലെ സബ് ഡിവിഷൻ പദ്ധതി അനുസരിച്ച് അഞ്ചു പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കി. കുടിവെള്ളത്തിന്റെ ഗുണമേന്മ കുറഞ്ഞ പ്രദേശങ്ങളിൽ ഗുണമേന്മ ഉറപ്പാക്കിക്കൊണ്ടുള്ള ശുദ്ധജലം എത്തി ക്കാൻ വേണ്ടിയുള്ള പദ്ധതിയാണിത്. ആ പദ്ധതിയ്ക്ക് മൊത്തം 22.62 കോടി രൂപയാണ് എസ്റ്റിമേറ്റായി കണക്കാക്കിയിട്ടുള്ളത്. 50% കേന്ദ്ര സഹായമനുസ രിച്ചുള്ള പദ്ധതിയിൻകീഴിൽ ഇടത്തരം പട്ടണങ്ങളിൽ ശുദ്ധജലമെത്തിക്കാൻ 4.79 കോടി രൂപ അടങ്കൽ തുക വരുന്ന രണ്ടു പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കി. 300.60 കോടി രൂപ അടങ്കൽ വരുന്ന 31 പദ്ധതികൾക്ക് കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ എൽ.ഐ.സി.യുടെയും ഹഡ്കോയുടെയും വായ്പാ ലഭ്യമാക്കി ജപ്പാൻ സഹായത്തോടെ (ഒ.ഇ.സി.എഫ്.) ശുദ്ധജല വിത രണ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു കരാർ ഉണ്ടാക്കി. അതിന്റെ നടപടികളു മായി ഈ ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി കൾക്കെല്ലാംകൂടി 1787 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്. ഇതു മൂലം നാൽപതുലക്ഷത്തോളം ജനങ്ങൾക്കു പ്രയോജനം ലഭിക്കും. ഫ്രഞ്ചു ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആലപ്പുഴ, കൊച്ചി, കൽപ്പറ്റ, ചീമേനി എന്നിവിടങ്ങളിൽ നാലു ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതിനുവേണ്ടി ചില രൂപ രേഖകൾ ഈ ഗവൺമെന്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. 1288 കോടി രൂപയുടെ അടങ്കൽ പദ്ധതിയാണിത്. ഈ സംസ്ഥാനത്ത് രണ്ടായിരാമാ ണ്ടോടുകൂടിയെങ്കിലും പരിമിതമായ തോതിൽ ശുദ്ധജലം വിതരണം ചെയ്യാൻ ഈ സംസ്ഥാന ഗവൺമെന്റ് ബൃഹത്തായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പി ലാക്കുകയാണ്. അതിന് 1421 കോടി രൂപയുടെ ചെലവു പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതി വാട്ടർ അതോറിറ്റിയും ഭൂജല വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 128 ബൃഹത് പദ്ധതികൾ ഇതിന്റെ ഭാഗമായി പൂർത്തീകരിക്കാനും 154 ചെറുകിട പട്ടണങ്ങൾക്ക് ശുദ്ധജലമെത്തിക്കാനും കഴിയും. 2144 പഞ്ചായത്തുവാർഡുക ളിൽ പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചുവ രികയാണ്. 3806 വാർഡുകളിൽ മിനി ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ വേണ്ടിയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 1526 വാർഡുകളിൽ പുതിയ കുഴൽ കിണറുകൾ കുഴിക്കുന്ന തിന് ഭൂജലവകുപ്പ് ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അത്തരം പ്രവർത്തന ങ്ങൾ നടത്തുകയാണ്. നാൽപ്പത്തിനാലു പദ്ധതികൾ ഇതിനോടകം വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. മറ്റൊന്ന് വരൾച്ചാ ദുരിതാശ്വാസ പദ്ധതികളെ സംബന്ധിച്ചാണ്. വരൾച്ച മൂലമുണ്ടാകുന്ന കുടി വെള്ളക്ഷാമം പരിഹരിക്കുന്നതിന് സംസ്ഥാന വാർഷിക പദ്ധതിക്കുപുറമെയായി 1996-97-ൽ മൂന്നുകോടി രൂപയും 97-98-ൽ 22.6 കോടി രൂപയും പ്രത്യേകം അനുവദിക്കുകയുണ്ടായി. അത്തരം പ്രവർത്തനങ്ങളെല്ലാം ഏകദേശം പൂർത്തിയായി. 1050 പദ്ധതികൾ അറ്റകുറ്റപണികൾ ചെയ്യുന്നതിനും പരിപാലന പ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തുകൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള നടപടികളായി മുന്നോട്ടുപോകുന്നു. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 48 പദ്ധതികളുടെ പണി പൂർത്തിയായിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കാൻ കേന്ദ്രസഹായം 90.28 ലക്ഷം രൂപ ലഭ്യമാക്കാൻവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ജലശുദ്ധീകരണശാലകളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ആലപ്പുഴ, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്രസഹായത്തോടുകൂടി ലബോറട്ടറികൾ സ്ഥാപിച്ചു. നിർമ്മാണ സാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കൊച്ചിയിൽ ഒരു മെറ്റീരിയൽ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ, പട്ടിക ജാതി-പട്ടികവർഗ്ഗ കോളനികളിൽ ഉൾപ്പെടെ പതിനെട്ടു സൗരോർജ്ജ പമ്പു സെറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിലീഫ് ഫണ്ട് സ്വരൂപിക്കുന്നതിനു വേണ്ടി ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയുണ്ട്. ഈ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് അനുവാദം കിട്ടിക്കഴിഞ്ഞാൽ അതു നടപ്പിലാക്കണമെങ്കിൽ സൗജന്യമായിട്ടാണ് നമുക്ക് അതിന്റെ പണം ലഭ്യമാക്കാൻ കഴിയുന്നത് എങ്കിലും അതിനാവശ്യമായ സ്ഥലം വാങ്ങാൻ മൈനസ് ഫണ്ടുള്ള പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. ആ തുക വായ്പയായി കൊടുക്കുന്നതിന് റിലീഫ് ഫണ്ട് സ്വരൂപിക്കുന്നത് തീർച്ചയായും പ്രയോജനകരവും ആശ്വാസകരവുമായിരിക്കും. എന്റെ നിയോജകമണ്ഡലത്തിൽ പള്ളിക്കൽ, കരവാരം, നാവായിക്കുളം തുടങ്ങിയ പഞ്ചായത്തുകളിൽ വർഷങ്ങളായി തുടങ്ങിവച്ച പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. മൂന്നു പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കിളിമാനൂർ ശുദ്ധജല വിതരണ പദ്ധതി മൂന്നരക്കോടി രൂപ ചെലവുള്ളതാണ്. അതിന് ഭൂമി ഏറ്റെടുക്കാൻ കഴിയുന്നില്ല. അതിനാവശ്യമായ പണം ഗവൺമെന്റ് റിലീഫ് ഫണ്ടിൽനിന്നു കൊടുത്ത് ആ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കണം. ഇടുക്കി ജില്ലയിൽ നിന്നും അഞ്ചു പഞ്ചായത്തുകളിലെ ജനങ്ങളുടെ ഒരു നിവേദനം എനിക്കു ലഭിക്കുകയുണ്ടായി. എത്രയും പെട്ടെന്ന് ഏലപ്പാറ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി ശുദ്ധജലം വിതരണം നടത്തണമെന്നാണ് അവരുടെ ആവശ്യം. ഈ ഗവൺമെന്റ് അനുഭാവപൂർവ്വം അവരുടെ ആവശ്യം പരിഗണിക്കണമെന് ആവശ്യപ്പെടുകയാണ്. 1999-2000 മാണ്ടിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി 243.73 കോടി രൂപയുടെ പദ്ധതി വിഹിതം മാറ്റി വച്ചിട്ടുണ്ട്.

സർ, നടപ്പുവർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത്. അതുകൊണ്ട് ജനങ്ങൾക്ക് എത്രമാത്രം പ്രയോജനം കിട്ടുമെന്നുള്ളതിനെ സംബന്ധിച്ചൊന്നും ഞാൻ സമയക്കുറവുകൊണ്ട് പറയാനാഗ്രഹിക്കുന്നില്ല. സുതാര്യതയോടെയും സൂക്ഷ്മതയോടെയും പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ, പണം ചെലവഴിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ജാഗ്രത

LIBRARY ARCHIVES Kerala Legislative Assembly

പുലർത്തണം. മുൻ ഗവൺമെന്റുകളുടെ അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. എത്രയോ ആരോപണങ്ങൾക്ക് മന്ത്രിമാരുൾപ്പെടെ അന്വേഷണത്തിന് വിധേയ മായിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലവിലു ണ്ടായിട്ടുണ്ടെന്നുള്ളതുകൊണ്ട് വളരെ സുതാര്യതയോടെയും സൂക്ഷ്മതയോ ടെയും പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കണം. ഇനി ശുചീകരണത്തെക്കു റിച്ചുകൂടി ഒരു വാക്ക് പറയട്ടെ. 1991-ലെ നാഷണൽ സാമ്പിൾ സർവ്വേ വെളി പ്പെടുത്തുന്നത് 55 ലക്ഷം കുടുംബങ്ങളുള്ളതിൽ 29 ലക്ഷം കുടുംബ ങ്ങൾക്കാണ് കക്കൂസ് സൗകര്യമേർപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളതെന്നാണ്. ഇങ്ങനെ പോയാൽ എത്ര വർഷം വേണ്ടിവരും. ശുചീകരണരംഗത്ത് വളരെ യേറെ ശ്രദ്ധകേരളത്തിലെ ജനങ്ങൾക്ക് കൊടുക്കേണ്ടിയിരിക്കുന്നു. നമ്മ ളൊക്കെ രാവിലെ കുളിച്ച് കുറിതൊട്ട് നടക്കുന്നവരാണ്. അത് നല്ലതാണ്. എന്നാൽ നമ്മുടെയൊക്കെ നഗരപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലും ഇറങ്ങി നടന്നാൽ കാണാം ചപ്പുചവറുകൾ കുന്നുകൂടി കിടക്കുന്നു. ചത്ത ജന്തുക്കളുടെ അവശിഷ്ടങ്ങൾകൊണ്ട് നാറ്റം വമിക്കുന്നു. ചപ്പുചവറുകളും മറ്റും യഥാസമയം മാറ്റാൻ, അത് ജൈവ വളമാക്കി മാറ്റാൻ, അല്ലെങ്കിൽ ചുട്ട് ചാമ്പലാക്കാൻ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിച്ചു കൊണ്ടുള്ള സംവിധാനമേർപ്പെടുത്തണം. ജനങ്ങൾക്ക് ശുചീകരണരംഗത്ത് തീർച്ചയായും ഒരു പുതിയ അനുഭവമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടിക ളുമായി ഈ ഗവൺമെന്റിന്റെകാലത്ത് മുന്നോട്ടുപോകണം. മറ്റ് വകുപ്പിനെസം ബന്ധിച്ചൊന്നും സംസാരിക്കാൻപോലും സമയമില്ലാത്തതുകൊണ്ട് കഴിയുക യില്ല. ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.സി. ജോസഫ്)

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ വകുപ്പുകളുടെ ഭരണത്തെ സംബന്ധിച്ച് ഇതിന്റെ ഒരു യഥാർത്ഥ ചിത്രം പ്രതിപക്ഷത്തെക്കാൾ കൂടുതൽ വ്യക്തമാക്കാൻ ഭരണപക്ഷത്തുള്ള പ്രൊഫ. എ.വി. താമരാക്ഷനും ശ്രീ. ബാബു ദിവാകരനും കഴിയുമായിരുന്നു. പക്ഷേ ഇടതുപക്ഷജനാധിപത്യമുന്ന ണിയുടെ കേന്ദ്ര കമ്മിറ്റി ഇടപെട്ട് ഇന്ന് അവർക്ക് പ്രസംഗം നിഷേധിച്ചിരിക്കു ന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, ഞാൻ പറയുന്നത് മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. ബേബി ജോണും, ശ്രീ. താമരാക്ഷനും, ശ്രീ. ബാബു ദിവാ കരനും ഇന്നത്തെ വകുപ്പുമന്ത്രിക്കെതിരായി മുഖ്യമന്ത്രിക്ക് നിവേദനം കൊടു ക്കുകയും അഴിമതി ചെയ്തുവെന്ന് പറയുകയും ചെയ്തത് ശരിയാണോ? അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, കൂടെ കിടക്കുന്നവർക്കല്ലേ രാപ്പനി അറി യാൻ പാടുള്ളൂ. ശ്രീ. താമരാക്ഷനേയും ശ്രീ. ബാബു ദിവാകരനേയും സംബന്ധി ച്ചിടത്തോളം ശ്രീ. വി.പി. രാമകൃഷ്ണപിള്ളയോടൊപ്പം പ്രവർത്തിക്കുകയും ഭര ണത്തിന്റെ എല്ലാ കാര്യങ്ങളിലും പങ്കാളികളാവുകയും ചെയ്തനിലയിൽ അവർക്ക് കാര്യങ്ങളറിയാവുന്നതുപോലെ നമുക്ക് അറിയാൻ പാടില്ല. അതുകൊ ണ്ടുതന്നെയാണ് അവർ മുഖ്യമന്ത്രിക്ക് പരാതി കൊടുത്തത്. പക്ഷേ ആ പരാതി യെക്കുറിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രി ഇതുവരെ തയ്യാറായിട്ടില്ല. ഒരു കാര്യത്തി നെപ്പറ്റിയും പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ മൂന്നുവർഷക്കാലമായി.....

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ): സർ, പരാതി കിട്ടിയിട്ടുണ്ടോയെന്നുള്ളത് പരിശോധിച്ചതിനുശേഷമേ പറയാൻ കഴിയൂ. ഇവിടെ പറയുന്നത് സത്യമാണെന്ന് ഞാൻ അംഗീകരിക്കുന്നില്ല.

ശ്രീ. മാമ്മൻ മത്തായി : സർ, ഞങ്ങൾ മുഖ്യമന്ത്രിയെ കുറ്റപ്പെടുത്തിയില്ല. ഞങ്ങൾ പറഞ്ഞുവന്നത് ശ്രീ. ബേബി ജോണും ശ്രീ. താമരാക്ഷനും ശ്രീ. ബാബു ദിവാകരനുംകൂടി പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഏൽപ്പിച്ചു. അതിന്റെ സത്യാവസ്ഥ ഞങ്ങൾക്ക് അറിയണമെങ്കിൽ പരാതി കൊടുത്തവർ ഇവിടെ വന്നാൽ മാത്രമേ അറിയാൻ കഴിയൂ.

മി. ചെയർമാൻ (ഡോ. കെ.സി. ജോസഫ്) : മുഖ്യമന്ത്രിക്ക് പരാതി കിട്ടിയില്ലെന്ന് പറഞ്ഞതിനുശേഷം വേറൊരാളോട് ചോദിക്കുക മുഖ്യമന്ത്രിയെ അവിശ്വസിക്കുന്നത് ശരിയല്ല.

ശ്രീ. ജി. കാർത്തികേയൻ : സർ, നമ്മുടെ നാട്ടിലെ എല്ലാ വിവരങ്ങളും നമ്മൾ ഫെയ്സ് ടു ഫെയ്സ് അറിയുന്നില്ല. ചിലതൊക്കെ പത്രമാധ്യമങ്ങളിൽക്കൂടിയാണ് അറിയുന്നത്. പത്രങ്ങളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കുറ്റപ്പെടുത്താറുണ്ട്. ഇവിടെ പറഞ്ഞകാര്യം അങ്ങനെയാണ് അറിഞ്ഞത്.

മി. ചെയർമാൻ (ഡോ. കെ.സി. ജോസഫ്) : ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് കിട്ടിയില്ലെന്ന് പറഞ്ഞു. പിന്നെ പത്രങ്ങൾ പറഞ്ഞുവെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : സർ, ഇവിടെ പറയുന്ന സമയംവരെ കിട്ടിയിട്ടില്ല.

ശ്രീ. മാമ്മൻ മത്തായി : സർ, ഏതായാലും ഞങ്ങൾ പത്രത്തിൽ വായിച്ച വിവരമാണ് ഈ സഭ മുമ്പാകെ പറഞ്ഞത്. ഈ വകുപ്പുകളെക്കുറിച്ച് സംസാരിക്കുമ്പോൾ നിരവധി നേട്ടങ്ങളെപ്പറ്റി ഭരണപക്ഷത്തുള്ളവർ സംസാരിക്കുകയുണ്ടായി. പക്ഷേ ഈ പദ്ധതികളൊക്കെ എവിടെയാണ് പ്രാവർത്തികമാക്കിയത്? ഞങ്ങൾക്കറിയാൻ പാടില്ല. എനിക്ക് ഒന്ന് സൂചിപ്പിക്കാനുള്ളത്, ജലസേചന മേഖലയിൽ ധാരാളം ഹെക്ടർ സ്ഥലത്ത് വെള്ളമെത്തിച്ചുകൊടുക്കാൻ സാധിച്ചു. ശുദ്ധജലവിതരണത്തിന്റെ കാര്യത്തിലാണെങ്കിൽ ഗ്രാമങ്ങളിൽ 80%-വും നഗരങ്ങളിൽ 70%-വും ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. മെമ്പർമാർക്ക് ഇതൊക്കെ പുറത്തോട്ടിറങ്ങി നാട്ടുകാരോട് പറയാമോ? ഇവിടെയാകുമ്പോൾ അവർ കേൾക്കുകയില്ല. നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയെന്താണ്? ജലസേചന പദ്ധതികൾക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നു. യഥാർത്ഥ അടങ്കൽ തുകയുടെ 50 ഇരട്ടിയും 60 ഇരട്ടിയും തുക ചെലവഴിക്കുന്നു. പക്ഷേ ജലസേചന സൗകര്യങ്ങൾ കാര്യമായി ഒരുക്കിക്കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ടി.എം. ജേക്കബിന് കൊടുത്ത മറുപടിയിൽ പറഞ്ഞിരിക്കുന്നത് മൂവാറ്റുപുഴ വാലി പദ്ധതിക്ക് 48.08 കോടി രൂപയുടെ അടങ്കൽ തുകയായിരുന്നുവെങ്കിൽ 465 കോടി രൂപയിലെത്തി നിൽക്കുകയാണ്. ഇടമലയാർ പദ്ധതി 17.85 കോടി രൂപയിൽനിന്ന് 150 കോടി രൂപയിലെത്തി നിൽക്കുന്നു. വാമനപുരം പദ്ധതി 36.40 കോടി രൂപയിൽ നിന്ന് 221 കോടി രൂപയിലെത്തി നിൽക്കുന്നു. കാഞ്ഞിരപ്പുഴ പദ്ധതി മൂന്നുകോടി അറുപത്തിയഞ്ചു ലക്ഷം രൂപയിൽനിന്ന് 112 കോടി രൂപയിലെത്തി. എത്ര ഇരട്ടിയുണ്ടെന്ന് ചിന്തിക്കണം. അതുപോലെ കണ്ണൂരിലെ പഴശ്ശി പ്രോജക്ട് നാലുകോടി 42 ലക്ഷത്തിൽനിന്ന് 136 കോടി രൂപയായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാരാപ്പുഴ പദ്ധതി ഏഴുകോടി അറുപത് ലക്ഷത്തിൽനിന്ന് 225 കോടി രൂപയാ യിരിക്കുന്നു. കുരിയാർകുറ്റി-കാരപ്പാറ 100 കോടിയിൽനിന്നും 136 കോടി രൂപ യും,. ബാണാസുരസാഗർ 33 കോടിയിൽനിന്നും 37 കോടി രൂപയും, കല്ലട പദ്ധതി 13.28 കോടിയിൽനിന്ന് 698 കോടി രൂപയുമായിരിക്കുന്നു. ഇങ്ങനെ പദ്ധതികൾക്കുവേണ്ടി ഈ രാജ്യത്തിലെ ജനങ്ങളുടെ നികുതികാശ് യാതൊരു നീതികരണവുമില്ലാതെ ചെലവഴിച്ചുകൊണ്ടിരിക്കുമ്പോൾ മറുവ ശത്ത് കോടിക്കണക്കിന് രൂപ മുടക്കിയിട്ട് ആരംഭിച്ച പദ്ധതികൾ നിർത്തലാ ക്കുകയാണ്. ഞാൻ ഈ മന്ത്രിയെ കുറ്റം പറയുന്നില്ല. കാരണം പുള്ളിക്ക് ഇതുവരെ നിലത്ത് നിൽക്കാൻ സമയം കിട്ടിയില്ല. നിലത്ത് നിന്നാലല്ലേ അഭ്യാസം കാണിക്കാൻ കഴിയുകയുള്ളൂ. ഈ വകുപ്പ് നോക്കുന്നില്ല. ഒരു പ്രവർത്തനവും നടക്കുന്നില്ല. എന്തെങ്കിലും പ്രവർത്തനം നടക്കണമല്ലോ. യാതൊരു പ്രവർത്തനവുമില്ല. മീനച്ചിൽ നദീതട പദ്ധതി 1984-ൽ ശ്രീ. കരു ണാകരൻ തറക്കല്ലിട്ട പദ്ധതിയാണ്. ഇന്ന് അതിന്റെ ഗതിയെന്താണ്? അത് ഈ ഗവൺമെന്റ് ഏറ്റെടുത്തില്ലെന്ന് മാത്രമല്ല ആ പദ്ധതിയുടെ ആവശ്യത്തിന് വേണ്ടിയെടുത്ത സ്ഥലം ആരോ നിക്ഷിപ്ത താൽപ്പര്യക്കാരുടെ ആവശ്യത്തി നുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി വിട്ടുകൊടുത്തുവെന്ന് ഞാൻ പത്ര ത്തിൽക്കൂടെ വായിക്കുകയുണ്ടായി.അതിന് ബഹുമാനപ്പെട്ട് മന്ത്രി മറുപടി പറ യണം. മീനച്ചിൽ പദ്ധതി സർക്കാർ ഖജനാവിൽനിന്ന് കോടികൾ മുടക്കി ആരംഭിച്ചതിനുശേഷം വർഷങ്ങൾ കഴിഞ്ഞപ്പോൾ..... അതുപോലെ ബഹുമാനപ്പെട്ട ജോയി പ്രസംഗിച്ചപ്പോൾ പറഞ്ഞു, ഒ.ഇ.സി.എഫ്-ന്റെ ബൃഹത്ത് പദ്ധതികൾക്ക് 1889 കോടി രൂപ മുടക്കി ബഹുമാനപ്പെട്ട എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നകാലത്ത് മുൻകൈയെടുത്ത് ആരംഭിച്ച പദ്ധതി യാണ്. അത് എവിടെ ചെന്ന് നിൽക്കുന്നു? തുടങ്ങുന്നതിനുമുമ്പ് അഴിമതി കാണിച്ച് കാശ് അടിച്ചുമാറ്റാനുള്ള ശ്രമമാണ് ഗവൺമെന്റിന്റെ കാലത്തുണ്ടായ ത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ 5 ബൃഹത്ത് പദ്ധതികൾ എവിടെ വന്നു നിൽക്കുന്നുവെന്ന് പറയാൻ ദയ കാണിക്കണം. എന്റെ നിയോജകമ ണ്ഡലത്തിലെ പമ്പ-മണിമലയാറുകളെ യോജിപ്പിക്കുന്നതിനുവേണ്ടി 20 ഏക്കർ സ്ഥലം ഇറിഗേഷൻ വകുപ്പ് എടുക്കുകയുണ്ടായി. ഇന്ന് ആ സ്ഥലം മുഴുവൻ കൈയേറി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു അപേക്ഷ തന്നു. ഈ സ്ഥലം പഞ്ചായത്തിനെ ഏൽപ്പിക്കണം. വർഷങ്ങൾക്ക് മുമ്പ് ഏറ്റെടുത്ത താണ്. അഴിമതിയെന്നല്ല ഞാൻ പറഞ്ഞത്. ഈ സ്ഥലം പഞ്ചായത്തിനെ ഏൽപ്പിച്ച് എന്തെങ്കിലും ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യാൻ അങ്ങ് നടപടി സ്വീകരിക്കണമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കു കയാണ്. മറ്റൊരുകാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് ശുദ്ധജലവിതരണ പദ്ധതികൾ ധാരാളം കമ്മിഷൻ ചെയ്തുവെന്നു പറഞ്ഞിട്ട് കാര്യമില്ല. അത് കാര്യക്ഷമമായി പ്രവർത്തിക്കാത്ത അനുഭവമാണ് ജനങ്ങൾക്കുള്ളത്. എത്ര പദ്ധതികൾ കമ്മീഷൻ ചെയ്താലും ശരി, എത്ര മഴ പെയ്താലും ശരി ജന ങ്ങൾക്ക് വെള്ളം കിട്ടാത്ത ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തു ള്ളത്. അത് മാറ്റുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കണമെന്നു പറ ഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ആന്റണി രാജു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങു കയാണ്. ജലസേചന വകുപ്പിനെ ചലനാത്മകമാക്കി മാറ്റിയ മന്ത്രി ശ്രീ. വി.പി. രാമകൃഷ്ണപിള്ളയെ ഞാൻ അഭിനന്ദിക്കുന്നു. ഈ പ്രതിപക്ഷത്തിന് എന്തുപ്പ റ്റിയെന്നു ഞാൻ ആലോചിക്കുകയാണ്. ഈ വകുപ്പിനെക്കുറിച്ച് ഒന്നും പറയാ നില്ല. ശ്രീ. ബേബി ജോണിനെയും, പ്രൊഫ: എ.വി. താമരാക്ഷനെയും, ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

ബാബു ദിവാകരനെയും ഉദ്ധരിക്കുകയെന്നുള്ളതിൽ കവിഞ്ഞ്, അവർ കൂടി ഈ സഭയിൽ ഉണ്ടായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഒന്നും പറയാൻ ഉണ്ടാകുക യില്ലായിരുന്നു, അവരില്ലായെന്നുള്ള ആശ്വാസമാണ് നിങ്ങൾക്കുള്ളത്, അപ്പു റത്തു വരുമെന്നുള്ള ആശ്വാസമാണ്. അവരുടെ മൂന്നുപേരുടെയും പേരുകൾ ഉദ്ധരിക്കുകയെന്നുള്ളതിനപ്പുറം, ... പ്രതിപക്ഷത്തുനിന്നും ശ്രീ. പി. ജെ. ജോയി മുതൽ ശ്രീ. മാമ്മൻ മത്തായി വരെ പ്രസംഗിച്ചപ്പോൾ ഈ വകു പ്പിലെ കാര്യങ്ങളെപ്പറ്റി എന്തെങ്കിലും പറയാനുണ്ടായിരുന്നോ? കഴിഞ്ഞ ഗവൺമെന്റിന്റെകാലത്ത് ഇറിഗേഷൻ വകുപ്പിന്റെ ചർച്ചകൾ നടന്നിരുന്നപ്പോൾ ഇവിടെ എന്തായിരുന്നു. ഷെൽ ആക്രമണം, ബോംബ് സ്ഫോടനം തുടങ്ങി ഇവിടത്തെ അന്തരീക്ഷം എന്തായിരുന്നു? യുദ്ധ പ്രതീതി ആയിരുന്നു. പി.ആർ.ഡി. ബഹുമാനപ്പെട്ട മന്ത്രിയുടെ പടം വച്ചിറക്കിയ ഈ വകുപ്പിനെക്കു റിച്ചുള്ള പ്രസിദ്ധീകരണത്തിന്റെ ഹെഡ് . ലൈൻ എന്താണ്? പ്രശാന്തം, പ്രവർത്തനനിരതം. എത്രയോ അർത്ഥവത്താണിത്. ഇവിടെ നടക്കുന്ന ഈ ചർച്ച പ്രതിപക്ഷത്തിനുപോലും ഈ വകുപ്പിനെക്കുറിച്ച് ഒന്നും പറയാനില്ലാ യെന്ന അവസ്ഥയാണ്. യു.ഡി.എഫിന്റെ കഴിഞ്ഞ ഭരണകാലത്ത് ഇറിഗേഷൻ വകുപ്പിന്റെ ചർച്ചകൾ നടന്നപ്പോൾ ഉണ്ടായ അന്തരീക്ഷത്തെക്കുറിച്ചൊന്നും ഞാൻ ഇവിടെ സൂചിപ്പിക്കുന്നില്ല. കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണവും മൂന്നു വർഷത്തെ എൽ.ഡി.എഫി.-ന്റെ ഭരണവും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദാംശത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് ചെറുതും വലുതുമായ 546 പദ്ധതികൾ ഈ ഗവൺമെന്റ് പൂർത്തിയാക്കിയെന്നു പറയുമ്പോൾ, മൂന്നു വർഷംകൊണ്ട് 12 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞുവെന്നു പറയുമ്പോൾ എത്രയോ ഭാവനാപൂർണ്ണമായ പരിപാടികളാണ് ഈ വകുപ്പിലൂടെ നടത്തി കൊണ്ടിരിക്കുന്നത്. 96-ൽ 46.4% ഗ്രാമീണ ജനങ്ങൾക്കാണ് ശുദ്ധജലം വിത രണം ചെയ്തിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം മൂന്നു വർഷം കൊണ്ട് അത് 51% ആയിട്ട് വർദ്ധിച്ചിരിക്കുന്നു. അതു പോലെ നഗരജനങ്ങൾക്ക് 74.11% ആയിരുന്നു ശുദ്ധജലം കിട്ടിയിരുന്നുവെങ്കിൽ അത് ഇന്ന് 77.7% ആയി വർദ്ധിച്ചിരിക്കുന്നു. തിരുവനന്തപുരം ആഗ്മെന്റേഷൻ പദ്ധതി എത്രയോ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചതാണ്. അത് നടക്കുകയി ല്ലെന്നു പറഞ്ഞുകൊണ്ട് നീട്ടിക്കൊണ്ടുപോയ ആ പദ്ധതി സമയബന്ധിത മായി ബഹുമാനപ്പെട്ട മന്ത്രി വി.പി. രാമകൃഷ്ണപിള്ളയുടെ ഇടപെടലു കൾമൂലം പൂർത്തിയാക്കിയെങ്കിലും അതിന്റെ പ്രയോജനം പൂർണ്ണമായി ലഭി ക്കണമെങ്കിൽ നഗരത്തിൽ വർഷങ്ങൾക്കുമുമ്പ് ഇട്ടിട്ടുള്ള കുഴലുകൾ മാറ്റിയെ ങ്കിൽ മാത്രമേ കഴിയൂ. അതുകൊണ്ട് ആ കാര്യങ്ങൾ കൂടി നമ്മൾ ശ്രദ്ധിക്കേ ണ്ടിയിരിക്കുന്നു. അതുപോലെതന്നെ വെള്ളപ്പൊക്ക നിവാരണ പദ്ധതി, കഴിഞ്ഞ മൂന്നുവർഷംകൊണ്ട് 9630 ഹെക്ടർ സ്ഥലത്തെ വെള്ളപ്പൊക്കക്കെടു തിയിൽ നിന്നും മുക്തമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കടലാക്രമണ നിരോധനത്തിന്റെ കാര്യത്തിൽ 4877 ലക്ഷം രൂപയാണ് ഈ ഗവൺമെന്റ് ചെലവഴിച്ചത്. 15.63 കി.മീ. പുതിയ കടൽഭിത്തി ഈ ഗവൺമെന്റ് വന്നതിനു ശേഷം കെട്ടി. 14.96 കി.മീ. പഴയ കടൽഭിത്തി പുനർ നിർമ്മിക്കാൻ കഴിഞ്ഞു. കാശു കൊടുത്തോ ഇല്ലയോ. നമ്മൾ നിർമ്മിക്കുന്നതിന് അപ്പപ്പോൾ കാശ് കൊടുക്കുകയാണ്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നിർമ്മിച്ചിട്ട് കാശ് കൊടുക്കാത്ത എത്രയോ പണികൾക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം കാശ് കൊടുത്തു. 994.523 ലക്ഷം രൂപ ഈ മേഖലയിൽ കഴിഞ്ഞ മൂന്നു വർഷംകൊണ്ട് ചെലവാക്കി. ഞാൻ അത് പറയുമ്പോൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ കുറെക്കൂടി ശക്തമായ നടപടികൾ ഈ മേഖലയിൽ സ്വീകരിക്കേണ്ടതുണ്ട്. ടി.എസ്. കനാൽ ഒരു കാലത്ത് കേരളത്തിന്റെ ഏറ്റവും പ്രതീക്ഷയുള്ള ജലപാതയായിരുന്നു. അത് നമുക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, ടൂറിസത്തിന് ഏറെ സാദ്ധ്യതയുള്ള ഈ സാഹചര്യത്തിൽ നമ്മുടെ ജലപാതയെ പ്രയോജനപ്പെടുത്താൻ ടി.എസ്. കനാലിനെ സംരക്ഷിച്ചുകൊണ്ട് യാഥാർത്ഥ്യമാക്കാൻ കഴിയണം. അത് ഇന്ന് മാലിന്യങ്ങൾ തള്ളുന്ന ഒരു കേന്ദ്രമായിട്ട് മാറിയിരിക്കുന്നു. അത് മാറ്റിയെടുക്കാനുള്ള നടപടികൾ കൈക്കൊള്ളണം. സ്വീവേജ് പദ്ധതിയുടെ പുനരുദ്ധാരണത്തിനായി 8.36 കോടി രൂപയുടെ എസ്റ്റിമേറ്റ്സ് തയ്യാറാക്കി ഹഡ്കോയ്ക്ക് സമർപ്പിച്ചു. ഈ ഗവൺമെന്റ് വന്നശേഷം സമർപ്പിച്ച ആ പദ്ധതി കഴിഞ്ഞ കുറെ നാളുകളായി അത് അനുവദിച്ച് എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി അങ്ങേയറ്റത്തെ പരിശ്രമം നടത്തുന്നു. ഇന്ന് അദ്ദേഹം മറുപടി പ്രസംഗത്തിൽ ഹഡ്കോയിൽനിന്നും കിട്ടിയ മറുപടി ഇവിടെ വിശദീകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. തിരുവനന്തപുരം നഗരത്തിൽ 60 വർഷങ്ങൾക്കുമുമ്പ് നടപ്പിലാക്കിയ ഡ്രെയിനേജ് സംവിധാനമാണുള്ളത്. പഴകിയ ഡ്രെയിനേജ് സംവിധാനം ജനങ്ങൾക്ക് വളരെയധികം ദോഷം ഉണ്ടാക്കിയിരിക്കുന്നു. എത്ര രൂപ മുടക്കിയാലും ശരി ആ പഴകിയ കുഴലുകൾ അടിയന്തിരമായി പുനരുദ്ധരിക്കാനുള്ള നടപടികൾ കൈക്കൊള്ളണം. തിരുവനന്തപുരം നഗരത്തിലെ മാലിന്യങ്ങളെല്ലാം കൊണ്ടുചെന്ന് തള്ളുന്നത് വലിയതുറ സ്വീവേജ് ഫാമിലാണ്. പക്ഷേ അതിനടുത്തു താമസിക്കുന്ന ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. പൂന്തുറ മുതൽ വേളി വരെയുള്ള തിരുവനന്തപുരം നഗരത്തിന്റെ തീരപ്രദേശത്തിനടുത്താണ് സ്വീവേജ് ഫാം. ആ പ്രദേശത്തിലെ ജനങ്ങൾക്ക് സ്വീവേജിലേയ്ക്ക് കണക്ഷൻ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സ്വീവേജ് ഫാം നവീകരിക്കണം. പൂന്തുറ മുതൽ വേളിവരെയുള്ള ജനങ്ങൾക്ക് സ്വീവേജിന്റെ പ്രയോജനം ലഭിക്കാനുള്ള പദ്ധതി ഉണ്ടെങ്കിലും അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഇത്ര സുതാര്യതയോടുകൂടി, ശാന്തമായി, അഴിമതി രഹിതമായി ഈ വകുപ്പിനെ മുന്നോട്ടു നയിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

[1.00 PM] <u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് അപ്പുറത്തുനിന്നും മൂന്ന് പേർ പ്രസംഗിച്ചു. മൂന്നുപേർ പറഞ്ഞതും അവസാനമായി ശ്രീ. ആന്റണി രാജു പറഞ്ഞതും ഒന്നുതന്നെയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ജലസേചനവകുപ്പിന്റെ ചർച്ച വരുമ്പോൾ വലിയ ബഹളമായിരുന്നു. അതാണ് ഏറ്റവും ഒടുവിൽ പറഞ്ഞത്. മാങ്ങയുള്ള മരത്തിലേ കല്ലെറിയുകയുള്ളൂ. മാങ്ങയില്ലാത്ത, പൂക്കുകപോലും ചെയ്യാത്ത മരത്തിൽ ആരെങ്കിലും കല്ലെറിയുമോ സർ? കാര്യങ്ങൾ എന്തെങ്കിലും നടക്കുമ്പോൾ ഇവിടെ വിമർശനവും കാര്യങ്ങളും ഉണ്ടാകും. ഇവിടെ മന്ത്രിയുടെ മുഖത്ത് നോക്കുമ്പോൾ സത്യത്തിൽ സഹതാപമുണ്ട് സർ. ആ വകുപ്പിൽ എന്താണ് നടക്കുന്നതെന്ന് അദ്ദേഹത്തിനറിയില്ല, അദ്ദേഹം പറഞ്ഞാൽ കേൾക്കാത്ത ഉദ്യോഗസ്ഥൻമാരാണ് ആ വകുപ്പിൽ. ആരിൽ നിന്നോ നിർദ്ദേശം കാത്ത് കഴിയുന്ന ഉദ്യോഗസ്ഥൻമാർ. മറ്റാരോ നിയന്ത്രിക്കുന്നു അതല്ലേ ആ വകുപ്പിന്റെ സ്ഥിതി. മറ്റ് കാര്യങ്ങളൊക്കെ അങ്ങയുടെ പാർട്ടിയിൽപ്പെട്ട എം.എൽ.എ.മാർ ഇന്നിവിടെ ഇല്ലെങ്കിലും അവർ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇവിടെ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നടന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ എന്റെ കൈയിലുണ്ട്. ഈ ഗവണ്മെന്റിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ജോൽസ്യൻമാർ ആരോ പറഞ്ഞിട്ടുണ്ട് രണ്ടായിരാമാണ്ടോടുകൂടി ലോകം അവസാനിക്കുമെന്ന്. ആ പ്രതീക്ഷയിൽ അല്ലേ നിങ്ങൾ? എല്ലാ വകുപ്പുകളും കൈകാര്യം ചെയ്യുന്ന മന്ത്രിമാർ പറയുന്നത് രണ്ടായിരാമാണ്ടോടുകൂടി സ്വയം പര്യാപ്തമാകുമെന്നാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തമാകും.

സർ, വൈദ്യുതിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത, പട്ടയത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത എല്ലാറ്റിനും ഈ ഗവണ്മെന്റ് രണ്ടായിരാമാണ്ട് കാത്തിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, അങ്ങ് അധികാരമേറ്റതിനുശേഷം ഈ നിയമസഭയിൽ അങ്ങ് എത്ര ഉത്തരം നൽകിയിട്ടുണ്ട്? എത്ര സബ്മിഷന് മറുപടി പറഞ്ഞിട്ടുണ്ട്? അങ്ങയുടെ വകുപ്പിലെ ശുദ്ധജലവിതരണം മാത്രം എടുക്കുക. എത്ര പ്രാവശ്യം അങ്ങയുടെ ഉദ്യോഗസ്ഥൻമാർ അങ്ങയെക്കൊണ്ട് ഇവിടെ രണ്ടായിരാമാണ്ടിൽ അല്ലെങ്കിൽ 1999-ൽ കമ്മീഷൻ ചെയ്യുമെന്ന് ഓരോ പദ്ധതിയെക്കുറിച്ചും പറയിപ്പിച്ചു? വസ്തുത എന്താണ്? അങ്ങെയെക്കൊണ്ട് പറയിപ്പിച്ച ഏതെങ്കിലും പദ്ധതി ഈ സമയത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ? ഇത്ര ഉത്തരവാദിത്വമില്ലാതെ ഉത്തരം എഴുതിത്തരുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ അങ്ങേയ്ക്ക് എന്തെങ്കിലും നടപടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? കെടുകാര്യസ്ഥത അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ മുഖമുദ്രയല്ലേ? കാര്യങ്ങൾ തെറ്റിദ്ധരിപ്പിച്ച് ജനങ്ങളേയും ഗവണ്മെന്റിനേയും തെറ്റിദ്ധരിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സാഹചര്യമല്ലേ ഈ വകുപ്പിനുള്ളത്? ശുദ്ധജലവിതരണ വകുപ്പിൽ രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം അതാണല്ലോ മുദ്രാവാക്യം. കേൾക്കാൻ വളരെ ഇമ്പമുള്ള നല്ല മുദ്രാവാക്യം. എന്താ? ശുദ്ധജലവിതരണ വകുപ്പിനെപ്പറ്റി ഞാൻ ബന്ധപ്പെട്ട സ്ഥലങ്ങളിലൊക്കെ പറഞ്ഞിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞിട്ടുണ്ട്. ഈ നിയമസഭയിൽ ചോദ്യോത്തരവേളയിൽ ചോദ്യം ചോദിച്ചുകൊണ്ട് അങ്ങയോട് ചോദിച്ചിട്ടുണ്ട്. എന്താ അനാവശ്യ കാലതാമസം? ഇത്രയും കാലതാമസം മറ്റേതെങ്കിലും വകുപ്പിലുണ്ടോ/പദ്ധതികളെ സംബന്ധിച്ച് ഇത്രയും കാലതാമസമുണ്ടാകുന്നത് എന്താണെന്ന് പരിശോധിക്കാൻ അങ്ങ് തയ്യാറാകണം. ഹൈലെവൽകമ്മിറ്റി പോലും അംഗീകരിക്കുന്ന ഒരു നിർമ്മാണവേലയുടെ ടെൻഡർ ഗവണ്മെന്റ് സെക്രട്ടറിമാർ ഉൾപ്പെടുന്ന ഹൈലവൽകമ്മിറ്റി പാസ്സാക്കിയ അല്ലെങ്കിൽ അതിൽ തീരുമാനമെടുത്ത ഒരു കാര്യം പ്രൊസീഡിംഗ്സായി ഇറങ്ങണമെങ്കിൽ ഒരു മാസത്തിലേറെ സമയം വേണം. ജൂൺ പത്താംതീയതി ഹൈലവൽ കമ്മിറ്റി തീരുമാനമെടുത്ത് ഇതുവരെ മിനിട്ട്സ് അപ്രൂവ് ചെയ്യാൻ പോലും കഴിഞ്ഞിട്ടില്ല. എന്താണ് കാരണം? ആ കാലതാമസത്തിന് ആരാണ് ഉത്തരവാദി? ആ മിനിട്ട്സ് അപ്രൂവ് ചെയ്യേണ്ട ഉന്നതനായ ഉദ്യോഗസ്ഥൻ സ്പീക്ക് എന്നെഴുതിവിട്ടിരിക്കുന്നു. ആ ഫയലിൽ സ്പീക്ക് എന്നെഴുതി വിട്ടിരിക്കുന്നതിന്റെ പേരിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ കണ്ടുപിടിക്കാൻ കഴിയാതെ ഈ മിനിട്ട്സും തയ്യാറാക്കി ഉദ്യോഗസ്ഥൻമാർ നടക്കുകയാണ്. ഒരു മാസമായിരിക്കുന്നു. ഞാനൊരു ഉദാഹരണം മാത്രം പറഞ്ഞതാണ്. ഇതുപോലെ വരുന്ന കാലതാമസത്തിന് ആരാണ് ഉത്തരവാദി? അങ്ങയെക്കൊണ്ട് രണ്ടായിരാമാണ്ടിൽ കമ്മീഷൻ ചെയ്യുമെന്ന് പറയിപ്പിക്കുന്നു. പക്ഷേ ആ ഉത്തരം പറയിപ്പിക്കുന്ന ഉദ്യോഗസ്ഥൻ ഇതുപോലെ കാലതാമസം വരുത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നു. അങ്ങ് അന്വേഷിക്കണം. അങ്ങയെ ഞാൻ കുറ്റം പറയുന്നില്ല. കാരണം അങ്ങേയ്ക്ക് ഇതിനൊന്നും സമയമില്ല. പാർട്ടിയിലെ ഗുരുതരമായ പ്രതിസന്ധി, അതുമായി നെട്ടോട്ടം ഓടുന്ന അങ്ങേയ്ക്ക് ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ കാര്യമോ, അവിടെ നടക്കുന്ന കാര്യങ്ങളോ ഒന്നും പരിശോധിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് പരമാർത്ഥം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : നിങ്ങളുടെ പാർട്ടിയുടെ സ്ഥിതി എന്താണ്?

ശ്രീ. ജോണി നെല്ലൂർ : മൂവാറ്റുപുഴ വാലിയെക്കുറിച്ച് ഞാനൊരു വാക്ക് പറയട്ടെ. എന്റെ പ്രദേശം ഉൾക്കൊള്ളുന്നതാണ്. മറ്റുള്ളതൊക്കെ ഞാൻ പിന്നീട് പറയാം. മൂവാറ്റുപുഴവാലി പദ്ധതിയെന്നു പറഞ്ഞാൽ എട്ടു നിയോജകമണ്ഡലങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന ഒരു പദ്ധതിയാണ്. അവിടെ ഈ മന്ത്രി അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി ഒരു യോഗം വിളിച്ചുകൂട്ടി ഞങ്ങളൊക്കെ സസന്തോഷം ഒട്ടേറെ തീരുമാനങ്ങളെടുത്തു. അതിൽ ഏതെങ്കിലും നടപ്പാക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞോ? വിജിലൻസ് കേസ്സുകളുടെ പേരിൽ പണി സ്തംഭിച്ചിരിക്കുകയാണ്. ഞങ്ങൾ പറഞ്ഞു കേസ്സ് കേസ്സിന്റെ വഴിയേ പോകട്ടേ, നിർമ്മാണവേലകൾ ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന്. കുറെ ശ്രമങ്ങൾ അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായി. ഒന്നും നടത്താൻ കഴിഞ്ഞില്ല. ഞാനൊരുദാഹരണം മാത്രം പറയാം. പിറവം ഇറിഗേഷൻ കോംപ്ലക്സ് ഒരു മാസം മുമ്പ് അങ്ങ് വന്ന് ഉൽഘാടനം ചെയ്തതാണ്. അതിനുശേഷം ഈ കോംപ്ലക്സിനോടൊപ്പം തന്നെ ഒരു ഐ.ബി.യുടെ പണിയാരംഭിച്ചു. അവിടെ ബന്ധപ്പെട്ട ആളുകൾ, ഉദ്യോഗസ്ഥൻമാർ, പ്രമുഖരായ ആളുകൾ, വി.ഐ.പി.മാർ. മന്ത്രിമാരൊക്കെ വരുമ്പോൾ കയറിയിരിക്കാൻ ഒരു ഐ.ബി.യുടെ പണിയാരംഭിച്ചു. 1992-ൽ ആരോ ഒരു ഊമ കത്തയച്ചു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന 1996-ൽ വിജിലൻസ് പോലീസിനെ അയച്ചു. അന്വേഷണം പൂർത്തീകരിച്ചു. മൂന്ന് വർഷം കഴിഞ്ഞു. റിപ്പോർട്ട് വന്നപ്പോൾ ഒരു ക്രമക്കേടും നടന്നിട്ടില്ല. 1992-ലെ ഷെഡ്യൂൾ അനുസരിച്ചാണ് പണി ആരംഭിച്ചത്. 1998-ലെ ഷെഡ്യൂൾ അനുസരിച്ചാണ് പണി പൂർത്തീകരിക്കാൻ പോകുന്നത്. അധികം വന്ന ചെലവ്- ഭാരിച്ച തുക ആരാണ് നൽകുന്നത്? ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയിൽനിന്നും ഈടാക്കുമോ? അങ്ങ് നൽകുമോ? ഈ അധികം വന്ന ചെലവിന് ഉത്തരവാദി ആരാണ്? ഇതുപോലെയുള്ള കേസ്സുകളുടെ പേരിൽ സ്തംഭിച്ചു കിടക്കുന്ന പണികൾ പുനരാരംഭിക്കണമെങ്കിൽ കോടിക്കണക്കിന് രൂപയാണ് ചെലവ് വരുന്നത്. അത് ആർക്ക് ഏറ്റെടുക്കാൻ കഴിയും? അതുകൊണ്ട് എനിക്കഭ്യർത്ഥിക്കാനുള്ളത് അങ്ങ് കൂടി ചർച്ച ചെയ്തെടുത്ത തീരുമാനം ആത്മാർത്ഥതയോടുകൂടിയാണെങ്കിൽ മൂവാറ്റുപുഴവാലിയുടെ തടസ്സപ്പെട്ടു കിടക്കുന്ന പണി പുനരാരംഭിക്കാൻ ആവശ്യമായ തന്റേടം അങ്ങയുടെ ഭാഗത്ത് നിന്നുണ്ടാകണം. അങ്ങനെ ആ രീതിയിലുള്ള ഒരു പ്രവർത്തനങ്ങളും ഉണ്ടാകാത്ത, കേവലം പ്രഖ്യാപനങ്ങൾ മാത്രമായി പോകുന്ന ഒരു വകുപ്പ് എന്നുള്ളനിലയിൽ ഈ വകുപ്പിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി.കെ. നാണു : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരളം വ്യവസായങ്ങൾ ആരംഭിക്കുവാൻ പറ്റുന്ന സ്ഥലമല്ല, ഇവിടെ എപ്പോഴും തൊഴിലാളികളുടെ പ്രക്ഷോഭമാണെന്നു ചിലർ പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

പരത്തിയിരുന്നതിനെ പരിപൂർണ്ണമായി ഒഴിവാക്കാൻ പറ്റുന്ന രൂപത്തിൽ കഴിഞ്ഞ മൂന്ന് കൊല്ലമായി കേരളത്തിന്റെ വ്യാവസായികമേഖല സമാധാനപരമാക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചു. 46 സ്ഥാപനങ്ങളിൽ തർക്കങ്ങൾ പരിഹരിക്കാനും അവിടെ പ്രവർത്തനം സുഗമമായി നടത്താനും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഈ വകുപ്പിന് സാധിച്ചു. 14 മേഖലകളിൽ കുറഞ്ഞ കൂലി. അതുപോലെതന്നെ ക്ഷേമനിധിയുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ സമൂഹത്തിലെ ഏറ്റവും താഴ്ന്ന ജനവിഭാഗത്തിന് ക്ഷേമനിധി പോലെ, നമ്മുടെ നാട്ടിലൊക്കെ ചുരുട്ടുമേഖലയിൽ ബന്ധപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കൽ അടക്കം സമൂഹത്തിലെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവണ്മെന്റിന് സാധിച്ചു എന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. അതുപോലെതന്നെ കടൽഭിത്തിയുടെ പ്രശ്നം. കേരളത്തിലെ കടലോരങ്ങളിൽ കൂടുതൽ ഏക്കർ സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടാനും അതുപോലെ നിലവിലുള്ള കടൽഭിത്തികൾ ശക്തമാക്കാനും നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കേരളത്തിലെ കടൽമേഖലയിലുള്ള തൊഴിലാളികൾക്ക് സാധാരണനിലയ്ക്ക് ഇന്നുള്ള കടൽഭിത്തി മാത്രമല്ല, കടൽഭിത്തി ശക്തമാക്കാൻ കടലിനകത്തേയ്ക്ക് കാലുകൾ നാട്ടുന്നത് നടപ്പിലാക്കാനും ഗവണ്മെന്റ് പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. അത് ഫലപ്രദമായി നടത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഉൾനാടൻ ജലപാത. മലബാർ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 'മായി' കനാൽ. വർഷങ്ങളായി അതിന്റെ പണി പൂർത്തിയാകാതെ കിടക്കുകയാണ്. നൂറ് കണക്കിനേക്കർ ഭൂമി ഈ ഉൾനാടൻ ജലപാതയ്ക്കുവേണ്ടി ഗവണ്മെന്റ് അക്വയർ ചെയ്തുവെങ്കിലും അത് ഫലപ്രദമായി നടപ്പിലാക്കാത്തതിന്റെ ഫലമായി 'മായി' കനാലിന്റെ പണി പരിപൂർണ്ണമായിട്ടില്ല. അതുകൊണ്ട് ഈ ഗവണ്മെന്റ് ഉൾനാടൻ ജലപാതയുടെ വികസനത്തിനുവേണ്ടി പണം നീക്കി വച്ചതിന്റെ കൂട്ടത്തിൽ 'മായി' കനാലിനേയും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 'മായി' കനാലിലൂടെ ജലപാത ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് സന്നദ്ധമാകണം. കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കുറ്റ്യാടി കനാൽ. കുറ്റ്യാടി കനാലിന്റെ പണി 1995-ലോ മറ്റോ കമ്മീഷൻ ചെയ്തു എന്നു പറഞ്ഞെങ്കിലും ഇന്നും വലിയൊരു ഭാഗം പ്രദേശങ്ങളിൽ വെള്ളം ലഭിക്കാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് കുറ്റ്യാടി കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്താനും ആ പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ പ്രധാനമായതാണ് ശുദ്ധജലവിതരണപദ്ധതി, മൂന്ന് കൊല്ലത്തിനിടയ്ക്ക് ഈ ഗവണ്മെന്റിന് അഭിമാനിക്കാവുന്ന വിധത്തിൽ ശുദ്ധജലവിതരണപദ്ധതികളിലൂടെ ലക്ഷക്കണക്കിന് ആളുകൾക്ക് പുതിയതായി ശുദ്ധജലം എത്തിക്കുവാൻ സാഹചര്യമുണ്ടായിട്ടുണ്ട്. അനേകം ശുദ്ധജലവിതരണപദ്ധതികൾ ആരംഭിക്കുവാൻ സാധിച്ചു. ഇതെല്ലാം ആയിട്ടുണ്ടെങ്കിലും ഇൻഡ്യയിൽ വെള്ളത്തിന്റെ ലഭ്യത കുറഞ്ഞ സംസ്ഥാനങ്ങളിലെ ആളുകൾക്ക് അവിടത്തെ പ്രവർത്തനത്തിന്റെ ഫലമായി ലഭിക്കുന്നതിന്റെ അത്ര പോലും ശുദ്ധജലം കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്നുള്ള ഒരു ആക്ഷേപമുണ്ട്. കഴിഞ്ഞ മൂന്ന് കൊല്ലത്തെ നമ്മുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടല്ല നേരെമറിച്ച് പത്ത് നാൽപ്പത്തിനാല് നദികൾ ഉള്ള നമ്മുടെ സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധജലം നൽകുകയെന്നുള്ള ലക്ഷ്യം നിറവേറ്റുന്നതിനാവാശ്യമായ നടപടികളുമായി മുന്നോട്ടുപോകാൻ നമുക്ക് സാധിച്ചു. ഈ ഗവണ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ജപ്പാന്റെ സഹായത്തോടെയും വിവിധ ഏജൻസികളുടെ സഹായത്തോടെയും 2000-ാമാണ്ടിൽ കേരളത്തിലെ എല്ലാ ആളുകൾക്കും ശുദ്ധജലം ലഭ്യമാക്കുന്ന നടപടിയിലേയ്ക്ക് നീങ്ങുന്നുണ്ടെങ്കിലും കോഴിക്കോട് ജില്ലയിലെ പലഭാഗത്തും - സ്ഥിരമായി ഇവിടെ സബ്മിഷൻസും ശ്രദ്ധക്ഷണിക്കലെല്ലാം വരുന്നുണ്ട്- ഇട്ടിരിക്കുന്ന പ്രിമോ പൈപ്പുകൾ പലതും പൊട്ടിക്കൊണ്ടിരിക്കുന്നു, ഗവണ്മെന്റ് ആഗ്രഹിച്ച രൂപത്തിൽ ആളുകൾക്ക് ശുദ്ധജലം എത്തിക്കുവാൻ സാധിക്കുന്നില്ല. ഇതിന്റെ ഫലമായിട്ടുള്ള ഒരു വമ്പിച്ച പ്രതിസന്ധി നമ്മുടെ ഭാഗത്തെ ശുദ്ധജലവിതരണവുമായി ബന്ധപ്പെടുന്ന അവസരത്തിൽ വടകര മുനിസിപ്പാലിറ്റിയിലായാലും, കോഴിക്കോട് കോർപ്പറേഷനിൽ ആയാലും പൈപ്പിന്റെ തകരാറുകൾമൂലം ഗവണ്മെന്റ് ആഗ്രഹിക്കുന്ന രൂപത്തിൽ വെള്ളം എത്തിച്ചുകൊടുക്കാൻ സാധിക്കുന്നില്ല. ഇതെല്ലാം പരിഹരിക്കാൻ, ഏത് വലിയ സ്കീമായാലും നമ്മൾ ഉദ്ദേശിച്ച രൂപത്തിൽ ആ സ്കീമുകൾ നടപ്പിലാക്കാൻ ആ കാലയളവിനുള്ളിൽ നടപ്പിലാക്കാൻ സാധിക്കുന്നില്ലായെങ്കിൽ അനാവശ്യമായി കോടിക്കണക്കിന് രൂപ നഷ്ടമുണ്ടാകുന്ന ഒരു സാഹചര്യമുണ്ട്, ജനങ്ങളിൽനിന്നും ആക്ഷേപമുണ്ടാകുന്ന ഒരു സാഹചര്യമുണ്ടാകുന്നു. ആദിവാസികൾക്കും മൽസ്യത്തൊഴിലാളികൾക്കും ശുദ്ധജലം എത്തിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതെല്ലാം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കണമെങ്കിൽ ഇതിനുള്ള പോരായ്മകൾ പരിഹരിക്കണം. ആക്ഷേപത്തിന് ഇടയില്ലാത്ത വിധത്തിൽ അഭിമാനിക്കാവുന്ന രൂപത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നതോടൊപ്പം ശുദ്ധജലവിതരണത്തിലും മറ്റുമുള്ള പോരായ്മകൾ എന്താണെന്ന് പഠിച്ച് ആ പോരായ്മകൾ സമയബന്ധിതമായി പരിഹരിച്ച് ഈ ഗവണ്മെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്ന അവസരത്തിൽ നമ്മൾ അവകാശപ്പെടുന്നതിനേക്കാൾ കൂടുതൽ ഫലപ്രദമായ രൂപത്തിൽ, കഴിഞ്ഞകാല ഗവണ്മെന്റുകളുടെ പ്രവർത്തനത്തിന്റെ പോരായ്മകളുടെ ഫലമായി തടസ്സപ്പെട്ടിരുന്ന പദ്ധതികൾ അടക്കം വിജയകരമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് പറയാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി.സി. കബീർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. പൂർത്തിയാകാതെ കിടക്കുന്ന ജലസേചന പദ്ധതികൾ ദ്രുതഗതിയിൽ നിർമ്മാണം നടത്തി ജനോപകാരപ്രദമായി അത് കമ്മീഷൻ ചെയ്യുന്നതിനുള്ള തീവ്രശ്രമമാണ് ഈ ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നബാർഡ് തുടങ്ങിയ ഏജൻസികളിൽനിന്നും പണം വായ്പയെടുത്ത് ഈ പദ്ധതികൾ പൂർത്തിയാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളും ആത്മാർത്ഥതയുമാണ് അത് തെളിയിക്കുന്നത്. കാഞ്ഞിരപ്പുഴ പദ്ധതി 112 കോടി രൂപയുടെ അടങ്കലിൽ തുടങ്ങി. കാൽ നൂറ്റാണ്ട് പിന്നിട്ടപ്പോൾ ഈ പദ്ധതിയ്ക്ക് 90 കോടി രൂപ ചെലവാക്കിക്കഴിഞ്ഞു. 16348 ഹെക്ടറിൽ കൃഷി നനയ്ക്കാനുള്ള സൗകര്യങ്ങൾ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. അതിൽ ഭൂരിപക്ഷം കനാലുകളും കിടക്കുന്നത് ഒറ്റപ്പാലം, പട്ടാമ്പി നിയോജകമണ്ഡലങ്ങളിലാണ്. ഭാഗികമായി കനാലിലൂടെ വെള്ളം വന്നതിൽ കർഷകർക്ക് സന്തോഷമുണ്ട്. പക്ഷേ നബാർഡിൽനിന്നും 7.2 കോടി രൂപ വായ്പയെടുത്തിട്ടും കുറച്ചുകൂടി വേഗതയിൽ ഈ വർഷം തന്നെ പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. വയനാട്ടിലെ കാരാപ്പുഴ പദ്ധതി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനും നമ്മുടെ പൊതുമരാമത്ത് വകുപ്പിനും ഒരു നോക്കുകുത്തിയാണ്. 8721 ഹെക്ടർ കൃഷിഭൂമി നനയ്ക്കാനുള്ള ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

225 കോടി രൂപയുടെ മതിപ്പ് ചെലവ് കണക്കാക്കിയാണ് തയ്യാറാക്കിയിട്ടുള്ള ത്. 160.49 കോടി രൂപ ചെലവായി. അവിടെചെന്ന് നോക്കിയാൽ ആ കാരാപ്പുഴ പദ്ധതി എന്തിനുവേണ്ടി, ആർക്കുവേണ്ടി രൂപകൽപ്പന ചെയ്തുവെന്നുള്ള സംശയം ഒരു കൊച്ചു കുഞ്ഞിന്റെ മനസ്സിൽപ്പോലും പൊന്തിവരും. ഇൻഡ്യയിലെ നമ്മുടെ കറൻസി തിന്നുന്ന ഒരു ചെതൽപുറ്റായി കാരാപ്പുഴ പദ്ധതിയെ ഉപമിക്കുകയാണ്. കാരാപ്പുഴ പദ്ധതി നമുക്ക് നാശമാണ്. നമ്മുടെ പണം തിന്ന് തുലയ്ക്കാനുണ്ടായ പ്രോജക്ടാണ് എന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല. എന്ത് ചെയ്യാൻ പറ്റുമെന്നുള്ളതിനെക്കുറിച്ച് ഗവണ്മെന്റ് കാര്യമായി ആലോചിക്കണമെന്ന് ഞാൻ ശുപാർശ ചെയ്യുന്നു. കുരിയാർകുറ്റി-കാരപ്പാറ പദ്ധതി 100 കോടി രൂപ മതിപ്പ് ചെലവിൽ ആവിഷ്കരിച്ചിട്ടുള്ളതാണ്. 9.99 കോടി രൂപ ചെലവാക്കി. എന്തെല്ലാമോ പരാതിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ഫ്രീസറിൽ വച്ചിരിക്കുകയാണ്. അത് ഒരു പാതകമാണ്. പാലക്കാട്ടെ കർഷകരോട് ചെയ്യുന്ന ഒരു പാതകമായിട്ടാണ് കൃഷിക്കാരൻ കൂടിയായ ഞാൻ കരുതുന്നത്. അതുകൊണ്ട് അടിയന്തിരമായി പാലക്കാട് പ്രത്യേകിച്ച് ചിറ്റൂർ താലൂക്കിലെ കർഷകരെ രക്ഷിക്കുന്നതിന് കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്ക് ജീവൻ നൽകണമെന്നും അതിനെ ഫ്രീസറിൽനിന്നും എടുത്ത് വേഗംതന്നെ എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും അത് രാജ്യത്തിന് ചെയ്യുന്ന ഗുണമായിരിക്കുമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. അട്ടപ്പാടിവാലി പദ്ധതി തുടങ്ങാനുള്ള തീരുമാനത്തെ ഞാൻ പ്രശംസിക്കുന്നു. 1984-ൽ ഈ സഭയിൽ പ്രതിപക്ഷത്തിരുന്നുകൊണ്ട് ജലസേചനവകുപ്പിന്റെ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ ഗവണ്മെന്റിനെ വിമർശിച്ചതാണ്. അവിടത്തെ ജീവനക്കാർ പേൻ നോക്കുകയാണ് എന്നാണ് ഞാൻ വിമർശിച്ചത്. 15 കൊല്ലം മുമ്പ് നടന്നത് ഞാൻ ഓർമ്മിക്കുകയാണ്, ശമ്പളം വാങ്ങി വനിതാ ജീവനക്കാർ പേൻ നോക്കുകയാണ് സർക്കാർ ഓഫീസിൽ ഇന്ന്, ഇപ്പോഴും അതുതന്നെയാണ് അവസ്ഥ. പേൻ നോക്കുന്ന ആളുകൾ പോയിട്ടുണ്ട്, മുടി ചീകുന്ന ആളുകൾ വേറെ വന്നിട്ടുമുണ്ട്. അട്ടപ്പാടി പദ്ധതി കഴിയുന്നതും ഈ നായനാർ ഗവണ്മെന്റിന്റെ കാലത്തുതന്നെ പുനരാവിഷ്കരിച്ച് അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ശുദ്ധജലവിതരണത്തെക്കുറിച്ചുകൂടി ഒന്ന് സൂചിപ്പിക്കട്ടെ, ഒറ്റപ്പാലത്ത് 10 കോടി രൂപയുടെ എൽ.ഐ.സി. സ്കീം പാസ്സാക്കിയിട്ട് കൊല്ലങ്ങൾ പലതായി. ബഹുമാനപ്പെട്ട മന്ത്രി, ഈ വർഷം തന്നെ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് എനിക്കും സഭയ്ക്കും ഉറപ്പ് തന്നിട്ടുണ്ട് പക്ഷേ ലവലേശം വേഗതയില്ല. ഒച്ചിന്റെ വേഗതയിലാണ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം. മന്ത്രിക്ക് വേഗതയുണ്ടായിട്ട് കാര്യമില്ലല്ലോ. ഡിപ്പാർട്ട്മെന്റ് ചലിക്കണ്ടേ? അതുകൊണ്ട് വാട്ടർ അതോറിട്ടി കുറച്ചുകൂടി ഒരു യുവത്വം കാണിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. ഒറ്റപ്പാലത്ത് വാണിയങ്കുളത്തെ എ.ആർ.പി. പദ്ധതി 361 ലക്ഷം രൂപയുടെ പദ്ധതിയാണ്. പക്ഷേ നമുക്ക് ചെറിയ വീക്ക്നസ് ഉണ്ട്, വീക്ക്നസ് എന്നുപറയുന്നില്ല. ഡൽഹിയിൽ ആവശ്യമായ സമ്മർദ്ദം, ലോബീയിംഗ് നടത്തുന്നതിനുള്ള ഒരു കപ്പാസിറ്റി കേരളത്തിലെ നമ്മുടെ ഡിപ്പാർട്ട്മെന്റുകൾക്ക് ഇല്ലേ. നമ്മൾ ഇവിടെനിന്നും എന്തെല്ലാം ജലസേചന പദ്ധതികൾ അയച്ചാലും ഡൽഹിയിൽ പോയാൽ 10 എണ്ണം അയച്ചാൽ 2 എണ്ണം പാസ്സാകും, 8 എണ്ണം വെട്ടും, ഇപ്പോഴും അതുതന്നെയാണ് അവസ്ഥ. ഡൽഹിയിൽ നമുക്ക് അതിന് അംഗീകാരം നേടിയെടുക്കുന്നതിന് സാധിക്കുന്നില്ല. അവിടെ എന്തെങ്കിലും കൈക്രിയകൾ ചെയ്യണമെങ്കിൽ ചെയ്യാം, ചെയ്ത് നമ്മുടെ പദ്ധതികൾക്ക് അംഗീകാരം വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ട് വരണം. അതുകൊണ്ട് മന്ത്രിയും മന്ത്രിയുടെ ബാക്കി ആളുകളും ഡൽഹിയിൽ ആവശ്യമായ സ്വാധീനങ്ങൾ നടത്തി നമ്മുടെ വാട്ടർ അതോറിറ്റിയുടെ പുതിയ പദ്ധതികൾക്ക് അനുമതി വാങ്ങിക്കൊണ്ടുവരണമെന്നുകൂടി നിർദ്ദേശിക്കുകയാണ്. മൊത്തത്തിൽ വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെയും പ്രവർത്തനം തൃപ്തിപരമാണെന്നുള്ളതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കാര്യക്ഷമതയോടും, വളരെ സുതാര്യതയോടും, ഗവണ്മെന്റിന്റെ നയത്തിനുള്ളിൽനിന്നുകൊണ്ട് പരിമിതമായ സാമ്പത്തിക പരിതസ്ഥിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് നാം നടത്തിയ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ പ്രവർത്തനങ്ങളാണ് ഈ രംഗത്ത് മുന്നേറ്റം ഉണ്ടാക്കിയിട്ടുള്ളത്. ചെറുതും വലുതുമായ 546 പദ്ധതികൾ ഈ കാലയളവിൽ പൂർത്തിയാക്കാൻ കഴിഞ്ഞു. നിസ്സാര കാര്യമല്ല. വളരെ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചിട്ടുള്ള പദ്ധതികളുണ്ട്. അതെല്ലാം വിട്ടുകൊണ്ടാണ് പ്രതിപക്ഷത്തുനിന്നും ചില മെമ്പർമാർ സൂചിപ്പിച്ചത്. 46.4 ശതമാനം കുടിവെള്ളം കൊടുക്കാൻ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ സാധിച്ചിരുന്നത് ഇപ്പോൾ 74.15 ശതമാനമായി ഉയർത്തി, അത് നിസ്സാര കാര്യമല്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് 300.6 കോടി രൂപ അടങ്കൽത്തുക ചെലവുള്ള 31 പദ്ധതികൾക്ക് 1996-1997, 1997-1998, 1998-1999 വർഷങ്ങളിലായി എൽ.ഐ.സി.യുടെയും ഹഡ്ക്കോയുടെയും സഹായം അഭ്യർത്ഥിച്ചുകൊണ്ട് വളരെ ത്വരിതഗതിയിലാണ് ഈ ഗവണ്മെന്റ് മുന്നോട്ടു നീങ്ങുന്നത്. 2000-മാണ്ടോടുകൂടി കുടിവെള്ളക്ഷാമം പരിഹരിച്ചുകൊണ്ട് എല്ലാവർക്കും കുടിവെള്ളം എത്തിക്കുകയെന്ന നയമാണ് നമ്മൾ ലക്ഷ്യമിട്ട് മുന്നോട്ട് പോകുന്നത്. ഈ കണക്കനുസരിച്ച് വരുന്ന വർഷം കൊണ്ട് അത് പൂർത്തിയാക്കാൻ സാധിക്കും. 2000-എന്ന് കേൾക്കുമ്പോൾ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾക്ക് വേവലാതിയാണ്. അവർ ചോദിക്കുന്നത്, എന്താണ് 2000-ത്തിന്റെ പ്രാധാന്യം എന്നാണ്. 21-ാം നൂറ്റാണ്ടിലേയ്ക്ക് നമ്മൾ കടക്കുകയാണ്. 50 വർഷം ഇൻഡ്യ ഭരിച്ച ആളുകൾക്ക് ഇവിടത്തെ ജനങ്ങൾക്ക് 10 ശതമാനം പോലും കുടിവെള്ളം കൊടുക്കാൻ സാധിച്ചിട്ടില്ല. ആ ഭരണത്തിന്റെ പിന്തുടർച്ചയാണോ, അവർ അങ്ങനെയാണ് ആക്ഷേപിക്കുന്നത്. ഇവിടെ ആരോപണങ്ങളോ പ്രത്യാരോപണങ്ങളോ അല്ല വേണ്ടത്. നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയ വീക്ഷണമല്ല, നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ കഴിയണം.

2144 പഞ്ചായത്തു വാർഡുകളിൽ പൈപ്പുലൈൻ നീട്ടാനുള്ള വാട്ടർ അതോറിറ്റിയുടെ പദ്ധതി, ജനകീയാസൂത്രണം വന്നപ്പോൾ പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടുള്ള മറ്റ് പദ്ധതികൾ. ഭൂജല വകുപ്പിന്റെ 1526 വാർഡുകളിൽ കിണർ കുഴിച്ചുകൊടുക്കാനുള്ള പദ്ധതികൾ. ഇവയെല്ലാം ആവിഷ്കരിച്ചുകൊണ്ടാണ് ഈ നൂറ്റാണ്ട് അവസാനിക്കുമ്പോൾ, രണ്ടായിരാമാണ്ട് എത്തുമ്പോൾ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്. നിങ്ങൾ അത് കാണണം. അല്ലാതെ വിമർശനം നടത്തുന്നത് ശരിയാണോ? നിങ്ങൾ പരിശോധിച്ച് നോക്കണം. അതുപോലെ കാർഷികമേഖലയിലെ ഉൽപ്പാദനം, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വളരെ കാര്യക്ഷമതയോടുകൂടി പ്ലാൻ ചെയ്ത് നടപ്പാക്കുന്ന വൻകിട - ചെറുകിട ജലസേചന പദ്ധതികൾ, കാഡായുടെ പ്രവർത്തനങ്ങൾ ഇവയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഏകോപിപ്പിച്ച് ചിട്ടപ്പെടുത്തി കാർഷികമേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതുകൊണ്ടാണല്ലോ ഇന്നിവിടെ കാറും കോളും ഇല്ലാത്തത്. സാധാരണഗതിയിൽ മുൻവർഷങ്ങളിൽ ഈ വകുപ്പിന്റെ ചർച്ച നടക്കുമ്പോൾ എന്തെല്ലാം കഥകളാണ്, എന്തെല്ലാം ആരോപണങ്ങളാണ്. ഇപ്പോൾ ഒന്നും പറയാനില്ല. അതുകൊണ്ട് അഴിമതിയില്ലാത്ത രീതിയിൽ, വളരെ കൃർക്കശമായ, ചിട്ടയോടുകൂടിയുള്ള ഒരു നയവും നടപടികളുമാണ് നടപ്പാക്കി വരുന്നത് എന്നാണ് സൂചിപ്പിക്കുന്നത്. ഈ കാര്യത്തിൽ സംശയം വേണ്ട. ഇക്കോണമിക് സർവ്വേയിൽ കാഡായുടെ ഒരു കണക്ക് പറയുന്നത്, കാഡായുടെ പ്രവർത്തനത്തിലൂടെ 447 കോടി രൂപയുടെ അധിക ഉൽപ്പന്നങ്ങൾ കാർഷികമേഖലയിൽ ഉണ്ടാക്കാൻ സാധിച്ചു എന്നാണ്. കടലാക്രമണത്തിന്റെ കാര്യമെടുക്കാം. ഇപ്പോൾ വളരെ നേരത്തേതന്നെ കാലവർഷക്കെടുതി വന്നു. വളരെയധികം പ്രശ്നങ്ങൾ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് വന്നു. കടലാക്രമണത്തെ സംബന്ധിച്ച് വളരെയേറെ പരാതിക്ക് ഇടമില്ലാത്തവിധത്തിൽ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ചിട്ടയോടുകൂടി ഇവിടെ നടപ്പാക്കുന്നു. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ശ്രീ. ജോണി നെല്ലൂരിനോടൊന്നും ഞാൻ മറുപടി പറയാൻ നിൽക്കുന്നില്ല. അദ്ദേഹം അത് പറയണം. കാരണം അദ്ദേഹത്തിന്റെ പാർട്ടിയുടെ പ്രസിഡന്റിനെപ്പോലും ഇവിടെ കാണാനില്ല. അവരുടെ പാർട്ടിയുടെ പ്രസിഡന്റ് പോലും ഇല്ലാത്ത ഒരു വാൽ അങ്ങനെ സംസാരിച്ചുവെങ്കിൽ നമുക്ക് മറുപടി പറയേണ്ട കാര്യമില്ല. അതല്ല ഇവിടെ പ്രശ്നം. ഇവിടെ പ്രധാനമായ കാര്യം, നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ ക്ഷേമം, കാർഷികമേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുക ഇതാണ്. ആ ലക്ഷ്യമിട്ടുകൊണ്ടാണ് ജലസേചന വകുപ്പ് മുന്നോട്ട് നീങ്ങുന്നത്. ആ കാര്യത്തിൽ ആർക്കും തർക്കം വേണ്ട. അങ്ങനെ വളരെ ചിട്ടയോടെ അഴിമതി നിർമ്മാർജ്ജനം ചെയ്തുകൊണ്ടുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നടപ്പാക്കുന്നത്. ശ്രീ. ജോണി നെല്ലൂർ പറഞ്ഞതിലേക്ക് സമയക്കുറവവായതുകൊണ്ട് ഞാൻ കടക്കുന്നില്ല. പക്ഷെ മുൻകാലങ്ങളിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അപ്പുറത്തിരിക്കുന്നവർക്ക് ഓർമ്മയില്ലേ? എഞ്ചിനീയർമാരെ കൂട്ടത്തോടെ സസ്പെന്റ് ചെയ്യുന്നത്. 35 പേരെ ഒരുമിച്ച് സസ്പെൻഷൻ നടത്തുക. 35 ദിവസം തികയുന്നതിനുമുമ്പുതന്നെ അവരെ റീ-ഇൻസ്റ്റേറ്റ് ചെയ്യുക-ഈ രീതിയിലുള്ള ഭരണക്രമങ്ങൾ ആയിരുന്നില്ലേ? പിന്നെ ചില ആളുകൾ സ്വാർത്ഥ താൽപ്പര്യത്തിനുവേണ്ടി ആരോപണങ്ങൾ ഉണ്ടാക്കാം എന്നാണ് വ്യാമോഹിക്കുന്നതെങ്കിൽ അത് നടക്കാൻ പോകുന്നില്ല. അതാണ് ഈ ഗവണ്മെന്റ്. അതാണ് ഈ വകുപ്പിന്റെ പ്രവർത്തനം. പ്രതിപക്ഷത്തും ഭരണകക്ഷിയിലുമുള്ള ആളുകളെ ഏകോപിപ്പിച്ചുകൊണ്ടും സഹകരിപ്പിച്ചുകൊണ്ടുമല്ലാതെ നമ്മുടെ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയുകയില്ല എന്ന് ഞാൻ അവരെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ മേഖലയിൽ വർഷങ്ങളായി നിലനിൽക്കുന്ന ജീവനക്കാരുടെ പ്രശ്നങ്ങളുണ്ട്. അന്നെല്ലാം അഴിമതിയും പ്രശ്നങ്ങളുമായി മുന്നോട്ട് പോയതുകൊണ്ട് ഈ വകുപ്പിനെ ചിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യം എല്ലാവർക്കും അറിയാവുന്നതാണ്. അവിടേയും ചിട്ടയോടുകൂടിയ സമാധാനം പാലിച്ചുകൊണ്ട് നമ്മൾ മുന്നോട്ട് നീങ്ങുന്നു. പമ്പ് ഓപ്പറേറ്റേഴ്സ് ഉൾപ്പെടെ 100 കണക്കിന് ജീവനക്കാരുടെ പ്രശ്നങ്ങളുണ്ട്. 15 കൊല്ലമായി അവരുടെ സേവന വ്യവസ്ഥകൾ ആരും പരിഗണിക്കാതെ കിടക്കുകയാണ്. അങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം വേണ്ടേ? അങ്ങയുടെ മണ്ഡലത്തിൽ തന്നെ ഇങ്ങനെയുള്ള ആളുകളില്ലേ? അതുകൊണ്ട് ആ വിധ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ പരിഹരിക്കണം. കാര്യക്ഷമത കൈവരിക്കുന്നതിനുവേണ്ടി കുടി വെള്ളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ സേവന വേതന വ്യവസ്ഥകൾ ഉൾപ്പെടെ വളരെ ഗൗരവമായി പരിഹരിക്കേണ്ട പ്രശ്നങ്ങൾ നമുക്കുണ്ട്. അതിനെല്ലാം കൂട്ടായ, സുതാര്യമായ, അച്ചടക്കപൂർണ്ണമായ, ചിട്ടയോടുകൂടിയുള്ള നിയമവിധേയമായിട്ടുള്ള നടപടികളുമായി മുന്നോട്ടു പോകുന്ന ഗവണ്മെന്റാണിത്. ഈ വകുപ്പിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അത്രത്തോളം ദുരിതമാണ് ജനങ്ങൾ ഈ രംഗത്ത് അനുഭവിക്കുന്നത്. പദ്ധതികളുടെ കുറവുകൊണ്ടല്ല ശുദ്ധജലക്ഷാമം ഉണ്ടാകുന്നത്. കാലാകാലങ്ങളിൽ ഗവണ്മെന്റ് സ്വീകരിക്കുന്ന നടപടികളും കെടുകാര്യസ്ഥതയും ഡിപ്പാർട്ടുമെന്റിന്റെ നിഷ്ക്രിയത്വവുമാണ് ഇതിന് കാരണം. ഗവണ്മെന്റും ഡിപ്പാർട്ട്മെന്റും തെക്കൻമേഖലയെ പാടെ അവഗണിച്ചിരിക്കുകയാണ്. പദ്ധതികൾ ഇല്ലാത്തുകൊണ്ടല്ല, കെടുകാര്യസ്ഥത മാത്രമാണ്. ഉദാഹരണം, വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച വണ്ടിച്ചിറ, കുമിളി, കുന്നത്തുകാൽ, അയിര, പുഴിക്കുന്ന്, വലിയകുളം തുടങ്ങിയ പദ്ധതികൾ ഇന്ന് സ്തംഭനത്തിലാണ്. വലിയകുളം ശുദ്ധജലവിതരണ പദ്ധതി ജലസമ്പത്തുകൊണ്ട് സമ്പന്നമായ വലിയകുളത്തിൽനിന്നും ആരംഭിക്കുവാൻ പദ്ധതിയിട്ടെങ്കിലും തുടങ്ങിയത് നെയ്യാറിൽ നിന്നുമാണ്. ഇപ്പോൾ കൃത്യമായി വെള്ളം കിട്ടുന്നില്ല. വല്ലപ്പോഴും ലഭിക്കുന്ന വെള്ളമാകട്ടെ മലിനജലമാണ്. കുടിക്കാൻ നിവൃത്തിയില്ല. ആ പദ്ധതി വലിയകുളത്ത് നിന്നുതന്നെ ആരംഭിക്കുവാൻ ഞാൻ ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു. ശുദ്ധജലം കൃത്യമായി ലഭിക്കുന്നതിനുവേണ്ടിയാണ് ചില പുതിയ പ്രൊപ്പോസലുകൾ ഗവണ്മെന്റിന് സമർപ്പിച്ചിട്ടുള്ളത്. അത് ഇപ്പോൾ കോൾഡ് സ്റ്റോറേജിലാണ്. ഉദാഹരണം, ചെങ്കൽ പഞ്ചായത്തിലെ വലിയകുളം, കാരോട് പഞ്ചായത്തിലെ വെങ്കുളം, കുളത്തൂർ പഞ്ചായത്തിലെ ചിറക്കുളം, പാറശ്ശാല പഞ്ചായത്തിലെ സ്ലോ സാന്റ് ഫിൽട്ടർ പദ്ധതി. ടി പദ്ധതികൾക്ക് അടിയന്തിരമായി അനുവാദം നൽകി ടി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം. മേൽപ്പറഞ്ഞ പദ്ധതികൾക്ക് അംഗീകാരം നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ ശുദ്ധജല പദ്ധതികൾ ആരംഭിക്കുന്നതിന് 2.23 കോടി രൂപ അനുവദിച്ചു. എന്നാൽ പണി ഇതുവരെ ആരംഭിച്ചിട്ടില്ല. അത് ഉടൻ ആരംഭിക്കണം. ജലസേചനത്തെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾക്കൂടി പറഞ്ഞുകൊള്ളട്ടെ. ഇന്ന് എല്ലാത്തരം കൃഷികളും നഷ്ടത്തിലാണ്, നെൽകൃഷി പ്രത്യേകിച്ചും. നെയ്യാർ ഇറിഗേഷൻ പദ്ധതി പാറശ്ശാല മണ്ഡലത്തിൽകൂടി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കൃത്യമായി വെള്ളം കിട്ടുന്നില്ല. കനാലുകൾ എല്ലാം നികന്നു കിടക്കുകയാണ്. കാലാകാലങ്ങളിൽ നടത്തേണ്ട അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഡാമിൽനിന്നും തുറന്നുവിടുന്ന വെള്ളം പാഴായി നദിയിൽ ചെന്നു ചേരുകയാണ്. മാത്രമല്ല, ഓരോ കൃഷിക്കും അനുയോജ്യമായ കാലങ്ങളിൽ ജലം എത്തിക്കുന്നതിന് സംവിധാനം ഉണ്ടാകണം. ചാനൽ തുറക്കുമ്പോൾ വെള്ളം റ്റെയിൽ എൻഡുവരെ എത്തിയതിനുശേഷമെ സ്ലൂയിസ് തുറക്കാവൂ എന്നത് നിർബന്ധമാക്കണം. ഒരു പ്രധാന കാര്യംകൂടി ഞാൻ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. നെയ്യാർ അണക്കെട്ടിലെ സ്പിൽവേ ഷട്ടറുകൾ പ്രവർത്തനരഹിതമായതോടുകൂടി വലിയൊരളവ് ജലസമ്പത്ത് പാഴാകുന്നു. സംഭരണിക്ക് ഉൾക്കൊള്ളാൻ കഴിയാതെ വരുന്ന ജലം

LIBRARY ARCHIVES Kerala Legislative Assembly

പുഴയിലേക്ക് തുറന്നുവിടാൻ നാല് സ്പിൽവേ ഷട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ ഒരെണ്ണം ഉയർത്താൻ കഴിയാതെയായിട്ട് രണ്ട് വർഷത്തോളമായി. കാലപ്പഴക്കംമൂലം മറ്റ് ഷട്ടറുകളും ഭാഗികമായി മാത്രമാണ് പ്രവർത്തിക്കുന്നത്. അവയും ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഷട്ടറുകളിൽ ഒരെണ്ണം പോലും കാര്യമായി പ്രവർത്തിക്കുന്നില്ലെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ട് ഒരു വർഷത്തിലേറെയായി. ഡാമിന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം സംഭരണിയിലെ സിൽറ്റ് ഇതുവരെ നീക്കിയിട്ടില്ല. സിൽറ്റ് നീക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. അപ്പർ ഡാം നിർമ്മിക്കുന്ന കാര്യവും ഗവണ്മെന്റ് ആലോചിക്കണം. നെയ്യാറിന്റെ ഇരുകരകളിലേയും ബണ്ടുകൾ തകർന്നുകിടക്കുകയാണ്. നെയ്യാറിന്റെ കിഴക്കെക്കരയിലെ കുളത്തൂർ, ചെങ്കൽ, കാരോട് പഞ്ചായത്തുകളിലെ മുഴുവൻ നെൽപ്പാടങ്ങളും തകരുകയാണ്. പ്രസ്തുത ബണ്ടുകൾ നന്നാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾക്ക് അനുമതി നൽകണം. ഭൂമി പൊന്നുംവിലയ്ക്കെടുക്കാനുള്ള നടപടി പൂർത്തിയായി എങ്കിലും അത് ഏറ്റെടുത്തിട്ടില്ല. അത് ഏറ്റെടുക്കണം. തിരുപുറം, മാവിളക്കടവ് ബണ്ടിൽ തകർന്നിരിക്കുന്ന കുറുമണൽ ബണ്ട് കല്ലടുക്കി സംരക്ഷിക്കണം.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ശുദ്ധജല വിതരണം, ശുചീകരണം എന്നീ വിഷയങ്ങളാണ് ഇന്നത്തെ ചർച്ചയിൽ ഉൾച്ചേർന്നിട്ടുള്ളത്. ശുദ്ധജല വിതരണം ജനങ്ങളെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ഇന്ന് കേരളത്തിലെ എല്ലാ ജനങ്ങൾക്കും ശുദ്ധജല വിതരണം സാധ്യമായിട്ടില്ല എങ്കിൽപ്പോലും 51 ശതമാനം ഗ്രാമീണ ജനതയ്ക്കും 77.7 ശതമാനം നഗര ജനതയ്ക്കും ശുദ്ധജലം ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചെറുതും വലുതുമായ 546 ശുദ്ധജല വിതരണ പദ്ധതികളാണ് ഈ 3 വർഷം കൊണ്ട് ഇവിടെ പൂർത്തീകരിച്ചത്. കൂടാതെ രണ്ടായിരമാണ്ടോടെ എല്ലാവർക്കും ശുദ്ധജലം എത്തിക്കുന്നതിനാവശ്യമായ പരിപാടികൾ, 1423 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഗവണ്മെന്റ് സന്നദ്ധമായിട്ടുണ്ട്. ജപ്പാൻ സഹായത്തോടുകൂടിയുള്ള ഒ.ഇ.സി.എഫ്. പദ്ധതികൾ, ഫ്രഞ്ച് സഹായത്തോടുകൂടിയുള്ള പദ്ധതികൾ, ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ അങ്ങനെ പല പദ്ധതികളിലൂടെ ആത്മാർത്ഥമായിട്ട് ഇവിടത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പരിപാടികൾ ആണ് ഗവണ്മെന്റ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അതുപോലെ തന്നെ വളരെ പ്രധാനപ്പെട്ടതാണ് വരൾച്ച ബാധിക്കുമ്പോഴുള്ള ജലദൗർലഭ്യം. അത് പരിഹരിക്കുന്നതിനുള്ള നടപടികളും ഗവണ്മെന്റ് ആവിഷ്കരിച്ചു. 48 ബൃഹത് പദ്ധതികൾ, 34 ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ, ഹഡ്കോയുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ, മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പരിപാടികൾ അങ്ങനെ ത്വരിത നഗര ശുദ്ധജലവിതരണപദ്ധതികൾ, ഇങ്ങനെ എല്ലാ രംഗങ്ങളിലും, എല്ലാ സ്ഥലങ്ങളിലും ജനങ്ങൾക്കാവശ്യമായ ശുദ്ധജലമെത്തിക്കാനുള്ള പദ്ധതികളുമായിട്ടാണ് ഗവണ്മെന്റ് മുന്നോട്ട് പോകുന്നത്. ഇതിന് പലപ്പോഴും തടസ്സമായിട്ട് നിൽക്കുന്നത് ഇതിന്റെ നിർവ്വഹണത്തിൽ വരുന്ന തകരാറുകളാണ്. ശുദ്ധജല പദ്ധതികളിൽ എപ്പോഴും നാം കണ്ടുവരുന്നത് നിർവ്വഹണത്തിൽ സംഭവിക്കുന്ന തകരാറുകളാണ്. ഇപ്പോൾത്തന്നെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ പ്രധാനപ്പെട്ട ഒരു പോരായ്മ അതിന്റെ അപര്യാപ്തമായ നടത്തിപ്പാണ്. മുൻകാലങ്ങളിൽ ഇട്ടിട്ടുള്ള പൈപ്പുകൾ മാറ്റിയെങ്കിൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പല പദ്ധതികളും കാര്യക്ഷമമായ രീതിയിൽ കൊണ്ടുപോകാൻ പറ്റു. അതു പോലെ ശുദ്ധജലവിതരണത്തിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള ഇന്നത്തെ സമ്പ്രദായം വളരെ ശരിയായിട്ടുള്ളതല്ലെന്ന് ബോധ്യപ്പെട്ടതുകൊണ്ട് റേറ്റ് കോൺട്രാക്ട് സിസ്റ്റത്തിൽ അത് ഏർപ്പാടാക്കാനുള്ള പരിശ്രമങ്ങൾ നടക്കുന്നതായി കാണുന്നു. അത് സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. ഇങ്ങനെ ധാരാളം പദ്ധതികളിലൂടെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഗവണ്മെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ചില കാര്യങ്ങളെക്കുറിച്ചുകൂടി എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. 546 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽപ്പോലും പത്തനംതിട്ട ജില്ലയോട് തികഞ്ഞ അവഗണനയാണ് ഉണ്ടായിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കാതിരിക്കാൻ തരമില്ല. 1996-97-ൽ പൂർത്തീകരിച്ചത് അടിച്ചിപ്പുഴ എന്നു പറയുന്ന ഒരു പദ്ധതിയാണ്. 1997-98-ൽ ഒന്നുമില്ല. 1998-1999-ൽ ശബരിമല ശുദ്ധജലവിതരണപദ്ധതി എന്ന് പറയുന്ന ഒരു ചെറിയ പദ്ധതി. മറ്റ് യാതൊരു പദ്ധതികളുമില്ല. അതുപോലെതന്നെ ഗ്രാമീണശുദ്ധജലവിതരണ പദ്ധതിയിലും ഒന്നുമില്ല. ചുരുക്കിപ്പറഞ്ഞാൽ പത്തനംതിട്ട ജില്ലയെ വളരെ അവഗണിച്ചിരിക്കുകയാണ്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. എങ്ങനെയാണ് അത് സംഭവിച്ചത്? എന്റെ അനുഭവമാണ്. രണ്ടുമൂന്ന് കൊല്ലമായി ജോലി ചെയ്യാത്ത കുറെ ഉദ്യോഗസ്ഥൻമാർ അവിടെ വാട്ടർ അതോറിറ്റിയിലുണ്ട്. വിളിച്ചുചോദിച്ചാൽ അനങ്ങാത്ത തരത്തിലുള്ള കെടുകാര്യസ്ഥതകൊണ്ടും, അശ്രദ്ധ കൊണ്ടും സംഭവിച്ച പോരായ്മയാണ് ഇത് എന്ന് പറയാതിരിക്കാൻ ഒക്കുകയില്ല. യാതൊരു തടസ്സവുമില്ലാത്ത, പെട്ടെന്ന് ചെയ്തു തീർക്കേണ്ടുന്ന പല പദ്ധതികളുമുണ്ട്. ഒന്ന്, എന്റെ നിയോജകമണ്ഡലത്തിൽ മുളക്കഴ പഞ്ചായത്ത് ശുദ്ധജലവിതരണപദ്ധതി. പലപ്രാവശ്യം ഞാൻ ഇതിനെക്കുറിച്ച് ചോദ്യം ചോദിച്ചിട്ടുണ്ട്. പല പ്രാവശ്യം സി.ഇ.യുടെ ഓഫീസിലും മറ്റും കയറിയിറങ്ങിയിട്ടുണ്ട്. വലിയ തടസ്സമുണ്ടാകേണ്ട യാതൊരു കാര്യവുമില്ലാത്ത പദ്ധതിയാണ്. പക്ഷെ ഇതുവരെ നടപ്പിലാക്കാൻ തയ്യാറായിട്ടില്ല. അതുപോലെ ചെന്നീർക്കര-മുളക്കുഴ ശുദ്ധജലവിതരണപദ്ധതി. അതിനാവശ്യമായ സ്ഥലവും മറ്റ് കാര്യങ്ങളും ആയി. ഇനി ടെൻഡർ ചെയ്ത് നടപ്പിലാക്കേണ്ട കാര്യം മാത്രമേയുള്ളൂ. ഇതൊന്നും ഇതുവരെ ചെയ്യാൻ തയ്യാറായിട്ടില്ല. എന്റെ ജൻമസ്ഥലവും കെ.കെ. നായർ സാറിന്റെ നിയോജകമണ്ഡലവുമായ ചെറുവോൽ-നാരങ്ങാനം ശുദ്ധജലവിതരണപദ്ധതി. ഒരു കിണർ കുഴിക്കുന്നതുകൂടിയേയുള്ളൂ. ബാക്കിയെല്ലാം റെഡിയായിരിക്കുകയാണ്. ആ രീതിയിൽ സംഭവങ്ങളായിട്ടുപോലും ഇപ്പോൾ കുറെ വർഷങ്ങളായി അത് നടപ്പിലാക്കാൻ കഴിയാതിരിക്കുന്നുവെങ്കിൽ അത് ആരുടെ കുറ്റമാണ്, എന്തുകൊണ്ടാണ് സ്തംഭിച്ചിരിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കണം. നിസ്സാരമായി ചെയ്യാവുന്ന കാര്യങ്ങളാണ്. പല പ്രാവശ്യം ഞാൻ വാട്ടർ അതോറിറ്റി ഓഫീസിൽ കയറിയിറങ്ങിയിട്ടുണ്ട്. ഇല്ലെങ്കിൽ അവിടെയിരിക്കുന്ന ഉദ്യോഗസ്ഥൻമാരുണ്ടല്ലോ. അവർ ഇല്ലെന്ന് പറയട്ടെ. ബൃഹത്തായ പദ്ധതികളൊന്നുമല്ല. വളരെ ചെറിയ ചെറിയ പദ്ധതികളാണ്. ഇതൊക്കെ ചെയ്യാവുന്ന കാര്യങ്ങളേയുള്ളൂ. അതുപോലെ എന്റെ നിയോജകമണ്ഡലത്തിൽ തന്നെയുള്ള രണ്ടുമൂന്ന് ശുദ്ധജലവിതരണ പദ്ധതികളുടെ പരിഷ്കരണം. പരിഷ്കരിച്ചാൽ കുറെയേറെ ഇംപ്രൂവ്മെന്റുണ്ടാകും. കൂടുതൽ ആളുകൾക്ക് ശുദ്ധജലം എത്തിച്ചുകൊടുക്കാൻ കഴിയും. അതിന്റെ എസ്റ്റിമേറ്റൊക്കെ തയ്യാറാക്കി. പക്ഷെ നടപ്പിലാക്കാൻ തയ്യാറായില്ല. ഞാൻ അതിന്റെയൊക്കെ പേരെടുത്ത് പറയാം. ആയിരൂർ-കാഞ്ഞീറ്റുകര ശുദ്ധജല പദ്ധതി തോട്ടപ്പുഴശ്ശേരിയിലെ മരംകൊള്ളി പദ്ധതി, കോയിപ്പുറം ശുദ്ധജലവിത

LIBRARY ARCHIVES Kerala Legislative Assembly

രണപദ്ധതി, ആറന്മുള ശുദ്ധജലവിതരണ പദ്ധതി, അതുപോലെ വേറെയൊന്നുള്ളത് വെള്ളമടിയ്ക്കേണ്ടുന്ന മോട്ടോർ പമ്പിന്റെയൊക്കെ കേടുപാടുകൾ സമയത്തിന് ചെയ്യിക്കാനുള്ള ശ്രദ്ധയില്ലായെന്നുള്ളതാണ്. ഈ കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കണം. ഇനി ജലസേചനപദ്ധതികളെക്കുറിച്ച് പറയാം.****† ഒന്ന് രണ്ട് കാര്യങ്ങൾ പറയാനുണ്ട്. വാചകമടിയൊന്നുമില്ല.

മി. ചെയർമാൻ : അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : കഴിഞ്ഞിട്ടില്ല. ജലസേചന പദ്ധതികളിൽ കല്ലട, പഴശ്ശി, കാഞ്ഞിരപ്പുഴ, കാരാപ്പുഴ, മൂവാറ്റുപുഴ, ഇടമലയാർ, കുരിയാർകുറ്റി മുതലായ പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. വളരെ ശ്രദ്ധേയമായ പുരോഗതിയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ചെയറിലിരിക്കുന്ന ആളെ പേരു വിളിച്ചുകൊണ്ട് ഒരിക്കലും അഭിസംബോധന ചെയ്യാറില്ല. ചെയ്യാൻ പാടില്ലാത്തതാണ്. ബഹുമാനപ്പെട്ട മെമ്പർ ദയവുചെയ്ത് മറ്റൊരർത്ഥത്തിലെടുക്കരുത്. അത് രേഖയിൽ വരുന്നത് ശരിയല്ല.

മി. ചെയർമാൻ : അത് രേഖയിൽനിന്നും നീക്കാം.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : രേഖയിൽനിന്നും നീക്കണം. സ്പീക്കർ സർ. വെള്ളപ്പൊക്ക നിവാരണ പദ്ധതി വളരെ കാര്യക്ഷമമായ രീതിയിൽ നടക്കുന്നുണ്ട്. കടലാക്രമണനിരോധനം ഉൾനാടൻ ജലഗതാഗതം, കമാൻഡ് ഏരിയാ വികസനം, ഭൂജല വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ ഇവയ്ക്കു പുറമേ പുതിയ ആധുനികവൽക്കരണ പദ്ധതികളാണ് റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതി, ആർട്ടിഫിഷ്യൽ റീ-ചാർജ്ജ് പദ്ധതി. ഇതൊക്കെ വളരെയധികം പ്രയോജനം ജലസേചനരംഗത്ത് ചെയ്യേണ്ടുന്ന പദ്ധതികളാണ്. എന്നാൽ നശിച്ചുകൊണ്ടിരിക്കുന്ന നദികളെ സംരക്ഷിക്കുന്നതിന് കാര്യമായ നടപടികൾ സ്വീകരിച്ചേ മതിയാവൂ. നദികൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ആറ്റുതിട്ട ഇടിഞ്ഞുതകർന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ പരിഭ്രാന്തരാണ്. കുടിവെള്ളം പോലും കിട്ടാതിരിക്കുകയാണ്. അതിനാവശ്യമായ തടയണകൾ, അടിയണകൾ, തിട്ടകൾ എന്നിവ വേണ്ടിടത്ത് കെട്ടി നദികളെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ പി.ഐ.പി. കനാലിന്റെ കാര്യം. അത് എന്റെ ഒരു അനുഭവം തന്നെയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ പി.ഐ.പി. കനാലിന് അറ്റകുറ്റപ്പണിക്ക് വെറും 25 ലക്ഷം രൂപ കൊടുക്കുന്നതിൽ 18 ലക്ഷം രൂപയും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാൻ മാത്രം ഉപയോഗിച്ചിരുന്ന സമയത്ത് ഒന്നേകാൽ കോടി രൂപ അനുവദിച്ച് അറ്റകുറ്റപ്പണികൾ നടത്തിക്കൊണ്ടുവന്നത് ഈ ഗവണ്മെന്റിന്റെ കാലത്താണ്. അതിലും ഈ ഉദ്യോഗസ്ഥൻമാർ പത്ത്മുപ്പത്തിയഞ്ച് ലക്ഷംരൂപ ലാപ്സാക്കിക്കളഞ്ഞു. അതുപോലെ പി.ഐ.പി. കനാലിന്റെ അറ്റകുറ്റപ്പണികളുടെ കാര്യം. അത് ചെയ്തുതീർത്താൽ വളരെ നല്ല രീതിയിൽ ജലസേചനത്തിന് സൗകര്യമാകും. അതുപോലെ മൈനർ ഇറിഗേഷൻ. അതിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. കൃഷി പുരോഗമിക്കാൻ പ്രത്യേകിച്ച് നെൽക്കൃഷി വികസിക്കണമെങ്കിൽ മൈനർ ഇറിഗേഷൻ പണികൾ നല്ല രീതിയിൽ ചെയ്തെങ്കിലേ പറ്റൂ. ആറന്മുള സബ്ഡിവിഷന്റെ കീഴിൽ അതുപോലെ പത്തനംതിട്ട എക്സിക്യൂട്ടീവ് എൻജിനീയറുടെ കീഴിൽ കഴിഞ്ഞ മൂന്ന് കൊല്ലക്കാലമായി യാതൊരുവിധമായ പണിയും നടന്നില്ലെന്ന്

† ചെയർമാന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അവർ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പോൾ ചില അനക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. 44 പദ്ധതികളുടെ എസ്റ്റിമേറ്റെടുക്കാൻ തുടങ്ങിയിട്ടുണ്ട്. മൂന്ന് വർഷക്കാലം കൈയുംകെട്ടി ഇരിക്കുകയായിരുന്നു. ആറന്മുള വാട്ടർ സ്റ്റേഡിയം ഈ ഗവണ്മെന്റിന്റെ കാലത്തെ വലിയ നേട്ടമാണ്. അന്നത്തെ ജലസേചന വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ബേബി ജോൺ പ്രഖ്യാപിച്ച ചില പരിപാടികളുണ്ടായിരുന്നു. ആറന്മുളയിൽ വ്യൂടവർ, ആഞ്ഞിലിമൂട്ടിൽ കടവിൽ വെന്റിലേറ്റഡ് ക്രോസ്ബാർ. അതുകൂടെ നടപ്പിലാക്കാൻ തയ്യാറാകണം. ഈ കാര്യത്തിലൊക്കെ ഉദ്യോഗസ്ഥൻമാർ സമയബന്ധിതമായി ഉൽസാഹത്തോടുകൂടി പ്രവർത്തിച്ചെങ്കിലേ ഗവണ്മെന്റ് എന്തെങ്കിലും പരിപാടിയിട്ടാൽ വിജയിപ്പിക്കാൻ കഴിയൂ. അത്തരത്തിലുള്ള ഒരു ആത്മാർത്ഥത ഉണ്ടാകണം. ആവശ്യത്തിന് കാശും വേണമെന്നാണ് അവർ പറയുന്നത്. പക്ഷെ കാശില്ലായെന്നാണ് അവർ പറയുന്നത്. അത് കൊടുക്കേണ്ടതുതന്നെയാണ്. കുടിശ്ശികയുള്ളതും കൊടുക്കണം. ഇപ്പോൾ കവിത ചൊല്ലാനുള്ള സന്തോഷമില്ലാത്തതുകൊണ്ട്, അടുത്തവർഷത്തെ ബഡ്ജറ്റിൽ തീർച്ചയായും ജലപ്രവാഹംപോലെ കവിതയുമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. കണ്ണൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. നമ്മുടെ സംസ്ഥാനത്തിൽ രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയും, അതുപോലെ രാജ്യത്തിലെ കൃഷിക്കാർക്ക് ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിയും ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഡിമാന്റിനെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ കേരളത്തിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് നല്ല മഴ ലഭിക്കുന്നത്. 70 ശതമാനത്തോളം മഴയാണ് നമ്മുടെ സംസ്ഥാനത്ത് ലഭിക്കുന്നത്. മഴ ലഭിക്കുന്നുവെങ്കിലും മഴ പോയിക്കഴിഞ്ഞാൽ സംസ്ഥാനം വരൾച്ചയിലേക്ക് പോകുന്ന ഒരു അവസ്ഥയാണ് ഇവിടെയുള്ളത്. അതിന് പ്രധാനകാരണം നദികളിൽക്കൂടി ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞുനിർത്തി നമ്മുടെ ജലസ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കഴിഞ്ഞ കാലത്തെ നടപടികളുടെ പോരായ്മയാണ്. ആ പോരായ്മ നികത്തുന്നതിനുവേണ്ടി പരിപാടി തയ്യാറാക്കണം. നമ്മുടെ സംസ്ഥാനത്ത് ഇതുവരെ ജലസേചനപദ്ധതികളിൽനിന്ന് 4.7 ലക്ഷം ഹെക്ടർ സ്ഥലത്തിലെ കൃഷിക്കുവേണ്ടിയാണ് ജലമുപയോഗിക്കുന്നത്. അതുമാത്രമല്ല കുളങ്ങളിൽനിന്നും കിണറുകളിൽ നിന്നുമായി ഏകദേശം ഒരു ലക്ഷത്തി അറുപതിനായിരം ഹെക്ടർ സ്ഥലത്തെ കൃഷിക്കുവേണ്ടി ജലം ഉപയോഗിക്കുന്നുണ്ട്. അങ്ങനെ കൂടുതൽ ഉപയോഗിക്കണമെങ്കിൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തണം. നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ച പദ്ധതികളൊക്കെ വൻകിട പദ്ധതികളാണ്. ആ വൻകിട പദ്ധതികൾ നടപ്പിലാക്കുവാനുള്ള കാലതാമസത്തിന്റെ ഫലമായി കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ടിവരുന്നു. പെരുകാവ് പദ്ധതിക്ക് എസ്റ്റിമേറ്റ് തുകയുടെ 18 മടങ്ങും കല്ലട പദ്ധതിക്ക് 17 മടങ്ങും പഴശ്ശി പദ്ധതിക്ക് 16 മടങ്ങും ആണ് ചെലവഴിക്കേണ്ടിവരുന്നത്. സംസ്ഥാന പൊതുഖജനാവിൽനിന്നും ഇഷ്ടംപോലെ പണം ഇതിനുവേണ്ടി ചെലവഴിക്കുന്നു എന്നു മാത്രമല്ല, അതിന്റെ ഗുണം ചെലവഴിക്കുന്ന മേഖലയ്ക്ക് കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കുമ്പോൾ ഇല്ല എന്നുള്ളതാണ് സത്യം. ഇതിന് പരിഹാരം കാണണമെങ്കിൽ മാനേജ്മെന്റ് കാര്യക്ഷമമായി പ്രവർത്തിക്കണം. അതുപോലെ ഇന്നുള്ള അവസ്ഥയ്ക്ക് മാറ്റംവരണമെങ്കിൽ, സംസ്ഥാനത്തിലെ കൃഷിക്കാർക്ക് ശുദ്ധജലം ലഭിക്കണമെങ്കിൽ അത് സംബന്ധിച്ച് പഠനം നടത്തി പരിഹാരമുണ്ടാക്കണം. നമ്മുടെ രാജ്യത്ത് വൻകിട പദ്ധതികൾ നടപ്പാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസം വരുന്നതുകൊണ്ട് ചെറുകിട പദ്ധതികളാണ് ഫലപ്രദം എന്ന് മനസ്സിലായിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഏറ്റെടുത്ത ഒട്ടനവധി ചെറുകിട ജലസേചന പദ്ധതികളുണ്ട്. അവ സമയബന്ധിതമായി പൂർത്തീകരിച്ച് കൃഷിക്കാർക്ക് ആവശ്യമായ വെള്ളം കൊടുക്കുന്നതിന് പഞ്ചായത്തുകൾക്ക് കഴിയുന്നു. അതിനുകാരണം ചെറുകിട ജലസേചന പദ്ധതികൾ ആരംഭിച്ചതാണ്. അതിലും കാലതാമസം നേരിടുന്നതിന് കാരണം പഞ്ചായത്തുകളിൽ ടെക്നിക്കൽ സ്റ്റാഫിനെ വിന്യസിപ്പിക്കാത്തതാണ്. ആ രീതിയിൽ സംവിധാനമുണ്ടാക്കണം. കുടിവെള്ളത്തിന്റെകാര്യം പറയുമ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് പരിഹാസമാണ്. 2000-ാമാണ്ടിൽ കേരള സംസ്ഥാനത്തിലെ മുഴവൻ ആളുകൾക്കും കുടിവെള്ളം എത്തിക്കും എന്നുള്ള ഗവണ്മെന്റിന്റെ മുദ്രാവാക്യം കേട്ടപ്പോൾതന്നെ അപ്പുറത്തിരിക്കുന്ന ആളുകൾ പരിഹസിക്കുകയാണ്. എന്തിനാണ് പരിഹസിക്കുന്നത്? ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി കേരളത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ഏകദേശം 2002 ആകുമ്പോൾ കേരള സംസ്ഥാനത്ത് വൈദ്യുതി മിച്ചമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അന്ന് എതിർത്ത ആളുകൾക്ക് ഡിമാന്റ് ചർച്ച വന്നപ്പോൾ അതിനെ ഖണ്ഡിക്കുവാൻ കഴിഞ്ഞില്ല. അതുപോലെതന്നെയാണ് കുടിവെള്ള പ്രശ്നവും. കേരള സംസ്ഥാനത്ത് ഒട്ടനവധി പദ്ധതികൾ. 51 ശതമാനത്തോളം വരുന്ന ആളുകൾക്ക് ഗ്രാമീണ മേഖലയിൽ കുടിവെള്ളം എത്തിക്കുവാൻ കഴിഞ്ഞു. 77.4 ശതമാനത്തോളം വരുന്ന പട്ടണപ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് വെള്ളംകൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്ങനെയാണ് ഈ പദ്ധതികൾ ഒക്കെ നടപ്പാക്കുവാൻ കഴിയുന്നത്? ഇന്ന് ഗ്രാമ-പഞ്ചായത്തുകളിലൊക്കെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒട്ടനവധി പദ്ധതികളുണ്ട്. വൻകിട പദ്ധതികൾ പൂർത്തീകരിച്ചു. 951 പദ്ധതി കേരള സംസ്ഥാനത്ത് ഗ്രാമ-പഞ്ചായത്തുകൾ ഏറ്റെടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തെ പഞ്ചായത്തുകൾ 951 പദ്ധതികൾ പൂർത്തീകരിക്കുമ്പോൾതന്നെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അത്യാവശ്യമുള്ള ചെറുകിട ശുദ്ധജലപദ്ധതികൾ നടപ്പാക്കിക്കൊണ്ട് സാധാരണക്കാരായ ആളുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ പദ്ധതി പ്രവർത്തനം കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി 5 കോടി 60 ലക്ഷത്തോളം, ഗ്രാമ-പഞ്ചായത്തുകൾക്ക് കുടിവെള്ളത്തിനുവേണ്ടി ഈ ഗവണ്മെന്റ് ചെലവഴിച്ചുകഴിഞ്ഞു. അതാത് മുനിസിപ്പാലിറ്റികളിൽ വെള്ളം എത്തിക്കുന്നതിനുവേണ്ടി 5 കോടി 24 ലക്ഷം രൂപ ചെലവഴിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്നതിന് ബൃഹത്തായ പദ്ധതികൾ സംസ്ഥാനത്തിലെ ജനങ്ങളുടെ പങ്കാളിത്വത്തോടുകൂടി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വാട്ടർ അതോറിട്ടിയുടെ ഡെപ്പോസിറ്റ് വർക്കുകൾ നീണ്ടുപോകുകയാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ കൂടുതൽ സഹകരണം ഉണ്ടാവണം. അത്തരം ഒരു സമീപനം ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഉണ്ടായാലേ ഇതിന്റെ പ്രവർത്തനം കൃത്യമായി നടപ്പിലാക്കുവാൻ കഴിയൂ.

<u>ശ്രീ. എ. കണാരൻ</u> : കുടിവെള്ളത്തിനുള്ള പ്രവർത്തനം എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ ജാഗ്രതയോടുകൂടി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞു. ത്രിതല പഞ്ചായത്തുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ കുന്നുംപ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലും താഴ്വാരങ്ങളിലും കുടിവെള്ളത്തിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ച പ്രദേശങ്ങളിൽപ്പോലും വെള്ളം കിട്ടുന്നില്ല. ഇൻവെസ്റ്റിഗേഷൻ മുഴുവൻ നടത്തിയിട്ടുള്ളത് താഴ്ന്ന പ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. അതുകൊണ്ട് കുന്നും പ്രദേശങ്ങളിൽ മുഴുവൻ വെള്ളം കൊടുക്കുന്നതിന് സമഗ്രമായ ഒരു സർവ്വേ നടത്തി അതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച അഭിപ്രായത്തോട് ബഹുമാനപ്പെട്ട മെമ്പർ യോജിക്കുന്നുണ്ടോ?

<u>ശ്രീ. എൻ. കണ്ണൻ</u> : ശ്രീ. എ. കണാരൻ പറഞ്ഞ അഭിപ്രായം എനിക്കുമുണ്ട്. കാരണം കുന്നിൻപ്രദേശങ്ങളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളാണ്. അവരുടെ കാര്യങ്ങൾ പരിശോധിച്ച് അവർക്ക് കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടി കഴിഞ്ഞ കാല പദ്ധതികൾക്ക് കഴിഞ്ഞില്ല. ഇപ്പോൾ ഗവണ്മെന്റ് നടപ്പാക്കിയത്, അവർക്ക് മിനി വാട്ടർ സപ്ലൈ സ്കീമാണ്. മലമുകളിലും കുന്നിൻപ്രദേശങ്ങളിലുമൊക്കെ വെള്ളം കൊടുക്കുന്നതിനുവേണ്ടി മിനി വാട്ടർ സപ്ലൈ സ്കീം പോരാ എന്നുള്ളതാണ്. ഈ മേഖലയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു പഠനം നടത്തി ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ കുന്നിൻപ്രദേശങ്ങളിലും ആദിവാസികൾ താമസിക്കുന്ന പ്രദേശങ്ങളിലും പട്ടികജാതി-പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. അത് സംബന്ധിച്ച് സമഗ്രമായ ഒരു പഠനം ആവശ്യമാണ്. മാത്രമല്ല ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെയും ഇതിൽ ഉൾപ്പെടുത്തണം. ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ടവരിൽ എല്ലാ വിഭാഗക്കാരുമുണ്ട്. അവർ വെള്ളത്തിനുവേണ്ടി രണ്ടും മൂന്നും കിലോമീറ്റർ പോകേണ്ടിവരുന്നു. അവർക്ക് കൃത്യമായി കുടിവെള്ളം എത്തിക്കുന്നതിന് സമഗ്രമായ പഠനം നടത്തി പദ്ധതികൾ തയ്യാറാക്കുന്നതിന് ഈ ഗവണ്മെന്റ് മുന്നോട്ടു വരണം. ഗ്രാമപ്രദേശങ്ങളിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ, കേരള സംസ്ഥാനത്ത് മൂന്ന് കോർപ്പറേഷനുകളുണ്ട്. ലക്ഷക്കണക്കിന് ആളുകൾ അവിടെ തിങ്ങിപ്പാർക്കുന്നു. അവിടത്തെ സ്ഥിതി എന്താണ്? പല കോർപ്പറേഷനുകളിലും ഡ്രെയിനേജ് അടഞ്ഞതുകൊണ്ട് വന്നുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ. നമുക്ക് സഹിക്കുവാൻ കഴിയാത്ത അവസ്ഥ വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടുണ്ടാകുന്ന കൊതുക് ശല്യം. ശ്രീ. പി.ജെ. ജോയിയും മറ്റുള്ളവരുമൊക്കെ ഇവിടെ സംസാരിച്ചു. ജലസേചനവുമായി ബന്ധപ്പെട്ട ഡിമാന്റ് ചർച്ചയിൽ ഈ കാര്യം ഉന്നയിച്ചതാണ്. ഗവണ്മെന്റ് ഇത് സംബന്ധിച്ച് വൻപിച്ച പരിശോധന നടത്തി കോർപ്പറേഷനിലെ ലക്ഷക്കണക്കിന് ആളുകൾക്ക് ഗുണം ചെയ്യുന്ന പരിപാടികൾ ആവിഷ്കരിച്ചിരിക്കുകയാണ്. മാത്രമല്ല, ഗ്രാമ പ്രദേശങ്ങളിൽ 1,25,000 കക്കൂസ്സുകൾ നിർമ്മിച്ചുകൊടുക്കുവാൻ ഈ ഗവണ്മെന്റിന്റെ മൂന്ന് വർഷക്കാലത്തെ പ്രവർത്തനത്തിന് കഴിഞ്ഞു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ശുചീകരണത്തിനുവേണ്ടി നീക്കിവച്ച പണം ഉപയോഗിച്ചുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനി, മറ്റ് പിന്നോക്ക സമുദായങ്ങൾ താമസിക്കുന്ന മേഖലകളിലൊക്കെ ഇതിന്റെ വമ്പിച്ച ഗുണം ബോധവൽക്കരണത്തിന്റെ ഭാഗമായിട്ട് വരുകയാണ്. അവർക്ക് ഒക്കെ ജനകീയാസൂത്രണ പദ്ധതി പ്രകാരം വീട് വച്ച് കൊടുക്കുന്നതിനും കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾക്കൊപ്പം കുടിവെള്ളവും ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളത്തിൽനിന്നാണ് ഏറ്റവും കൂടുതൽ രോഗം വന്നുകൊണ്ടിരിക്കുന്നത്. അതിനൊക്കെ ഒരു ബൃഹത്തായ പരിപാടി ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവണ്മെന്റ് നടപ്പിലാക്കുന്ന പദ്ധതികളിൽനിന്നും ലക്ഷക്കണക്കിന് ആളുകൾക്കാണ് ഗുണം കിട്ടിക്കൊണ്ടിരിക്കുന്നത്.

[2.00 PM] നമ്മുടെ സംസ്ഥാനത്തെ 12 ലക്ഷത്തോളം വരുന്ന ആളുകൾക്ക് ഈ ഗവണ്മെന്റ് വന്നശേഷം ഗ്രാമപ്രദേശങ്ങളിലും അതു പോലെ പട്ടണ പ്രദേശങ്ങളിലുമായി കുടിവെള്ളം കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വൻകിട പദ്ധതികൾ- മലപ്പുറം ജില്ലയെ സംബന്ധിച്ച് ചമ്രവട്ടം പദ്ധതി പോലുള്ള വൻകിട പദ്ധതികൾ ഉണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ നെതർലാന്റ് ഗവണ്മെന്റിന്റെ സഹായത്തോടുകൂടി 13 കോടി രൂപയുടെ ഒരു സർവ്വേ നടത്തി; ആ മേഖലയിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിന് വേണ്ടിയാണ്. 13 കോടി രൂപ മുടക്കി 9 പഞ്ചായത്തുകളിലായി നെതർലന്റ് ഗവണ്മെന്റിന്റെ സഹായത്തോടുകൂടി നടപ്പാക്കാൻ ഉദ്ദേശിച്ച ആ പദ്ധതിയെ സംബന്ധിച്ച് യാതൊരു വിവരവും പിന്നീടില്ല. മാത്രമല്ല, അതിന്റെ പ്രവർത്തനം എവിടെയെത്തി എന്നതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ എവിടെയുമെത്തിയില്ല എന്നുള്ളതാണ് സ്ഥിതി. അതു അടിയന്തിരമായി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള സംവിധാനം ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നടത്തണം. കൂടാതെ എന്റെ മണ്ഡലത്തിൽ 9 പഞ്ചായത്തുകളിൽ കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടി ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി. അത് പൂർത്തീകരിച്ച് ഗവണ്മെന്റിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് കൊടുത്തുവെങ്കിലും ബാക്കിയുള്ള പ്രവർത്തനങ്ങൾ എന്തായി എന്നുള്ളത് സംബന്ധിച്ച് യാതൊരു വിവരവുമില്ല. അത് അടിയന്തിരമായി പൂർത്തീകരിച്ചാൽ അവിടത്തെ 9 പഞ്ചായത്തുകളിലും വെള്ളം കൊടുക്കാൻ കഴിയും. കൂടാതെ വണ്ടൂരിൽ മാത്രം ഒരു വാട്ടർ സപ്ലൈ സ്കീമുണ്ട്. അതിനുവേണ്ടി ഗവണ്മെന്റിലും ഉദ്യോഗസ്ഥൻമാരുടെ അടുത്തും പല പ്രാവശ്യം നമ്മൾ ചെന്നതാണ്. ഏകദേശം 19 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. അത് തയ്യാറാക്കിക്കൊടുത്ത് കഴിഞ്ഞാൽ നാല് പഞ്ചായത്തുകളിൽ ആ പദ്ധതി കൊണ്ട് ഗുണം ചെയ്യും. ആ പദ്ധതി വന്നാൽ ഇന്ന് അവിടെ പ്രധാനപ്പെട്ട പ്രശ്നമായി നിലനിന്നുകൊണ്ടിരിക്കുന്ന കുടിവെള്ളത്തിന്റെ പ്രശ്നം അവസാനിപ്പിക്കാൻ കഴിയും. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഉണ്ടാകണം. മലപ്പുറം ജില്ലയുടെ ഹൃദയഭാഗത്തുകൂടി കടന്നു പോകുന്ന പുഴയാണ് ചാലിയാർ. അവിടെ നിന്ന് എടവണ്ണ പഞ്ചായത്തിലേയ്ക്ക് പൂർണ്ണമായി വെള്ളം കൊടുക്കുന്നതിനുവേണ്ടി ഒരു വാട്ടർ സപ്ലൈ സ്കീമുണ്ട്. ആ വാട്ടർ സപ്ലൈ സ്കീമിൽക്കൂടി കിണർ കുഴിച്ച്, ഏകദേശം 18 ലക്ഷം രൂപയാണ് കിണർ കുഴിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി സൂപ്രണ്ടിംഗ് എൻജിനീയറുടെ കയ്യിലെത്തിച്ചിരിക്കുന്നത്. അതിന്റെ പ്രവൃത്തി ഏകദേശം ഒരു കൊല്ലമായി ആരംഭിക്കണമെന്ന് പറഞ്ഞിട്ട് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എടവണ്ണ പഞ്ചായത്തിലെ 35,000-ത്തോളം വരുന്ന ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള ബൃഹത്തായ ഒരു പദ്ധതിയാണ്. ആ പദ്ധതി അടിയന്തിരമായി ഏറ്റെടുത്തുകൊണ്ട് വണ്ടൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവണ്മെന്റും, ബഹുമാനപ്പെട്ട മന്ത്രിയും മുൻകൈ എടുക്കണമെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിൻതുണയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)

ശ്രീ. കെ. അച്ചുതൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. മറുഭാഗത്തുള്ള ശ്രീ. നാണുമാസ്റ്റർ ഒഴിച്ച് എല്ലാ അംഗങ്ങളും ഈ ധനാഭ്യർത്ഥനകളെ എതിർക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കാരണം, നമ്മുടെ രാജ്യത്തിന് ഏറ്റവും കൂടുതൽ വെല്ലുവിളി ഉയർത്തിക്കൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവണ്മെന്റിനെ താഴെയിറക്കി ഒരു മതേതര ഗവണ്മെന്റ് ഉണ്ടാക്കുന്നതിന് പകരം ബി.ജെ.പി.യോടൊപ്പം നിന്ന ആർ.എസ്.പി-യുടെ മന്ത്രി കൊണ്ടുവന്ന ധനാഭ്യർത്ഥനകളെ അംഗീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. ഇന്ന് ജലസേചനവകുപ്പിന്റെയും ജലസേചനവകുപ്പുമന്ത്രിയുടെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും സ്ഥിതി എന്താണ്? മൃതപ്രായമായ രീതിയിലാണ് ഇന്നത്തെ പോക്ക്. എന്റെ നിയോജകമണ്ഡലത്തിൽ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുണ്ട്. കേരളത്തിലെവിടെയും ഇല്ലാത്ത രീതിയിലുള്ള ഒരു പ്രോജക്ടാണ്. 43 ഏക്കർ ഭൂമി തെങ്ങിൻതോട്ടം.....

ശ്രീ. പി. രാജു : സർ, ബഹുമാനപ്പെട്ട അച്ചുതൻ പ്രസംഗിക്കുമ്പോൾ, കേന്ദ്രത്തിൽ ബി.ജെ.പി. ഗവണ്മെന്റിനെ നിലനിർത്താൻവേണ്ടി പ്രവർത്തിച്ച പാർട്ടിയാണ് ആർ.എസ്.പി. ആ ആർ.എസ്.പി.യുടെ മന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നില്ല എന്ന് പ്രസ്താവിക്കുകയുണ്ടായി. അത് തെറ്റായ പ്രസ്താവനയാണ്. അത് രേഖയിൽനിന്ന് മാറ്റേണ്ടതാണ്. ആർ. എസ്.പി.കേന്ദ്രത്തിൽ ജനാധിപത്യ മതേതര ശക്തികളെ പിന്തുണയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് അത് രേഖയിൽനിന്ന് മാറ്റണം. അത് അവാസ്തവ പ്രസ്താവനയാണ്.

ശ്രീ. കെ. അച്ചുതൻ : മതേതര ഗവണ്മെന്റുണ്ടാക്കുന്നതിന് തടസ്സമായി നിന്ന ആർ.എസ്.പി.യുടെ മന്ത്രിയെന്നാണ് ഞാൻ പറഞ്ഞത്.....(ബഹളം)..... ഞാൻ പറഞ്ഞത് മതേതര ഗവണ്മെന്റുണ്ടാക്കുന്നതിന് ....

മി. ചെയർമാൻ : അത് അദ്ദേഹത്തിന്റെ അഭിപ്രായം മാത്രമാണ്. അത് അങ്ങ് നിഷേധിച്ചതും രേഖയിലുണ്ടാകും. രണ്ടും രേഖയിലുണ്ടാകും. അതുകൊണ്ട് സാരമില്ല.

ശ്രീ. കെ. അച്ചുതൻ : എന്റെ നിയോജകമണ്ഡലത്തിൽ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്ക് 43 ഏക്കർ തെങ്ങിൻതോപ്പ് ഉൾപ്പെടെയുള്ള ഭൂമി സൗജന്യമായി സർക്കാരിന് നൽകി, നിലവിലുള്ള കനാലുകൾ നീട്ടിയാൽ മാത്രം മൂന്ന് പഞ്ചായത്തുകൾക്കുകൂടി പരിപൂർണ്ണമായി ജലസേചനസൗകര്യം ഏർപ്പെടുത്താവുന്ന ഒരു പദ്ധതിയാണ്. അല്ലാതെ യഥാർത്ഥ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയല്ല അവിടെ തുടങ്ങിയത്. അതിൽ അഴിമതിയുണ്ടായിരിക്കാം. അതിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നു. ശ്രീ. ബേബിജോൺ ജലസേചനവകുപ്പുമന്ത്രി ആയിരിക്കുമ്പോൾ, ആ അന്വേഷണം നടക്കട്ടെ, പ്രവൃത്തിയും തുടങ്ങട്ടെ, നിലവിലുള്ള പദ്ധതി എത്രത്തോളം ചെയ്തിട്ടുണ്ടോ അതു മുഴുവൻ ആ സ്റ്റേജ് അനുസരിച്ച് റെക്കോർഡ് ആക്കിയശേഷം ബാക്കി പണി ചെയ്യണമെന്ന് ഉത്തരവിറക്കിയിട്ടുണ്ട്. ഇന്ന് 'തിരുപ്പതിയിലെ ക്ഷൗരം' പോലെയാണ് ആ കനാലിന്റെ കിടപ്പ്. മാത്രമല്ല, സ്ഥലം കൊടുത്ത ആളുകൾക്ക് അവരുടെ സ്ഥലത്തിന്റെ സെന്ററിൽക്കൂടി ഈ കനാൽ പാതി വെട്ടി അവർക്ക് കടക്കാൻ വയ്യാത്ത സ്ഥിതിയിൽ നൂറേക്കറോളം ഭൂമി മണ്ണു കൊണ്ടിട്ട് ഫിൽ ചെയ്ത് അവിടെയുള്ള മുഴുവൻ കൃഷിക്കാ

LIBRARY ARCHIVES Kerala Legislative Assembly

രെയും വളരെയേറെ ബുദ്ധിമുട്ടിക്കുന്ന ഒരു സാഹചര്യമുണ്ടാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട രാമകൃഷ്ണപിള്ള മന്ത്രിയായശേഷം കുരിയാർകുറ്റി-കാരപ്പാറ പദ്ധതി തുടങ്ങുന്നതിനെക്കുറിച്ചോ മറ്റോ ഇതുവരെ ഒരു കാര്യവും, ഒരന്വേഷണവും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പാലക്കാട് വന്നപ്പോൾ, ഞാൻ അവിടെ ഒരു യോഗത്തിൽ ഉന്നയിച്ചതാണ്. അദ്ദേഹം പറഞ്ഞത്, അടുത്ത മാസം ഒരു യോഗം വീണ്ടും വിളിച്ചുകൂട്ടി, കുരിയാർകുട്ടി-കാരപ്പാറ പ്രശ്നം ചർച്ച ചെയ്യാമെന്നാണ്. എട്ടു മാസമായി. അതിനെക്കുറിച്ച് ഒരന്വേഷണം നടത്താൻ ഇന്നുവരെ അദ്ദേഹം തയ്യാറായിട്ടില്ല. ശ്രീ. വി.സി. കബീർ ഇവിടെ പറഞ്ഞു, ആ പ്രദേശത്തുള്ള ജനങ്ങളെ ഇനിയും പരീക്ഷിക്കരുത് എന്ന്. അതുകൊണ്ട് അടിയന്തിരമായി നിലവിലുള്ള വർക്കുകൾ ഏതാണോ അതു മുഴുവൻ അളന്നെടുത്തശേഷം ബാക്കി പണി തുടർന്ന് നടത്തി മൂന്നു പഞ്ചായത്തിലെ ജനങ്ങൾക്കും ആവശ്യമായ വെള്ളം കൊടുക്കാൻ സംവിധാനമുണ്ടാക്കണമെന്നതാണ് എന്റെ അഭിപ്രായം. ഇപ്പോൾ ആർ.എസ്.പി.യുടെ സ്ഥിതി എന്താണ്? ഈ മന്ത്രി ഭരിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞാലും മന്ത്രിയെക്കുറിച്ച്, അദ്ദേഹം ഇപ്പോൾ സഭയിൽ ഇല്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. അദ്ദേഹം ഇവിടെ ഭരിക്കുകയാണോ? അദ്ദേഹത്തിന് എന്തെങ്കിലും ബോധമുണ്ടോ? യാതൊരു ബോധവുമില്ല. ആരാണ് ഈ വകുപ്പു ഭരിക്കുന്നത്? വൻകിട കേസ്സുകളിലെ കോടിക്കണക്കിന് രൂപയുടെ വിജിലൻസ് കേസ്സുകളിൽ അകപ്പെട്ട കുറേ കരാറുകാരുടെ റിമോട്ട് കൺട്രോൾ ഭരണമാണ് ഇവിടെ നടക്കുന്നത്. എങ്ങനെയാണ് ശ്രീ. വി.പി. രാമകൃഷ്ണപിള്ള മന്ത്രിയായത്? ആർ.എസ്.പി. കാർ സഹായിച്ചിട്ടാണോ? അല്ല. യഥാർത്ഥ ആർ.എസ്.പി ക്കാർ ബേബി ജോൺ സാറിന്റെ കൂടെയാണ്.....***† അവരുടെ കാര്യം നടത്താൻ വേണ്ടിയാണ്. അവരാണ് ഇവിടെ ഭരണം നടത്തുന്നത്. അല്ലാതെ മറ്റുള്ള ആളുകളല്ല.....(ബഹളം).....ബഹുമാനപ്പെട്ട രാമകൃഷ്ണപിള്ളയെ അന്നു മന്ത്രിയാക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തു നടന്ന നാടകങ്ങൾ നമുക്കറിയാവുന്നതാണ്. അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. ആർ.എസ്.പി.ക്ക് ആളെയുണ്ടാക്കുന്നത് എങ്ങനെയാണ്....(ബഹളം).....

ശ്രീ. കെ. പ്രകാശ് ബാബു :കാശു കൊടുത്ത് മന്ത്രിയായി എന്നു പറയുന്നത്.....

മി. ചെയർമാൻ : പ്ലീസ്, പ്ലീസ്.....

ശ്രീ. കെ. അച്ചുതൻ : ഞാൻ പറഞ്ഞതല്ല. തമിഴ്നാട്ടിൽ നിന്നുവരുന്ന ജോലിക്കാരാണ് സമ്മേളനത്തിന് ആളുകളെ ഉണ്ടാക്കിക്കൊടുക്കുന്നത്.....(ബഹളം).....

വാട്ടർ അതോറിറ്റിയുടെ കാര്യത്തിൽ വളരെയേറെ ഗൗരവമായ പ്രശ്നമാണുള്ളത്. ഏറ്റവും കൂടുതൽ ശുദ്ധജലവിതരണം ആവശ്യമുള്ള പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. കൊഴിഞ്ഞാംപാറ വാട്ടർ സപ്ലൈ സ്കീമിൽ മൂന്നുവർഷമായി യാതൊരുപണിയും നടക്കുന്നില്ല എന്നുള്ളതാണ് സത്യം..... ബഹളം.....

ശ്രീ. കെ. പ്രകാശ് ബാബു : സർ, പോയിന്റ് ഓഫ് ഓർഡർ...., ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അച്ചുതൻ സംസാരിക്കുമ്പോൾ† അത് *****രേഖയിൽ

† സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു. (vide file No.671/-EB/99/leg dated 16.7.99)

LIBRARY ARCHIVES Kerala Legislative Assembly

നിന്നും പൂർണ്ണമായി നീക്കം ചെയ്യണം. അല്ലെങ്കിൽ മെമ്പർ അത് പിൻവലിച്ച് മാപ്പു പറയണം. അത് രേഖയിൽ ഉണ്ടാവാനേ പാടില്ല.

മി. ചെയർമാൻ : അത് രേഖ പരിശോധിക്കാം. ചട്ടവിരുദ്ധമായിട്ടാണെങ്കിൽ രേഖയിൽനിന്നും അത് നീക്കം ചെയ്യാം....ബഹളം...

ശ്രീ. കെ. അച്ചുതൻ : എന്റെ അഭിപ്രായമല്ല. ഇവിടെ പത്രങ്ങളിൽ വന്ന നിങ്ങളുടെ വോട്ടു വാങ്ങി ജയിച്ച ചില ആളുകൾ പറഞ്ഞ കാര്യം ഞാനിവിടെ ഉദ്ധരിച്ചു എന്നേയുള്ളു. അല്ലാതെ മറ്റു കാര്യങ്ങൾ ഞാനിവിടെ പറഞ്ഞതല്ല..... ബഹളം.....വാട്ടർ അതോറിറ്റിയുടെ കാര്യമാണെങ്കിൽ കൊഴിഞ്ഞാംപാറ, കൊല്ലങ്കോട് ശുദ്ധജല വിതരണ പദ്ധതികളെക്കുറിച്ച് .....ബഹളം.....

മി. ചെയർമാൻ : രേഖ പരിശോധിച്ച് ചട്ടവിരുദ്ധമായ പരാമർശനം മെമ്പർ നടത്തിയിട്ടുണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതാണ്. .....ബഹളം.....

ശ്രീ. കെ. അച്ചുതൻ : സർ, ഇത് ഞാൻ പറഞ്ഞ കാര്യമല്ല, പത്രങ്ങളിൽ വന്ന കാര്യം ഞാനിവിടെ കോട്ട് ചെയ്തുവെന്നേയുള്ളു. ഇവിടെ വാട്ടർ അതോറിറ്റിയുടെ കാര്യം പറയാതിരിക്കാൻ പറ്റില്ല. പാലക്കാട്.....ബഹളം.....ബഹുമാനപ്പെട്ട സ്പീക്കർക്ക് പത്രവാർത്ത തരാൻ ഞാൻ തയ്യാറാണ്. ഞാൻ അതുദ്ദേശിച്ചാണ് പറഞ്ഞത്. അല്ലാതെ ഞാൻ എന്റെ അഭിപ്രായം പറഞ്ഞതല്ല.....ബഹളം.....

ശ്രീ. പി. വിശ്വൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഒരു മന്ത്രിയെക്കുറിച്ച് പറഞ്ഞത്***† അത് പിൻവലിക്കണം.

മി. ചെയർമാൻ : ദയവായി നിങ്ങൾ ഇരിക്കണം.....ബഹളം.....ചെയറിനു പറയാനുള്ളത് പറയട്ടെ. പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത് ചെയർ കേട്ടു. അതിന്റെ തീരുമാനം പറയുകയാണ്. നിയമസഭയിൽ ഒരു ആരോപണം ഉന്നയിക്കണമെങ്കിൽ അതിനു ചില ചട്ടങ്ങളും ചില വ്യവസ്ഥകളുമുണ്ട്. അങ്ങനെ എഴുതിത്തരാതെ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് രേഖയിലുണ്ടായിരിക്കുന്നതല്ല. അതിനെപ്പറ്റി കൂടുതൽ ചർച്ച വേണ്ടല്ലോ? .....ബഹളം.....

ശ്രീ. കെ. അച്ചുതൻ : സർ, ജലസേചനവകുപ്പിൽ ഇവിടെ സത്യസന്ധമായി ജോലി ചെയ്യാൻ പല ഉദ്യോഗസ്ഥന്മാർക്കും കഴിയാത്ത സാഹചര്യമാണ്. സത്യസന്ധരായ, അഴിമതിക്കാരല്ലാത്ത ഉദ്യോഗസ്ഥന്മാരെ ആർ.എസ്.പി.യുടെ പാർട്ടിക്ക് സംഭാവന കൊടുത്തില്ല എന്നതിന്റെ പേരിൽ ദിവസങ്ങൾ കൊണ്ട് അവിടെനിന്നും മാറ്റുകയും പാർട്ടിക്ക് കൈക്കൂലി കൊടുക്കാൻ തയ്യാറാകുന്ന ആളുകളെ ആ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്തതിന്റെ ഉദാഹരണം തെളിവുകൾ സഹിതം തരാൻ ഞാൻ തയ്യാറാണ്. ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കാൻ തയ്യാറാണോ?.....ബഹളം.....എനിക്ക് നേരിട്ട് അനുഭവമുള്ള കാര്യങ്ങളാണ് ഞാൻ പറയുന്നത്. ഞാൻ തെളിവുകൾ തരാം..... ബഹളം.....

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, അത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നതിന് സ്വാഭാവികമായും എഴുതിത്തരേണ്ടതാണ്. എഴുതിത്തരാതെ ഈ ആരോപണങ്ങൾ ഉന്നയിക്കുന്നത് ഓർഡറിലാണോ?

---

† സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. നാണുമാസ്റ്റർ : സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ സഭയിലൊരു പ്രശ്നമുണ്ടായി, അതിന് ഒരു പോയിന്റ് ഓഫ് ഓർഡറിന് അനുമതി തന്നില്ല. അങ്ങനെയിരിക്കെ തുടർച്ചയായി വീണ്ടും വീണ്ടും ഈ തരത്തിലുള്ള പ്രയോഗം നടത്തുന്നത് ഓർഡറിലല്ല, അത് ചെയർ റൂളിംഗ് കൊടുക്കണം, അത് പിൻവലിക്കേണ്ടതാണ്, സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല.....ബഹളം.....

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർ ഈ സഭയുടെ മാന്യത നിലനിർത്തേണ്ടതാണ്. ഏതെങ്കിലും നോട്ടീസ് കൊടുക്കാതെ ആരോപണമുന്നയിക്കുന്നത് ശരിയല്ല.

ശ്രീ. കെ. അച്യുതൻ : സർ, പറയാനുള്ള കാര്യങ്ങൾ പറയാനുള്ള വേദി എന്ന നിലയ്ക്കാണ് ഈ സഭയിൽ ഞാൻ പറയുന്നത്. ഈ കാര്യങ്ങൾ അഴിമതി ആരോപണമല്ല, അതാണെങ്കിൽ ഞാൻ എഴുതിത്തരുമായിരുന്നു. .....ബഹളം.....

മി. ഡെപ്യൂട്ടി സ്പീക്കർ : റൂൾ അനുസരിച്ച് എഴുതി കൊടുക്കാതെ ഉന്നയിക്കുന്ന ഒരു ആരോപണവും സഭയുടെ പ്രൊസീഡിംഗ്സിൽ കാണുകയില്ല.

ശ്രീ. കെ. അച്യുതൻ : വാട്ടർ അതോറിറ്റിയിൽ പാലക്കാട് ജില്ലയുടെ ഏതു ഫയലും നോക്കുന്നത് തൃശ്ശൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ്. ആ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഒരു കടലാസ് അയച്ചാൽ ഇത്ര ശതമാനം തന്നാലേ ഫയൽ അയയ്ക്കൂ. സാംഗ്ഷൻ ചെയ്യൂ എന്ന നിലപാടെടുക്കുന്ന ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് തൃശ്ശൂരിലിരിക്കുന്നത്. ഈ വക കാര്യങ്ങൾ അന്വേഷിക്കാൻ തയ്യാറുണ്ടെങ്കിൽ തെളിവുതരാൻ തയ്യാറാണ്. ആ ഒരൊറ്റ കാരണം കൊണ്ടുതന്നെ വാട്ടർ അതോറിറ്റിയിൽ പല പ്രവർത്തികളും നടക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ കൊഴിഞ്ഞാംപാറയിൽ ശുദ്ധജല വിതരണത്തിനുവേണ്ടി വാങ്ങിയ പൈപ്പുകൾ ചീഫ് എഞ്ചിനീയർ വന്ന്, ഞാൻ പോയി നിന്ന് മൂന്ന് പ്രാവശ്യം ടെസ്റ്റു നടത്തി. അങ്ങനെ മൂന്നു ടെസ്റ്റ് പരാജയപ്പെട്ട് പൈപ്പ് മടക്കിക്കൊടുത്ത് വേറെ പൈപ്പ് വാങ്ങേണ്ട സ്ഥിതിയാണ്. പൈപ്പ് പൊട്ടിപ്പോകുന്നു. ആ കാര്യം അടിയന്തിരമായി പരിശോധിച്ച് ആ പൈപ്പ് മാറ്റി പംമ്പിംഗ് പൈപ്പ് അടിയന്തിരമായി സ്ഥാപിച്ചാൽ ആ മൂന്നു പഞ്ചായത്തുകളിലും ആവശ്യമായ ശുദ്ധജലം എത്തിക്കാൻ കഴിയും. ടാങ്ക്, ഫിൽറ്റർ പ്ലാന്റ് എല്ലാ പണിയും കഴിഞ്ഞ് പൈപ്പ് ടെസ്റ്റും കഴിയുമ്പോഴാണ് പൈപ്പ് പൊട്ടിപ്പോകുന്നത്. അതിനുനടപടിയുണ്ടായില്ല.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഈ പൈപ്പ് എന്നു സ്ഥാപിച്ചതാണെന്ന് പറയാമോ?

ശ്രീ. കെ. അച്യുതൻ : സർ, ആ പൈപ്പ്, ഈ അടുത്തകാലത്ത് സ്ഥാപിച്ചതാണ്. പൈപ്പിന് പണം കൊടുത്തത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അത് മനസ്സിലാക്കണം. അതുപോലെതന്നെ ജനകീയാസൂത്രണ പദ്ധതിയിൽ കുടിവെള്ളത്തിനുവേണ്ടി കോടിക്കണക്കിന് രൂപ പഞ്ചായത്തുകളിൽ നിന്നും കെട്ടി വച്ചിട്ടുണ്ട്. പഞ്ചായത്തിൽനിന്നും കെട്ടിവച്ച കുടിവെള്ളത്തിനുവേണ്ടിയുള്ള തുകയിൽ ഒന്നരക്കൊല്ലമായിട്ടും എസ്റ്റിമേറ്റുണ്ടാക്കിക്കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. അങ്ങനെ ജനകീയാസൂത്രണ പദ്ധതിയിൽ എത്ര കോടി രൂപ വാട്ടർ അതോറിറ്റിയിൽ കെട്ടിക്കിടക്കുകയാണ്, അതിന് എസ്റ്റിമേറ്റില്ല. കാര്യം പറയുമ്പോൾ ബഹളം വച്ചിട്ട് കാര്യമില്ല. ഈ അഭിപ്രായത്തോട് നിങ്ങളിൽ പല ആളുകൾക്കും യോജിപ്പാണ്. അല്ലെന്ന് ആർക്കും സംശയം വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ജലസേചനവകുപ്പ് ആ രീതിയിലാണ് നീങ്ങുന്നത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ പറഞ്ഞതാണ് നവംബർ മാസത്തിൽ പാലക്കാട് ഒരു കോൺഫറൻസ് വച്ച് ഈ പ്രശ്നങ്ങൾ മുഴുവൻ പരിഹരിക്കാമെന്ന്. അങ്ങയുടെ പാർട്ടിയിലെ പ്രശ്നങ്ങൾകൊണ്ട് അങ്ങേയ്ക്ക് കോൺഫറൻസ് വിളിക്കാൻ കഴിയുന്നില്ല. അങ്ങ് ഇത് ചർച്ച ചെയ്യുന്നില്ല. പിന്നെ എങ്ങനെയാണ് അതിന് മുന്നോട്ടു പോകാൻ കഴിയുക? വളരെ പ്രഗത്ഭൻമാരായ ആളുകളിരുന്ന സീറ്റാണ് ജലസേചനം. കുടിവെള്ളത്തിന് ഏറ്റവും കൂടുതൽ പ്രശ്നമുള്ള നമ്മുടെ സംസ്ഥാനത്ത് ഈ വക കാര്യങ്ങളൊന്നും ചർച്ച ചെയ്യാനോ ഒരു യോഗം വിളിക്കാനോ കഴിയുന്നില്ല. പല മന്ത്രിമാരും യോഗത്തിൽ വച്ച് റിവ്യൂ നടത്തുന്നു. ജലസേചനവകുപ്പിന് റിവ്യൂ ഇല്ല. എങ്ങനെയാണ് കാര്യങ്ങൾ മുന്നോട്ടു പോവുക? ഇതു പറയുമ്പോൾ ബഹളം വച്ചിട്ട് കാര്യമില്ല. ആത്മാർത്ഥതയോടുകൂടി നിങ്ങൾക്കു പറയുവാൻ കഴിയുമോ? ജലസേചന വകുപ്പിലെ എഞ്ചിനീയർമാർ പലരും എന്തു മാത്രം പൈസ കൊടുത്തിട്ടാണ് ഇന്ന് സീറ്റുകളിലിരിക്കുന്നതെന്നറിയാമോ? ആരാണ് ഈ കൈക്കൂലിയുടെ പിന്നിലെന്ന് നിങ്ങൾ അന്വേഷിച്ചാൽ മതി. ഞാൻ തെളിവുകൾ തരാൻ തയ്യാറാണ്. നിങ്ങൾ അന്വേഷിക്കാൻ തയ്യാറുണ്ടോ? അങ്ങയുടെ പാർട്ടിയുടെ താഴെക്കിടയിൽ കിടക്കുന്ന ചില ആളുകൾ പാർട്ടിപ്രവർത്തകരാണെന്ന് അങ്ങ് ധരിക്കരുത്. കാര്യങ്ങൾ നടത്താൻ വേണ്ടി അവർ അങ്ങയുടെ ആളുകളാണെന്ന് നടിക്കുന്നതാണ്. അങ്ങ് ജില്ലാ പര്യടനം നടത്തുമ്പോൾ തമിഴ്നാട്ടിൽനിന്നും മുന്നൂറും നാന്നൂറും തൊഴിലാളികളെ കൊണ്ടുവന്ന് ഹാൾ നിറച്ചു കഴിഞ്ഞാൽ അങ്ങയുടെ പാർട്ടിയാണെന്ന് വിചാരിക്കരുത്. അങ്ങയുടെ പാർട്ടിയുടെ പഴയ ആളുകൾ മുഴുവൻ മറുഭാഗത്താണ്. ഇപ്പോൾ കാര്യം നടക്കാൻ വേണ്ടി കുറെ കരാറുകാരും കുറെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരും കൂടി യോജിച്ച് എന്തൊക്കെയോ കാണിക്കുന്നു. അങ്ങ് ഇതൊന്നും മനസ്സിലാക്കുന്നില്ല. അങ്ങ് ഇതൊന്നും അറിയുന്നില്ല. അങ്ങേയ്ക്ക് എങ്ങനെയെങ്കിലും കുറെക്കാലം മന്ത്രിയായിട്ടിരിക്കണം എന്നല്ലാതെ ഈ വകുപ്പിലെ കാര്യങ്ങളെ കുറിച്ച് മനസ്സിലാക്കണമെന്നില്ല എന്നേ എനിക്ക് അങ്ങയോട് പറയുവാനുള്ളൂ. എനിക്ക് അങ്ങയോട് സഹതാപമുണ്ട്. ഇവർ പറയുന്നകാര്യങ്ങൾ സത്യമാണോ എന്നന്വേഷിക്കണം. ചിറ്റൂർപുഴയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ വളരെ സത്യസന്ധമായി കഴിഞ്ഞ കാലങ്ങളിൽ ഏറ്റവും കൂടുതൽ ജലസേചന പ്രശ്നമുണ്ടായിരുന്നപ്പോൾ രാത്രിയും പകലും ഓടി നടന്ന് പണിയെടുത്ത് എല്ലാ സ്ഥലത്തും വെള്ളം എത്തിച്ചിരുന്ന ആ എക്സിക്യൂട്ടീവ് എഞ്ചിനീയറെ എന്തിനാണ് മാറ്റിയത്? അങ്ങ് പരിശോധിച്ചാൽ മതി. അത് ആരുടെ നടപടിയായിരുന്നു? ഇതിൽ കൃഷിക്കാർക്കും ജനങ്ങൾക്കും പരക്കെ പ്രതിഷേധമുണ്ട്. എന്തിനാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നത്? അങ്ങ് മനസ്സിലാക്കാൻ വേണ്ടി പറഞ്ഞതല്ലാതെ ആരേയും വിഷമിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. അതുകൊണ്ട് അങ്ങ് ദയവു ചെയ്ത് ഈ വക അല്ലെങ്കിൽ ഇനി പൊതുരംഗത്ത് പറയേണ്ടി വരും. കാര്യങ്ങൾ മനസ്സിലാക്കി നല്ല രീതിയിൽ കൊണ്ടുപോകുന്നതാണ് നല്ലത്. അങ്ങേയ്ക്ക് കഴിയില്ലെങ്കിൽ ശ്രീ. നാണുമാസ്റ്ററെ മന്ത്രിയാക്കിയാൽ ഇതിനേക്കാളും നല്ല ഒരു ഭരണം നടത്തുമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. പി. നാരായണൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ആറ്റിലേക്ക് അച്ചുതാ ചാടല്ലേ ചാടല്ലേ എന്ന് പറയുന്നതുപോലെയാണ്, അച്ചുതന് ഇന്ന് എന്താണ് സംഭവിച്ചതെന്ന് ഈ സഭയിലുള്ളവർക്ക് അറി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞുകൂടാ. ആറ്റിലേയ്ക്ക് ചാടിപ്പോയ ഒരവസ്ഥയാണ് ഉണ്ടായത്. ജനങ്ങൾക്ക് വളരെയേറെ പ്രതീക്ഷ നൽകുന്ന ഒരു ഗവൺമെന്റാണ് ഇന്ന് അധികാരത്തിലിരിക്കുന്നത്. അഴിമതികൊണ്ടും സ്വജനപക്ഷപാതംകൊണ്ടും കുത്തഴിഞ്ഞുകിടന്ന ജലസേചന വകുപ്പ് ശുദ്ധീകരിച്ച് ജനോപകാരപ്രദമായ വകുപ്പ് ആക്കിമാറ്റാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. എന്നെ കണ്ടാൽ കിണ്ണം കട്ടവനെന്ന് തോന്നുമോ എന്ന രീതിയിൽ പലരും ഇവിടെയുണ്ടെങ്കിലും എത്രയെത്ര അഴിമതിയുടെ കഥകളാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിക്കൊണ്ടിരുന്നത്, എത്ര കോടികളാണ് ഓരോരുത്തരുടെയും പോക്കറ്റിലേക്ക് ഒഴുകിയത്. അന്വേഷണത്തിലിരിക്കുന്ന കാര്യമായതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. അവിടെ നിന്നുകൊണ്ടുവേണം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ഭരണത്തെ നോക്കിക്കാണാൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 82 പ്രധാന പദ്ധതികൾ പൂർത്തീകരിച്ചു. ചെറുതും വലുതുമായ ഒട്ടനവധി പദ്ധതികൾ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായി ശുദ്ധജലവിതരണ പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. 1995-96-ൽ 46.4 ശതമാനം ഗ്രാമീണ ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ നിലവിൽ അത് 51 ശതമാനമായി വർദ്ധിച്ചു. നഗരവാസികളുടേത് 74 ശതമാനമായിരുന്നത് 77.7 ശതമാനമായി വർദ്ധിച്ചു. പുതുതായി 88.6 കോടി രൂപയുടെ ചെലവ് പ്രതീക്ഷിച്ചിരുന്ന കേന്ദ്ര ഗവൺമെന്റിന്റെ 100 ശതമാനം സഹായത്തോടെയുള്ള 21 ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് അംഗീകാരം നേടിയെടുത്തു. ഈ വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന പരിശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. എൽ.ഐ.സി, ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി 31 പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജപ്പാൻ, ഫ്രാൻസ് തുടങ്ങിയ വിദേശരാജ്യങ്ങളുടെ സഹായവും ഈ ഗവൺമെന്റ് നേടിയെടുത്തിട്ടുണ്ട്. അങ്ങനെ മൂന്നു വർഷം കൊണ്ട് ശുദ്ധജലവിതരണരംഗത്ത് പുരോഗതി കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട ജലസേചന പദ്ധതികളിൽ കൂടി കൃഷിഭൂമിക്ക് ജലമെത്തിക്കാനും കൃഷിയിടങ്ങളിൽ ഉണ്ടായിരുന്ന വരൾച്ച ഫലപ്രദമായി നേരിടാനും കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഈ പദ്ധതികൾ എല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ ഒരു വിഷയം കൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ സഭയിൽ ഇതിന് മുൻപും പല പ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിലെ വൈക്കം വാട്ടർ സപ്ലൈ സ്കീം 1981-ൽ ആരംഭിച്ചതാണ്. വൈക്കം മുനിസിപ്പാലിറ്റി എൽ. ഐ.സി. യിൽനിന്നും ഒരു കോടി പത്ത് ലക്ഷം രൂപ കടമെടുത്താണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. 1991-വരെ വൈക്കം മുനിസിപ്പാലിറ്റിയിലെ ജനങ്ങൾക്ക് ശുദ്ധജലം കിട്ടിക്കൊണ്ടിരുന്നതാണ്. എന്നാൽ 1991-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതോടെ ഈ പദ്ധതിയുടെ ശനിദശ ആരംഭിച്ചു. ഈ പദ്ധതിയുടെ കിണറും പ്ലാന്റും പിറവം മണ്ഡലത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്. പിറവം മണ്ഡലത്തിലെ പിറവം പഞ്ചായത്തും വൈക്കം മുനിസിപ്പാലിറ്റിയും തമ്മിൽ എഴുതിയുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് ഇത് ആരംഭിച്ചത്. ഇതിനെയെല്ലാം ലംഘിച്ചു കൊണ്ടാണ് കഴിഞ്ഞ സർക്കാർ, യു.ഡി.എഫ്. സർക്കാർ ഈ പദ്ധതിയെ നിയന്ത്രിക്കുന്ന സെക്ഷൻ ഓഫീസും ഹെഡ്വർക്സിന്റെ നിയന്ത്രണവും പിറവം മണ്ഡലത്തിലേയ്ക്ക് കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോയത്. ഇതിന്റെ ഫലമായി വൈക്കം മണ്ഡലത്തിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമായി. വൈക്കം മണ്ഡലത്തിൽ പ്രത്യേകിച്ച് വെച്ചൂർ, തലയാഴം, ഇടയാഴം അതുപോലെ വെച്ചൂരിന്റെ കിഴക്കൻ മേഖല, തലയോലപറമ്പ് പഞ്ചായത്ത് ഈ പ്രദേശങ്ങളിലെല്ലാം ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. ആ പ്രദേശങ്ങളിൽ വെള്ളമെത്തിക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് കഴിയുന്നില്ല എന്നുള്ളത് ഖേദകരമായ ഒരു കാര്യമാണ്. അത് പരിഹരിക്കാൻ അടിയന്തിര നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ വൈക്കം ഓഗ്മെന്റേഷൻ പദ്ധതി ആറ് മാസം മുൻപ് ശിലാസ്ഥാപനം നടത്തിയതാണ്. അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്നാണ് എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. വൈക്കം മുനിസിപ്പാലിറ്റിയുടെ ഒരു കൗൺസിലർ കൂടിയായ എന്റെ ശക്തിയായ പ്രതിഷേധം അറിയിക്കുകയാണ്. ഇതിനൊരു പരിഹാരം കാണണം. യു.ഡി.എഫ്. ഗവൺമെന്റ് അധികാര ദുർവിനിയോഗം നടത്തി തട്ടിക്കൊണ്ടുപോയ ഹെഡ്‌വർക്ക്സിന്റെ നിയന്ത്രണം വൈക്കത്തുതന്നെ പുനഃസ്ഥാപിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ വൈക്കത്ത് ഇടയ്ക്കിടെ പൈപ്പ് പൊട്ടൽ ഉണ്ടാകുന്നുണ്ട്, ഇത് വളരെയധികം കുഴപ്പങ്ങൾക്ക് കാരണമാകുന്നുണ്ട്. വൈക്കത്ത് കഴിഞ്ഞ ഒരു മാസക്കാലമായി വെള്ളം കൃത്യമായി കിട്ടാറില്ല. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനെ സമീപിക്കുമ്പോൾ അവർ പറയുന്നത് പൈപ്പ് പൊട്ടിയെന്നുള്ള കാരണം മാത്രമാണ്. ഇടയ്ക്കിടെ നന്നാക്കുന്നുവെന്ന് മാത്രമല്ല കഴിഞ്ഞ രണ്ടാഴ്ചയായി അവിടെ കുടിവെള്ളം കിട്ടാനില്ല. ഞാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി അതിന്റെ ഹെഡ്‌വർക്ക്സിന്റെ സെക്ഷനിൽ പോയപ്പോൾ അറിഞ്ഞത് നാല് മോട്ടോറുകൾ അവിടെ വർക്കു ചെയ്തുകൊണ്ടിരുന്നതിൽ രണ്ട് മോട്ടോറുകൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഉത്തരവാദപ്പെട്ട ആളുകൾ അതു ശ്രദ്ധിക്കുന്നില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്. അതുകൊണ്ട് അതിനൊന്നും ശ്രമിക്കാത്ത ആൾക്കാരെ അടിയന്തിരമായി അതിൽ ശ്രദ്ധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയുവാനുള്ളത്. അതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, ഏതാണ്ട് 44 വൻനദികളും, നിരവധി തോടുകളും, തടാകങ്ങളുംകൊണ്ട് അനുഗ്രഹീതമായ സംസ്ഥാനമാണ് കേരളം. ഇത് ചൂഷണം ചെയ്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് മുഴുവൻ വെള്ളമെത്തിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്നുള്ളത്. ഇതുകൊണ്ടൊക്കെതന്നെ ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. രണ്ടായിരമാണ്ടോടെ സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും പരിമിതമായതോതിലെങ്കിലും വെള്ളമെത്തിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുകയാണെന്ന് ഗവൺമെന്റ് ഈ സഭയിൽ പറഞ്ഞുവെങ്കിലും വാസ്തവത്തിൽ ഈ സംസ്ഥാനത്തെ നാലിലൊന്ന് ജനങ്ങൾക്കുപോലും കുടിവെള്ളം എത്തുന്നില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കുടിവെള്ള പ്രശ്നത്തെ വളരെ ലാഘവത്തോടുകൂടിയാണ് കാണുന്നത്. കുടിവെള്ളക്ഷാമമുണ്ടാകുമ്പോൾ ലോറികളിൽ ആവശ്യമായ വെള്ളം എത്തിക്കുക എന്നതിലുപരി ഇത് പ്രാവർത്തികമാക്കുന്നതിന് പ്ലാനിംഗ് ബോർഡും അതുപോലെ തന്നെ വിവിധ ഏജൻസികളും ഗൗരവതരമായ രീതിയിൽ ദൂരക്കാഴ്ചയോടുകൂടിയുള്ള പദ്ധതിക്ക് രൂപം കൊടുക്കാത്തതുകൊണ്ടാണ് ഈ സംസ്ഥാനത്തെ ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയധികം കഷ്ടപ്പെടേണ്ടിവരുന്നത്. ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണം. ജനസംഖ്യയുടെ വർദ്ധനവിനാനുപാതികമായി ജലസേചനമേഖലയിൽ വികസനപ്രവർത്തനമുണ്ടാകുന്നില്ല. രണ്ടായിരമാണ്ടോടെ മൂന്നു കോടിയിൽ കൂടുതൽ ജനസംഖ്യയുണ്ടാകുവാൻ പോകുകയാണ്. ആളോഹരി 100 ലിറ്റർ വെള്ളം വേണം. ഇന്ന് നമ്മുടെ സംസ്ഥാനത്തെ ഗതി എന്താണ്? വെള്ളക്കരം വർദ്ധിപ്പിച്ചത് ഏറ്റവും വലിയ ജനദ്രോഹമായിപോയി. ഏതാണ്ട് 15 ശതമാനം മുതൽ 60 ശതമാനം വരെ വെള്ളക്കരം വർദ്ധിപ്പിച്ചു. ഇതിൽ പാവപ്പെട്ടവർ ബുദ്ധിമുട്ടുകയാണ്. വെള്ളക്കരം വർദ്ധിപ്പിച്ച ഗവൺമെന്റിന്റെ തെറ്റായ നടപടി പിൻവലിച്ച്, പാവപ്പെട്ടവരോട് നീതി പുലർത്താൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണം.

നമ്മുടെ സംസ്ഥാനത്ത് ജലക്ഷാമംകൊണ്ട് മരിക്കുന്നതിനെക്കാളേറെ മലിനജലം കെട്ടിക്കിടക്കുന്നതു കാരണം പല രോഗങ്ങളും പിടിപെട്ട് പ്രത്യേകിച്ച് മലമ്പനിയും മറ്റു രോഗങ്ങളും പിടിപെട്ട് ജനങ്ങൾ മരിച്ചു കൊണ്ടിരിക്കുകയാണ്. ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റിന് ഒരു അലസതാ മനോഭാവമാണുള്ളത്. കഴിഞ്ഞ വർഷം കാസർഗോഡ് മലമ്പനി കാരണം എത്ര പേരാണ് മരണപ്പെട്ടത്? പ്രത്യേകിച്ച് മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള ഓവുചാൽ പദ്ധതികളില്ല. ഡ്രയിനേജ് പദ്ധതികളില്ല. ബൃഹത്തായ പദ്ധതികൾക്ക് രൂപം നൽകി വിദേശ സർക്കാരുകളുടെയും വിദേശബാങ്കുകളുടെയും സഹായം തേടാൻ യാതൊരു ശ്രമവും നടക്കുന്നില്ല. അവർ നിസാരപലിശയ്ക്ക് സഹായിക്കുന്നുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ടൂറിസ്റ്റുകളെ ആകർഷിക്കണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹം. വാസ്തവത്തിൽ ഇന്ന് നമ്മുടെ സംസ്ഥാനത്ത് എന്താണ് നടക്കുന്നത്? കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് നഗര പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന വെള്ളം കണ്ടാൽ എങ്ങനെയാണ് ഇവിടെ ടൂറിസ്റ്റുകൾ വരിക? ഇവിടെ മാരകമായ രോഗമാണ് ഉണ്ടാകുന്നത്. ഈ മലിനജലം ഇല്ലാതാക്കുന്നതിനുവേണ്ടി, സർവ്വേ നടത്തി അത് ഒഴുക്കിക്കളയുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഗ്രാമീണ ജലപദ്ധതികൾ, ഏതാണ്ട് 1050 പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി പറയുകയുണ്ടായി. പഞ്ചായത്തുകൾക്ക് എന്തു ചെയ്യാൻ കഴിയും? അവരുടെ പദ്ധതി വിഹിതത്തിന്റെ 10% എത്ര വരും? വാസ്തവത്തിൽ ഓരോ പഞ്ചായത്തുകൾക്കും കോടിക്കണക്കിന് രൂപ ഉണ്ടെങ്കിൽ മാത്രമേ അവർക്ക് ഈ പദ്ധതികൾ നടപ്പാക്കാൻ കഴിയുകയുള്ളു. ഈ ചെറിയൊരു തുകകൊണ്ട് ഒരു പദ്ധതിയും ഏറ്റെടുക്കാൻ കഴിയുകയില്ല. ഒരു ഓപ്പൺ കിണറോ ഒരു കുഴൽ കിണറോ കുഴിക്കാൻ കഴിയുമെന്നതിലുപരി ഓരോ പഞ്ചായത്തുകൾക്കും ആവശ്യമായപദ്ധതികൾ നടപ്പാക്കണമെങ്കിൽ ആവശ്യമായ ഫണ്ട് ലഭ്യമാകണം. അതുപോലെതന്നെ പഞ്ചായത്തുകൾക്ക് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധർ ഇല്ല. അവർക്ക് ആവശ്യമായ സാങ്കേതിക സഹായം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് നൽകണം. അല്ലാതെ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തെ സംബന്ധിച്ച് ഒന്നും ചെയ്യാൻ കഴിയുകയില്ല. ആവശ്യമായ ഫണ്ട് ഗവൺമെന്റ് നൽകുകയും സാങ്കേതിക വിദഗ്ദ്ധരെ നൽകുകയും മറ്റ് സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യണം. സംസ്ഥാനത്തെ ഏറ്റവുമധികം കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഒരു ജില്ലയാണ് കാസർഗോഡ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജില്ലയിലെ കുടിവെള്ളക്ഷാമം മനസ്സിലാക്കിക്കൊണ്ട് ബാവിക്കര റഗുലേറ്റർ പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. അതിന്റെ പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ വിളിച്ചതാണ്. ഇപ്പോഴത്തെ ഗവൺമെന്റ് അതിന്റെ എസ്റ്റിമേറ്റ് തുക

LIBRARY ARCHIVES Kerala Legislative Assembly

കുടി പോയിയെന്നു പറഞ്ഞുകൊണ്ട് അത് ക്യാൻസൽ ചെയ്യുകയാണ് ഉണ്ടായത്. പിന്നീട് എസ്റ്റിമേറ്റ് പുതുക്കി കുറെ ഭാഗം അതിൽനിന്നും കുറച്ച് ഏതാണ്ട് 1,78,000 രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി. ഇതു സംബന്ധിച്ച് ഈ സഭയിൽ നിരവധി പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. പക്ഷെ ഇന്നുവരെ ഇതിന് അംഗീകാരം നൽകാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഗവൺമെന്റിന്റെ പരിഗണനയിലുള്ള ആ പദ്ധതിക്ക് അടിയന്തിരമായി അംഗീകാരം നൽകുന്നതിന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിലെ ചെറുകിട-വൻകിട പദ്ധതികൾക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും മിനി വാട്ടർ സപ്ലൈ പദ്ധതികൾക്കും ആവശ്യമായ അംഗീകാരം നൽകി ജില്ലയോട് നീതി പുലർത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കാസർഗോഡ് ഒരു ഇൻവെസ്റ്റിഗേഷൻ ഓഫീസ് ഇല്ല. തലശ്ശേരിയിലാണുള്ളത്. ഒരു പദ്ധതിക്ക് രൂപം നൽകാനും അതിന് കാലതാമസം വരുന്നതിനുമുള്ള പ്രധാന കാരണം ഇൻവെസ്റ്റിഗേഷൻ നടത്താൻ കഴിയുന്നില്ല എന്നതാണ്. അതുകൊണ്ട് അടിയന്തിരമായി ഇൻവെസ്റ്റിഗേഷൻ ഓഫീസ് തുറക്കാനുള്ള നടപടികൾ സ്വീകരിക്കണം. ജില്ലയിൽ പ്രവർത്തനക്ഷമമായ റിഗ് ഇല്ല. വാടകയ്ക്കെടുത്താണ് കുഴൽ കിണർ കുഴിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായും പിന്നോക്ക ജില്ലയ്ക്ക് ആവശ്യമായ റിഗ് അനുവദിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയണമെങ്കിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കുടിവെള്ളമുള്ള പ്രദേശങ്ങൾ സാർവത്രികമായി സർവ്വേ നടത്തി ഒരു പദ്ധതിക്ക് രൂപം നൽകി വിദേശ സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. എങ്കിൽ മാത്രമേ നമുക്ക് എല്ലാ മേഖലകളിലും വെള്ളം എത്തിക്കാൻ കഴിയുകയുള്ളൂ. കടൽഭിത്തി നിർമ്മാണത്തിന് കേന്ദ്രഗവൺമെന്റിന്റെ സഹായം നിർത്തൽ ചെയ്തിരിക്കുകയാണ്. കടൽഭിത്തിയെ സംബന്ധിച്ചും വിദേശസഹായം ലഭ്യമാക്കേണ്ടതുണ്ട്. ഏറ്റവുമധികം കടൽത്തീരമുള്ള സംസ്ഥാനമാണ് കേരളം. അതുകൊണ്ട് ഒരു ബൃഹത്തായ പദ്ധതിക്ക് സർവ്വേ നടത്തിക്കൊണ്ട് കേരളത്തിലെ കടൽത്തീരങ്ങൾ മുഴുവൻ സംരക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതിക്ക് രൂപം നല്കാനും വിദേശ സഹായം തേടാനും ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഇവിടെ കുറെ ഉപദേശക സമിതികളുണ്ട്. ഈ ഉപദേശക സമിതികൾ നിർത്തലാക്കുകയാണ് നല്ലത്. ഒന്നുകിൽ കുറെ അധികാരങ്ങളും ഫണ്ടുകളും ഉപയോഗിക്കാൻ കഴിയുന്ന സമിതികളായിരിക്കണം. വെറും നാമമാത്രമായ കമ്മിറ്റികൾകൊണ്ട് ഒരു പ്രയോജനവുമില്ല. അതിനെ കാര്യക്ഷമതയോടു കൂടി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കോൺസ്റ്റിറ്റ്യൂവൻസി അടിസ്ഥാനത്തിലുള്ള ഉപദേശക സമിതികളെ ചലിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇന്ന് പല പദ്ധതികളും നടപ്പിലാകാതെ വന്നിട്ടുണ്ട്. കരാറുകാരുടെ കുടിശ്ശികയാണ് അതിന് കാരണം. വർഷങ്ങളോളമായി ഉള്ള കുടിശ്ശിക കൊടുത്തുതീർത്താൽ മാത്രമേ പുതിയ പദ്ധതികളേറ്റെടുത്ത് നടപ്പാക്കാൻ കഴിയുകയുള്ളൂ. ദേശീയ ജലപാതയുടെ പ്രവർത്തനം എവിടെയും എത്തിയിട്ടില്ല. എത്രയുംവേഗം കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ദേശീയ ജലപാതയുടെ അംഗീകാരം നേടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം . ജലപാത കാസർഗോഡ് വരെ നീട്ടി ആ പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ സമ്മർദ്ദം ചെലുത്തി അംഗീകാരം കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കോട്ടപ്പുറം കൊറ്റികനാൽ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഏതാണ്ട് 1332.44 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഉപരിതല വകുപ്പിന്റെ പരിഗണനയിലാണ്. 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി 321.21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിരിക്കുന്നു. എത്രയും വേഗം ഇതിന്റെ പണി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. വിവിധ നഗരസഭകളിലും പഞ്ചായത്തുകളിലുമുള്ള കുഴൽക്കിണറുകളുടെ അറ്റകുറ്റ പണികളുടെ ജോലി പഞ്ചായത്തുകളെയാണ് ഏല്പിച്ചിട്ടുള്ളത്. അവർക്ക് അതിനുള്ള സാങ്കേതിക വിദഗ്ദ്ധരില്ല. പലപ്പോഴും പൈപ്പുകളിൽ വെള്ളമില്ല. അതുകൊണ്ട് അടിയന്തിരമായി ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിക്കണം. ഇക്കാര്യത്തിൽ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് പഞ്ചായത്തുകളിൽ നിന്ന് ഈടാക്കിയാൽ നന്നായിരിക്കുകയില്ല. സംസ്ഥാനത്ത് സ്ഥിരമായി ഓരോ ജില്ലയിലും മൊബൈൽ റിപ്പയറിംഗ് യൂണിറ്റ് സ്ഥാപിച്ച്, ഓരോ പഞ്ചായത്തുകളിലും പ്രവർത്തിക്കാത്ത കുഴൽക്കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്താനും, പുതിയ കുഴൽക്കിണർ കുഴിപ്പിക്കാനും ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായും പിന്താങ്ങുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മൂന്നു വർഷം മുൻപു തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ ജനങ്ങളോട് പറഞ്ഞിട്ടുള്ളതുപോലെ ഈ സംസ്ഥാനത്തിന്റെ സർവതോന്മുഖമായ വികസന പ്രവർത്തനത്തിനുവേണ്ടി അഴിമതിരഹിതമായ പ്രവർത്തനവുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിൻതാങ്ങുകയാണ്. ബഹുമാനപ്പെട്ട കെ.അച്ചുതൻ ഈ വകുപ്പിന്റെ അഴിമതികളെ സംബന്ധിച്ച് അന്വേഷിച്ചു നടന്നിട്ടും ഒരു കാര്യം മാത്രമേ സൂചിപ്പിച്ച് കേട്ടുള്ളൂ. തൃശ്ശൂരിലെ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിലേക്ക് ഒരു ഫയൽ അയച്ചാൽ ആ ഫയൽ തിരികെ വരണമെങ്കിൽ കുറേയേറെ കാലതാമസം വരുമെന്ന ഒരു ആരോപണമല്ലാതെ യാതൊരു ആരോപണവും ഉന്നയിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കേരളത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും മറ്റു ജലസേചന പ്രവർത്തനങ്ങൾ സമ്പുഷ്ടമാക്കുന്നതിനുള്ള സമയബന്ധിതമായ പരിപാടിയുമായി ഈ ഗവൺമെന്റും ജലസേചനവകുപ്പും മുന്നോട്ടു പോകുകയാണ് എന്നുപറയുന്നതിൽ സന്തോഷമുണ്ട്. എന്തിനാണ് 2000-മാണ്ട് എന്ന് കേൾക്കുമ്പോൾ പ്രിയപ്പെട്ട പ്രതിപക്ഷ നേതാക്കന്മാർ ഞെട്ടുന്നത് എന്ന കാര്യം എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ പല വകുപ്പുകളുടെയും ധനാഭ്യർത്ഥന ചർച്ചകൾ പൂർത്തീകരിച്ചു കഴിഞ്ഞു. ചുരുക്കം ചിലത് നടക്കാനുണ്ട്. മൂന്നു വർഷത്തിനപ്പുറത്തുള്ള ഇരുട്ടിലായിരുന്ന കേരളത്തെ വെളിച്ചത്തിലേക്ക് നയിക്കാനുതകുന്ന വിധത്തിലുള്ളതാണ് വൈദ്യുതി പദ്ധതിയുടെ പ്രവർത്തനങ്ങൾ. അതു പോലെതന്നെ വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നിതിനും സിവിൽ സപ്ലൈസിന്റെ പ്രവർത്തനം ശുദ്ധീകരിക്കുന്നതിനും സമ്പുഷ്ടമാക്കുന്നതിനും കാർഷിക മേഖലയിൽ വികസനത്തിന് തുടക്കം കുറിച്ചുകൊണ്ട് രണ്ടായിരമാണ്ട് ആകുന്നതോടുകൂടി തന്നെ പച്ചക്കറി ഉല്പാദനത്തിൽ പോലും പൂർണ്ണ വളർച്ച എത്തിക്കാൻ കഴിയുന്ന സമഗ്രമായ ബൃഹത്തായ പരിപാടിക്ക് തുടക്കം കുറിച്ചുകൊണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടു പോകുന്നു. കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന കുത്തഴിഞ്ഞ,

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി നിറഞ്ഞ, കെടുകാര്യസ്ഥത നിറഞ്ഞ ദുർഭരണത്തിന് മാറ്റം വരുത്തിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ ആ ഭരണത്തെയും ഗവൺമെന്റിനേയും ബാലിശമായ ചില ആക്ഷേപങ്ങൾ ഉന്നയിച്ചു തകർക്കാൻ ശ്രമിക്കുന്നത് ഈ സംസ്ഥാനത്തെ ജനങ്ങളോട് കാണിക്കുന്ന അപരാധമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ ചില പൈപ്പുകൾ പൊട്ടിയ കാര്യം ശ്രീ. ജോണി നെല്ലൂർ പറഞ്ഞു. ചെകുത്താൻ വേദം ഓതുന്നതിനു തുല്യമല്ലേ? 1982-84 കാലഘട്ടത്തിൽ ബഹുമാന്യനായ അന്നത്തെ ജലസേചന വകുപ്പുമന്ത്രി എം.പി. ഗംഗാധരനെതിരായി ആക്ഷേപം ഉന്നയിച്ചതിന്റെ കടലാസ്സുകൾ കെട്ടുക്കണക്കിന് എന്റെ കൈയിൽ ഉണ്ട്. അന്ന് വാങ്ങിക്കൂട്ടിയ പൈപ്പുകളുടെ കഥകൾ പത്രങ്ങളിൽ കൂടി തുടർലേഖനമായി കേരളത്തിലെ രാഷ്ട്രീയ മണ്ഡലത്തിൽ ഇന്നും വെട്ടിത്തിളങ്ങുകയാണ്. 15 കിലോഗ്രാം പ്രഷർ കപ്പാസിറ്റിയുള്ള പൈപ്പുകൾ വാങ്ങിയെന്ന് എഴുതിയിട്ട് 5 കിലോഗ്രാം കപ്പാസിറ്റിയുള്ളതാണെന്ന് പിന്നീട് പരിശോധിച്ചപ്പോൾ മനസ്സിലായി. കോടിക്കണക്കിന് രൂപയുടെ കമ്മീഷൻ വാങ്ങിയെന്ന് ഈ കേരളത്തിലെ മുഴുവൻ പത്രങ്ങളും എഴുതിയ വാർത്തകൾ നാം ആരും മറന്നു കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള ആ പ്രസ്ഥാനത്തിന്റെ പ്രിയപ്പെട്ട പ്രവർത്തകന്മാർ ഇവിടെ ചില പൈപ്പുകൾ പൊട്ടി, വെള്ളം ചീറ്റുന്നു എന്നൊക്കെ ആക്ഷേപിക്കുമ്പോൾ അപഹാസ്യമായി തോന്നുന്നുവെന്നു മാത്രമേ എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളൂ. കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫിന്റെ ഭരണകാലത്ത് നടത്തിയിട്ടുള്ള പ്രവർത്തനം ഓരോന്നായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കല്ലട, മൂവാറ്റുപുഴ, കാരപ്പാറ ഉൾപ്പെടെയുള്ള ജലസേചന പദ്ധതികളുടെ കഥയെന്താണെന്ന് ഞാൻ പറയണോ? അതിന്റെ കെട്ടുക്കണക്കിന് കഥകൾ എന്റെ മുൻപിൽ കിടക്കുകയാണ്. ആർബിട്രേഷൻ പദ്ധതിയെന്നാണ് കല്ലട പ്രോജക്ടിനെ സംബന്ധിച്ച് പറഞ്ഞത്. അത് ആരും മറന്നില്ലല്ലോ? ഞാൻ അതിന്റെ വിശദാംശത്തിലേക്ക് കടക്കുന്നില്ല. കല്ലട പ്രോജക്ട് അഴിമതികളെ സംബന്ധിച്ച് എത്രയെത്ര എൻജിനീയർമാരും ഉത്തരവാദിത്വപ്പെട്ടവരും സസ്പെന്റ് ചെയ്ത കഥകൾ വിജിലൻസ് കോടതിയിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. കല്ലട പദ്ധതിയെ സംബന്ധിച്ചും, മൂവാറ്റുപുഴ വാലി പദ്ധതിയെ സംബന്ധിച്ചും 52-ഓളം കേസുകൾ അന്വേഷണത്തിനു, അതിന്റെ ഉദ്യോഗസ്ഥന്മാരുടെ പേരിലുൾപ്പെടെ, അന്വേഷണത്തിനു വിധേയമായി. ആ രാഷ്ട്രീയ നേതാവിന്റെ അഴിമതിക്കെല്ലാം ഇവർ കൂട്ടു നിന്നുവെന്ന് പത്രത്തിലെല്ലാം വന്നതാണ്. കേരളശബ്ദത്തിൽ 37 ലേഖനങ്ങളിലായി അതിന്റെ വിശദാംശങ്ങൾ ഉണ്ടായിരുന്നു. അന്നത്തെ ഒരു ചീഫ് എഞ്ചിനീയർ ആയിരുന്ന ഒരു സുഹൃത്തിന്റെ പേരു വച്ച് എഴുതിക്കൊണ്ടുള്ള ലേഖനങ്ങളെല്ലാം നാം ആരും മറന്നില്ല. കേരളശബ്ദത്തിൽ തുടർച്ചയായി കല്ലട പ്രോജക്ടിനെ സംബന്ധിച്ച് അന്നത്തെ ജലസേചന വകുപ്പിനെ സംബന്ധിച്ചും അന്നത്തെ മന്ത്രിയെ സംബന്ധിച്ചും അതുപോലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും രാഷ്ട്രീയ നേതൃത്വത്തെ സംബന്ധിച്ചും അഴിമതികളെ സംബന്ധിച്ചും എഴുതിയ കഥകൾ വായിക്കാത്തവർ അല്ലല്ലോ നമ്മളാരും. എന്നിട്ടാണ് ചെകുത്താൻ വേദം ഓതുന്നതു പോലെ പറയുന്നത്. ഇന്നെല്ലാം കെടുകാര്യസ്ഥതയാണ്, അഴിമതിയാണ് എന്ന്. യു.ഡി.എഫ്- ലെ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ഇന്നലത്തെ കാര്യങ്ങൾ മറക്കരുത്. ആഭ്യന്തര പ്രശ്നങ്ങളെ സംബന്ധിച്ച് പറയുമ്പോൾ നമുക്ക് നാണം തോന്നുകയാണ്. എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. കാർത്തികേയൻ ഉൾപ്പെടെയുള്ള ആളുകൾ, ബഹുമാന്യനായ ശ്രീ. കെ.പി. വിശ്വനാഥൻ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ള ആളുകൾ ഞാനുൾപ്പെടെ ആ പ്രസംഗങ്ങങ്ങൾ കേട്ടിട്ടുള്ളതാണ്.എത്ര ഘോരമായ പ്രസംഗമാണ്. ആരെപ്പറ്റിയാണ്? എൽ.ഡി.എഫിനെപ്പറ്റിയായിരുന്നില്ല. മാർക്സിസ്റ്റു പാർട്ടിയെപ്പറ്റിയായിരുന്നില്ല. ആ പാർട്ടിയെ മന്ത്രിമാരെപ്പറ്റിയും മുഖ്യമന്ത്രിയെപ്പറ്റിയും സഹപ്രവർത്തകരെപ്പറ്റിയുമൊക്കെ ഒമെക്കുവച്ചു കെട്ടി പ്രസംഗിച്ചത് ഈ കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾ മറക്കില്ലെന്ന് ഞാൻ കരുതുകയാണ്. നമ്മളെല്ലാം കേട്ടതല്ലേ? എത്ര യെത്ര പ്രസംഗങ്ങളാണ് മന്ത്രിമാരായിരുന്നപ്പോൾ പ്രസംഗിച്ചത്. ഐക്യജനാധിപത്യമുന്നണിയുടെ ഘടക കക്ഷിയല്ലേ? എന്റെ പ്രിയപ്പെട്ട സ്നേഹിതർ അപ്പുറത്ത് ഇരിപ്പുണ്ട്. ശ്രീ. ആര്യാടനും ശ്രീ. കാർത്തികേയനും ഉപ്പെടെയുള്ള ആളുകൾ നടത്തിയ പ്രസംഗങ്ങൾ ഞങ്ങൾ കേട്ടവരാണ്. അങ്ങനെയുള്ള ആളുകളാണിപ്പോൾ ആർ.എസ്.പി.യിലെ രണ്ടുപേർ വന്നില്ലല്ലോ, അവർ എൽ.ഡി.എഫിൽനിന്ന് മാറ്റിയിരിക്കുകയല്ലേ എന്നൊക്കെ ചോദിക്കേണ്ട കാര്യമുണ്ടോ? അവർ ചിലപ്പോൾ ഇന്ന് വന്നില്ല ചിലപ്പോൾ നാളെയും വന്നെന്നിരിക്കില്ല. അത് അവരുടെ ആഭ്യന്തര പ്രശ്നമാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ ഇന്ന് നടപ്പാക്കുന്ന, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ഈ രാജ്യത്തെ ജനങ്ങളോട് പറഞ്ഞ ചില കാര്യങ്ങളുണ്ട്. കഴിഞ്ഞ 5 കൊല്ലം യു.ഡി.എഫ് നടത്തിയിട്ടുള്ള അഴിമതി ഭരണത്തിനെതിരായി, ദുർഭരണത്തിനെതിരായി, രാജ്യത്തെ ജനങ്ങളുടെ താൽപ്പര്യത്തിന് ഗുണകരമായ തരത്തിൽ മുന്നോട്ടുപോകും, പ്രവർത്തിക്കും എന്നുപറഞ്ഞുകൊണ്ടാണ് ഞങ്ങൾ തെരഞ്ഞെടുപ്പിനെ നേരിട്ടത്. ആ വാഗ്ദാനങ്ങൾ അംഗീകരിച്ച ജനങ്ങളുടെ മുഖത്ത് കാർക്കിച്ചു തുപ്പാതെ അവരുടെ അംഗീകാരത്തോടും ആശീർവാദത്തോടും അഴിമതിരഹിതമായ പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള ഗവൺമെന്റിനെ കെടുകാര്യസ്ഥതയുടെ പേരിൽ വിമർശിക്കുന്നത് ശരിയല്ല. ഞാൻ ചോദിക്കട്ടെ, കല്ലട, മൂവാറ്റുപുഴ വാലി, കുരിയാർകുട്ടി ഉൾപ്പെടെയുള്ള പദ്ധതികളിൽ എന്തൊക്കെയാണ് നടന്നത്? 1,16,00,000 രൂപയ്ക്ക് കരാറുകാരന് കരാർ ഉറപ്പിച്ചിട്ട് 11,12,00,000 രൂപയ്ക്ക് കരാറുകാരന് ബില്ല് എഴുതിക്കൊടുക്കുന്നതിനുവേണ്ടി ഉത്തരവിട്ട ആളുകളല്ലേ നിങ്ങൾ? 1,16,00,000 രൂപയ്ക്ക് എസ്റ്റിമേറ്റ് എടുത്തത് അതിന്റെ ടെൻഡർ ഉറപ്പിച്ചു കഴിയുമ്പോൾ അതിൽ എക്സ്ട്രാ വർക്ക്, അഡീഷണൽ വർക്ക് എന്നെല്ലാം പറഞ്ഞ് 11 കോടി രൂപയുടെ ബില്ല് എഴുതിക്കൊടുത്ത കഥകൾ നമുക്ക് അറിയില്ലേ? എത്ര ആർബിട്രേഷനുകൾ? എന്തെല്ലാം കണ്ടവരാണ് കേരളത്തിലെ ജനത? അപ്പുറത്തായിപ്പോയി എന്നതൊഴിച്ചാൽ, നിങ്ങൾ ഇന്നലത്തെ കാര്യങ്ങളൊന്നും മറക്കരുത്. അങ്ങനെ അപ്പാടെ മറന്നുകൊണ്ട് ജനങ്ങളെ മുഴുവൻ വിഡ്ഢികളാക്കാനുള്ള പ്രവണത ഭൂഷണമല്ല. ജലസേചന വകുപ്പിൽ പോരായ്മയുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കണം, തിരുത്തണം. തീർച്ചയായും ഈ രാജ്യത്തിന്റെ, കേരള സംസ്ഥാനത്തിലെ ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യം കുടിവെള്ളം എത്തിക്കുകയെന്നതാണ്. ഒരു സംശയവും വേണ്ട.

<u>ശ്രീ. ജോണി നെല്ലൂർ</u> : അങ്ങ് ഇപ്പോൾ ഈ ആർബിട്രേഷന്റെ കാര്യമാണല്ലോ പറഞ്ഞത്? ഈ ആർബിട്രേഷൻ നടപടികൾ അവസാനിപ്പിക്കാൻ കഴിഞ്ഞ ഐക്യ ജനാധിപത്യ മുന്നണി ഗവണ്മെന്റാണ് തീരുമാനമെടുത്തത് എന്നുള്ളകാര്യം അങ്ങേക്ക് അറിയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.പി. വർഗ്ഗീസ് : ഞാൻ ഇതെല്ലാം മറന്നുകൊണ്ടല്ല സംസാരിച്ചത്. കഴിഞ്ഞ 5 വർഷത്തിനിടയിൽ നടത്തിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നുണ്ട്. വിജിലൻസ് കോടതിയിൽ കേസ്സ് നിലനിൽക്കുന്നുണ്ട്. 62 കേസ്സുകൾ കല്ലട, മൂവാറ്റുപുഴ, കാരാപ്പാറ ഈ പദ്ധതികളിലെല്ലാം കേസ്സുകൾ നിലനിൽക്കുന്നുണ്ട്. നമ്മളെല്ലാം കാണാൻ പോവുകയല്ലേ? അത്തരം ഒരു ചർച്ചയിലേക്ക് പോകാൻ ഞാൻ ഇപ്പോൾ ഈ വേദി ഉപയോഗിക്കുന്നില്ല. അതല്ല ഞാൻ ആഗ്രഹിക്കുന്നത്. കുടിവെള്ള പ്രശ്നപരിഹാരത്തിനുവേണ്ടി വേൾഡ് ബാങ്കിന്റെ സഹായത്തോടെയുള്ള ചില പദ്ധതികളെ സംബന്ധിച്ച് ഞാൻ ഈ നിയമസഭയിൽ രണ്ടു മൂന്നു പ്രാവശ്യം സബ്മിഷനുകൾ കൊണ്ടു വന്നിട്ടുണ്ട്. കുടിവെള്ള പദ്ധതി നടപ്പാക്കണമെന്ന് പറയുമ്പോൾ തന്നെ ആ പദ്ധതിക്കുവേണ്ടി ചെലവഴിക്കപ്പെട്ട കോടിക്കണക്കിനു രൂപ എവിടെ പോയി എന്ന് അന്വേഷണം വേണം എന്നു പറയാൻ കൂടിയായിരുന്നു ആ സബ്മിഷൻ ഉന്നയിച്ചത്. അതിന് ഏറ്റവും വലിയ തെളിവാണ് ശ്രീ. ജോണി നെല്ലൂരിനെയും എന്റെ നിയോജകമണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നത്. വാളകം മഴുവന്നൂർ വാട്ടർ സപ്ലൈ സ്കീം 1995-ൽ അന്ന് ബഹുമാന്യനായ ശ്രീ. ടി.എം. ജേക്കബ് അവർകൾ അതിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് വാളകം കവലയിൽ ഒരു പ്രസംഗം നടത്തി. അന്ന് ഞാൻ ഒരു പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അന്ന് ഞാൻ പറഞ്ഞു ഞാൻ ഇതിന് ആശംസ നേരുന്നില്ലെന്ന്. ആശംശ നേരാത്തത് ഈ കമ്മിഷൻ ചെയ്ത പദ്ധതികൊണ്ട് ഒരു തുള്ളി വെള്ളം പോലും മഴുവന്നൂർ പഞ്ചായത്തിലേക്ക് എത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. വെള്ളം കിട്ടിക്കഴിഞ്ഞിട്ട് ആശംസ നേരാമെന്നു 1995-ൽ ഞാൻ വാളകത്തുവച്ച് പ്രസംഗിച്ചു. കൊല്ലം 4 കഴിഞ്ഞു. ഞാൻ അന്ന് പറഞ്ഞത് ശരിയല്ലേ? ഒറ്റ തുള്ളി വെള്ളം എത്തിയില്ല. മഴുവന്നൂർ പഞ്ചായത്തിലെ മണ്ണിനടിയിൽ കൂടി 74 കിലോമീറ്റർ ദൂരം പൈപ്പ് ഇട്ടിട്ട്, മൂന്നു കോടിയിൽപ്പരം രൂപ ചെലവഴിച്ചിട്ട് ഒറ്റ തുള്ളി വെള്ളം എത്തിക്കാൻ കഴിഞ്ഞോ? ബഹുമാന്യനായ ജോണി അത് നിഷേധിക്കട്ടെ. യാഥാർത്ഥ്യങ്ങൾ ശ്രീ. ജോണി നിഷേധിക്കില്ലെന്ന് എനിക്കറിയാം. കാരണം ഞാനും ശ്രീ. ജോണിയും, അന്നത്തെ ജലസേചന വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ബേബി ജോണും ഒരു സമ്മേളനത്തിൽവച്ച് തെര്യപ്പെടുത്തിയതാണ്. അതുകൊണ്ട് നിഷേധിക്കുമെന്ന് തോന്നുന്നില്ല. 1984-ൽ തുടങ്ങിയ പദ്ധതി 1995-ൽ കമ്മീഷൻ ചെയ്തതിനു ശേഷം 4 കൊല്ലം കഴിഞ്ഞിട്ടും ഒരു തുള്ളി വെള്ളം എത്തിക്കാൻ കഴിഞ്ഞില്ല. അതിന്റെ അലൈൻമെന്റും അതിന്റെ പ്രവർത്തനങ്ങളും അത്തരത്തിലാണ്. ലോ ക്വാളിറ്റി പൈപ്പ് ആണ് മണ്ണിനടിയിൽ ഇട്ടിരിക്കുന്നത്. അതുകൊണ്ട് തന്നെയാണ് അവിടെ വെള്ളം എത്തിക്കാൻ കഴിയാത്തത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, അതുപോലെ തന്നെയാണ് കിഴക്കമ്പലം പഞ്ചായത്തിൽ ഒരു വേൾഡ് ബാങ്ക് പ്രോജക്ട് ഉണ്ട്. പൊയ്യക്കുന്ന് വാട്ടർ സപ്ലൈ സ്കീം എന്നാണ് അതിന്റെ പേര്. അത് വാട്ടർ അതോറിറ്റിയിലെ ആളുകൾക്കെല്ലാം അറിയാം. പല യോഗങ്ങളിലും, ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ പലപ്പോഴും ഞാൻ സബ്മിഷനായി ഉന്നയിച്ചിട്ടുണ്ട്. അവിടെയും വെള്ളം എത്തിയിട്ടില്ല. സ്റ്റേറ്റ് ഹൈവേയായി ഡിക്ലെയർ ചെയ്തിട്ടുള്ള കിഴക്കമ്പലം വഴിയുള്ള നമ്മുടെ സ്റ്റേറ്റ് ഹൈവേ, എറണാകുളം-തേക്കടി റോഡ്; ആ തേക്കടി റോഡിന്റെ നടുക്കുകൂടിയാണ് ആ പൈപ്പ് ഇട്ടിരിക്കുന്നത്. ഒന്നാമത് അവിടെ സ്വിച്ച് ഓൺ ചെയ്താൽ 10-മിനിട്ടിനകം കിഴക്കമ്പലം മുഴുവനും വെള്ളത്തിനടിയിലായി മാറും. പല ആളുകൾക്കും അറിയാവുന്ന വിവരമാണ്. അവിടെ

എന്താ സ്ഥിതി? 7 കോടി രൂപ മുടക്കി, ഒറ്റ തുള്ളി വെള്ളംപോലും അതിന്റെ ടാങ്കിൽ എത്തിക്കാൻ കഴിയാത്ത ഒരു പ്രോജക്ടാണ് പൊയ്യക്കുന്ന് വേൾഡ് ബാങ്ക് പ്രോജക്ട്, മഴുവന്നൂർ, വാളകം എന്നിവ. പിന്നെ എവിടെയാണ് ഈ കെടുകാര്യസ്ഥതയുടെ വർത്തമാനം പറയുന്നത്. എവിടെയാ ദുർഭരണം? ആ കാര്യങ്ങളെല്ലാം ആരെങ്കിലും ചെയ്തു കൊടുക്കുമ്പോൾ അതിന്റെ അടിയിൽ ഒപ്പിട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു എങ്കിൽ അതിൽനിന്നും തികച്ചും വ്യത്യസ്തമായി ജനകീയാസൂത്രണ പ്രസ്ഥാനത്തിൽകൂടി എവിടെയാണ് ആവശ്യം എന്ന് ജനങ്ങളോട് ചോദിച്ച് അവരുടെ ആവശ്യങ്ങൾക്കനുസരണമായി കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു ഗവണ്മെന്റാണ് ഇന്ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് എന്നുപറഞ്ഞാൽ നിഷേധിക്കാമോ? നിഷേധിക്കാൻ കഴിയില്ല എന്നാണ് എന്റെ തോന്നൽ.

ശ്രീ. പി. രാജു : സർ, അങ്ങയ്ക്കറിയാമോ, അന്ന് വാട്ടർ സപ്ലൈ സ്കീം കമ്മിഷൻ ചെയ്യുകയായിരുന്നില്ല, കമ്മീഷൻ വാങ്ങിക്കുന്ന പദ്ധതി മാത്രമാണ് നടപ്പാക്കിയിരുന്നത്. കമ്മീഷൻ വാങ്ങുന്ന പദ്ധതി കൃത്യമായി നടപ്പാക്കിയിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എം.പി. വർഗ്ഗീസ് : സർ, അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല എന്ന് ആദ്യമേ പറഞ്ഞു. എന്റെ അത്യാവശ്യ കാര്യങ്ങൾ പറയാൻ കഴിയില്ല എന്നുള്ളതുകൊണ്ടാണ് ഞാൻ അത് പറയാതിരുന്നത്. ഇന്നലെവരെ ഉണ്ടാകാതിരുന്ന ഒരു പുതിയ സംവിധാനം, പുതിയ മാറ്റം ഈ കേരളത്തിന്റെ മണ്ണിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതാണ് 5,06,04,094- രൂപയുടെ പദ്ധതി 951 പദ്ധതികളിൽക്കൂടി കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കി. ജില്ലാ പഞ്ചായത്തുകൾ വഴി 5 കോടി 26 ലക്ഷം രൂപയുടെ 14 ശുദ്ധജല വിതരണ പദ്ധതികൾ ഈ കഴിഞ്ഞ ഒരു വർഷംകൊണ്ട് കേരളത്തിൽ നടപ്പാക്കി. മുനിസിപ്പാലിറ്റികളിലൂടെ 48 പദ്ധതികളിലായി 91,58,264 രൂപയുടെ പ്രവർത്തനങ്ങൾ ഇവിടെ നടപ്പാക്കാൻ കഴിഞ്ഞു. കോർപ്പറേഷനുകളിലൂടെ 1 കോടി 28 ലക്ഷം രൂപയുടെ മൂന്നു പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞു. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തിനൊപ്പം തന്നെ ജനകീയാസൂത്രണ പ്രസ്ഥാനംവഴി കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെട്ട തുകയിൽകൂടി കേരളത്തിൽ ഒരു സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കിക്കൊണ്ട് അതിന്റെ പ്രവർത്തനങ്ങളുമായി ജലസേചന വകുപ്പ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. പാകപ്പിഴകൾ ഇല്ലെന്ന് ഞാൻ പറയുന്നില്ല. പോരായ്മകൾ ഉണ്ടാകും. പോരായ്മകൾ തിരുത്തിക്കൊണ്ടുപോകാൻ കഴിയണം. അതിന് എനിക്കു പറയാനുള്ള ചില നിർദ്ദേശങ്ങൾ ഉണ്ട്. ഇവിടെ വൻകിട പദ്ധതികൾ ഉണ്ട്. 1997-ലെ എക്കണോമിക് റിവ്യൂവിൽ ഒരു കാര്യം പറയുന്നുണ്ട്. വൻകിട പദ്ധതികൾക്ക് 8-ാം പദ്ധതിയിൽ മാത്രം 33,626 ഹെക്ടർ സ്ഥലത്ത് വെള്ളം എത്തിക്കുന്നതിനുവേണ്ടി മുടക്കിയത് 581 കോടി രൂപയാണ്. ഒന്നു മുതൽ എട്ടാം പദ്ധതിവരെയും നമ്മുടെ കേരളത്തിൽ മുടക്കിയത് 2,088 കോടി രൂപയാണ്. 435,695 ഹെക്ടർ സ്ഥലത്ത് വെള്ളം എത്തിക്കുന്നതിനുവേണ്ടി എട്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് നമ്മൾ മുടക്കിയത് 2,088 കോടി രൂപയാണ്. വൻകിട ജലസേചന പദ്ധതികൾ കേരളത്തിൽ പ്രാവർത്തികമാക്കി വരുമ്പോൾ ഉണ്ടാകുന്ന കാലതാമസത്തെ കുറിച്ച് ഒരു പഠനം നടത്തണം. കല്ലടയെ സംബന്ധിച്ച് ഇവടെ പറഞ്ഞു, 13½ കോടി രൂപകൊണ്ട് പൂർത്തീകരിക്കാൻ ശ്രമിച്ച പദ്ധതി ഇന്ന് 400-ൽപ്പരം കോടി രൂപയായിട്ടുപോലും അതു

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കണമെങ്കിൽ ഇനിയും എത്രയോ കോടി രൂപ കൂടി വേണം എന്ന് ഇവിടെ തന്ന മറുപടിയിൽനിന്നും നാമെല്ലാം ചർച്ച ചെയ്ത് മനസിലാക്കിയിട്ടുള്ളതാണ്. ഞാൻ സൂചിപ്പിച്ചത്, പത്തൊമ്പത് വൻകിട ജലസേചന പദ്ധതികളുണ്ട്. ആ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയണമെങ്കിൽ ഇനിയും കോടിക്കണക്കിന് രൂപ വേണം. അതുകൊണ്ടുതന്നെ വൻകിട ജലസേചന പദ്ധതികളെ സംബന്ധിച്ച് അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി, സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ടി, ഉദ്യോഗസ്ഥന്മാരുടെ ശുഷ്ക്കാന്തി ഉണ്ടാക്കിയെടുക്കാൻ കഴിയണം. ഗവണ്മെന്റിന്റെ ശ്രദ്ധ കാര്യക്ഷമമായി അക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം നമ്മുടെ കേരളത്തിൽ ഒട്ടുവളരെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. ആ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ സ്ഥിതി ഇന്ന് രാമേശ്വരത്തെ ക്ഷൗരം പോലെയാണ്. ഒരു കൊല്ലം ആദ്യം മോട്ടോറിന് ടെൻഡർ എടുക്കും, മോട്ടോർ ഷെഡ് പണിയും, രണ്ടുകൊല്ലം കഴിയുമ്പോൾ ഫീൽഡ് ചാനലിനു വേണ്ടി ടെൻഡർ വിളിക്കുന്നു. അതും പണികഴിഞ്ഞ് നാലാമത്തെ കൊല്ലമായിരിക്കും കുളം വെട്ടുന്നതിനുവേണ്ടിയുള്ള ടെൻഡർ എടുക്കുന്നത്. നാലാമത്തെ കൊല്ലം കുളവും വെട്ടി മോട്ടോർ ഷെഡും പണിത്, ചാനലും വെട്ടി കഴിയുമ്പോഴേക്കും ആദ്യം ഉണ്ടാക്കിയ മോട്ടോർ പുര ഇടിഞ്ഞുപോയിരിക്കും. ഫലത്തിൽ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനവും മൈനർ ഇറിഗേഷന്റെ പ്രവർത്തനവും കാര്യക്ഷമമാക്കി മാറ്റുന്നതിന് ജലസേചന വകുപ്പ് താൽപ്പര്യപൂർവ്വമായ ഒരു ഇടപെടൽ നടത്തണം. അങ്ങനെയാണെങ്കിൽ മാത്രമേ ജലസേചന വകുപ്പിന് ഇന്ന് നിലവിലുള്ള കാര്യക്ഷമത ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. അതുപോലെ തന്നെയാണ് പെരിയാർ വാലി. എറണാകുളം ജില്ലയിലെ അഞ്ചുതാലൂക്കുകളിലെ കോതമംഗലം, മൂവാറ്റുപുഴ, പറവൂർ, കുന്നത്തുനാട്, ആലുവ ഉൾപ്പെടെ 9 അസംബ്ലി മണ്ഡലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് 82,000 ഏക്കർ സ്ഥലത്ത് ജലസേചനം എത്തിക്കുന്നതിനുവേണ്ടിയാണ്. പക്ഷെ 1995-ൽ ഗവണ്മെന്റ് പറഞ്ഞതനുസരിച്ച് അത് കംപ്ലീറ്റ് പ്രോജക്ടായി കേന്ദ്ര ഗവണ്മെന്റ് റിപ്പോർട്ട് ചെയ്തു. അതിന്റെ ഫലമായി കമാന്റ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 284 കിലോമീറ്റർ സ്ഥലത്ത് നീളത്തിൽ ഇനിയും ആ കനാൽ വെട്ടിത്തീർക്കാനുണ്ട്. ഒറ്റത്തുള്ളിവെള്ളം പോലും അക്വാഡക്ട് വഴി പറവൂർ താലൂക്കിലേയ്ക്ക് കടത്തിവിടാൻ കഴിയാത്ത ഒരു പദ്ധതിയായി മാറിക്കഴിഞ്ഞിട്ടുണ്ട്. റീ-വാമ്പിംഗ് പദ്ധതിയിൽപ്പെടുത്തി 27 കോടി രൂപയുടെ ഒരു പ്രോജക്ട് ഗവണ്മെന്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഞാൻ മനസ്സിലാക്കിയിടത്തോളം അതിന്റെ കാലാവധി പൂർത്തീകരിച്ചിട്ടില്ല എന്ന ന്യായം പറഞ്ഞുകൊണ്ട് അത് മടക്കിയിരിക്കുകയാണ്. ആ റീ-വാമ്പിംഗ് സ്കീമിൽപെടുത്തി പെരിയാർ വാലിയെ രക്ഷിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. അതല്ലെങ്കിൽ എറണാകുളം ജില്ലയിൽ ബഹുഭൂരിപക്ഷം പ്രദേശവും വലിയ കുഴപ്പത്തിലേയ്ക്ക് നീങ്ങാൻ പോകുകയാണ്. അതുപോലെതന്നെ അതിന്റെ കൗണ്ടർ ഷെൽറ്ററിന്റെ കാര്യം ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച ഈ സഭയിൽ ഉന്നയിച്ചതാണ്. 30 ടൺ ഭാരമുള്ള കൗണ്ടർ ഷെൽറ്ററിനടിയിലാണ് കൗണ്ടർ വെയിറ്റ്. അത് ഡാമിനകത്താണ്. കൗണ്ടർ വെയിറ്റ് ഇല്ലെങ്കിൽ ആ ഡാമിന്റെ മുകളിൽനിന്നും വരുന്ന പള്ളിവാസലിന്റെയും, ലോവർ പെരിയാറിന്റെയും വെള്ളം വന്നു നിറയുമ്പോൾ ആ ഡാം പൊട്ടി നാടിന് അരക്ഷിതാവസ്ഥയും, വലിയ അപകടങ്ങളും ഉണ്ടാകാൻ ഇടയാകും, വീടുകൾ ഒലിച്ചുപോകാൻ ഇടയാകും. അതുകൊണ്ട് ഈയിടെ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ മന്ത്രി അന്ന് സഭയിൽ മറുപടി നൽകുകയുണ്ടായി, ആ നടപടി ത്വരിതപ്പെടുത്തിക്കൊണ്ടുപോകാൻ കഴിയണം. പെരിയാർ വാലിയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ കഴിയണം. അതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ കഴിയണം. ജലസേചന വകുപ്പിലെ എൻ.എം.ആർ. തൊഴിലാളികളുടെ ചില പ്രശ്നങ്ങളുണ്ട്. അതുപോലെ വാട്ടർ അതോറിറ്റിയിലെ എൻ. എം.ആർ. തൊഴിലാളികളുടെയും, താൽക്കാലിക ജീവനക്കാരുടെയും ചില പ്രശ്നങ്ങളുണ്ട്. കുറേയേറെ നാളുകളായി എൻ.എം.ആർ. സർവീസിന്റെ മറ്റാനുകൂല്യങ്ങൾ ലഭിക്കാത്തവരായി അവർ കഴിയുകയാണ്. 15-ഉം, 18-ഉം വർഷമായ താത്ക്കാലിക ജീവനക്കാരുണ്ട്. അവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. അത്തരത്തിൽ അവരുടെ കാര്യക്ഷമത ഉറപ്പുവരുത്തുകയും അവരെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരായി മാറ്റുകയും ചെയ്യുമ്പോൾ കുറേക്കൂടി ഈ വകുപ്പിന്റെ കാര്യത്തിൽ കാര്യക്ഷമത ഉറപ്പുവരുത്താൻ കഴിയും, അത്തരത്തിൽ മുന്നോട്ടുപോകാൻ കഴിയണം. ചില കാര്യങ്ങളിൽ സമയബന്ധിതമായ പരിപാടികൾ നമ്മൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽപോലും ഇക്കാര്യങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് ഒരു പരിശോധന നടത്താൻ കഴിയണം. സമയാസമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി ഒരു റിവ്യൂ നടത്തി നമ്മുടെ ജലസേചന വകുപ്പിനും, വാട്ടർ അതോറിറ്റിക്കും കാര്യക്ഷമതയുടെ കാര്യത്തിൽ എവിടെയെങ്കിലും പാളിച്ചകളോ, പോരായ്മകളോ ഉണ്ടെങ്കിൽ അത് പരിഹരിച്ചു മുന്നോട്ടു പോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം എന്ന് അപേക്ഷിച്ചുകൊണ്ട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എതിർക്കാനുള്ള കാരണം ബഹുമാന്യനായ ശ്രീ. കടമ്മനിട്ടയുടെ പ്രസംഗം കേട്ടപ്പോൾ ഈ ധനാഭ്യർത്ഥനകളെ എത്ര എതിർത്താലും മതിയാവില്ല എന്ന് എനിക്ക് ബോദ്ധ്യമായി. ഒരുവിധം കഴിയുമെങ്കിൽ അദ്ദേഹം ഏതെങ്കിലും രൂപത്തിലൊക്കെ ഗവണ്മെന്റിനെ പ്രൊട്ടക്ടു ചെയ്യാൻ ശ്രമിക്കുന്ന ഒരു പരിപൂർണ്ണ സ്വതന്ത്രനാണ്. എന്നാൽ ഇന്ന് അദ്ദേഹം സത്യസന്ധമായി കുറേ കാര്യങ്ങളൊക്കെ പറഞ്ഞു. സംസ്ഥാനത്ത് ഇറിഗേഷന്റെയും, വാട്ടർ അതോറിറ്റിയുടെയും കീഴിൽ ഒന്നും നടക്കുന്നില്ല എന്ന് അദ്ദേഹം സ്ഥാപിച്ചിരിക്കുകയാണ്. എന്നു മാത്രമല്ല, അദ്ദേഹം അതിന് സാക്ഷിയായി കൊണ്ടുവന്നത് ആ ഭാഗത്തുനിന്നുള്ള ആളകളെയല്ല. ഒരുപക്ഷേ അവർ ഗവണ്മെന്റിനെ രക്ഷപ്പെടുത്താൻവേണ്ടി അത് ശരിയല്ല എന്ന് പറയുമോ എന്ന് ധരിച്ച് ഞങ്ങളുടെ ഭാഗത്തുള്ള ശ്രീ. കെ.കെ. നായരെയാണ് സാക്ഷിയായി ഇവിടെ രണ്ടുമൂന്നു പ്രാവശ്യം ഉദ്ധരിച്ചത്. സത്യസന്ധമായി തന്നെ പറഞ്ഞു. ഞങ്ങൾക്കൊരു മാതൃകയായി അങ്ങ് ഇവിടെ തുടരണം എന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവണ്മെന്റിനെ കുറിച്ച് പറയുമ്പോൾ ഇവിടെ ഒരു കാര്യം വ്യക്തമാണ്. അതിനകത്തുള്ള എം.എൽ.എ.മാരിൽ ചില കക്ഷികൾ ഇന്നില്ല. പ്രസംഗിക്കുന്ന ലിസ്റ്റ് ഞാൻ നോക്കി, ഈ ലിസ്റ്റിൽ ചില കക്ഷികളുടെ പേരില്ല.

സർ, ഇടതുപക്ഷ മുന്നണിയിലെ ഘടക കക്ഷികൾക്കുപോലും അംഗീകരിക്കാൻ കഴിയാത്ത ഒരു ഡിമാന്റാണ് കൊണ്ടുവന്നിട്ടുള്ളത്. അവർ ഇനി വോട്ടുചെയ്യാൻ സമയത്ത് വരുമോ എന്ന് എനിക്കറിയില്ല; പ്രസംഗിക്കാനില്ല. ബഹിഷ്കരിച്ചിരിക്കുകയാണ്..... അവിടെ ചിലർ ബഹിഷ്കരിച്ചു. ചില ആളുകൾ ഇരുന്നുകൊണ്ട് അതിനെ എതിർത്തു, അവസാനം ശ്രീ. വർഗ്ഗീസ്

LIBRARY ARCHIVES Kerala Legislative Assembly

എത്തപ്പെട്ടത് അവിടെത്തന്നെയാണ്. ഞാൻ അതിലേക്ക് ഒന്നും കടക്കുന്നില്ല. ഏതായാലും ഞാൻ ഒരു കാര്യം പറയട്ടെ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട ആര്യാടൻ അവർ നിയമസഭ ബഹിഷ്കരിച്ചതായിട്ട് ചെയറിന് അറിയില്ല,..... എഴുതിത്തരണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ചെയറിനെ അറിയിക്കാതെ എത്ര ബഹിഷ്ക്കരണം നടക്കാറുണ്ട്, എല്ലാം ചെയറിനെ അറിയിച്ചുകൊണ്ടാണോ, മാലോകരെ അറിയിച്ചുകൊണ്ടും ബഹിഷ്കരണം നടക്കാറുണ്ട്. ഏതായാലും അതൊക്കെ അവരുടെ ആഭ്യന്തരകാര്യം. ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. ഒരു കാര്യം ഞാൻ പറയട്ടെ. ഇവിടെ നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സഹായിക്കുന്ന മൂന്നു പ്രധാനഘടകങ്ങൾ, ഒന്ന്, പ്രൈമറി സെക്ടർ, രണ്ട്, സെക്കന്ററി സെക്ടർ, മറ്റൊന്ന്, ടെർഷ്യറി സെക്ടർ. ഈ മൂന്നു സെക്ടറിൽ ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായിരിക്കുന്നത് പ്രൈമറി സെക്ടറാണ്. കൃഷിയാണ് ആ പ്രൈമറി സെക്ടർ. അത് ശക്തിപ്പെടുത്താതെ നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടന ഭദ്രമാക്കാൻ നമുക്ക് സാധിക്കുകയില്ല. ഇവിടെ കാർഷികമേഖല, അത് ഉയർത്തണമെങ്കിൽ പ്രധാനമായും വേണ്ടത് എന്താണ്, വെള്ളമാണ് വേണ്ടത്. അതു കൊടുക്കാൻ സാധിച്ചാൽ യാതൊരു സംശയവും വേണ്ട നമ്മുടെ കാർഷിക മേഖലയിൽ നമുക്ക് വളർച്ചയുണ്ടാക്കാൻ സാധിക്കും. അത് നമ്മുടെ സമ്പദ്ഘടനയെ വളരെയധികം സഹായിക്കാൻ സാധിക്കും. സർ, വ്യവസായത്തിന് പരിമിതികളുണ്ട്, സെക്കന്ററി സെക്ടർ, ഞാൻ അതിലേയ്ക്ക് ഒന്നും കടക്കുന്നില്ല. ടെർഷ്യറി സെക്ടറിന്റെ വളർച്ചകൊണ്ട് വലിയ പ്രയോജനം ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല. അപ്പോൾ പരമപ്രധാനം പ്രൈമറി സെക്ടിനാണ്. കൃഷിക്കാർ അതിൽ ഏറ്റവും പ്രധാനം. കൃഷിയെ അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ ഏറ്റവും പ്രധാനം ഇറിഗേഷനാണ്. ആ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? അപ്പുറത്തുള്ളവർ പറയുന്നതുകേട്ടാൽ തോന്നും ഈ രാജ്യത്ത് രണ്ടായിരമാണ്ടോടുകൂടി എല്ലാ മൂലയിലും വെള്ളം, എല്ലാ പേർക്കും കുടിവെള്ളം. എന്താണ് വസ്തുത, എന്താണ് യാഥാർത്ഥ്യം? ഞാൻ ഒരു കാര്യം ചോദിക്കട്ടെ, നമ്മുടെ സമ്പദ്ഘടനയിൽ 1995-96-ൽ ഉണ്ടായ സ്ഥിതി നിങ്ങളൊന്നു നോക്കണം. ഇക്കണോമിക് റിവ്യൂവിലെ കണക്കാണ് ഞാൻ പറയുന്നത്. 1996-97-ൽ നിങ്ങളുടെ ഭരണംതന്നെയാണ്, നമ്മുടെ സമ്പദ്ഘടനയിൽ പ്രൈമറി സെക്ടറായ കൃഷിയുടെ കോൺട്രിബ്യൂഷൻ എന്നു പറയുന്നത്, 31.5 ശതമാനമാണ്. ഇക്കണോമിക് റിവ്യൂ എടുത്തു നോക്കൂ. 31.5 ശതമാനം, എന്നാൽ 1997-98-ൽ വന്നപ്പോൾ അതിലെ കോൺട്രിബ്യൂഷൻ 30.8 ശതമാനമായി ചുരുങ്ങി എന്നുമാത്രമല്ല ഞാൻ പറയട്ടെ, അത് താഴോട്ടുപോകുകയാണ്. കൃഷി വികസനത്തിന് ഏറ്റവും ആവശ്യം വെള്ളമല്ലേ, സർ, നമ്മുടെ സംസ്ഥാനത്ത് 1974-ലെ പി.ഡബ്ല്യൂ.ഡി.യുടെ ഒരു സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടത് കൃഷിക്കുവേണ്ടി മാത്രം മൂവായിരം കോടി ഘനമീറ്റർ വെള്ളം ആവശ്യമാണ് എന്നാണ്. ഒരു വർഷത്തിൽ നമ്മുടെ ഗാർഹികാവശ്യങ്ങൾക്ക് 750 കോടി ഘനമീറ്റർ വെള്ളം വേണം. 1220 കോടി ഘനമീറ്റർ വെള്ളം, ഉപ്പുവെള്ളം തടയാൻ നമുക്ക് ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം ഏഴായിരത്തി മുപ്പതു കോടി ഘനമീറ്റർ മഴവെള്ളം ഒരു വർഷം ശരാശരി ഉണ്ടാകുന്നുണ്ട്. അതാണ് നാം കണക്കാക്കിയിട്ടുള്ളത്. ഈ വെള്ളം സംഭരിക്കാൻ വേണ്ടി സാധിക്കണം. അത് സംഭരിക്കുന്നതിന് സ്വാഭാവികമായും നാം ആദ്യമൊക്കെ മുൻതൂക്കം നൽകിയത് മേജർ ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

മീഡിയം ഇറിഗേഷൻ പ്രോജക്ടുകൾക്കുവേണ്ടിയാണ്. യഥാർത്ഥത്തിൽ അത് ഇനിയും നാം പരിശോധിക്കേണ്ടതാണ്. മഴവെള്ളത്തെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ അതിന് നാം ഇതുവരെ പറഞ്ഞിരുന്ന മുൻതൂക്കമൊക്കെ നൽകിയിട്ടും ഏകദേശം ഇരുപത്തിയഞ്ചു ശതമാനം മാത്രമാണ് നമുക്ക് ഇന്ന് ഉപയോഗിക്കാൻ കഴിയുന്നത്. ആയിരത്തി ഒരുന്നൂറ്റി എൺപത് കോടി ഘനമീറ്റർ ഭൂഗർഭജലമുണ്ട്. അതിൽ ഏകദേശം അഞ്ഞൂറ്റിതൊണ്ണൂറ് കോടി ഘനമീറ്റർ ജലം മാത്രമാണ് നാം ഉപയോഗിക്കുന്നത്. ബാക്കിയൊന്നും ഉപയോഗിക്കാൻ സാധിക്കുകയില്ല. ഇതു നമുക്ക് ഉപയോഗിക്കാൻ കഴിയണം. അതിനുള്ള പദ്ധതികളാണ് വേണ്ടത്. അതിനുവേണ്ടിയാണ് ഞങ്ങളുടെ കാലത്ത് ശ്രമിച്ചിട്ടുള്ളത്. അത്രയൊന്നും ഇല്ലെങ്കിലും കുറച്ചൊക്കെ നിങ്ങളുടെ കാലത്തും ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് എനിക്കു പറയാനുള്ളത് ഇത്രയൊക്കെ വെള്ളം നമ്മുടെ സംസ്ഥാനത്ത് ഉപയോഗിക്കാൻ കഴിയുന്നുണ്ടോ, കഴിയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് 44 നദികളാണ് ഉള്ളത്. 44 നദികൾ എന്നു പറഞ്ഞാൽ വലിയ കാര്യമാണ്. സർ, എന്റെ നിയോജകമണ്ഡലം ഏഴ് നദികൾ ഉള്ള സംസ്ഥാനമാണ്. നാൽപ്പത്തിനാലിൽ ഏഴെണ്ണം ഒഴുകുന്നത് എന്റെ നിയോജകമണ്ഡലത്തിൽക്കൂടിയാണ്. ഈ നദികളുടെ സ്ഥിതിയെന്താണ്. ഇതൊക്കെ കേവലം ചെറിയ നദികളാണ്. സാങ്കേതികമായ നദികളാണ്, സാങ്കേതികമെന്നു പറഞ്ഞാൽ എന്താ? 15 കിലോമീറ്റർ ഒഴുകിയാൽ അത് നദിയാണ്. മറ്റേതൊക്കെ തോടായിപ്പോയി. അങ്ങനെയാണ് ഈ 44 നദികൾ എന്നു പറയുന്നത്. സർ, നർമ്മദയിലെ വെള്ളം ഈ 44 നദികളിലില്ല. കാവേരിയിലെ വെള്ളം ഈ 44 നദികളിലില്ല. സർ, നമുക്ക് ഒരൊറ്റ മേജർ നദിയില്ല. ആകെയുള്ളത് നമുക്ക് നാല് മീഡിയം നദികളാണ്. ചാലിയാർ, ഭാരതപ്പുഴ, അതുപോലെതന്നെ പെരിയാർ, പമ്പാ, അങ്ങനെ നാലു നദികളാണ് ഇന്ന് നമുക്ക് ഉള്ളത്.

<u>ശ്രീ. കെ.എം. മാണി</u> : അപ്പോൾ പാലായിൽകൂടി ഒഴുകുന്നതോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : പാലായിൽക്കൂടി ഒഴുകുന്നതെല്ലാം മേജറാണ്. ഏതായാലും ഇതൊക്കെയാണ് യാഥാർത്ഥ്യം. ഈ വെള്ളമൊക്കെ നമുക്ക് തടഞ്ഞു നിർത്താൻ കഴിയുന്നുണ്ടോ? കഴിയുന്നില്ല. നമ്മുടെ മേജർ ഇറിഗേഷനുവേണ്ടി ചെലവിട്ട പണം അത് നമ്മൾ പുനഃപരിശോധന ചെയ്യണം. ഇവിടെ ഒന്നാം പദ്ധതി മുതൽ 1998 മാർച്ച് 31 വരെ ചെലവിട്ടത് നിങ്ങൾ പരിശോധിച്ചോ. ഞാൻ ഇക്കണോമിക് റിവ്യൂവിലെ കണക്കാണ് പറയുന്നത്. 1998 മാർച്ച് 31 വരെ നമ്മുടെ നെറ്റ് ഏരിയ, അഥവാ ഇറിഗേറ്റ് ചെയ്യാൻ കഴിഞ്ഞത് 2.19 ലക്ഷം ഹെക്ടർ സ്ഥലമാണ്. അതിന് വേണ്ടി ചെലവഴിച്ച സംഖ്യയെത്രയാണെന്ന് അറിയാമോ, 1604 കോടി ഉറുപ്പികയാണ്. മൈനർ ഇറിഗേഷൻ 2.12 ലക്ഷം ഹെക്ടർ, അതിനുവേണ്ടി ചെലവിട്ട സംഖ്യയോ 703 കോടി ഉറുപ്പിക. സർ, മേജർ, മീഡിയം, ഇറിഗേഷന് ഒരു ഹെക്ടറിൽ നമുക്ക് വന്ന ഇൻവെസ്റ്റുമെന്റ് എന്നുപറയുന്നത് 73242 കോടി ഉറുപ്പികയാണ്. അതേ അവസരത്തിൽ മൈനർ ഇറിഗേഷനിൽ നാം ചെലവഴിച്ചത് 33160 കോടി ഉറുപ്പികയാണ്. സർ, നമ്മുടെ നയത്തിൽ വ്യത്യാസം വരുത്തണ്ടേ, ഈ മേജർ പ്രോജക്ട്, മീഡിയം പ്രോജക്ട്, അതിനെ കോൺസൻട്രേറ്റു ചെയ്തുകൊണ്ട് അതിനുവേണ്ടി പണം ചെലവിടുന്നു. ആ പണം വേണ്ടവിധത്തിൽ നമുക്ക് വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നു. ഇവിടെ കണക്കുകൾ പറഞ്ഞു, ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. കല്ലട തന്നെ ഉദാഹരണം. 13.28 കോടി രൂപയുടെ എസ്റ്റിമേറ്റ് ആയിരുന്നു. അത് 698 കോടി രൂപയായി.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ നില്ക്കുന്നില്ല. എല്ലാ പ്രോജക്ടുകളും അങ്ങനെയാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ശ്രീ. ജി. സുധാകരനെപ്പോലുള്ള ബുദ്ധിജീവികൾക്ക് ആഗ്രഹമുണ്ടെങ്കിലും എനിക്കു സമയമില്ലാത്തതുകൊണ്ട് കഴിയുന്നില്ല. ഇതിൽ ഒരു ചെറിയ വ്യത്യാസം വേണം. 15 ഓൺ ഗോയിംഗ് സ്കീംസ് ഉണ്ട്. അത് അടിയന്തിരമായി തീർക്കാൻ നോക്കുക. പുതിയതിലേയ്ക്ക് കോൺസൻട്രേറ്റ് ചെയ്തിട്ടു കാര്യമില്ല. അതിനുവേണ്ടി കുറെ പണം ചെലവിട്ടതുകൊണ്ട് കാര്യമില്ല. നമുക്ക് കുറച്ചുകൂടി മൈനർ ഇറിഗേഷനുവേണ്ടി നൽകണമെന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് കൂടുതൽ പ്രയോജനമുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സർ, ഇപ്പോൾ നമ്മുടെ ഓൺഗോയിംഗ് പ്രോജക്ട്സ് 15 എണ്ണമുണ്ട്. വാസ്തവത്തിൽ ഒരുകാര്യം നിങ്ങൾ മനസ്സിലാക്കണം. ഞാൻ ശ്രീ. സുധാകരന്റെ ഓർമ്മയ്ക്കുവേണ്ടി പറയുകയാണ് ഇക്കണോമിക് റിവ്യൂ, പേജ് 69, ടേബിൾ 23 - Project-wise details of the on-going projects – ഇതൊക്കെ തുടങ്ങിയ കാലമൊക്കെ നോക്കണം, ശ്രീ. സുധാകരാ. കല്ലട പ്രോജക്ട് തുടങ്ങിയത് എന്നാണെന്ന് അറിയാമോ? 1961-ൽ ഞങ്ങൾ ഭരിക്കുമ്പോൾ. ചിമ്മിനി പ്രോജക്ട് 1975-ൽ ഞങ്ങൾ ഭരിക്കുമ്പോൾ, കാഞ്ഞിരപ്പുഴ 1961-ൽ ഞങ്ങൾ ഭരിക്കുമ്പോൾ, പഴശ്ശി 1962-ൽ ഞങ്ങൾ ഭരിക്കുമ്പോൾ, മൂവാറ്റുപുഴ 1974-ൽ ഞങ്ങൾ ഭരിക്കുമ്പോൾ, വാമനപുരം 1981-ൽ ശ്രീ. നായനാർ ഞങ്ങളുടെ കൂടെയുള്ള കാലത്ത്. ഇടമലയാർ 1981-ൽ ശ്രീ. നായനാർ ഞങ്ങളുടെ കൂടെയുള്ള കാലം. കരിയാർകുറ്റി-കാരപ്പാറ, 1978-ൽ ഞങ്ങളുടെ കാലത്ത്, കാക്കടവ് 1978-ൽ, അട്ടപ്പാടി 1975-ൽ, കാരാപ്പുഴ 1976-ൽ, ബാണാസുര സാഗർ 1979-ൽ, ചമ്രവട്ടം 1985-ൽ. ഇതൊക്കെ ഞങ്ങളുടെ കാലത്ത് തുടങ്ങിയതാണ്. ഇത് ഞാൻ ഉണ്ടാക്കിയ രേഖയല്ല. ഇത് പ്ലാനിംഗ് ബോർഡിലെ ശ്രീ. ശ്രീധരനും കൂട്ടരും ഉണ്ടാക്കിയ രേഖയാണ്. നിങ്ങൾ മനസ്സിലാക്കണം. എല്ലാം നിങ്ങളുടേതാണ്, ഇപ്പുറത്ത് ഒന്നുമില്ലെന്ന് അല്ലേ സമർത്ഥിക്കുന്നത്? ഞാൻ പറയുന്നത് ഇതിനൊക്കെയുള്ളപണം നിങ്ങൾ അടിയന്തിരമായി കണ്ടെത്തി ആ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കണമെന്നാണ്.

സർ, ഒരുകാര്യം കൂടി പറയാനുണ്ട്. നമ്മുടെ പദ്ധതികൾ എല്ലാം നീണ്ടുപോകുന്നു. പ്രത്യേകിച്ച് മേജർ, മീഡിയം പദ്ധതികൾ. അത് നമുക്ക് വലിയ നഷ്ടമായിത്തീരുന്നു. ഞങ്ങളുടെ കാലത്തും നീണ്ടുപോയിട്ടുണ്ട്. നിങ്ങളുടെ കാലത്ത് കൂടുതൽ നീണ്ടുപോകുന്നു. നമ്മൾ ഇപ്പോൾ ചെയ്യുന്ന കാര്യമെന്താണ്? മൂവാറ്റുപുഴ വാലി സ്കീം, ഞാൻ പറയട്ടെ, അവിടെയിരിക്കുന്ന ശ്രീ. ടി.കെ. ബാലൻ, ശ്രീ. കബീർ മാസ്റ്റർ, ഞങ്ങളൊക്കെ പി.എ.സി. മെമ്പർമാരായി അവിടെ പോയതാണ്. എന്താണ് സ്ഥിതി? നിങ്ങളുടെ വിജിലൻസ് അന്വേഷണം. എന്ത് അന്വേഷണം വേണമെങ്കിലും നിങ്ങൾ നടത്തിക്കൊള്ളൂ. ഞങ്ങൾ എതിരല്ല. അവിടെ മുഴുവൻ കനാലിനുവേണ്ടി കുഴിച്ച് വീട്ടുകാർക്കൊക്കെ ശല്യമാക്കിക്കൊണ്ട് ആ പദ്ധതി നിങ്ങൾ തകർത്തിരിക്കുകയാണ്. വിജിലൻസ് കേസ് എടുത്തോ? നിങ്ങൾ എന്ത് അന്വേഷണം വേണമെങ്കിലും നടത്തിക്കൊള്ളൂ. പക്ഷേ, ആ വർക്ക് നടത്താൻ ഫയലില്ല. ഫയൽ വിജിലൻസിന്റെ കൈയ്യിലാണ്. എന്നിട്ട് അവിടെ കമ്മിറ്റി ചെന്ന സന്ദർഭത്തിൽ നാട്ടുകാർ നൽകിയ നിവേദനം അവർക്ക് വീട്ടിലേക്ക് കടക്കാൻ നിർവ്വാഹമില്ലെന്നാണ്. ജോലി പകുതിയാക്കിയിരിക്കുന്നു. അക്കാര്യത്തിൽ ഒന്നു മാത്രം പറയട്ടെ. അതുപോലെ ഒരു പ്രോജക്ട് കേരളത്തിലില്ല. ഇടുക്കിയിലെ വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കൂട്ടുന്നതിനാണ് ആ പ്രോജക്ട്. ആ പ്രോജക്ടിന്റെ സവിശേഷത എന്ന് പറയുന്നത് വേനൽക്കാലത്താണ് ഏറ്റവും കൂടുതൽ വെള്ളം കിട്ടുന്നത്. ജനറേഷൻ കൂടുതൽ നടക്കുന്നത് വേനൽക്കാലത്താണ്. വേനൽക്കാലത്ത് ഏറ്റവും കൂടുതൽ വെള്ളം കിട്ടുന്ന ആ പദ്ധതിപോലും നിങ്ങൾ അന്വേഷണത്തിന്റെ പേര് പറഞ്ഞുകൊണ്ട് തകർത്തിരിക്കുകയാണ്. ഞാൻ നിങ്ങളോട് ഒന്നേ പറയുന്നുള്ളൂ. അന്വേഷണം ഒരുഭാഗത്ത് നടക്കട്ടെ. ഈ വർക്കുകൾ നടക്കാനുള്ള വേറെ ഏർപ്പാടുകൾ വേണം. അതല്ലെങ്കിൽ സംഭവിക്കാൻ പോകുന്നത് തുക നാലിരട്ടിയായി വർദ്ധിക്കും. നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. രാഷ്ട്രീയത്തിനുവേണ്ടിയുള്ള നിങ്ങളുടെ അന്വേഷണമാണ്. എന്ത് വേണമെങ്കിലും അന്വേഷിച്ചോളൂ. യാതൊരു വിരോധവുമില്ല. പക്ഷേ, ആ വർക്ക് മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികൾ ഉണ്ടാകേണ്ടേ? കല്ലടയുടെ സ്ഥിതിയെന്താണ്? ഇക്കൊല്ലം നിങ്ങൾ ബഡ്ജറ്റിൽ 40 കോടി രൂപ വച്ചിരിക്കുന്നു. ഞാൻ ചോദിക്കട്ടെ, അതിൽ 22 കോടി രൂപ എന്തിനാണെന്നറിയാമോ? ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കാനുണ്ട്. ബാക്കി 18 കോടി രൂപയാണ് വർക്ക് ചെയ്യാനുള്ളത്. ഇതുപോലെയല്ലേ നിങ്ങൾ പ്രോജക്ടുകൾ നടത്തുന്നത്? നിങ്ങൾ ഇപ്പോൾ മറ്റ് പദ്ധതികളെക്കുറിച്ച് പറഞ്ഞു. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഇവിടെ മറുഭാഗത്തുനിന്ന് പ്രസംഗിക്കുന്നത് കേട്ടല്ലോ. ഈ ഭരണകാലത്ത് എല്ലാ ചെറുകിട ജലസേചന പദ്ധതികളും ഭംഗിയായി നടക്കുന്നു. എല്ലാ മേജർ പ്രോജക്ടുകളും ഭംഗിയായി നടക്കുന്നു എന്നല്ലേ പ്രസംഗിച്ചത്? ഞാൻ നിങ്ങളോട് ഒരുകാര്യം പറയാം. നമ്മൾ മാർച്ച് മാസത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഡിമാന്റ് ആണല്ലോ പാസ്സാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഡിപ്പാർട്ടുമെന്റ് സംസ്ഥാന ജലസേചന വകുപ്പ് സബ്ജക്ട് കമ്മിറ്റി മെമ്പർമാർക്ക് കൊടുത്ത നിങ്ങളുടെ നോട്ടാണിത്. അതിലെ ചില കാര്യം ഞാൻ പറയാം. അതിന്റെ സ്റ്റേറ്റ്മെന്റ് 1-ൽ പറയുന്ന ഒരുകാര്യം പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച ചെറുകിട ജലസേചന പണികൾ - 50 ഹെക്ടറിന് താഴെയുള്ളതിന് 1997-98 സാമ്പത്തികവർഷത്തെ ഫണ്ടിൽ മതിയായ ഫണ്ട് ഇല്ലാത്ത വിവിധ ഡിവിഷൻ ഓഫീസുകളിൽ 875.86 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്. എന്നുമാത്രമല്ല, 1999-2000 വർഷത്തെ ബഡ്ജറ്റിൽ ശുപാർശ ചെയ്തത് 1770.33 ലക്ഷം രൂപയാണ്. പക്ഷേ, ബഡ്ജറ്റിൽ 100 ലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളൂ. 1770 ലക്ഷം രൂപ വേണം. ഈ ബഡ്ജറ്റിൽ വകയിരുത്തിയത് എത്രയാണ്? 100 ലക്ഷം രൂപ. 1670 ലക്ഷം രൂപയില്ല. നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ജലസേചനത്തിന് വലിയ മുൻഗണനയാണ് നൽകുന്നത്. രണ്ടാമത്തെ കാര്യം ചെറുകിട ജലസേചന പണികളുടെ കേടുപാടുകൾ തീർക്കൽ 1822.85 ലക്ഷം രൂപ ആവശ്യപ്പെട്ട സ്ഥാനത്ത് തുകയൊന്നും ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ഒരു മൈനർ ഇറിഗേഷൻ കെട്ട് പൊളിഞ്ഞാൽ അവിടെ ഒരു കിലോ സിമന്റ് വാങ്ങിയിടാൻ ഒരു നയാപൈസ പോലും ഇതിൽ വകയിരുത്തിയിട്ടുണ്ടോ? നിങ്ങൾ ഇപ്പോൾ പാസ്സാക്കുന്നുണ്ടോ. നിങ്ങൾ കണ്ടമാനം പണം ചെലവാക്കുന്നു എന്ന് പറഞ്ഞല്ലോ. ഇവിടെ എന്താ, ചെറുകിട അണക്കെട്ടുകൾ ഒന്നും പൊട്ടില്ലേ? അതിന് റിപ്പയർ വേണ്ടേ? അതിന് പണം വേണ്ടേ? ഒരു പൈസ വകയിരുത്താൻ നിങ്ങൾക്ക് സാധിച്ചോ? നിങ്ങളാണോ ഈ ബഡ്ജറ്റിനെ പുകഴ്ത്തുന്നത്? ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - 1878.81 ലക്ഷം രൂപയാണ് ഈ വർഷത്തെ വർക്കിന് ചേർക്കാൻ അഭ്യർത്ഥിച്ചത്. പക്ഷേ, 809.28 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. 1000 ലക്ഷം രൂപയില്ല. ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം എങ്ങനെ നടത്തും? അതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി നൽകിയ പണം എത്രയാണ്? എന്നിട്ട് ഈ ബഡ്ജറ്റിനെ പുകഴ്ത്തുകയാണ്.

സർ, വെള്ളപ്പൊക്കം നാശംമൂലമുള്ള അറ്റകുറ്റപ്പണികൾ വെള്ളപ്പൊക്കം മൂലമുള്ള ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കെടുതികൾ പോക്കുന്നതിന് ആവശ്യമായ തുക ഈ ഹെഡിൽ വഹിക്കേണ്ടതാണ്. ഇതിന് ബഡ്ജറ്റിൽ ശുപാർശ ചെയ്തത് 1207.95 ലക്ഷം രൂപയാണ്. പക്ഷേ, ബഡ്ജറ്റിൽ 210 ലക്ഷം രൂപയേയുള്ളൂ. നമ്മുടെ സംസ്ഥാനത്ത് നല്ലതുപോലെ ചെറുകിട ജലസേചനം നടക്കും. ജനകീയ ജലസേചന പദ്ധതി 1993-94-ൽ ഞങ്ങൾ ഉണ്ടാക്കിയതാണ്. ഒരു നയാ പൈസ അതിനുവേണ്ടി ഈ ബഡ്ജറ്റിൽ വകയിരുത്തിയോ, മി. രാമകൃഷ്ണപിള്ള. അതിന് നിങ്ങൾക്ക് സാധിച്ചോ? അത് ആർക്കുവേണ്ടിയാണ്? 50 ഹെക്ടറിന് താഴെയുള്ള പാവപ്പെട്ടവരെ സംഘടിപ്പിച്ചുകൊണ്ട് കോൺട്രാക്ടേഴ്സിന്റെ വിഹിതമില്ലാതെ പബ്ലിക് കോൺട്രിബ്യൂഷനിൽ നടക്കുന്ന വർക്കിന് ഒരു പൈസ മാറ്റിവയ്ക്കാൻ സാധിച്ചോ? ഈ വർഷം ആ ഹെഡിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. അങ്ങയുടെ ഡിപ്പാർട്ടുമെന്റാണ് പറയുന്നത്. അതുപോലെ ക്ലാസ് 2-ചെറുകിട ജലസേചനത്തിന്റെ അറ്റകുറ്റപ്പണി, റിപ്പയർ - എന്നാൽ ഈ വർഷം പ്രസ്തുത കണക്കിൽ തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല. 1998-99 വർഷത്തെ കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുന്നതിന് 500 ലക്ഷം രൂപ വേണം. ഇക്കൊല്ലം പണിചെയ്യാൻ ഒരു പൈസ പോലുമില്ല. കഴിഞ്ഞക്കൊല്ലം ചെയ്തു തീർത്ത കോൺട്രാക്ടർമാർക്ക് കൊടുക്കാൻ 500 ലക്ഷം രൂപ വേണം. ഒരു പൈസ വകയിരുത്തിയിട്ടുണ്ടോ? ഇതാണോ നിങ്ങളുടെ ബഡ്ജറ്റ്? ഇതാണോ നിങ്ങളുടെ ഡിമാന്റ്? ചെറുകിട ജലസേചന പദ്ധതികളെപ്പറ്റി വിശദമായ അന്വേഷണം അതിനും പൈസയില്ല. അന്വേഷണത്തിന്റെ കാര്യമൊക്കെ പോകുന്നു. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണം - കഴിഞ്ഞ രണ്ട് വർഷമായി ഈ ഹെഡിൽ ഒരു പൈസപോലും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിനായി ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികൾ നടപ്പിലാക്കിയ വകയിൽ 25 ലക്ഷം രൂപ കൊടുത്തുതീർക്കാനുണ്ട്. ശ്രീ. ആന്റണി രാജു തിരുവനന്തപുരം നഗരത്തിൽ ചെയ്ത കാര്യങ്ങൾ പറഞ്ഞല്ലോ.

<u>മി. സ്പീക്കർ</u> : പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഇനിയും ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ മാത്രം പറയുകയാണ്. എനിക്കറിയാം സർ, തലസ്ഥാനത്തിന്റെ കാര്യം പറയുമ്പോൾ അങ്ങേയ്ക്ക് ഇഷ്ടപ്പെടുകയില്ല. അല്ലെങ്കിൽ രണ്ടു മിനിറ്റുകൂടെ എനിക്ക് തരില്ലേ? അങ്ങും ഞാനും ഈ ഭാഗത്തുള്ളവരും ഈ സംസ്ഥാനത്തുള്ളവരും തലസ്ഥാനത്തിന്റെ കാര്യത്തിൽ താൽപ്പര്യമുള്ളവരാണ്. അതിനെപ്പോലും അവഗണിക്കുന്നുവെന്നാണ് എന്റെ കേസ്സ്.

സർ, വെള്ളപ്പൊക്കം തടയാൻ രണ്ടുവർഷമായി ഒരു നയാപൈസ മാറ്റിവച്ചോ? ഈ വർഷം പണമുണ്ടോ? ഒരു പൈസ മാറ്റിവയ്ക്കാൻ സാധിച്ചില്ല. അപ്പോൾ തലസ്ഥാനത്തോടുള്ള നിങ്ങളുടെ മനോഭാവം ഇതായാൽ ഗ്രാമത്തിന്റെ സ്ഥിതിയെന്താണെന്ന് നിങ്ങൾ ആലോചിക്കണം.

സർ, പച്ചക്കറിയുടെ വർദ്ധനവിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. നിങ്ങൾ വെള്ളം കൊടുത്തതിന്റെ കണക്ക് ഇക്കണോമിക് റവ്യൂവിൽ പേജ്

LIBRARY ARCHIVES Kerala Legislative Assembly

72-ൽ ടേബിൾ 4.25-ൽ കൊടുത്തിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ കോട്ട് ചെയ്യുന്നില്ല. പച്ചക്കറി, നെല്ല്, നാളികേരം എന്നിവയുടെ കൃഷിക്ക് 1995 -96-ൽ ഞങ്ങൾ കൊടുത്ത വെള്ളം നിങ്ങൾക്ക് കൊടുക്കാൻ സാധിച്ചോ? ഇല്ല. മൊത്തം ഇറിഗേറ്റഡ് ഏരിയയെ സംബന്ധിച്ചിടത്തോളം ഞാൻ സമയമില്ലാത്തതുകൊണ്ട് കോട്ട് ചെയ്യുന്നില്ല. അത് കുറഞ്ഞിരിക്കുകയല്ലേ? പ്രൊട്ടക്റ്റഡ് വാട്ടർ സപ്ലൈയെ സംബന്ധിച്ച് ഇക്കണോമിക് റവ്യൂവിന്റെ പേജ് 150-ൽ ടേബിൾ 9.14-ൽ പറയുന്നുണ്ട്. 1995-96-നേക്കാളും 1996-97-ൽ കുറഞ്ഞിരിക്കുന്നു.

സർ, വാട്ടർ മീറ്റർ കേടുവന്നാൽ എന്താണ് സ്ഥിതി? മീറ്റർ കേടുവന്നാൽ ഞങ്ങളുടെ കാലത്തൊക്കെ നന്നാക്കിക്കൊടുക്കുമായിരുന്നു. ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നറിയുമോ? അത് അറിയുകയില്ല. എന്നിട്ട് ബിൽ അടയ്ക്കാൻ ചെന്നാൽ 50% കൂടുതൽ ഫൈനായി കൊടുക്കണം. ഒരു മാസം കഴിഞ്ഞാൽ ഫൈൻ 25 ശതമാനം, പിന്നെയും ഒരു മാസം കഴിഞ്ഞാൽ 50 ശതമാനം. കുടിവെള്ളത്തിന് നിങ്ങൾ എത്രയാണ് ചാർജ്ജ് വർദ്ധിപ്പിച്ചത്? നിങ്ങൾ പറയും 15 മുതൽ 35 ശതമാനം വരെയെന്ന്. അടയ്ക്കുന്നവരൊക്കെ 35-ഉം, 40-ഉം ശതമാനമാണ് അടയ്ക്കുന്നത്. അതാണ് സ്ഥിതി? കുടിവെള്ളത്തിനുവരെ നിങ്ങൾ ഇവിടെ ചാർജ്ജ് വർദ്ധിപ്പിച്ചില്ലേ? എന്നിട്ടോ ഫൈൻ ഈടാക്കുന്നു. മീറ്റർ കേടായാൽ ആളുകളെ നിങ്ങൾ അറിയിക്കാറുണ്ടോ? ബിൽ കൊടുക്കാറുണ്ടോ? ചാർജ് അടക്കാൻ ചെന്നാൽ 50 ശതമാനം ഫൈൻ ഈടാക്കുന്നു.

സർ, ഈ ഗവണ്മെന്റിന്റെ കാര്യക്ഷമതയെക്കുറിച്ച് അപ്പുറത്തുനിന്ന് പറഞ്ഞല്ലോ. ഒ.ഇ.സി.എഫ്. ഉണ്ടാക്കിയത് ഞങ്ങളാണ്. ബഹുമാന്യനായ ടി. എം. ജേക്കബ്, എ.കെ. ആന്റണി എന്നിവരുടെ കുഞ്ഞാണ് ഈ ജപ്പാൻ പദ്ധതി. ഫയൽ എടുത്തു നോക്കൂ. ഞങ്ങൾ പോയതിനുശേഷമാണ് അതിന്റെ പ്രൊപ്പോസലും എഗ്രിമെന്റും ഡൽഹിയിൽ വച്ചത്. അത് ഞാൻ സമ്മതിക്കുന്നു. ഇതാണ് സത്യം. 1787.48 കോടി രൂപയുടെ സ്കീമാണെന്നാണ് മന്ത്രി ഇവിടെ എഴുതിത്തന്നത്. മൂന്നുകൊല്ലമായിട്ടും ഒരു കൺസൾട്ടന്റിനെ വയ്ക്കാൻ കഴിയാത്തതിന്റെ ഫലമായി ആ പ്രോജക്ട് ഒരു പക്ഷെ നഷ്ടപ്പെട്ടേയ്ക്കും. ഇതിനോടൊപ്പം തുടങ്ങാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതി ബീഹാറിൽ തുടങ്ങിക്കഴിഞ്ഞു. ഇതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുകയില്ല. ഈ പ്രോജക്ട് കേരളത്തിന് നഷ്ടമായാൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും അവിടെ ഇരിക്കുന്ന മുഖ്യമന്ത്രി ശ്രീമാൻ നായനാർക്ക് ആയിരിക്കും. ആ കാര്യത്തിൽ സംശയം വേണ്ട.

<u>ശ്രീ. ടി.കെ. ഹംസ</u> : അങ്ങ് ഇപ്പോൾ വളരെ ആവേശകരമായിട്ടാണ് സംസാരിക്കുന്നത്. രണ്ടുതവണ മന്ത്രിയായിരുന്ന കാലത്ത് ഈ വികാരം എവിടെപ്പോയി? രാജ്യം നന്നാക്കിക്കൂടായിരുന്നോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഹുമാനപ്പെട്ട ഹംസേ, അന്ന് ഞങ്ങൾ ചെയ്തതുകൊണ്ടല്ലേ ഇന്ന് നിങ്ങൾക്ക് അവിടെ ഇരിക്കാനെങ്കിലും കഴിയുന്നത്? ഞാൻ ഇവിടെ 15 ഓൺ ഗോയിംഗ് സ്കീമുകളുടെ കാര്യം വായിച്ചില്ലേ? അതുപോലെ ജപ്പാൻ പദ്ധതി ഞങ്ങളാണ് കൊണ്ടുവന്നത്.

<u>ശ്രീ. കെ.എം. മാണി</u> : അതുകഴിഞ്ഞ് നിങ്ങൾ കയറിയതുകൊണ്ടാണ് നമുക്ക് അത് നടപ്പാക്കാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട നായനാരോടാണ് എനിക്ക് പറയാനുള്ളത്, ഇത് ബഹുമാനപ്പെട്ട രാമകൃഷ്ണപിള്ളയോട് പറഞ്ഞതു കൊണ്ട് കാര്യമില്ല. ഈ ജപ്പാൻ പദ്ധതിയുടെ തടസ്സം അങ്ങാണെന്നാണ്. മൂന്നുവർഷമായിട്ട് ഈ സംസ്ഥാനത്ത് ഒരു കൺസൾട്ടന്റിനെ വയ്ക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. അത് കുറ്റകരമായ അനാസ്ഥയാണ്. കേരളത്തിലെ ജനങ്ങൾ നിങ്ങളെ വെറുതെ വിടുമെന്ന് ഒരിക്കലും ധരിക്കണ്ട. 58 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ ഞങ്ങൾ ഉണ്ടാക്കിയ പദ്ധതി ചില കൺസൾട്ടൻസിന്റെ കാര്യത്തിൽ തടസ്സം പറഞ്ഞ്, തർക്കിച്ച് നിങ്ങൾ തകർക്കുകയാണെന്നുള്ള കാര്യം മനസ്സിലാക്കണം. നിങ്ങൾക്ക് ഇഷ്ടമുള്ള ചില കൺസൾട്ടൻസിനെ വച്ചോ, ഏത് കൺസൾട്ടൻസിനെ വേണമെങ്കിലും വച്ചോ. എന്നാലും ഈ പദ്ധതി തകർക്കരുത് മി. നായനാർ. 58 ലക്ഷം ജനങ്ങൾക്ക് വെള്ളം കൊടുക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയെക്കുറിച്ച് വന്ന ബാക്കിയുള്ള കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷെ, ഈ പദ്ധതി കേരളത്തിന് നഷ്ടപ്പെടുകയാണെങ്കിൽ ശ്രീമാൻ നായനാരുടെ, മുഖ്യ മന്ത്രിയുടെ ദുർവാശികൊണ്ടായിരിക്കും ഈ പദ്ധതി കേരളത്തിന് നഷ്ടപ്പെടുക.

സർ, പാണ്ടിയാർ-പുന്നപ്പുഴ ഇന്റർ സ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ടാണ്. തമിഴ്നാട് അവിടെ പണിയെടുക്കുന്നുണ്ട്. ഇവിടെ ഞാൻ അതിനെക്കുറിച്ച് സബ്മിഷൻ കൊണ്ടുവന്നു. ബഹുമാനപ്പെട്ട മന്ത്രി വളരെ അനുകൂലമായൊക്കെ മറുപടി പറഞ്ഞു. ഞാൻ നന്ദിയുള്ളവനാണ്. ഏതായാലും അവർ ഇന്നും ശ്രമം നടത്തുന്നു. ഈ കാര്യം ഗവണ്മെന്റ് കുറച്ച് ജാഗ്രതയോടുകൂടി കാണണം. ചെറുകിട ജലസേചനത്തിനുവേണ്ടി മീഡിയം മൈനർ ഇറിഗേഷനുവേണ്ടി അനുവദിച്ച സംഖ്യകൾ പോരാ. എന്നുമാത്രമല്ല, കഴിഞ്ഞ കൊല്ലത്തേക്കാൾ ചുരുങ്ങിയ സംഖ്യയാണ് വാട്ടർ അതോറിറ്റിക്ക് 1998-99-ൽ അനുവദിച്ചിട്ടുള്ളത്. ഞാൻ അത് അങ്ങ് നൽകിയ രേഖയിൽത്തന്നെ കാണുന്നുണ്ട്. ഈ ഡിപ്പാർട്ടുമെന്റിനോട് അവഗണനയാണുള്ളത്. ഈ അവഗണന അവസാനിപ്പിച്ചില്ലെങ്കിൽ കേരളത്തിന്റെ സാമ്പത്തിക മണ്ഡലത്തിൽ ഏറ്റവും വലിയ പ്രതികൂലമായ സാഹചര്യമുണ്ടാകും. അങ്ങനെയൊരു സാഹചര്യമുണ്ടാക്കുന്ന ബഡ്ജറ്റ് ഡിമാന്റായതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സംബന്ധിച്ച് അപ്പുറത്തിരിക്കുന്നവരും ഭരണകക്ഷിയിൽപ്പെട്ടവരുമായ ശ്രീ. ജോയി മുതൽ ശ്രീ. ആര്യാടൻ മുഹമ്മദുവരെയുള്ളവർ വിമർശനങ്ങളും നിർദ്ദേശങ്ങളും ഇവിടെ വയ്ക്കുകയുണ്ടായി. അതിൽ പലരും നല്ല നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. കാര്യമാത്ര പ്രസക്തമായ കാർഷികരംഗത്തെ സംബന്ധിച്ച് പഠിച്ച് പല നിർദ്ദേശങ്ങളും വച്ചിട്ടുണ്ട്. ഞാൻ അതിനെയൊക്കെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കാർഷികരംഗത്തെപ്പറ്റി ആലോചിക്കുമ്പോൾ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ ഞങ്ങളും നിങ്ങളും എന്നു പറയുന്ന ആ സമീപനം തന്നെ ശരിയല്ല.

സർ, ഒന്നാം പഞ്ചവൽസരപദ്ധതിക്കാലംതൊട്ട് കേരളത്തിൽ ഇതുവരെ 24 വൻകിട പദ്ധതികളാണുള്ളത്. അതിൽ എൺപത് കാലഘട്ടത്തിനു മുൻപ് 15 വൻകിട പദ്ധതികൾ പൂർത്തിയായി. ഇനി പൂർത്തിയാകാനുള്ളത് 9 വൻകിട പദ്ധതികളാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ താൽപ്പര്യപൂർവ്വം നിർബന്ധപൂർവ്വം ഈ ഗവൺമെന്റിന്റെ കാലാവധി

ക്കുള്ളിൽ ഈ ഒൻപത് പദ്ധതികളും പൂർത്തിയാക്കണമെന്ന് ഉദ്ദേശിച്ച് അതി നാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. അതിൽ ഒന്നാമത്തെ പദ്ധതി കല്ലട ജലസേചന പദ്ധതിയാണ്. അവിടെ 40 കോടി രൂപ ഫണ്ട് ഉള്ള തിൽ 22 കോടി രൂപ ശമ്പളത്തിനു വേണ്ടിവരുന്നുവെന്ന് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞു. ആ കണക്ക് ശരിയല്ല. അത്രയും തുകയൊന്നും ശമ്പളത്തിനുവേണ്ടി വരികയില്ല. പക്ഷെ അതിൽ പണം ആവശ്യമുണ്ട്. ആക്സിലറി ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമിൽനിന്നുള്ള ധനസഹായ ത്തോടെയാണ് അതിന്റെ പ്രവർത്തനം ഇപ്പോൾ മുന്നേറിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടതും വലതും കനാലുക ളുടെ അവസാനംവരെ വെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൊട്ടിയം ഭാഗ ങ്ങളിലെ കുടിവെള്ളത്തിന്റെ ക്ഷാമം പരിഹരിക്കാൻ ഈ പദ്ധതികൊണ്ട് പ്രയോജനപ്പെട്ടിട്ടുണ്ട്. ഇതുവരെയുള്ള ആ പദ്ധതിയുടെ പരിശോധന നടത്തി യപ്പോൾ 45,796 ഹെക്ടർ സ്ഥലത്ത് ജലസേചനം ലഭ്യമാക്കാൻ കഴിഞ്ഞി ട്ടുണ്ട്. ഇപ്പോൾ അവിടെയുള്ള പ്രശ്നത്തിന് വളരെ അടിയന്തിരമായി പരി ഹാരം കാണണം. കായംകുളം ഡിസ്ട്രിബ്യൂട്ടറിക്ക് അനുമതി നൽകുന്നതിനെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡുമായി സജീവ ചർച്ച നടന്നുകൊണ്ടിരിക്കുക യാണ്. ഒൻപതു വൻകിട പദ്ധതികളിൽ രണ്ടാമത്തേത് പഴശ്ശി ജലസേചന പദ്ധതിയാണ്. പഴശ്ശി ജലസേചന പദ്ധതി ഈ ആഗസ്റ്റിൽ ഉദ്ഘാടനം ചെയ്യും. അത്രമാത്രം ദ്രുതഗതിയിലാണ് അതിന്റെ പണി നടന്നുകൊണ്ടിരിക്കു ന്നത്. ആഗസ്റ്റുമാസത്തിൽ ഈ പദ്ധതി പൂർത്തിയാകുമ്പോൾ 19650 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭിക്കും. കാഞ്ഞിരപ്പുഴ പദ്ധതി 21853 ഹെക്ടർ സ്ഥലത്തു ജലസേചനം നടത്താൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണ്. ഈ സർക്കാരിന്റെ ഭരണകാലത്തു തന്നെ അതു കമ്മിഷൻ ചെയ്യാനാണ് ഉദ്ദേ ശിച്ചിട്ടുള്ളത്. അതിനാവശ്യമായ നടപടികളുമായി മുന്നോട്ടു പോകുന്നു. കണക്കം കടവ് ബ്രിഡ്ജ്-കം-റെഗുലേറ്റർ 30.5.99-ൽ കമ്മിഷൻ ചെയ്തു. അതിന്റെ അപ്രോച്ച് റോഡ്, ഷട്ടർ ഘടിപ്പിക്കൽ ജോലി ഒഴിച്ച് ബാക്കിയെല്ലാം തീർന്നിരിക്കുന്നു. അത് ഫലപ്രദമായി കൃഷിക്ക് ഉപയോഗപ്രദമാണ്. കാരാ പ്പുഴ ജലസേചന പദ്ധതി ഈ സാമ്പത്തികവർഷം തന്നെ ഭാഗികമായി കമ്മി ഷൻ ചെയ്യാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. 821 ഹെക്ടർ സ്ഥലത്തു അതിന്റെ പ്രയോജനം ലഭിക്കും. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി-ഞാൻ ഈ വകുപ്പിന്റെ ചാർജ്ജ് എടുത്തപ്പോൾ ഈ ഗവൺമെന്റ് വളരെ പ്രധാനപ്പെട്ട ഒരു ജലസേചന പദ്ധതി എന്ന് അംഗീകരിക്കപ്പെട്ട ഒരു പദ്ധതിയാണ്. ഞാൻ വരുന്ന അവസരത്തിൽ ഈ പദ്ധതിയുടെ പണിയെല്ലാം നിലച്ചിരുന്നു. കാരണം വിജിലൻസ് എൻക്വയറിക്കായി ഫയലുകൾ എടുത്തു കൊണ്ടു പോയി. ആ ഫയൽ എടുത്തുകൊണ്ടു പോയ സ്ഥലത്ത് ഒക്കെ പോയി റിവ്യൂ നടത്തി. വർക്കുകൾ നിലച്ചുപോയത് സാങ്കേതികമായ പ്രശ്ന ങ്ങൾ കൊണ്ടാണെന്നു മനസ്സിലാക്കി ഉത്തരവാദപ്പെട്ട ഹോം സെക്രട്ടറി യേയും വിജിലൻസ് ഡയറക്ടറേയും കൂട്ടി ഒരു കോൺഫറൻസു നടത്തി വിജിലൻസുകാർ കൊണ്ടുപോയ മുഴുവൻ ഫയലുകളും ഘട്ടം ഘട്ടമായി തിരിച്ചു കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇരുപത്തിനാലോളം ഫയലുകൾ ഇപ്പോൾ തിരിച്ചു കൊടുത്തു കഴിഞ്ഞു. ഫയലുകൾ തിരികെ കിട്ടിയ സ്ഥല ത്തെല്ലാം പണികൾ ദ്രുതഗതിയിൽ നടക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഫയലുകൾ വിജിലൻസുകാർ കൊണ്ടുപോ യതിൽ കുഴപ്പമില്ല. കേസ്സെടുക്കാൻ ഫയലുകൾ ആവശ്യമാണ്. അതിന് ആരും എതിരല്ല. ആ ഫയലുകളുടെ ഒരു ഫോട്ടോസ്റ്റാറ്റു കോപ്പി ഈ സമ

LIBRARY ARCHIVES Kerala Legislative Assembly

യത്ത് അവിടെ എടുത്തു വച്ചിരുന്നെങ്കിൽ വർക്ക് സമയത്തിനു നടത്താൻ കഴിയില്ലേ; ആ കാരണം പറഞ്ഞ് വർക്ക് നീട്ടിക്കൊണ്ടു പോകേണ്ടി വരുമായിരുന്നോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട ആര്യാടൻ കേൾക്കാതെ പറയുകയാണ്. ഫയലുകൾ മുഴുവൻ തിരിച്ചു കൊടുത്തു. ബാക്കി ആവശ്യമുള്ളതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി എടുത്ത് കൊടുക്കുന്നു. ഫയൽ കിട്ടിയതിന്റെ മുഴുവൻ വർക്കുകളും ഇപ്പോൾ ദ്രുതഗതിയിൽ നടക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലപരിധിക്കുള്ളിൽ മൂവാറ്റുപുഴ പദ്ധതി കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പിന്നെ ഇടമലയാർ പദ്ധതി. ഇടമലയാറിന്റെ കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ ശ്രീ. ജോയി ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥത എന്നു പറഞ്ഞു.....ആരാണ്ട് മൈക്കിൽ പറഞ്ഞതാണ് എന്നാണ് എനിക്കു തോന്നുന്നത്. ശ്രീ. ജോയി സ്വന്തമായി പറഞ്ഞതാണെന്ന് എനിക്ക് അഭിപ്രായമില്ല. ശ്രീ. ജോയിക്ക് അറിയാം ഞാൻ ഈ വകുപ്പിന്റെ ചാർജ്ജ് എടുക്കുമ്പോൾ ഇടമലയാറിൽ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നുണ്ടായിരുന്നില്ല. ഞാൻ രണ്ടു പ്രാവശ്യം അവിടെ പോയി റിവ്യൂ നടത്തി. പ്രശ്നം എന്താണെന്ന് മനസ്സിലാക്കി. ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിന്റെ വക സ്ഥലം കിട്ടാത്തതിന്റെ പേരിലാണ് ആ വർക്ക് തടസ്സപ്പെട്ടിരുന്നത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും മന്ത്രി ഉൾപ്പെടെയുള്ളവരുമായി കോൺഫറൻസു നടത്തി ഫോറസ്റ്റിന്റെ സ്ഥലം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ആ പണിയും ദ്രുതഗതിയിൽ നടക്കുകയാണ്. കല്ലടയും മൂവാറ്റുപുഴയും പോലെ ഇടമലയാർ പദ്ധതിയും ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ കമ്മിഷൻ ചെയ്യണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. കുരിയാർകുട്ടി-കാരപ്പാറ പ്രോജക്ട്. ആ പദ്ധതിയും വിജിലൻസ് അന്വേഷണംമൂലം തടസ്സപ്പെട്ടുകിടക്കുകയാണ്. അതു കുരുങ്ങി കിടക്കുകയാണ്. ആ കുരുക്ക് തീർക്കാൻ എന്താണു വഴി എന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നതാണ്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സംസാരിച്ചപ്പോൾ പൂർത്തിയായിട്ടുള്ള വർക്കുകൾ, അതിന്റെ മെയിന്റനൻസ്, ഇതിനെപ്പറ്റി ഒക്കെ അദ്ദേഹം പറയുകയുണ്ടായി. ശരിയാണ്, പൂർത്തീകരിച്ച കുറെ പദ്ധതികളിൽ കാലപ്പഴക്കം കാരണം വെള്ളം ഒഴുക്കാൻ സാധിക്കുന്നില്ല, അത് സത്യമാണ്. വസ്തുതയാണ്. ഇത്തരം പദ്ധതികളിൽ അറ്റകുറ്റപ്പണികൾ ചെയ്തു സംരക്ഷിക്കാനുള്ള ഒരു പദ്ധതിക്ക് ഈ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഒൻപതു പദ്ധതികളിൽ ഈ പ്രവർത്തനം നടത്താനുള്ള അനുമതിയും നൽകിയിട്ടുണ്ട്. മെയിന്റനൻസ് റീ വാമ്പിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാലുകളുടെ സംരക്ഷണം ഉറപ്പുവരുത്താനും അതുവഴി ജലസേചന സൗകര്യം മെച്ചപ്പെടുത്താനും സാധിക്കുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിക്കും. നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നമ്മുടെ ജലവിഭവങ്ങളുടെ ലഭ്യതയും ഉപയോഗവും തിട്ടപ്പെടുത്തി ബന്ധപ്പെട്ട പദ്ധതികളുടെ രൂപീകരണത്തിന് ആവശ്യമായ ഡേറ്റാ നൽകി ലോകബാങ്കിന്റെ സഹായത്തോടെ ജലസേചന വകുപ്പും ഭൂഗർഭ ജലവകുപ്പും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികളുടെ പണി പുരോഗമിച്ചു വരികയാണ്. പിന്നെ ഇവിടെ പറഞ്ഞതു ചെറുകിട ജലസേചന പദ്ധതികളെപ്പറ്റിയാണ്. ഈ സർക്കാരിന്റെ കാലത്ത് ഈ മൂന്നു വർഷക്കാലംകൊണ്ട് 207 പദ്ധതികൾ ജലസേചന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇക്കണോമിക് റിവ്യൂവിൽ എന്നാണ് പറഞ്ഞിരിക്കുന്നത് എന്ന് ഞാൻ പരിശോധിച്ചില്ല. 207 ചെറുകിട ജലസേചന പദ്ധതികളിൽ നിന്നും ജലസേചനം നൽകുന്നതിനു പുറമെ 23550 ഹെക്ടർ സ്ഥലത്ത് ജലസേചനം

LIBRARY ARCHIVES Kerala Legislative Assembly

നൽകാൻ നബാർഡിന്റെ സഹായത്തോടെ 155 ചെറുകിട പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നു കൊല്ലത്തെ കണക്കാണ് പറയുന്നത്. ഞങ്ങളും നിങ്ങളും ഒന്നും ഇവിടെ പ്രശ്നമല്ല. ഒന്നാം പഞ്ചവൽസര പദ്ധതി തൊട്ട് ഇങ്ങോട്ട് ഉണ്ടാക്കിയ പദ്ധതികളാണിത്. എന്തുകൊണ്ട് കാലതാമസം വന്നു എന്നു ചോദിച്ചാൽ കാലാകാലങ്ങളിൽ വരുന്ന ഗവൺമെന്റുകൾ പ്രധാനപ്പെട്ട വർക്കുകൾ ഏറ്റെടുത്ത് പ്രയോറിറ്റി അനുസരിച്ച് നടപ്പാക്കാൻ ശ്രമിച്ചിരുന്നെങ്കിൽ തീർച്ചയായും ഒട്ടേറെ പദ്ധതികൾ പൂർത്തിയാകുമായിരുന്നു. ഓരോ ഗവൺമെന്റ് വരുമ്പോഴേയ്ക്കും നിലവിലുള്ള പദ്ധതികൾ കൂടാതെ ആ ഗവൺമെന്റിന്റെ താൽപ്പര്യമനുസരിച്ച് പുതിയ പുതിയ പദ്ധതികൾ അഡോപ്റ്റ് ചെയ്തതിന്റെ ഫലമായിട്ടാണ് ഇത്തരം പദ്ധതികൾ നീണ്ടു നീണ്ടുപോയത് എന്നുള്ളതിൽ തർക്കമില്ല. ഈ ഗവൺമെന്റിന്റെ മുമ്പിലും ഒട്ടേറെ പദ്ധതികൾക്ക് നിർദ്ദേശമുണ്ട്. അവ ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറില്ല. ഇപ്പോൾ അവശേഷിക്കുന്ന ഒൻപതു വൻകിട ജലസേചന പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ചാണ് ആലോചിക്കുന്നത്. ഈ ഗവൺമെന്റ് അതിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. തടയണയുടെ കാര്യം ഇവിടെ പറഞ്ഞു.

<u>ശ്രീ. കെ.എം. മാണി</u> : സർ, ഞങ്ങളും നിങ്ങളും എന്നുള്ള പ്രശ്നമില്ല എന്നു പറഞ്ഞു, നല്ലതാണ്. കോട്ടയം ജില്ലയുടെ ആകെ അത്താണിയായ-ഇവിടെ വേറെ ജലസേചന പദ്ധതികളില്ല-മീനച്ചിൽ നദീജല പദ്ധതി 1985-ൽ തുടങ്ങിയതാണ്. ഇക്കൊല്ലവും ബഡ്ജറ്റ് അലോക്കേഷൻ പോലുമില്ലാതെയുള്ള നിലയിലേയ്ക്ക് ഈ ഗവൺമെന്റ് ആ പദ്ധതിയെ കളഞ്ഞിരിക്കുന്നു. ആ പദ്ധതി നിലനിറുത്തുമോ; മുന്നോട്ടുകൊണ്ടുപോകുമോ; എന്താണ് ഗവൺമെന്റിന്റെ നിലപാട്?

<u>ശ്രീ. പി.സി. ജോർജ്</u> : സർ, ഈ സംസ്ഥാനത്തിലെ ചില പദ്ധതികളെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. ആർക്കും വേണ്ടാത്ത പദ്ധതികൾ മീനച്ചിൽ റിവർവാലി പദ്ധതി 1985-ൽ കല്ലിട്ടുവെന്നത് ശരിയാണ്. അത് എന്റെ നിയോജകമണ്ഡലത്തിലാണ്. അതിനുശേഷം അതിന്റെ പ്രോജക്ട് റിപ്പോർട്ട് എടുത്ത് നോക്കിയപ്പോൾ കാർഷിക മേഖലയാണ്. റബ്ബർ മേഖലയാണ്. അത് ലാഭകരമാക്കാൻ വേണ്ടി ഈ പ്രോജക്ടിൽ പറഞ്ഞിരിക്കുന്നതെന്താണ്? 100 ഏക്കർ സ്ഥലത്ത് നിലക്കടലക്കൃഷി ചെയ്യാമെന്നാണ്. ഞാൻ പ്രോജക്ട് റിപ്പോർട്ട് വായിച്ചതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ പദ്ധതി നടപ്പിലാക്കാൻ പാടില്ലെന്ന് പറഞ്ഞ് ജനങ്ങൾ ഒറ്റക്കെട്ടായി സമരം ചെയ്തുവെന്ന് മാത്രമല്ല, യു.ഡി.എഫ്-ഗവൺമെന്റിലെ മന്ത്രിയായിരുന്ന ശ്രീ. ടി.എം. ജേക്കബിന്റെ അടുക്കൽ ഞങ്ങൾ നിവേദനം കൊടുത്തു. അന്ന് അദ്ദേഹം പറഞ്ഞു, ആ പദ്ധതി വേണ്ടെന്ന്. അന്ന് ബഡ്ജറ്റിൽ ഒരു പൈസയില്ല. പിന്നെ എന്തിനാണ് ഇദ്ദേഹം ചാടുന്നത്? പണമില്ല. അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രി പാലയിൽ വന്നു. ഞാൻ അദ്ദേഹത്തെ അവിടെ പോയി കണ്ടു. ഈ പദ്ധതി കൊണ്ടുനടക്കാൻ സമ്മതിക്കുകയില്ലെന്ന് പറഞ്ഞു. അവിടെവച്ച് ബഹുമാനപ്പെട്ട ടി.എം. ജേക്കബ് പത്രക്കാരോട് പറഞ്ഞു, ഈ പദ്ധതി ഫീസിബിൾ അല്ലെങ്കിൽ നടക്കുകയില്ല. അന്നും ബഡ്ജറ്റിൽ പണമില്ല. അതുകൊണ്ട് ജനങ്ങൾക്ക് വേണ്ടാത്ത, ഉപകാരപ്രദമല്ലാത്ത ആ പദ്ധതി ഉപേക്ഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, മീനച്ചിൽ നദീതട പദ്ധതിയെപ്പറ്റി ഒരു പരിശോധന നടത്തി. പക്ഷേ അവിടെ ആ പദ്ധതി ഫീസിബിൾ അല്ല, ആ പദ്ധതി ജനങ്ങൾക്ക് ആവശ്യമില്ലെന്നുള്ളതുകൊണ്ട് ആ പദ്ധതി വേണ്ടെന്നുവച്ചിരിക്കുകയാണ്.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഇവിടെ കുട്ടനാടൻ പദ്ധതി പ്രായോഗികമാക്കുന്നതിനുവേണ്ടി പ്രവർത്തിച്ച ചീഫ് എഞ്ചിനീയർ, നമ്മളെല്ലാം പങ്കെടുത്ത യോഗത്തിൽ വന്ന് അത് പ്രായോഗികമല്ലെന്ന് പറഞ്ഞകാര്യം ഇത്ര പെട്ടെന്ന് മറന്നുപോയോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, പ്രായോഗികമല്ലെന്ന് കണ്ട് അത് വേണ്ടെന്ന് വച്ചിരിക്കുകയാണ്. മുഴുവൻ ടെക്നിക്കൽ പരിശോധനയും മറ്റെല്ലാ പരിശോധനകളും നടന്നതിനുശേഷമാണ് അത് ഫീസിബിൾ അല്ലെന്ന് തീരുമാനിച്ചത്. അത് ഫീസിബിൾ അല്ലെന്ന് തീരുമാനിച്ചത് ജനങ്ങൾ അംഗീകരിച്ചതുകൊണ്ട് ആ പദ്ധതികൾ തുടരാൻ ആഗ്രഹിക്കുന്നില്ല. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ 129 പദ്ധതികൾ പൂർത്തീകരിച്ചു. 3706 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തി. 5 തടയണകൾ നിർമ്മിച്ചു. 9 എണ്ണത്തിന്റെ നിർമ്മാണം ഇപ്പോൾ പുരോഗതിയിലാണ്. ഇതുവഴി 500 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാകും. ശബരിമലയിലെ തീർത്ഥാടകർക്കുവേണ്ടി വെള്ളം സംഭരിച്ച് നിറുത്താൻ പമ്പാനദിയിൽ രണ്ട് തടയണകൾ നിർമ്മിക്കാനുള്ള നടപടി ആരംഭിച്ചു. അതിനുള്ള കരാറിനൊക്കെ ഏർപ്പാടായി. അതുപോലെ കഴിഞ്ഞ നടപ്പ് വർഷത്തിൽ ലിഫ്റ്റ് ഇറിഗേഷനുൾപ്പെടെ 220 ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. അതുപോലെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി 15 ഹെക്ടർ വരെയുള്ള ..... ഈ പ്രശ്നം ബഹുമാനപ്പെട്ട ആര്യാടൻ ഉന്നയിച്ച പ്രശ്നമാണ്. മൈനർ ഇറിഗേഷൻ ക്ലാസ് 2 പദ്ധതികൾ ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുകയാണ്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി 15 ഹെക്ടർ വരെയുള്ള മൈനർ ഇറിഗേഷൻ ക്ലാസ് 2 പദ്ധതികൾ ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുകയാണ്. അതുപ്രകാരം കഴിഞ്ഞ വർഷം 12 കോടി രൂപയും ഈ വർഷം 10 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് ക്ലാസ് 2 പണികൾ ചെയ്യാനാവശ്യമായ തുകയില്ലായിരുന്നു. കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. കൂടാതെ കോഴിക്കോട് ജില്ലയിലെ കനോലി കനാലിന്റെ ശുദ്ധീകരണം, കൊച്ചിൻ റിഫൈനറീസിനുവേണ്ടി മഞ്ഞുമ്മൽ, പാതാളം എന്നീ സ്ഥലങ്ങളിലെ റെഗുലേറ്റർ നിർമ്മാണം, പി.സി. കനാൽ ഒരുമനയൂർ ലോക്കിന്റെ നിർമ്മാണം, എൻ.ടി.പി.സി. ക്ക് വേണ്ടി അച്ചൻകോവിൽ ആറ്റിൽ നിർമ്മിച്ച ഡൈവെർഷൻ വിയർ എന്നിവ ഈ സർക്കാരിന്റെ മറ്റു നേട്ടങ്ങളിലുള്ളതാണ്. ഈ സർക്കാരിന്റെ ഭരണകാലത്ത് 15.63 കി.മീറ്റർ കടൽഭിത്തി നിർമ്മിക്കുകയുണ്ടായി. മൂന്നുവർഷത്തിനിടയിലാണ്. 14.96 കി.മീറ്റർ പഴയ കടൽഭിത്തിയുടെ പുനരുദ്ധാരണം ചെയ്തിട്ടുണ്ട്. ഈ വർഷം 5.6 കി.മീറ്റർ പുതിയ കടൽഭിത്തി നിർമ്മാണവും 3.6 കി.മീറ്റർ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടത്താനുമാണ് ഉദ്ദേശിക്കുന്നത്. അതുപോലെ ഉൾനാടൻ ജലഗതാഗതം-പറശ്ശിനിക്കടവ് മുതൽ കോട്ടപ്പുറംവരെയുള്ള പാതയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെയും ലോകബാങ്കിന്റെയും ധനസഹായത്തോടെ ഉൾനാടൻ ജലഗതാഗതം മെച്ചപ്പെടുത്താനുള്ള സ്കീമുകൾക്ക് അംഗീകാരത്തിന് ശ്രമിക്കുകയാണ്. അതുപോലെ കോവളം മുതൽ നടയറവരെയുള്ള ഉൾനാടൻ

LIBRARY ARCHIVES Kerala Legislative Assembly

ജലഗതാഗത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അത് അടിയന്തിരമായി നടത്തിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിന് അംഗീകാരം കിട്ടിയാലുടൻ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. CADA നടത്തിപ്പിന്റെ അവലോകനത്തിൽ CADA പ്രവർത്തനങ്ങളുടെ ഫലമായി കർഷകർക്ക് മൊത്തം 447 കോടി രൂപയുടെ അധിക ഉൽപ്പാദനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷികരംഗത്ത് പുരോഗതിയില്ലെന്ന ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വിമർശനം CADA യുടെ പ്രവർത്തനംകൂടി പരിശോധിക്കുമ്പോൾ ഒട്ടേറെ പുരോഗതി ഈ കാലഘട്ടത്തിലുണ്ടായിയെന്ന് നാം അംഗീകരിക്കേണ്ടിവരും. അതുപോലെ കാഞ്ഞിരപ്പുഴ, പഴശ്ശി എന്നീ പദ്ധതികൾ CADA യുടെ പ്രവർത്തനപരിധിയിൽ ഇപ്പോൾ ഉൾപ്പെടുത്തി. പഴശ്ശി ഉദ്ഘാടനം ചെയ്യാൻ പോകുന്നതുകൊണ്ട് അതുകൂടി ഉൾപ്പെടുത്തി. അതുപോലെ കാഞ്ഞിരപ്പുഴയുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നെ ഫാം റോഡുകളുടെ നിർമ്മാണം ഒരു പ്രശ്നമാണ്. അതിന്റെ നിർമ്മാണം ഇപ്പോൾ CADA ഏറ്റെടുത്ത് നടത്തുന്നില്ല. ഫാം റോഡുകൾ വില്ലേജ് റോഡുകളായതിനാൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ വരുന്നതാണ്. അതുകൊണ്ട് CADA ഈ സ്കീം നടപ്പിലാക്കേണ്ടതില്ലെന്നാണ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ വാദം. പക്ഷേ അതിനോട് ഗവൺമെന്റിന് വിയോജിപ്പുണ്ട്. അതുകൊണ്ട് പ്ലാനിംഗ് ബോർഡുമായി ഈ കാര്യത്തെസംബന്ധിച്ച് ആലോചിച്ച് CADA യിൽ ഫാം റോഡുകളുണ്ടാകണമെന്നുള്ളത് കൃഷിക്കാരുടെ ആവശ്യമാണ് എന്നുള്ളതുകൊണ്ട് .....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, അവർക്ക് ഒരു തെറ്റിദ്ധാരണയുണ്ടെങ്കിൽ അവർ മനസ്സിലാക്കണമല്ലോ.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, കമാന്റ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ കീഴിൽ ഫാം റോഡുകൾ ഉണ്ടാക്കുകയെന്നുള്ളത് ആ സ്കീമിന്റെ ഒരു ഭാഗമാണ്. ആ സാഹചര്യത്തിൽ അത് ഉപേക്ഷിക്കേണ്ടതായിട്ടില്ല. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സൂചിപ്പിച്ചതുപോലെ പ്ലാനിംഗ് ബോർഡിനോട് പറയേണ്ട കാര്യമേയുള്ളൂ. മറ്റൊന്ന്, മീനച്ചിൽ പദ്ധതിക്ക് ഒരു ഡിവിഷൻ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ആ പ്രോജക്ട് വേണ്ട എന്നുള്ളത് ഒരിക്കലും യു.ഡി.എഫ്. ഗവൺമെന്റിന്റെകാലത്ത് തീരുമാനിച്ചിട്ടില്ല. അത് ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിച്ചുപോകരുത്.

<u>ശ്രീ. വി.പി. രാമകൃഷ്ണ പിള്ള</u> : സർ, ജനങ്ങൾക്ക് താൽപ്പര്യമില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതിരിക്കട്ടെ, ഈ സർക്കാരിന്റെ കാലത്ത് ഭൂജലസർവ്വേ നടത്തി. 6008 കുഴൽക്കിണർ കുഴിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി. 3245 കുഴൽക്കിണറുകൾ കുഴിച്ചു. 3310 കുഴൽക്കിണറുകളുടെ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി. ഗിരിവർഗ്ഗക്കാർക്കുവേണ്ടി 121 കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നു. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ജലസേചനവകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരികയാണ്. ഈ സാമ്പത്തിക വർഷം കുഴൽക്കിണറുകൾ നിർമ്മിക്കാനും പതിനായിരം ഓപ്പൺ കിണറുകൾ സ്ഥാനനിർണ്ണയം ചെയ്യാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ ഗ്രാമപഞ്ചായത്തുകൾ രണ്ടുപേർക്ക് വീതം കൈ പമ്പ് റിപ്പയർ ചെയ്യുന്നതിന് പരിശീലനം നൽകാനും 50 പഞ്ചായത്തുകൾക്ക് റിപ്പയറിംഗ് ടൂൾ കിറ്റ് വിതരണം ചെയ്യാനും ഉദ്ദേശമുണ്ട്. ഇവിടെ ചില ആളുകൾ ഏകീകൃത ജലസേചന

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിനെക്കുറിച്ച് പറഞ്ഞു. 1994-ൽ ഒരു ഏകീകൃത ബില്ലിന് രൂപം കൊടുത്തു വെങ്കിലും അത് പ്രാവർത്തികമായില്ല. ഈ ബിൽ പുനഃപരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി ഇറിഗേഷൻ ആന്റ് വാട്ടർ റെഗുലേഷൻ ബിൽ എന്നപേരിൽ ഒരു പുതിയ ബിൽ നിയമമാക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിൽ സംസ്ഥാനത്തിലെ എല്ലാ ജലസ്രോതസ്സുകളും ജലവിനിയോഗനിർഗ്ഗമന മാർഗ്ഗങ്ങളും സംരക്ഷിക്കുന്നതിന് കർഷക സമിതികൾവഴി ജലവിനിയോഗം നിയന്ത്രിക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ജലസേചനരംഗത്ത് കർഷകർക്ക് പ്രാതിനിധ്യവും പങ്കാളിത്തവും നൽകാനും ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. ഈ ബിൽ കഴിയുന്നതുംവേഗം നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. കാവേരി നദീജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി കാവേരി ട്രൈബ്യൂണലിനു മുമ്പാകെ കേരളത്തിന് അർഹമായ വിഹിതം ആവശ്യപ്പെടാൻവേണ്ടി രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതാണ്. (ഒന്ന്) ബാണാസുരസാഗർ പദ്ധതി, ഈ പദ്ധതിയുടെ അടങ്കൽ തുക 37.8 കോടി രൂപയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ടാമത്തേത് അട്ടപ്പാടി ജലസേചന പദ്ധതിയാണ്. വർഷങ്ങളായി മുടങ്ങി കിടക്കുന്ന ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ മുന്നോടിയായി പ്രോജക്ട് പ്രദേശങ്ങളിലെ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താനുള്ള പഠനം ഒരു വിദഗ്ദ്ധ ഏജൻസിയെകൊണ്ട് നടത്തുന്നതാണ്. അതുപോലെതന്നെ പാലക്കാട് തൃത്താല ബ്രിഡ്ജ്-കം-റെഗുലേറ്റർ പദ്ധതി ജലസേചനം, ശുദ്ധജലവിതരണം, ഗതാഗത സൗകര്യം എന്നിവ ഉൾക്കൊള്ളുന്ന വിവിധോദ്ദേശ പദ്ധതിയാണ്. ഇതിന് 19 കോടി രൂപയ്ക്കുള്ള ഭരണാനുമതി ഈ സർക്കാർ നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ തന്നെ സമയബന്ധിതമായി അതിന്റെ പണി തീർക്കാനുള്ള നടപടി സ്വീകരിക്കും. ചമ്രവട്ടം പദ്ധതികൊണ്ട് തിരൂർ, പൊന്നാനി പ്രദേശങ്ങളിലെ കർഷകർക്ക് ജലസേചനം നൽകാനും ഉപ്പുവെള്ളം തടയാനും കുടിവെള്ളം നൽകാനും ഗതാഗതത്തിനുമാണ് ഉദ്ദേശിക്കുന്നത്. ആ പദ്ധതിയുടെ പ്രവർത്തനത്തിന് ഒരു പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കാനും ഹഡ്കോയിൽനിന്നും ധനസഹായം തേടാനുമാണ് തീരുമാനിച്ചിട്ടുള്ളത്. പഴശ്ശി പദ്ധതി പൂർണ്ണമായും, കാരാപ്പുഴ പദ്ധതി ഭാഗീകമായും ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുന്നതാണ്. പൂർത്തീകരിച്ച പദ്ധതിയുടെ എസ്റ്റിമേറ്റ് പണികൾ ചെയ്ത് കനാലുകളുടെ പ്രവർത്തനം സംരക്ഷിക്കാൻ റീവാമ്പിംഗ് പദ്ധതി തുടർന്നും നടത്തുന്നതാണ്. ഈ സ്കീം പ്രകാരം പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ധാരാളം പണികൾ ചെയ്തിട്ടുണ്ട്. നടപ്പുവർഷം 15 കോടി രൂപ ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. 1980-ന് മുമ്പ് തീർത്തതും ആരും തിരിഞ്ഞുനോക്കാതെ കിടന്നതുമായ അണക്കെട്ടുകളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾ നടത്താനുംവേണ്ടി സംസ്ഥാന വിഹിതത്തിനു പുറമെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിക്കാൻ ശ്രമിക്കുന്നതാണ്. ജലസംഭരണികളുടെ പരിപാലനത്തിനുവേണ്ടി കൂടുതൽ തടയണകൾ നിർമ്മിക്കുന്നതാണ്. നബാർഡ് മുതലായ സ്ഥാപനങ്ങൾ അതിന് തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. അതിൽനിന്നും ഇതിനാവശ്യമായ പണം സ്വരൂപിക്കുന്നതാണ്. പദ്ധതിയുടെ പ്രവർത്തനം ബഡ്ജറ്റ് വിഹിതത്തിന്റെ കുറവുകൊണ്ട് തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ ധനസഹായം നബാർഡ്, കേന്ദ്ര സർക്കാരിന്റെ ആക്സിലറി ഇറിഗേഷൻ ബെനഫിറ്റ് പ്രോഗ്രാം മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

സഹായം തേടാനാണ് ഉദ്ദേശിക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ഉന്നിയിച്ചിട്ടുള്ളതുപോലെ അനിയന്ത്രിതമായ മണൽവാരലും വെള്ളപ്പൊക്കവും സൃഷ്ടിക്കുന്ന നാശം കാരണം സംസ്ഥാനത്തെ പ്രധാനപ്പെട്ട പല നദികളുടെയും ഇന്നത്തെ അവസ്ഥ ശോചനീയമാണ്. ഇവയുടെ ജലസംഭരണവും സംരക്ഷണവും, വൃഷ്ടിപ്രദേശങ്ങളുടെ സംരക്ഷണവും കാർഷികാഭിവൃദ്ധിയും ഉദ്ദേശിച്ച് സംസ്ഥാനത്തെ ഓരോ നദികളെയും സംരക്ഷിക്കാൻ 'നദി സംരക്ഷണ അതോറിട്ടി' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതോറിട്ടികൾ രൂപീകരിച്ച് ഇന്നിപ്പോൾ വിവിധ വകുപ്പുകൾ നടത്തിവരുന്ന പ്രവർത്തനം ഏകീകരിക്കാനും ആവശ്യമായ തുക ധനകാര്യസ്ഥാപനങ്ങളിൽനിന്നു സ്വരൂപിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ആദ്യം പെരിയാർ നദിക്കുവേണ്ടി അതോറിട്ടി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതാണ് ഇറിഗേഷനെകുറിച്ച് പറയാനുള്ളത്. മറ്റൊന്ന് കുടിവെള്ളം.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : അന്തർ സംസ്ഥാന കരാറിനെക്കുറിച്ചൊന്നും പറഞ്ഞില്ല.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അത് മുഖ്യമന്ത്രിയുടെ വകുപ്പാണ്, എന്റെ വകുപ്പല്ല. ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വരുമ്പോൾ നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളം എത്രമാത്രം കിട്ടുന്നുവെന്നുള്ളതിനെക്കുറിച്ച് ഒരു പരിശോധന നടത്തി. ഇവിടെ പലരും അത് പറഞ്ഞു. പരിശോധന നടത്താനുള്ള കാരണം അൻപതു വർഷമായി നമുക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട്. കുടിക്കാൻ വെള്ളമില്ലാത്ത ഒരവസ്ഥ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്നു പറഞ്ഞാൽ നമുക്കെല്ലാവർക്കും അപമാനകരമാണ്. കുടിക്കാൻ വെള്ളമില്ല. 44 നദികളുണ്ട്. 8 പഞ്ചവൽസര പദ്ധതികൾ പൂർത്തീകരിച്ചുപോയി. എന്നിട്ടും കുടിക്കാൻ വെള്ളമില്ലെന്നു പറയുന്നത് അപമാനകരമാണ്. അതുകൊണ്ട് നമ്മൾ ഇതിനെക്കുറിച്ച് പരിശോധിച്ചു. അപ്പോൾ ഗ്രാമപ്രദേശങ്ങളിൽ 46% ആളുകൾക്ക് കുടിവെള്ളം കിട്ടുന്നുണ്ട്. അതുപോലെ നഗരപ്രദേശങ്ങളിൽ 74.1% ആളുകൾക്ക് കുടിവെള്ളം കിട്ടുന്നുണ്ട്. 1997-98-ൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടന്ന പ്രവർത്തനത്തിനുശേഷം ഇവിടെ എന്തുമാത്രം പുരോഗതി ഉണ്ടായിയെന്നുള്ളതിനെ സംബന്ധിച്ച് ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി. ആ ഇൻവെസ്റ്റിഗേഷനിൽ ഗ്രാമപ്രദേശങ്ങളിൽ 51 ശതമാനവും നഗരപ്രദേശങ്ങളിൽ 77.1 ശതമാനവും ആളുകൾക്ക് ഭാഗികമായി ശുദ്ധജലം ലഭിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടു. ഞാൻ പറയുമ്പോൾ നിങ്ങളൊക്കെ ഓർമ്മിക്കുന്ന രണ്ട് നഗരങ്ങളെ ഞാൻ ഓർമ്മപ്പെടുത്താൻ ശ്രമിക്കുകയാണ്. (ഒന്ന്) തിരുവനന്തപുരം (രണ്ട്) കണ്ണൂർ. ഈ നഗരങ്ങളിൽ ഉണ്ടായിരുന്ന വാട്ടർ സപ്ലൈ ആഗ്മെന്റേഷൻ സ്കീം. തിരുവനന്തപുരത്തെ ആഗ്മെന്റേഷൻ സ്കീം നിങ്ങളുടെകാലത്ത് തുടങ്ങിയതാണ്. പക്ഷെ കേരളത്തിന്റെ ചരിത്രത്തിൽ, വാട്ടർ അതോറിട്ടിയുടെ ചരിത്രത്തിൽ 5 കൊല്ലംകൊണ്ട് ഇത്രമാത്രം ബൃഹത്തായ ഒരു പദ്ധതി പൂർത്തീകരിച്ചിട്ടില്ലായെന്നുള്ള കാര്യം നിങ്ങൾ അംഗീകരിക്കണം. അതുപോലെതന്നെ കണ്ണൂർ വാട്ടർ സപ്ലൈ ആഗ്മെന്റേഷൻ സ്കീം. ഈ ഗവൺമെന്റ് കെടുകാര്യസ്ഥമായിരുന്നുവെങ്കിൽ ഇതൊന്നും നടക്കാൻ പോകുന്നില്ല. തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിനെക്കുറിച്ചെങ്കിലും അപ്രീഷിയേറ്റ് ചെയ്യാൻ അപ്പുറത്തിരിക്കുന്ന ഒരു മെമ്പർ പോലും തയ്യാറായില്ല. ഞാൻ പറയുന്നത് വാട്ടർ അതോറിട്ടി കഴിഞ്ഞ കാലങ്ങളിൽ നിന്നും മെച്ചപ്പെട്ടരീതിയിൽ അതിന്റെ പ്രവർത്തനങ്ങളുമായിട്ട് മുന്നോട്ടു പോകുന്നു. ഒട്ടേറെ തടസ്സങ്ങളും കടമ്പകളുമുണ്ട്. ഈ കടമ്പകളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ തട്ടിത്തകർക്കും. അത് ഞാൻ ഇവിടെ പറയാൻ പോകുകയാണ്. കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സഹായത്തിനു പുറമെ എൽ.ഐ.സി, ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെയും വിദേശ ഗവൺമെന്റുകളുടെയും വായ്പ സഹായത്തോടുകൂടിയാണ് കേരള വാട്ടർ അതോറിട്ടി പ്രവർത്തിക്കുന്നത്. പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. 1998-99-ൽ എന്തു നടന്നുവെന്ന് ഇവിടെ ചില മെമ്പർമാർ ചോദിച്ചു. ശ്രീ. ജോണി നെല്ലൂർ ചോദിച്ചു എവിടെയാണ് ഈ വാട്ടർസപ്ലൈ സ്കീം നടന്നതെന്ന്. 1998-99-ൽ ബൃഹത്തായ 39 ജലവിതരണപദ്ധതികളും 7 മറ്റ് പദ്ധതികളുമുൾപ്പെടെ 46 പദ്ധതികൾ കമ്മിഷൻ ചെയ്തു. അങ്ങനെയാണ് ഗ്രാമപ്രദേശത്ത് കുടിവെള്ളത്തിന്റെ കണക്ക് കൂടിയത്. വെറുതെ കണക്കു പറയുന്നതല്ല. വിവിധ പദ്ധതികൾക്കായി കഴിഞ്ഞ വർഷം 97 കോടി രൂപ ചെലവഴിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പ്രത്യേക പദ്ധതിക്കു ചെലവായ 4.3 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 32.8 കോടി രൂപ കഴിഞ്ഞവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 100% സാമ്പത്തിക സഹായം ലഭിക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ, 50% സഹായം ലഭിക്കുന്ന നഗരശുദ്ധജലവിതരണ പദ്ധതികൾ, ടെക്നോമിഷൻ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം മൊത്തം 161 കോടി രൂപ അടങ്കൽ തുക വരുന്ന 33 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് കഴിഞ്ഞ വർഷം ഭരണാനുമതി നൽകി.

[4.00 pm] സർ, കൂടാതെ 3.4 കോടി രൂപ അടങ്കൽ തുക വരുന്ന കൊരട്ടി നഗര ശുദ്ധജലവിതരണ പദ്ധതിക്കും മൊത്തം 13.16 കോടി രൂപ അടങ്കൽതുക പ്രതീക്ഷിക്കുന്ന ടെക്നോളജി മിഷൻ പദ്ധതികൾക്കും കഴിഞ്ഞ വർഷം ഭരണാനുമതിനൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 240 കോടി രൂപ അടങ്കൽ തുക വരുന്ന 27 പുതിയ പദ്ധതികൾക്ക് എൽ.ഐ.സി. സഹായം ലഭ്യമാക്കി. കോഴിക്കോട്, തിരൂർ, പാലക്കാട്, വർക്കല എന്നീ നാലു ശുദ്ധജലവിതരണ പദ്ധതികൾക്ക് ഹഡ്കോ ലോൺ 1999 മാർച്ച് മാസത്തോടെ ലഭ്യമാക്കി. ഈ പദ്ധതികൾക്കാകെ 38 കോടി രൂപ വായ്പ ലഭിക്കും. ശുദ്ധജലവിതരണ രംഗത്ത് ഇപ്പോൾ നിലവിലുള്ള അപര്യാപ്തത കണക്കിലെടുത്ത് എല്ലാവർക്കും പരിമിതമായ തോതിലെങ്കിലും രണ്ടായിരാമാണ്ടോടുകൂടി കുടിവെള്ളമെത്തിക്കുകയെന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി ഒരു കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. മുന്നു വർഷം കൊണ്ട് നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 1421 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചത്. ഈ സംവിധാനത്തെ ഒരു പരിഹാസത്തോടുകൂടി .....

<u>ശ്രീ. കെ. ബാബു</u> : നഗരത്തിലെ കുടിവെള്ള വിതരണത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. കൊച്ചി നഗരത്തിൽ കഴിഞ്ഞ ഒരാഴ്ചക്കാലമായി സുഗമമായി കുടിവെള്ള വിതരണം നടക്കുന്നില്ല. ആലുവ പമ്പു ഹൗസിൽ കൃത്യമായി പമ്പിംഗ് നടക്കുന്നില്ല. എല്ലാ പത്രങ്ങളിലും കൊച്ചി നഗരത്തിലെ കുടിവെള്ള പ്രശ്നത്തെക്കുറിച്ച് വാർത്തകളുണ്ട്. കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഒരു സമരംതന്നെ 9-ാം തീയതി സംഘടിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് കൊച്ചിയിലെ കുടിവെള്ള പ്രശ്നം സുഗമമാക്കുന്നതിനുവേണ്ടി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ശ്രീ. പി.ജെ. ജോയി ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടു സംസാരിച്ചപ്പോൾ ഞാൻ ശ്രീ. ജോയിയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രതീക്ഷിച്ചിരുന്നത് എറണാകുളത്തെ ഹഡ്കോ പദ്ധതിയെ സംബന്ധിച്ചും കൊച്ചിയിലെ മറ്റു ശുദ്ധജലവിതരണ പദ്ധതികളെപ്പറ്റിയും സംസാരിക്കുമെന്നാണ്. പക്ഷേ അദ്ദേഹം അത് വേറെ ലൈനിലേക്ക് കൊണ്ടുപോയി. വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് രണ്ടായിരാമാണ്ടെന്നുപറഞ്ഞപ്പോൾ രണ്ടായിരാമാണ്ടിൽ തീർക്കുമെന്നല്ല. രണ്ടായിരാമാണ്ടെന്ന ലക്ഷ്യത്തോടുകൂടി ആക്ഷൻ പ്ലാനുണ്ടാക്കാനാണ് തീരുമാനിക്കുന്നത്. മൂന്നു വർഷക്കാലം കൊണ്ടാണ് അത് ഫിനിഷ് ചെയ്യുന്നത്. അതിന്റെ ഡീറ്റെയിൽസ് ഞാൻ പറയാം. ഇതിന് പണം സംഭരിക്കുന്നതിനെപ്പറ്റി ഞാൻ വിശദീകരിക്കാം. വാർഷിക ബഡ്ജറ്റിലൂടെ 75 കോടി രൂപ, സർക്കാരിന്റെ പ്രത്യേക ഫണ്ടുവഴി 100 കോടി രൂപ, തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് കിട്ടേണ്ട കുടിശ്ശിക 90 കോടി രൂപ, ഉപഭോക്താക്കളിൽനിന്നു കോൺട്രിബ്യൂഷൻ 55.78 കോടി രൂപ, ബാങ്ക് ലോൺ 75 കോടി രൂപ, ഒരു ബോണ്ടു മുഖാന്തിരം 400 കോടി രൂപ അങ്ങനെ 795.78 കോടി രൂപയാണ് അതിൽ വകകൊള്ളിച്ചിരിക്കുന്നത്. അതുപോലെതന്നെ ഭൂജലവകുപ്പ്. സർക്കാരിൽനിന്നും 40.12 കോടി രൂപ, നാച്വറൽ കലാമിറ്റി ഫണ്ട് 27 കോടി രൂപ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിലൂടെ 180 കോടി രൂപ, എംപ്ലോയ്മെന്റ് അഷ്വറൻസ് സ്കീം വഴി 100 കോടി രൂപ, മുനിസിപ്പൽ ബോണ്ടുകൾ വഴി 150 കോടി രൂപ. ലഘു സമ്പാദ്യപദ്ധതിയുടെ 167.5 കോടി രൂപ. അങ്ങനെ 560 കോടി രൂപ. അങ്ങനെ 1423.4 കോടി രൂപയ്ക്കാണ് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയത്. അത് രണ്ടായിരാമാണ്ടെന്ന മുദ്രാവാക്യം അംഗീകരിച്ചുകൊണ്ട് സ്ഥായിയായി നമ്മുടെ സംസ്ഥാനത്തിന്റെ കുടിവെള്ള പ്രശ്നം മൂന്നുകൊല്ലംകൊണ്ട് പരിഹരിക്കുന്നതിനുള്ള ഒരു ആക്ഷൻ പ്ലാനാണത്. അത് വളരെയധികം വിദഗ്ദ്ധന്മാർ ചേർന്ന് ഉണ്ടാക്കിയിട്ടുള്ള ഒരു ആക്ഷൻ പ്ലാനാണ്. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ശുദ്ധജലവിതരണത്തിന് സൗരോർജ്ജംകൊണ്ട് പ്രവർത്തിപ്പിക്കുന്ന പമ്പുസെറ്റുകൾ സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിനെകൊണ്ട് നടപടിയെടുപ്പിക്കാൻ സാധിച്ചു. 18 സൗരോർജ്ജപമ്പുകൾ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ സ്വീവറേജ് സംവിധാനം ഇപ്പോൾ നിലവിലുണ്ട്. തിരുവനന്തപുരം സ്വീവറേജ് പദ്ധതി രാജഭരണകാലത്ത് പ്രവർത്തനമാരംഭിച്ചതാണ്. 1984-ൽ എൽ.ഐ.സി. യുടെ സഹായത്തോടെ ചില അല്ലറ ചില്ലറ വിപുലീകരണ പദ്ധതികൾ നടത്തിയതല്ലാതെ 1995 വരെ കാര്യമായ യാതൊരു പുരോഗതിയും നടത്തിപ്പിൽ ഉണ്ടായിട്ടില്ലെന്ന് തിരുവനന്തപുരത്തെ സംബന്ധിച്ച് ആധികാരികമായി പറയാൻ കഴിയുന്ന, തിരുവനന്തപുരത്തിനോട് പ്രത്യേക താല്പര്യമുള്ള ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനുൾപ്പെടെ അറിയാവുന്ന കാര്യമാണ്. തിരുവനന്തപുരം സ്വീവറേജ് പദ്ധതി മെച്ചപ്പെടുത്തുന്നതിന് എട്ടു കോടി രൂപ വായ്പയായി അനുവദിക്കാമെന്ന് ഹഡ്കോ സമ്മതിച്ചിട്ടുണ്ട്. അതിനുള്ള സമ്മതപത്രം ഇന്നലെ ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. നഗരത്തിലെ തീരദേശം ഒഴികെ മറ്റെല്ലാ സ്ഥലത്തും സ്വീവറേജ് സംവിധാനമേർപ്പെടുത്തുന്നതിന് ഒരു മാസ്റ്റർ പ്രോജക്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. 200 കോടിയിൽപ്പരം രൂപ ഇതിന്റെ പൂർത്തീകരണത്തിനാവശ്യമാണ്. ഇതൊക്കെ ശ്രീ. ജോയി ചോദിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. കൊച്ചാർ റോഡിൽ പാരലൽ മെയിനിന്റെ ബാക്കി പണികൾ, കുര്യാത്തിയിലെ പ്രധാന പമ്പിംഗ് സ്റ്റേഷന്റെ പുനരുദ്ധാരണവും വുപുലീകരണവും തുടങ്ങിയ അടിയന്തിര പണികൾ ഇപ്പോൾ എൻ.പി.സി.സി. മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. ഇതിന് ഈ വർഷം പത്തു

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ വകയിരുത്തിയിട്ടുണ്ട് തിരുവനന്തപുരം സ്വീവറേജ് പദ്ധതിക്ക് 1995-നുശേഷം ഇപ്പോൾ 10 കോടി രൂപ മുടക്കി എൻ.പി.സി.സി. യെക്കൊണ്ട് അതിന്റെ പണിയാരംഭിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് ഇവിടെ വിമർശനം വന്നപ്പോൾ കാലതാമസം, പൈപ്പ് പൊട്ടൽ ഒക്കെ പറഞ്ഞു. ശരിയാണ്. പഴയകാലത്ത് ഇട്ടിരുന്ന പൈപ്പാണ്. വാട്ടർ അതോറിറ്റിയും ഈ ഗവൺമെന്റും അഭിമുഖീകരിക്കുന്ന പ്രശ്നം അതാണ്. പൈപ്പ് പൊട്ടുന്നു. കോടിക്കണക്കിനുരൂപ ചെലവാക്കിയ പല മേഖലകളിലും ഗുണമേൻമയുള്ള പൈപ്പ് ഉപയോഗിക്കാൻ കഴിഞ്ഞില്ല. ആരാണ് അതിനുത്തരവാദിയെന്ന് എനിക്കറിഞ്ഞു കൂടാ. ഉദാഹരണത്തിന് നെതർലാന്റ് സഹായത്തോടുകൂടിയുള്ള കുണ്ടറ വാട്ടർ സപ്ലൈ സ്കീം. ആ സ്കീമിലെ വെള്ളം തുറന്നു വിട്ടു. ഇപ്പോൾ പൈപ്പ് പൊട്ടുന്നു. എല്ലാ സ്ഥലത്തുമുള്ള ഒരു പ്രത്യേകതയാണ്. അതിനൊക്കെ വഴി കണ്ടുപിടിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. അതുപോലെതന്നെ കാലതാമസമൊഴിവാക്കുന്നതിന് ത്വരിത ഗ്രാമീണ പദ്ധതികൾ നടത്തുന്നതിനാവശ്യമായ സ്ഥലം എടുത്തു തരേണ്ട ചുമതല പഞ്ചായത്തുകൾക്കാണുള്ളത്. നമ്മുടെ സംസ്ഥാനത്തെ ഭൂമിയുടെ സ്ഥിതി അറിയാം. അതിന്റെ വിലയെപ്പറ്റിയും അറിയാം. അത് ഏറ്റെടുക്കുന്നതിനുള്ള നൂലാമാലകളെപ്പറ്റിയുമൊക്കെ നമുക്കറിയാം. അതുകൊണ്ടും കൂറെ കാലതാമസം വരുന്നു. അതുകൊണ്ട് മാത്രമാണ് കാലതാമസം വരുന്നതെന്ന് ഞാൻ പറയില്ല. അതും ഒരു കാരണമാണ്. അതുപോലെതന്നെ അതിന്റെ കോൺട്രാക്ട് പണികൾ നൽകുന്നതിനെ സംബന്ധിച്ചും. അതായത് വാട്ടർ അതോറിറ്റിയിലെ ഒട്ടേറെ ബൃഹത്തായ പദ്ധതികൾ വർഷങ്ങളായി ആരംഭിച്ചത് പണി തീരാതെ കിടക്കുന്നു. എന്തുകൊണ്ടെന്ന് ഞങ്ങളൊരു പരിശോധന നടത്തി. അങ്ങനെ പരിശോധന നടത്തിയപ്പോൾ മൂന്നുകോടി അല്ലെങ്കിൽ അഞ്ചു കോടി രൂപയുടെ ഒരു പ്രോജക്ടിന് അഞ്ചു കരാറുകാരെ ഏർപ്പെടുത്തി ടെൻഡർ ചെയ്യുന്നു. അതായത് ടാങ്കർ ഒരാളിന്, ഇൻടേക്ക് വെൽ ഒരാളിന്, പൈപ്പ് ഇടുന്ന ജോലി വേറൊരാളിന്. അങ്ങനെ അഞ്ചോ, ആറോ കരാറുകാരാണ് ആ പണി തീർക്കേണ്ടത്. അതിൽ ഒരു കരാറുകാരൻ ഇട്ടിട്ടു പോയാൽ ആ പണി അമ്മയുടെകാലത്തും പിന്നെ നടക്കത്തില്ല. അതാണ് ഇപ്പോൾ വാട്ടർ അതോറിറ്റിയിൽ കാലതാമസം, കാലതാമസമെന്ന് പറയുന്നത്. പ്രധാനമായ കാരണം അതാണ്., ... ബഹളം ..... അതൊരു ശൈലിയാണ്. മലയാളത്തിലെ ശൈലി പോലും മനസ്സിലാകാത്തവരാണെന്നു പറഞ്ഞാൽ പിന്നെ എന്തു ചെയ്യാനാണ്? ..... ബഹളം ..... മലയാളഭാഷയിലെ ഒരു ശൈലിയാണത്. ..... ബഹളം .....

<u>ശ്രീ. ജി. കാർത്തികേയൻ</u> : പോയിന്റ് ഓഫ് ഓർഡർ. സർ, ഓരോന്നിനും മലയാളത്തിലെ അക്ഷരങ്ങളാണ് ഉപയോഗിക്കുന്നത്. അതിലും പറയുന്ന രീതിയുണ്ട്. ഒരാളിനോട് നിന്റെ അച്ഛന്റെ പേരെന്താണെന്നു ചോദിച്ചാൽ അതിനൊരർത്ഥം. അതേ സമയം നിന്റെ തന്തയുടെ പേരെന്താണെന്നു ചോദിച്ചാൽ അർത്ഥം വേറെയാണ്. ഇവിടെ പദ്ധതിയുടെ കാലതാമസത്തെക്കുറിച്ച് പറഞ്ഞത് പ്രതിപക്ഷ അംഗങ്ങളാണ്. ഇവിടെ പദ്ധതിയുടെ കാലതാമസത്തെക്കുറിച്ച് പറഞ്ഞപ്പോൾ അവരുടെ അമ്മയുടെകാലത്തും നടക്കില്ല എന്നുപറഞ്ഞു. ആരുടെ അമ്മയുടെ കാലത്താണ്? എന്താണ്?.....ബഹളം..... അങ്ങനെയൊരു ശൈലിയില്ല. ഞാൻ പറഞ്ഞത് റിക്കാർഡിൽ കാണും, നമ്മുടെ അമ്മയുടെ കാലത്തുപോലും തീരത്തില്ല എന്നാണ്. അമ്മയുടെ എന്നുപറഞ്ഞാൽ നിങ്ങളുടെയും എന്റെയും അമ്മയുടെകാലത്തും തീരത്തില്ലെന്നാണ്. എന്താണ്, വെറുതേ ദുർവ്യാഖ്യാനം ചെയ്യാതെ, ഇനി ദുർവ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഖ്യാനം അതിലുണ്ടെങ്കിൽ അത് ഞാൻ പിൻവലിച്ചിരിക്കുന്നു. .....ബഹളം ..... ദുർവ്യാഖ്യാനമുണ്ടെങ്കിൽ അത് പിൻവലിച്ചിരിക്കുന്നു. ഞാൻ പറഞ്ഞത് നമ്മുടെ അമ്മയുടെകാലത്തുപോലും തീരത്തില്ലെന്നാണ്..... ബഹളം.....അത് മലയാളത്തിലെ ശൈലിയാണ്..... ബഹളം .....

മി. സ്പീക്കർ : പ്ലീസ് അദ്ദേഹം പറയട്ടെ, പ്ലീസ് .....

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : പഞ്ചായത്തിന് സ്ഥലം കിട്ടാത്തതുമാത്രമല്ല കോൺട്രാക്ട് കൊടുക്കുന്നതിന്റെ ഡിഫക്ട് മൂലവും അതുപോലെതന്നെ കാലതാമസം വരുന്നതനുസരിച്ച് എസ്റ്റിമേറ്റ്സ് തുക വർദ്ധിക്കും. അതനുസരിച്ച് തടസ്സങ്ങളുണ്ടാകും. അതുകൊണ്ട് ഈ സ്ഥലം വാങ്ങുന്നതിന് ഞങ്ങൾ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. പഞ്ചായത്തിൽനിന്നും സ്ഥലമെടുക്കുന്നതിന് പല പഞ്ചായത്തുകൾക്കും ഫണ്ട്സ് ലഭ്യതയില്ലാത്തതുകൊണ്ട് അവരെ സഹായിക്കാൻ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ചു. ആ റിവോൾവിംഗ് ഫണ്ടിൽനിന്നും സ്ഥലം വാങ്ങാനുള്ള വായ്പ പഞ്ചായത്തിന് കൊടുക്കുകയാണ്. അടുത്ത മൂന്നുവർഷക്കാലംകൊണ്ട് അത് തിരിച്ചു വാങ്ങുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കാൻ തീരുമാനിക്കുന്നത്. ഈ നിർമ്മാണപ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിനുള്ള പുതിയ സംവിധാനങ്ങളുടെ ഭാഗമായി മോഡേൺ കോൺട്രാക്ട് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും കൺസ്ട്രക്ഷൻ കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളെ ചില പ്രമുഖ വർക്കുകളുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏൽപ്പിക്കുവാൻ പോകുകയാണ്. കൂടാതെ ഒരു പരീക്ഷണമെന്നനിലയിൽ സ്ഥലം ലഭ്യമായ പദ്ധതികളുടെ മുഴുവൻ കോൺട്രാക്ടും (വിതരണ ശൃംഖല ഒഴികെ) ഒരു ഏജൻസിയെ ഏൽപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പ്രത്യേക കോൺട്രാക്ട് പാക്കേജ് ഉണ്ടാക്കി എഞ്ചിനീയറിംഗ് പ്രൊക്യൂവർമെന്റ്, കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ് നടന്നുവരികയാണ്. ലോകബാങ്കിന്റെ സഹായത്തോടുകൂടി സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണം, മലിനജലനിർമ്മാർജ്ജനം, ജലസംരക്ഷണം എന്നീ പദ്ധതികൾക്ക് വേണ്ടി 511 കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ 159 വില്ലേജുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടും. ഈ പദ്ധതികളിൽ ഭാഗീകമായ മൂലധനനിക്ഷേപവും നടത്തിപ്പുചെലവും, അറ്റകുറ്റപ്പണികളുടെ വിപുലീകരണം എന്നിവ പൂർണ്ണമായി ഉപഭോക്താക്കളുടെ ചുമതലയിലായിരിക്കും. ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രത്യേക സംവിധാനമാണ് പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിക്കുക. ഡിപ്പാർട്ടുമെന്റ് ഫോർ ഇന്റർനാഷണൽ ഡെവലപ്പ്മെന്റിന്റെ സഹായത്തോടെ പശ്ചിമ കൊച്ചിയിൽ ശുദ്ധജലവിതരണം മെച്ചപ്പെടുത്താനുള്ള 17.6 കോടി രൂപയുടെ പദ്ധതി ഈ വർഷം തന്നെ ആരംഭിക്കും. ഗ്രാമീണ മേഖലയിലെ സ്കൂളുകളിൽ ശുദ്ധജലവിതരണം നടപ്പിലാക്കും, അതിന് 5 കോടി രൂപ ഈ വർഷം മാറ്റിവച്ചിട്ടുണ്ട്. 4500 ഗവൺമെന്റ് സ്കൂളുകൾ തെരഞ്ഞെടുക്കപ്പെടും. ഈ വർഷം 5 കോടി രൂപ അതിന് നീക്കിവച്ചിട്ടുണ്ട്. അടുത്ത 3 വർഷക്കാലത്തേയ്ക്ക് 12 കോടി രൂപയാണ് വിഭാവനം ചെയ്യുന്നത്. ഗവൺമെന്റ് സ്കൂളുകൾ തെരഞ്ഞെടുത്ത് ആ സ്കൂളുകളിൽ ശുദ്ധജലവിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ റേറ്റ് കോൺട്രാക്ട് സമ്പ്രദായം ആവിഷ്കരിച്ച് നടപ്പിലാക്കും, ഇതിന് സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. പൈപ്പ് കിട്ടുന്നതിന് ഇന്ന് നിലവിലിരിക്കുന്ന സംവിധാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം ബുദ്ധിമുട്ടുകൾ വരുന്നു. ഇപ്പോൾ പഞ്ചായത്തുകൾ കൊടുത്തിരുന്ന ഡെപ്പോസിറ്റ് വർക്കുകൾ സമയത്ത് തീർക്കാൻ കഴിയാത്തത് ആവശ്യമുള്ള പൈപ്പ് കിട്ടാത്തതുകൊണ്ടാണ്. അതുകൊണ്ട് പൈപ്പ് വാങ്ങുന്നതിനെ സംബന്ധിച്ച് ഒരു റേറ്റ് കോൺട്രാക്ട് സിസ്റ്റം ഏർപ്പെടുത്താൻ തീരുമാനിച്ചു കഴിഞ്ഞു. അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതുപോലെ തിരുവനന്തപുരത്ത് Leek Detection Survey തുടരും. മെറ്റീരിയൽസ് വാങ്ങുന്നതിന് കാലതാമസം ഒഴിവാക്കാൻ വാട്ടർ അതോറിറ്റിക്ക് കൂടുതൽ സാമ്പത്തിക അധികാരം നൽകും. ഇപ്പോൾ ഒരു കോടി രൂപയാണ് കൊടുത്തിരുന്നത്, അത് 5 കോടി രൂപയാക്കി മാറ്റും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിൽ കമ്പ്യൂട്ടർ ബില്ലിംഗ് സിസ്റ്റം ഏർപ്പെടുത്തും, വെള്ളായണിക്കായൽ സംരക്ഷണ പദ്ധതി, തിരുവനന്തപുരം സബ്സോൺ പദ്ധതി, ആലപ്പുഴ പദ്ധതി എന്നിവയ്ക്ക് ലോകബാങ്ക് സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്. കൊല്ലത്ത് ശാസ്താംകോട്ട ചേലൂർ കായൽ സംരക്ഷണത്തെക്കുറിച്ച് പഠനം ആരംഭിക്കും. നിലവിൽ ശുദ്ധജലപദ്ധതികളുടെ നവീകരണത്തിനായി 14.5 കോടി രൂപയുടെ പണി ഈ വർഷം നടപ്പിലാക്കും. പഴയപഴയ പദ്ധതികളുടെ പുനരുദ്ധാരണത്തിനും ഘട്ടംഘട്ടമായി കേടുവന്നിട്ടുള്ള പൊട്ടിപ്പോകുന്ന പൈപ്പുകൾ മാറ്റുന്നതിനും 14.5 കോടി രൂപയുടെ പണികൾ ഈ വർഷം നടപ്പിലാക്കും. ഈ സാമ്പത്തികവർഷം 48 ശുദ്ധജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിയും, യാതൊരു സംശയവും ആർക്കും വേണ്ട. 2000-മാണ്ടിൽ വെള്ളം കൊടുക്കുമെന്ന് പറഞ്ഞിട്ട് കൈയുംകെട്ടി ഇരിക്കുകയല്ല, ഇത്തരം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് എന്ന് പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അച്ചുതൻ ചില കാര്യങ്ങൾ പറഞ്ഞു.* ********** ഈ മണ്ഡലത്തിലുള്ളവരുടെയെല്ലാം അങ്ങനെയാണ്. ആ സംസ്കാരവുമായി എനിക്ക് പൊരുത്തപ്പെടാൻ കഴിയുകയില്ല. ഞാൻ ഒരു പൊതുപ്രവർത്തകനാണ്. എന്റെ അപ്പുറത്തിരിക്കുന്നവർക്ക് എല്ലാം അറിയാം. അച്ചുതന് എന്നെ അറിഞ്ഞുകൂടാ. കാരണം, പൊതുപ്രവർത്തനവും അച്ചുതനുമായിട്ട് കടലും കടലാടിയും തമ്മിലുള്ള ബന്ധമാണ്. ×××× ആ നിലയിൽ അച്ചുതനെ. .....ബഹളം.....അത് ഞാൻ, ആ പ്രയോഗം ഞാൻ പിൻവലിച്ചിരിക്കുന്നു..... ബഹളം .....ആ പ്രയോഗം ഞാൻ പിൻവലിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u> : You proceed, അത് പിൻവലിച്ചിരിക്കുന്നു, അത് രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : എന്റെ രാഷ്ട്രീയത്തെപ്പറ്റി അദ്ദേഹം പറഞ്ഞു, എന്റെ ..... ബഹളം .....

<u>മി. സ്പീക്കർ</u> : അത് രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു. പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല.

**** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു

×××× സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : എന്റെ പാർട്ടിയെ സംബന്ധിച്ച് ചില രാഷ്ട്രീയ പ്രവചനങ്ങൾ നടത്താൻ ശ്രമിച്ചു. ശ്രീ. അച്ചുതൻ രാഷ്ട്രീയ കാര്യങ്ങളെ സംബന്ധിച്ച് നല്ല വിവരമുള്ള ആൾ അല്ല എന്ന് എനിക്കറിയാം. എന്റെ പാർട്ടി കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിൽ വരുന്നതിന് സഹായിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങ് ഒന്നും വായിക്കത്തില്ല, ഒന്നും പഠിക്കത്തില്ല, എന്ത് ചെയ്യാനാണ്? ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കുവാൻ കോൺഗ്രസ്സോ കോൺഗ്രസ് ഉൾക്കൊള്ളുന്ന ഗവൺമെന്റോ രൂപീകരിക്കുമെങ്കിൽ ഞങ്ങളുടെ പാർട്ടിയുടെ അഞ്ച് വോട്ട് അതിനുണ്ടായിരിക്കുമെന്ന് രാഷ്ട്രപതിയോട് ഞങ്ങളുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറി പോയി പറഞ്ഞതാണ്, എഴുതികൊടുത്തതാണ്. പിന്നെ എന്തിനാണ് ഇവിടെ ഇങ്ങനെ പറയുന്നത്. എനിക്ക് ഇതിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. ശ്രീ. അച്ചുതൻ പറഞ്ഞതാണ്. ഞാൻ 12-ാമത്തെ വയസ്സിൽ തുടങ്ങിയതാണ് ഈ പണി. ഈ പാർട്ടിയുടെ സംസ്ഥാന നേതാക്കൻമാരിൽ പ്രധാനിയാണ് ഞാൻ, എവിടെയെല്ലാം ആരെല്ലാം ആർ.എസ്.പി. യിൽ ഉണ്ടെന്നും എന്തൊക്കെ നടന്നുകൊണ്ടിരിക്കുന്നു എന്നും നല്ലതുപോലെ വിവരമുള്ള ആളാണ് ഞാൻ. എന്നോട് ഈ പണികളൊന്നും വേണ്ട. ബഹുമാനപ്പെട്ട മെമ്പറൻമാരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്നാണ്. ..... ബഹളം.....

മി. സ്പീക്കർ : ഓർഡർ, ഓർഡർ ..... പ്ലീസ്...

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ഞാൻ മറ്റ് വിവാദപരമായ പ്രശ്നങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിലെ 40 ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുവാനുള്ള ഒ.ഇ.സി.എഫിന്റെ സഹായത്തോടുകൂടിയുള്ള ആ 5 ശുദ്ധജല വിതരണ പദ്ധതികൾ ഇന്ന് നഷ്ടപ്പെടുമോ എന്ന ആശങ്കയുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. ആ പദ്ധതികൾ നടപ്പാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത് നന്നായി. ഇതിൽ കാലതാമസം വന്നത്. ഒ.ഇ.സി.എഫ്. സഹായത്തോടെയുള്ള പദ്ധതികൾ കുറെക്കൂടി സുതാര്യമായി നടത്തുന്നതിനെ സംബന്ധിച്ചുള്ള നമ്മുടെ ആലോചനയുടെയും നടപടിക്രമങ്ങളുടെയും ഫലമായാണ്. ഇപ്പോൾ ഇതിനെ സംബന്ധിച്ച ചില ധാരണകളും അന്വേഷണവും നടപടിക്രമങ്ങളുമൊക്കെ സ്വീകരിച്ചിട്ടുണ്ട്. എന്തായാലും ഈ പദ്ധതികൾ കേരളത്തിന് നഷ്ടപ്പെടില്ല.

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് സർവ്വശ്രീ വി.ജെ. പൗലോസ്, കെ. കുട്ടി അഹമ്മദ് കുട്ടി, പി.ജെ. ജോയി, ജോണി നെല്ലൂർ, മാമ്മൻ മത്തായി, ഇ.ടി. മുഹമ്മദ് ബഷീർ, പി. കെ. അബ്ദുറബ്ബ്, എം.കെ. മുനീർ, ഇസ്ഹാക് കുരിക്കൾ, ചെർക്കളം അബ്ദുള്ള, കെ.എ. ചന്ദ്രൻ, പി.ജെ. ഫ്രാൻസിസ്, കെ.കെ. നായർ, ജി. കാർത്തികേയൻ, ആര്യാടൻ മുഹമ്മദ്, എഴുകോൺ നാരായണൻ, അടൂർ പ്രകാശ്, തേറമ്പിൽ രാമകൃഷ്ണൻ, ഡോ. എം.എ. കുട്ടപ്പൻ, ശ്രീമതി ശോഭനാ ജോർജ്, ശ്രീമതി രാധാ മാഘവൻ, ശ്രീമതി റോസമ്മ ചാക്കോ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : XX -ാം നമ്പർ ധനാഭ്യർത്ഥനയിൻ കീഴിൽ 1,68,43,61,000 രൂപ അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ....

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ 65

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാഗ്യവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. പി.സി. ജോർജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. ടി.കെ. ഹംസ
17. ശ്രീ. കെ.ഇ. ഇസ്മയിൽ
18. ശ്രീ. സി.എൻ. ജയദേവൻ
19. ശ്രീ. എം.വി. ജയരാജൻ
20. ശ്രീ. ടി.എസ്. ജോൺ
21. ശ്രീ. ജോസ് ബേബി
22. ഡോ. കെ.സി. ജോസഫ്
23. ശ്രീ. വി.സി. കബീർ
24. ശ്രീ. എ. കണാരൻ
25. ശ്രീ. എൻ. കണ്ണൻ
26. ശ്രീ. ഇ.കെ. നായനാർ
27. ശ്രീ. പി.കെ. കുമാരൻ
28. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
29. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
30. ശ്രീ. സി.എ. കുര്യൻ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീമതി ആർ. ലതാദേവി
32. ശ്രീ. ലോനപ്പൻ നമ്പാടൻ
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
35. ശ്രീ. മോൻസ് ജോസഫ്
36. ശ്രീ. പിരപ്പൻകോട് മുരളി
37. ശ്രീ. ടി. നാണു മാസ്റ്റർ
38. ശ്രീ. സി.കെ. നാണു
39. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
40. ശ്രീ. പി. നാരായണൻ
41. ഡോ. എ. നീലലോഹിതദാസൻ നാടാർ
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീമതി എൻ.കെ. രാധ
44. ശ്രീ. കെ. രാധാകൃഷ്ണൻ
45. ശ്രീ. പി. രാഘവൻ
46. ശ്രീ. സി.കെ. രാജേന്ദ്രൻ
47. ശ്രീ. കെ.പി. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
50. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
51. ശ്രീ. ടി.കെ. രാമകൃഷ്ണൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. യു.എസ്. ശശി
54. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
55. ഡോ. സെബാസ്റ്റ്യൻ പോൾ
56. ശ്രീ. എ.സി. ഷണ്മുഖദാസ്
57. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
58. ശ്രീ. ജി. സുധാകരൻ
59. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
60. ശ്രീ. പി.എസ്. സുപാൽ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. എം.എ. തോമസ്
63. ശ്രീ. എം.പി. വർഗ്ഗീസ്
64. ശ്രീ. വർഗ്ഗീസ് വൈദ്യർ
65. ശ്രീ. പി. വിശ്വൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ 39

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി.ടി. അഹമ്മദ് അലി
6. ശ്രീ. എ.കെ. ആന്റണി
7. ശ്രീ. കെ. ബാബു
8. ശ്രീ. പി.കെ.കെ. ബാവ
9. ശ്രീ. കെ.എ. ചന്ദ്രൻ
10. ശ്രീ. പി.ജെ. ഫ്രാൻസിസ്
11. ശ്രീ. ജോർജ് ജെ. മാത്യു
12. ശ്രീ. ഇസ്ഹാക് കുരിക്കൾ
13. ശ്രീ. ടി.എം. ജേക്കബ്
14. ശ്രീ. ജോണി നെല്ലൂർ
15. ശ്രീ. പി.ജെ. ജോയി
16. ശ്രീ. ജി. കാർത്തികേയൻ
17. ശ്രീ. കെ.കെ. നായർ
18. ഡോ. എം.എ. കുട്ടപ്പൻ
19. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
20. ശ്രീ. മാമ്മൻ മത്തായി
21. ശ്രീ. കെ.എം. മാണി
22. ശ്രീ. കെ. മുഹമ്മദാലി
23. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
24. ശ്രീ. സി. മൊയിൻ കുട്ടി
25. ശ്രീ. ആര്യാടൻ മുഹമ്മദ്
26. ശ്രീ. എം.കെ. മുനീർ
27. ശ്രീ. എം. മുരളി
28. ശ്രീ. കെ. നാരായണക്കുറുപ്പ്
29. ശ്രീ. എഴുകോൺ നാരായണൻ
30. ശ്രീ. ഉമ്മൻ ചാണ്ടി
31. ശ്രീ. അടൂർ പ്രകാശ്
32. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
33. ശ്രീമതി രാധാ രാഘവൻ
34. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. പാലോട് രവി

36. ശ്രീമതി റോസമ്മ ചാക്കോ

37. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

38. ശ്രീ. നാലകത്ത് സൂപ്പി

39. ശ്രീ. എൻ. സുന്ദരൻ നാടാർ

അനുകൂലിക്കുന്നവർ - 65
പ്രതികൂലിക്കുന്നവർ - 39
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല
ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് സർവ്വശ്രീ പി.ജെ. ജോയി, കെ. മുഹമ്മദാലി, ജോണി നെല്ലൂർ, മാമ്മൻ മത്തായി, ഇ.ടി. മുഹമ്മദ് ബഷീർ, എം.കെ. മുനീർ, കെ.എ. ചന്ദ്രൻ, പി.ജെ. ഫ്രാൻസിസ്, കെ.കെ. നായർ, കെ.സി. ജോസഫ്, ജി. കാർത്തികേയൻ, ആര്യാടൻ മുഹമ്മദ്, എഴുകോൺ നാരായണൻ, അടൂർ പ്രകാശ്, സി.ടി. അഹമ്മദ് അലി, ശ്രീമതി ശോഭനാ ജോർജ്, ശ്രീമതി രാധാ രാഘവൻ, ശ്രീമതി റോസമ്മ ചാക്കോ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിൽ കീഴിൽ 1,93,91,88,000 അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്..... അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 65

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാഗ്യവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. പി.സി. ജോർജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ടി.കെ. ഹംസ
17. ശ്രീ. കെ.ഇ. ഇസ്മയിൽ
18. ശ്രീ. സി.എൻ. ജയദേവൻ
19. ശ്രീ. എം.വി. ജയരാജൻ
20. ശ്രീ. ടി.എസ്. ജോൺ
21. ശ്രീ. ജോസ് ബേബി
22. ഡോ. കെ.സി. ജോസഫ്
23. ശ്രീ. വി.സി. കബീർ
24. ശ്രീ. എ. കണാരൻ
25. ശ്രീ. എൻ. കണ്ണൻ
26. ശ്രീ. ഇ.കെ. നായനാർ
27. ശ്രീ. പി.കെ. കുമാരൻ
28. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
29. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
30. ശ്രീ. സി.എ. കുര്യൻ
31. ശ്രീമതി ആർ. ലതാദേവി
32. ശ്രീ. ലോനപ്പൻ നമ്പാടൻ
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
35. ശ്രീ. മോൻസ് ജോസഫ്
36. ശ്രീ. പിരപ്പൻകോട് മുരളി
37. ശ്രീ. ടി. നാണു മാസ്റ്റർ
38. ശ്രീ. സി.കെ. നാണു
39. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
40. ശ്രീ. പി. നാരായണൻ
41. ഡോ. എ. നീലലോഹിതദാസൻ നാടാർ
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീമതി എൻ.കെ. രാധ
44. ശ്രീ. കെ. രാധാകൃഷ്ണൻ
45. ശ്രീ. പി. രാഘവൻ
46. ശ്രീ. സി.കെ. രാജേന്ദ്രൻ
47. ശ്രീ. കെ.പി. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
50. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. ടി.കെ. രാമകൃഷ്ണൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. യു.എസ്. ശശി
54. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
55. ഡോ. സെബാസ്റ്റ്യൻ പോൾ
56. ശ്രീ. എ.സി. ഷണ്മുഖദാസ്
57. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
58. ശ്രീ. ജി. സുധാകരൻ
59. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
60. ശ്രീ. പി.എസ്. സുപാൽ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. എം.എ. തോമസ്
63. ശ്രീ. എം.പി. വർഗ്ഗീസ്
64. ശ്രീ. വർഗ്ഗീസ് വൈദ്യർ
65. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 39

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി.ടി. അഹമ്മദ് അലി
6. ശ്രീ. എ.കെ. ആന്റണി
7. ശ്രീ. കെ. ബാബു
8. ശ്രീ. പി.കെ.കെ. ബാവ
9. ശ്രീ. കെ.എ. ചന്ദ്രൻ
10. ശ്രീ. പി.ജെ. ഫ്രാൻസിസ്
11. ശ്രീ. ജോർജ് ജെ. മാത്യൂ
12. ശ്രീ. ഇസ്ഹാക് കുരിക്കൾ
13. ശ്രീ. ടി.എം. ജേക്കബ്
14. ശ്രീ. ജോണി നെല്ലൂർ
15. ശ്രീ. പി.ജെ. ജോയി
16. ശ്രീ. ജി. കാർത്തികേയൻ
17. ശ്രീ. കെ.കെ. നായർ
18. ഡോ. എം.എ. കുട്ടപ്പൻ
19. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

281/2010.

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. മാമ്മൻ മത്തായി
21. ശ്രീ. കെ.എം. മാണി
22. ശ്രീ. കെ. മുഹമ്മദാലി
23. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
24. ശ്രീ. സി. മൊയിൻ കുട്ടി
25. ശ്രീ. ആര്യാടൻ മുഹമ്മദ്
26. ശ്രീ. എം.കെ. മുനീർ
27. ശ്രീ. എം. മുരളി
28. ശ്രീ. കെ. നാരായണക്കുറുപ്പ്
29. ശ്രീ. എഴുകോൺ നാരായണൻ
30. ശ്രീ. ഉമ്മൻ ചാണ്ടി
31. ശ്രീ. അടൂർ പ്രകാശ്
32. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
33. ശ്രീമതി രാധാ രാഘവൻ
34. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
35. ശ്രീ. പാലോട് രവി
36. ശ്രീമതി റോസമ്മ ചാക്കോ
37. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
38. ശ്രീ. നാലകത്ത് സൂപ്പി
39. ശ്രീ. എൻ. സുന്ദരൻ നാടാർ

മി. സ്പീക്കർ : അനുകൂലിക്കുന്നവർ -65

പ്രതികൂലിക്കുന്നവർ -39

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും ജൂലൈ 6-ാം തീയതി രാവിലെ വീണ്ടും യോഗം ചേരുന്നതുമാണ്.

(1999 ജൂലായ് 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകിട്ട് 4.23 -ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

13. ചലനാത്മകം. ;ചൈതന്യപൂർണം	30,000 കോപ്പികൾ
14. സമൃദ്ധം, സംതൃപ്തം സമാധാനപൂർണം	30,000 കോപ്പികൾ
15. കർമോത്സുകതയുടെ മൂന്നുവർഷം	30,000 കോപ്പികൾ
16. ശാന്തം ഭദ്രം	30,000 കോപ്പികൾ
17. Kerala shows the way	30,000 കോപ്പികൾ

പോസ്റ്റർ

1. മുന്നേറ്റത്തിന്റെ മൂന്നുവർഷം	50,000 കോപ്പികൾ
2. ശുദ്ധം ശക്തം ജനകീയം	50,000 കോപ്പികൾ

അനുബന്ധം III

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(1999 ജൂലായ് 5-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക)

ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെപേര്	25-3-1999-ൽ സഭപാസാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെതുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XX	ശുദ്ധജല വിതരണവും ശുചീകരണവും	60,88,47,000	23,33,33,000	1,27,76,94,000	46,66,67,000	1,68,43,61,000
XVIII	ജലസേചനം	32,66,22,000	64,29,72,000	65,32,45,000	1,28,59,43,000	1,93,91,88,000

281/2010.

LIBRARY ARCHIVES Kerala Legislative Assembly